KOTTAYAM PUBLIC LIBRARY

Call No. 900 Acc. No. 11688

Author കാറൽ മാർക്സ്

Title ഇന്ത്യാചരിത്രക്കുറിപ്പുകൾ

1141

No. 11688.

# ഇന്ത്യാചരിത്രക്കുറിപ്പുകൾ

KOTTAYAM PUBLIC LIBRARY KOTTAYAM

Good Story

കാറൽമാർക്സ്

പ്രസാധകർ:
**സാർവ്വദേശീയ**
**സാംസ്കാരിക സഹകരണ കേന്ദ്രം**
എറണാകുളം.

NATIONAL BOOK STALL SPCS LTD. KOTTAYAM

വില 2.00

## ഉള്ളടക്കം


മുസ്സൽമാൻെറ ഇന്ത്യാവിജയം ൧

ഇന്ത്യയിലെ മൊഗൾ സാമ്രാജ്യം 1526–1761 4

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ
ഇന്ത്യൻ വിജയം 9

അവസാനഘട്ടം 1823– 1858 20

പ്രിയ സഹോദരൻ [illegible]
B.A [illegible]

# റഷ്യൻപതിപ്പിൻെറ മുഖവുര

കൊളോണിയൻ ഭരണത്തിൻെറ വിവിധരീതികളും സമ്പ്രദായങ്ങളും കൊള്ളുകളും, പ്രയോഗത്തിൽ ഉണ്ടായിരുന്ന ഒരു കൊളോണിയൽ രാജ്യമെന്ന നിലയിൽ, മാർക്സ് 1850 മുതൽക്കുതന്നെ ഇന്ത്യയെ സശ്രദ്ധം പഠിച്ചുവന്നിരുന്നു. പൗരാണികമായ വർഗ്ഗീയ സമുദായത്തിൻെറ പ്രത്യേകമായ സ്വഭാവങ്ങളിൽ ഏതാനും ചിലതു് അന്നു നിലവിൽ ഉണ്ടായിരുന്ന ഇന്ത്യയെ കുറിച്ച് അദ്ദേഹത്തിന്നു പ്രത്യേക താൽപര്യവുമുണ്ടായിരുന്നു. ഇന്ത്യയുടെ ഭൂതകാലത്തിൻെറ രാഷ്ട്രീയമായ വശങ്ങളിൽ എന്തെല്ലാം മാററമുണ്ടായിരുന്നാലും 19-ാം നൂററാണ്ടിൻെറ ആദ്യത്തെ ദശാബ്ദം വരെ അവിടത്തെ സാമൂഹ്യവ്യവസ്ഥിതികൾക്കു പൗരാണികകാലങ്ങളിൽ നിലവിൽ ഉണ്ടായിരുന്നതിൽനിന്നു വലിയ വ്യത്യാസമൊന്നും സംഭവിച്ചിരുന്നില്ല എന്നാണു് മാർക്സ് എഴുതിയിട്ടുള്ളതു് (ഇന്ത്യയിലെ ബ്രിട്ടീഷ്‌വാഴ്ച—സിലക്റ്റ്‌വർക്സ്—ഇംഗ്ലീഷ് എഡിഷൺ—മോസ്കോ—വോള്യം 1. പേജ് 348.)

മാർക്സിൻെറ കുറിപ്പുകൾ 1000 കൊല്ലക്കാലത്തെ ഇന്ത്യാചരിത്രം ഉൾക്കൊള്ളുന്നു; ഏഴാം നൂററാണ്ടിൻെറ മദ്ധ്യകാലംതൊട്ടു് 19-ാം നൂററാണ്ടിൻെറ മദ്ധ്യകാലംവരെ അതായതു് ആദ്യത്തെ മുഹമ്മദീയാക്രമണ കാലഘട്ടംതൊട്ടു്—രാജ്യം പിടിച്ചടക്കിയതു് ന്യായീകരിച്ചുകൊണ്ടു് ബ്രിട്ടീഷ് പാർലിമെൻറ് 1858 ആഗസ്റ്റ് 2-ാംനു ഇന്ത്യാബിൽ പാസ്സാക്കുന്നതുവരെ.

18-ാം നൂററാണ്ടിൻെറ മദ്ധ്യത്തോടുകൂടി അവസാനിക്കുന്ന ആദ്യത്തെ കാലഘട്ടം, ഈ കുറിപ്പുകളുടെ മൂന്നിലൊ

രുഭാഗം വ്യാപിച്ചുകിടക്കുന്നു. ബാക്കിയുള്ള കയ്യെഴുത്തിൻെറ പ്രതിപാദ്യം ഇംഗ്ലീഷുകാരുടെ ഇന്ത്യാ ആക്രമണവും വിജയവുമാണ്. വടക്കെ ഇന്ത്യയിലും, സിന്ധു ഗംഗാ താഴ്വരയിലും ഭരണം ഉറപ്പിച്ചു, അവിടെനിന്നു തങ്ങളുടെ ആക്രമണം തെക്കോട്ടു് വ്യാപിപ്പിച്ച മുസ്ലീം രാജവംശങ്ങളെ കുറിച്ചും മാർക്സ് പരാമർശിക്കുന്നുണ്ടു്. ചെങ്കിസ്ഖാൻെറയും ടാമർ ലൈനിൻെറയും വംശപരമ്പരയിൽപ്പെട്ടവനാണെന്നു അവകാശപ്പെടുന്ന ബേബറിൻെറ ആക്രമണത്തെ തുടന്നു് 1526-ൽ സ്ഥാപിതമായ മുഗൾസാമ്രാജ്യത്തെപ്പററി അദ്ദേഹം വിശദവിവരം നൽകുന്നുണ്ടു്.

ഇംഗ്ലീഷുകാരുടെ ഇന്ത്യൻ വിജയത്തിൻെറ ചരിത്രം ആരംഭിക്കുന്നതിനു മുമ്പുതന്നെ ഇന്ത്യയിൽ ഉണ്ടായ നിരവധി വൈദേശികാക്രമണങ്ങളേയും (മാസിഡോണിയയിലെ അലക്സാണ്ടറുടെ ആക്രമണത്തോടുകൂടി തുടങ്ങുന്നു) ഇന്ത്യയിലെ വിവിധ സ്റ്റേററുകളിലെ ചരിത്രങ്ങളേയും പ്രതിപാദിക്കുന്നുണ്ടു് മാർക്സ്.

തൻെറ ജീവിതാന്ത്യകാലത്തു് മാർക്സ് എഴുതിയ കയ്യെഴുത്തുകളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന "മാർക്സ് ആൻറ് എംഗിൽസ് ആർക്കീവിൽ" (5—8 വ്യാളം) പ്രസിദ്ധപ്പെടുത്തിയ ക്രൊണോളോജിക്കൽ നോട്ട്സിൻെറ മഹത്തായ ഒരു അനുബന്ധമാണിതു്.

ഇന്ത്യയിലെ ഭൂവ്യവസ്ഥകളുടെ മാറിക്കൊണ്ടിരിക്കുന്ന സമ്പ്രദായങ്ങളെ പഠിക്കുന്നതിനിടക്കു്, ആ വിശാലമായ രാജ്യത്തിൻെറ രാഷ്ട്രീയ ചരിത്രത്തിൻെറ സമഗ്രമായ ഒരു പഠനമെന്നനിലയിൽ മാർക്സ് ഒരു ക്രോണോളോജി തയാറാക്കിയിരുന്നു. ഭൂവ്യവസ്ഥിതിയുടെ രീതികൾ മാത്രമല്ല, ചരിത്രത്തെ ആകപ്പാടെ മനസ്സിലാക്കുവാൻ ഉദ്യമിക്കുകയായിരുന്നു അദ്ദേഹം. ബാക്കി പലതിൻെറയും

കൂട്ടത്തിൽ, ഇന്ത്യയിലെ ഭൂവ്യവസ്ഥിതിയിൽ മുസ്ലീം നിയമം സ്വാധീനം ചെലുത്തിയതു് ഏതു് പരിത:സ്ഥിതിയിലായിരുന്നു എന്നും, പ്രത്യേകമായ ഒരു ഫ്യൂഡൽ സമ്പ്രദായം അഭിവൃദ്ധിപ്രാപിച്ചതു് എങ്ങിനെയെന്നും, ബ്രിട്ടീഷ് കാർ ഇന്ത്യയെ കീഴടക്കിയതും, അവരെ ദ്രോഹിച്ചിരുന്നതും എങ്ങിനെയൊക്കെയാണു് എന്നും അദ്ദേഹം മനസ്സിലാക്കി.

ഇന്ത്യയിലെ ബ്രിട്ടീഷ് വാഴ്ചയുടെ വികസനം പടിപടിയായി വിശകലനം ചെയ്യുന്നുണ്ടു് മാർക്സ്. പണവ്യാപാരികൾ, വണിക്കുകൾ, പ്രഭുക്കന്മാർ എന്നിവരുടെ ഒരു ഉപകരണമെന്നനിലയിൽ 17–ാം നൂററാണ്ടിൻെറ ആരംഭത്തിൽ സ്ഥാപിതമായ ബ്രിട്ടീഷ് പൂർവ്വേന്ത്യാകമ്പിയുടെ നിയന്ത്രണത്തിൻകീഴിലാണു് ഈ കീഴടക്കൽ ആരംഭിച്ചതു്. ബ്രിട്ടീഷുകാർ ഇന്ത്യയിൽ അനുവർത്തിച്ച സ്വേച്ഛാധികാരപരമായ ഭരണസമ്പ്രദായങ്ങളെയും ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണാധികാരികളുടെ നീണ്ട പട്ടികയും മാർക്സ് വെളിപ്പെടുത്തുന്നു.

മാർക്സ്, അവസാനകാലഘട്ടം–1823—1858 (ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ അസ്തമനം) എന്ന തലക്കെട്ടു കൊടുത്തിട്ടുള്ള വിഭാഗത്തിൽ ഗ്രന്ഥകാരൻ ഇന്ത്യയിലും സമീപപ്രദേശങ്ങളിലും ഇംഗ്ലീഷുകാർ നടത്തിയിട്ടുള്ള സമരവിജയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടു്.

മാർക്സിൻെറ കുറിപ്പുകൾ—എങ്ങിനെയാണു് ഇന്ത്യാക്കാരുടെ നേരെയുള്ള ആക്രമണപരമായ ചൂഷണങ്ങളുടെ ഫലമായി ഇംഗ്ലീഷ് കൊളോണിയൽ സാമ്രാജ്യം വളന്നതെന്നും — ബ്രിട്ടീഷ്ഭരണം മൂലമുണ്ടായ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങളെയും ചൂണ്ടിക്കാണിക്കുന്നു.

നിരവധി പുസ്തകങ്ങൾ മാർക്സ് വായിച്ചിട്ടാണു് ഈ കുറിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ഇന്ത്യയുടെ ആദി

കാലചരിത്രത്തിനുവേണ്ടി—7-ാം നൂററാണ്ടുതൊട്ട് 18-ാം നൂററാണ്ടിൻെറ മദ്ധ്യകാലം വരെയുള്ളതിനുവേണ്ടി പ്രധാനമായും ആശ്രയിച്ചിട്ടുള്ളതു് എൽഫിസ്റ്റൻെറ ഇന്ത്യാചരിത്രമാണു്. ഇന്ത്യയിലെ ഇംഗ്ലീഷ് വിജയങ്ങളുടെ പട്ടിക ലഭിക്കുവാനദ്ദേഹം ഉപയോഗിച്ചിട്ടുള്ളതു് ''റോബർട്ട്സീവെല്ലിൻെറ 18-ാം ലണ്ടൺ അനാലിററിക്കൽ ഹിസ്റ്ററി ഓഫ് ഇന്ത്യ''യെയാണു്.

പ്രസ്സിലേക്കു് കൊടുക്കേണ്ട ആവശ്യത്തിലേക്കായി ഈ ഇന്ത്യചരിത്രക്കുറിപ്പുകൾ തയ്യാർചെയ്യുന്നതിനിടക്കു് അത്യന്താപേക്ഷിതമായ ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു്. സാധാരണ അംഗീകരിച്ച, തക്കമെററ സംഗതികളിൽ—പിന്നീട്ട് അധീകൃതഗവേഷണങ്ങൾ പരമാത്ഥമെന്നു തെളിയിച്ചിട്ടുള്ള സംഗതികളിൽ—മാർക്സിൻെറ കയ്യെഴുത്തിലെ ആശയങ്ങൾ വിഭിന്നമായിരിക്കുന്നു. അടിക്കുറിപ്പുകളിലുള്ള മാററങ്ങൾ—ശരിയായ അവലംബത്തോടെയാണു് ചേത്തിരിക്കുന്നതു്. എല്ലാ അടിക്കുറിപ്പുകളും സി. സി. സി. പി. എസ്സ്. യുവിൻെറ ഇൻസ്റ്റിററ്യൂട്ട് ഓഫ് മാർക്സിസം-ലെനിനിസം ഇന്ത്യയിലെ പ്രസാധകരുടെതാണു്. ഗ്രന്ഥകാരൻെറ കുറിപ്പുകൾ വിട്ടു് പ്രസാധകർ കൂട്ടിച്ചേത്തിട്ടുള്ളതാണു് വലിയ ബ്രാക്കററിനുള്ളിൽ ചേത്തിരിക്കുന്നതു്.

# ഇന്ത്യാചരിത്രം: ചില കുറിപ്പുകൾ

## (664—1858)

## [മുസ്സൽമാന്റെ ഇന്ത്യാവിജയം]

664—എ. ഡി. (ഹിജറാവർഷം 44-ാംമാണ്ടു്) ഇന്ത്യയിലേക്കു് ആദ്യത്തെ അറബിക്കാരുടെ പ്രവേശനം: 'മുഹല്ലാബ്' മുൾട്ടാനിലേക്കു കടന്നു.

632—'മൊഹമ്മദ്' ചരമം പ്രാപിച്ചു.

633—''അബുബെക്കറി''ന്റെകീഴിലുള്ള അറബികൾ 'സിറിയ' ആക്രമിച്ചു; അവർ പേർസ്യ ആക്രമിച്ചു, 638-ൽ അതു് തകർത്തു് പേർഷ്യൻഷായെ ഓക്സസ്സിന്നപ്പുറത്തേക്കു് തുരത്തി; ഏതാണ്ടു് അതേ സമയത്തു്, 'കാലിഫി'ന്റെ ലഫ്റ്റനൻറ്മാരിൽ ഒരാളായ അമർ ഈജിപ്തു് കീഴടക്കി.

650—പേർഷ്യൻ ഷാ, തന്റെ സാമ്രാജ്യം വീണ്ടെടുക്കുവാൻ യത്നിച്ചു; പക്ഷെ അതിൽ തോററു, കൊല്ലപ്പെട്ടു. അറബിക്കാർ 'ഓക്സസ്സ്' വരെയുള്ള രാജ്യങ്ങൾ പിടിച്ചടക്കി; ഇപ്പോൾ ഇന്ത്യയേയും പേർഷ്യയേയും തമ്മിൽ വേർതിരിക്കുവാൻ വടക്കുഭാഗത്തു് 'കാബൂളും' തെക്കു് 'ബലൂചിസ്ഥാനും,'' ഇടയിൽ ''അഫ്ഗാനിസ്ഥാനും'' മാത്രമേ ഉള്ളു.

664—അറബികൾ കാബൂളിൽ (കടന്നു) അതേ കൊല്ലം തന്നെ മുഹല്ലാബ് എന്ന ഒരു അറബി ജനറൽ ഇന്ത്യയെ ആക്രമിച്ചു, മുൾട്ടാൻവരെ എത്തി.

690—പേർഷ്യൻഉൾക്കടലിൽ (ഷാത്ത് ആൽ-ആര ബിൻെറ മുഖത്ത്) ഉള്ള ബസ്രയിലെ ഗവർണർ ഹജ്ജാജ്, ജനറൽ എന്ന നിലക്ക് അയച്ചിരുന്ന 'അബ്ദുർഹിമാൻ' കാബൂൾ കീഴടക്കി.

711—മുഹമ്മദ് കാസിം സിൻഡ് കീഴടക്കി. (ഹജ്ജാജിൻെറ മരുമകൻ) (ബസ്രയിൽനിന്നാണ് അയാൾ കപ്പൽ കയറിയതു്.)

714—അസൂയമൂഴത്ത "കാലിഫ് വാലിദ്" മുഹമ്മദ് കാസിമിനെ കൊന്നുകളഞ്ഞു. അങ്ങിനെ സിൻഡിലെ മുഹമ്മദീയമതത്തിൻെറ അധഃപതനത്തിന്നു നാന്ദികുറിച്ചു. 30 കൊല്ലത്തിനുശേഷം ഒരൊററ അറബിപോലും അവിടെ അവശേഷിച്ചിരുന്നില്ല. ഹിന്ദുക്കളുടെ ഇടയിലേക്കാൾ, ഇസ്ലാംമതം കൂടുതൽ പുരോഗമിച്ചതു് പേർഷ്യയിലാണ്: എന്തെന്നാൽ അവിടെ പുരോഹിതവർഗ്ഗം ഏററവും നിസ്സാരവും താഴ്ന്നതുമായ ഒരു അവസ്ഥയിലായിരിക്കുമ്പോൾ ഇന്ത്യയിൽ, കോമൺവെൽത്തിലെ ഏററവും സുശക്തമായ രാഷ്ട്രീയവർഗ്ഗമായിരുന്നു അതു്. (എൽഫിൻസ്റ്റൺ)

## * കോറോസ്സാനിലെ മുസ്ലിംരാജവംശങ്ങൾ

713—അറബികൾ "ട്രാൻസോക്സിയാന"യിൽ സ്ഥാനമുറപ്പിച്ചു (670-ൽ അവർ ഓക്സസ്സ് കടന്നു, കുറച്ചുകാലം കഴിഞ്ഞു് 'തുർക്കോമാനി'കളിൽനിന്നു് 'ബൊക്കാറ'യും 'സമർഖണ്ഡും പിടിച്ചടക്കി) അക്കാലത്തു് 'ഫാത്തിമ'യുടേയും (മുഹമ്മദിൻെറ സഹോദരി) 'അബ്ബാസി'ൻെറയും (അദ്ദേഹത്തിൻെറ മാതുലൻ) കുടുംബങ്ങൾതമ്മിൽ, പുതിയതായി സ്ഥാപിക്കപ്പെട്ട രാജ്യങ്ങളിലെ കാലിഫ് സ്ഥാനത്തിനു

* ആധുനിക ചരിത്രകാരന്മാർ ആ സ്ഥലത്തിനു 'മാ വരാന്നഹർ' എന്ന അറബിനാമമാണ് ഉപയോഗിക്കുന്നതു്.

വേണ്ടി ശക്തിയേറിയ മത്സരങ്ങൾ നടക്കുന്നുണ്ടായിരുന്നു. അബ്ബാസിന്റെ കുടുംബക്കാർ വിജയം വരിച്ചു; 'ഹാരൂൺ–ആൽ–റാഷീദ്' ആ വംശത്തിലെ 5–ാമത്തെ കാലിഫ് ആയി. അയാൾ,

809–ൽ ട്രാൻസോക്സിയാനയിലെ ഒരു ലഹളം ഒതുക്കുവാൻ പോകുന്ന വഴിയ്ക്കുവെച്ചു മൃതിയടഞ്ഞു. അയാളുടെ പുത്രനായ 'മാമൂൺ' കോറോസ്സാനിൽ അറബിരാഷ്ട്രം പുനഃസ്ഥാപിച്ചു; കുറെ കാലത്തിനുശേഷം, പിതാവിന്റെ സ്ഥാനത്തു് 'ബാഗ്ഡാഡി'ലെ കാലിഫ്. ആയി, അയാളുടെ സചിവനായ 'ടാഹിർ' വിപ്ലവമുണ്ടാക്കി.

821–ൽ, സ്വയം കോറോസ്സാനിലെ സ്വതന്ത്ര്യരാജപ്രതിനിധിയായി പ്രഖ്യാപനം ചെയ്തു. അവിടെ അയാളുടെ വംശജർ

821–870—ടാഹറീദ് കുടുംബക്കാർ എന്ന നിലയിൽ ഭരിച്ചു: അപ്പോഴേയ്ക്കും "സാഫ്രീദ്"കാർ അവരെ നിനിഷ്കാസനംചെയ്തു.

872–903—സാഫ്രീദ് നൃപവംശം; അതിലെ അവസാനാംഗമായ 'യാക്കൂബി'നെ 'സാമാനി' തറവാട്ടുകാർ തോല്പിച്ചു.

903–999—'സമാനിദ്' ഭൂപാലവംശം. ട്രാൻസോക്സിയാനയിൽ സ്വതന്ത്ര്യമായി ഭൂമി കൈവശമുണ്ടായിരുന്ന, ആ വംശത്തിൽപ്പെട്ട നിരവധിപേർ ഓക്സസ്സ് കടന്നു പേഷ്യയിൽ പ്രവേശിച്ചു് അവിടെ വളരെ സ്ഥലം പിടിച്ചടക്കി. പക്ഷേ, അന്നു് ബാഗ്ഡാഡിലെ കാലിഫേററിന്റെ സ്ഥാനം കൈവശമാക്കിയിരുന്ന "ബ്യയാ"കുടുംബക്കാർ (ഡിലിമൈററസ് എന്നും വിളിക്കപ്പെട്ടിരുന്നു.) അവരെ കൊറോസ്സാനിലേക്കുതന്നെ തിരികെ ഓടിക്കുകയാൽ അവർ അവിടെത്തന്നെ കഴിച്ചുകൂട്ടി.

961—സമാനിവംശത്തിലെ അഞ്ചാമത്തെ സാമ്രാട്ടായ അബ്ദുൾമാലിക്കിൻെറ കീഴിൽ ഒരു വിദൂഷകനായി കൊട്ടാരത്തിൽ പ്രവേശിച്ച "ആൽപ്ടിജിൻ" എന്ന ഒരു തുർക്കി അടിമയെ ഒടുവിൽ കോറോസ്സാനിലെ ഗവൎണ്ണറായി നിയമിച്ചു. അബ്ദുൾമാലിക് അധികം താമസിയാതെ മൃതനായി. പുതിയ രാജാവിൻെറ അപ്രീതിക്കു പാത്രമായിരുന്ന ആൽപ്ടിജിൻ, ഒരുകൂട്ടം തിരഞ്ഞെടുത്ത അനുയായികളോടു കൂടി ഗസനിയിലേക്കു പാലായനംചെയ്തു. അവിടത്തെ ഗവൎണ്ണറായി സ്വയം പ്രഖ്യാപനംചെയ്തു.

കോറോസ്സാൻ കൊട്ടാരത്തിൽ, ആൽപ്ടജിൻെറ ഒരു അടിമയായ "സബക്ടിജിൻ" അയാളുടെ സ്ഥാനം കൈക്കൊണ്ടു. ഇന്ത്യൻ അതൃത്തിയിൽനിന്നു ഗസിനിയിലേക്ക് 200 നാഴിക വഴിയെ ഉണ്ടായിരുന്നുള്ളു. ഒരു മുസ്ലിംരാജ്യത്തിൻെറ സാമീപ്യംകൊണ്ട് അസ്വാസ്ഥ്യംതോന്നിയ ലാഹോറിലെ രാജാവായ ജയപാലൻ ഗസനിയിലേക്ക് ഒരു സൈന്യത്തെ നയിച്ചു; സന്ധി; പക്ഷേ, രാജാവു് അതിൻെറ ചട്ടങ്ങൾ അനുസരിച്ചു നടന്നില്ല; അപ്പോൾ സുലൈമാൻ പൎവ്വതപംക്തി കടന്നു് സബക്ടജിൻ ഇന്ത്യയെ ആക്രമിച്ചു. ജയപാലൻ ഡെൽഹി, കാന്യൂജ്, കലിഞ്ചർ, എന്നിവിടങ്ങളിലെ നാട്ടുവാഴികളുമായി യോജിച്ചു, പതിനായിരക്കണക്കിനുള്ള സൈന്യത്തോട്ടു് ഒന്നിച്ചു മുന്നേറി, പക്ഷെ സബക്ടജിനാൽ തോല്പിക്കപ്പെട്ടു. പെഷവാറിലെ ഗവൎണ്ണറായി ഒരു മുസ്ലിം ഉദ്യോഗസ്ഥനെ പഞ്ചാബിൽ നിയമിച്ചതിനു ശേഷം അധികം താമസിയാതെ അയാൾ ഇന്ത്യവിട്ടു. അതിനിടയിൽ സമാനിദ് രാജാവായ 7–ാം തലമുറയിൽപ്പെട്ട "നൂഹിനു്" എതിരായി ഒരു "താത്തരി" വിപ്ലവം പൊട്ടി

പ്പുറപ്പെട്ടു; അയാളെ ഓക്സസിൻെറ പേഷ്യൻഭാഗത്തേക്ക് ഓടിച്ചുകളഞ്ഞു. സബക്തജിൻ സഹായത്തിന്നു പാഞ്ഞെത്തി, ലഹളക്കാരെ പുറത്താക്കി. അതിൻെറ നന്ദികാണിക്കുവാനായി നൂഹ്, മുഹമ്മദിനെ (സുബക്തജിൻെറ മൂത്തമകനെ) കോറോസ്സാനിലെ ഗവർണ്ണർ ആക്കി. അയാൾ സബക്തജിൻെറ മരണസമയത്ത് അവിടെ ഇല്ലാതിരുന്നതിനാൽ, അയാളുടെ ഇളയസഹോദരൻ ഇസ്മയിൽ ഗസ്നിയിലെ സിംഹാസനം കരസ്ഥമാക്കി. പക്ഷേ, മുഹമ്മദ് അയാളെ തോല്പിച്ച തടവുകാരനായി പിടിച്ചു. മുഹമ്മദ് അന്നത്തെ സമാനീദ് രാജാവായ മൻസൂറിൻെറ സമീപത്തേക്ക് തന്നെ ഗസ്നിയിലെ ഗവർണ്ണറായി അംഗീകരിക്കണമെന്ന ആവശ്യവുമായി ഒരു പ്രതിനിധിയെ അയച്ചു; അതു് നിരാകരിക്കപ്പെട്ടു. അപ്പോൾ അയാൾ തന്നെതന്നെ ഗസ്നിയിലെ സ്വാതന്ത്ര്യനാടുവാഴിയായി ഉൽഘോഷിച്ചു; അധികം താമസിയാതെ മൻസൂർ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു.

999—ഗസ്നിയിലെ മുഹമ്മദ് സുൽത്താൻപദം സ്വീകരിക്കുകയും ചെയ്തു.

999 ഏപ്രിൽ 29 1030 (അയാൾ മരിച്ചപ്പോൾ) ഗസ്നിയിലെ മുഹമ്മദ്

999 മൻസൂറിൻെറ സേനാനായകന്മാരിൽ ഒരാളായ ഇല്ലിഖ്ഖാൻ സമാനീദ് രാജവംശത്തിൻെറ അധഃപതനത്തിൻെറ ലാക്കിൽ ബൊക്കാറയും ട്രാൻസ്ഓക്സേണിയായിലെ മററു മുസ്ലിം കൈവശസ്ഥലങ്ങളും സ്വന്തമാക്കി. അയാളും മുഹമ്മദുമായി സമരം.

1000—മുഹമ്മദ് ഇല്ലിഖ്ഖാനുമായി സഖ്യംചെയ്തു; അയാളുടെ മകളെ വിവാഹംകഴിച്ചു. ഇന്ത്യക്കെതിരായി ഒരു പടനീക്കത്തിനുള്ള സ്വാതന്ത്ര്യം ലഭിക്കുവാനായിരുന്നു ആ സൂത്രം.

## 2. ഗസ്നിയിലെ മുഹമ്മദ്

### അയാളുടേയും, അനന്തരാവകാശികളുടേയും ഇന്ത്യാ ആക്രമണങ്ങൾ

## 999—1152. 1186

1001—മുഹമ്മദിൻെറ ആദ്യത്തെ ഇന്ത്യാ ആക്രമണം: ലാഹോർ. വലിയ ഒരു സൈന്യത്തോടെ സുലൈമാൻ പർവ്വതങ്ങൾ കടന്ന് അയാൾ പെഷവാറിന്നടുത്തുവെച്ചു ലാഹോറിലെ രാജാവായ ജയപാലനെ ആക്രമിച്ചു. അതു കഴിഞ്ഞു് അയാൾ 'സററ്ലജ്' നദി കടന്നു ബാററിൻഡ കീഴടക്കി; ജയപാലൻെറ മകനായ ആനന്ദപാലനെ രാജാ യി വാഴിച്ചു് ഗസ്നിയിലേക്കുതന്നെ മടങ്ങി.

*1003—മുഹമ്മദിൻെറ രണ്ടാമത്തെ ആക്രമണം. ബാററിയ: ആനന്ദപാലൻ സന്ധിയിലെ ചട്ടങ്ങൾ അനുസരിച്ചിരുന്നു; പക്ഷെ ബാററിലെ മറെറാരു പങ്കാളിയായിരുന്ന ബാററിയയിലെ രാജാവു് കപ്പം കൊടുക്കുവാൻ കൂട്ടാക്കിയില്ല. മുഹമ്മദ് അയാളെ എതുത്തു തോല്പിച്ചു.

1005—മുഹമ്മദിൻെറ മൂന്നാം ആക്രമണം മൂൾട്ടാൻ. മൂൾട്ടാനിലെ അഫ്ഗൻപ്രധാനിയായ അബുൾ ഫാത്തേ ലോധിയുടെ ലഹള. മുഹമ്മദ് അയാളെ പരാജിതനാക്കി ഒരു വീതം ചുമത്തി. അയാളുടെ അസാന്നിദ്ധ്യത്തിൽ ഇല്ലിഖ്ഖാൻ ഒരു വലിയ താർത്തരിസൈന്യത്തോടുകൂടി ഓക്കുസ്സ് കടന്നു് കോറോസ്സാൻ ആക്രമിച്ചു. മുഹമ്മദ് (ഇന്ത്യൻ ഗജങ്ങളോടൊന്നിച്ചു) വളരെ ധൃതിയിൽ ഗസ്നിയിൽനിന്നു കോറോസ്സാനിലെത്തി ഇല്ലിഖ്ഖാനെ ബോക്കാറായിലേക്കു് ഓടിച്ചു.

---

* എൽഫിൻസ്റ്റനെറ "ഹിസ്റ്ററി ഓഫ് ഇന്ത്യ" ലണ്ടൻ 1866 പ്രകാരം 1004.

1008—മുഹമ്മദിൻെറ നാലാമത്തെ പടയേററം: പഞ്ചാബ്: നാഗർകോട്ടക്ഷേത്രം. ബാററിൻഡയിലെ ആനന്ദപാലൻ, ഹിന്ദുപ്രമുഖന്മാരെ യോജിപ്പിച്ച് മുഹമ്മദിന്നെതിരെ സുശക്തമായ ഒരു മുന്നണിയുണ്ടാക്കി. മതഭ്രാന്തു് മുഴുത്തപോലെ ഹിന്ദുക്കൾ പയററി. മുഹമ്മദ് അവരെ തോല്പിച്ചു നാഗർകോട്ട അമ്പലം കൊള്ളയടിച്ചു.

1010—ആഫ്ഗൻകാർ അധിവസിക്കുന്ന ഗ്ഗർരാഷ്ട്രം മുഹമ്മദ് കീഴടക്കി.

1010—മഴക്കാലം: മുഹമ്മദിൻെറ അഞ്ചാമത്തെ ആക്രമണം. മുൾട്ടാൻെറനേരെ പുതിയ ആക്രമണം, അബ്വൾ ഫാത്തേലോധിയെ തടവുകാരനായി പിടിച്ച് ഗസ്നിയിലേക്കു കൊണ്ടുപോയി.

1011—മുഹമ്മദിൻെറ 6–ാമത്തെ പടപ്പുറപ്പാട്: താനേശ്വർ (യമുനാതീരത്തു്) രാജാക്കന്മാക്ക് പട സംഭരിക്കുവാൻ സമയം ലഭിക്കുന്നതിനുമുമ്പുതന്നെ അയാൾ സമ്പന്നമായ ആ ക്ഷേത്രം പിടിച്ചടക്കി.

1013–ം 1014—ഏഴാമത്തെയും എട്ടാമത്തെയും ആക്രമണങ്ങൾ കാഷ്മീരിൽ രണ്ടു പ്രാവശ്യം, കൊള്ളയും പ്രാരംഭനിരീക്ഷണവും ഉദ്ദേശിച്ചുള്ള ഇടപെടൽ.

1013—ഇല്ലിഖ്ഖാൻെറ മരണം. 1016–ൽ മുഹമ്മദ് ബൊക്കാറയും, സമർഖണ്ഡും പിടിച്ചടക്കി, 1017–ൽ ട്രാൻസോക്സിയാന കീഴടക്കി.

1017–ലെ തണുപ്പുകാലം. 9–ാംആക്രമണം. മുഹമ്മദിൻെറ വിപുലമായ തോതിലുള്ള പടയേററം. അയാൾ പെഷവാറിലൂടെ കാഷ്മീരിലേക്ക് മുന്നേറി, അവിടെനിന്നു് യമുനയിലേക്കും നീങ്ങി, അതു് കടന്നു. കനൗജ് (പുരാതനനഗരി) അയാൾക്കു കീഴടങ്ങി. പിന്നീട്ട് അയാൾ 'മുത്ര'യിലേക്കു പോയി, അവിടം നില സമമാക്കി. 'മഹാവനവും' മുഞ്ചും കവച്ചുചെയ്തതിന്നശേഷം അയാൾ തിരികെപ്പോയി.

1022—പത്താമത്തെയും പതിനൊന്നാമത്തെയും ആക്രമണങ്ങൾ. രാജ്യത്തിൽനിന്നു പുറത്താക്കപ്പെട്ട കന്യാജ് രാജാവിൻെറ സഹായാത്ഥം രണ്ടു രണങ്ങൾ. അതിൽ ഒരാക്രമണത്തിൻെറ കാലത്തു് ലാഹോർ തികച്ചും നശിപ്പിക്കപ്പെട്ടു.

1024—12-ാം ആക്രമണം. ഗുജറാത്തും സോമനാഥും. മുഹമ്മദിൻെറ അവസാനത്തെ വലിയ പ്രയാണം. അയാൾ ഗസ്സിയിൽനിന്നു മുൾട്ടാനിലേക്കു മാച്ച്ചെയ്തു; അവിടെനിന്നു് സിൻട് മരുഭൂമിയിലൂടെ ഗുജറാത്തിൽ കടന്നു് അതിൻെറ തലസ്ഥാനമായ "അൻഹൽവാർ" കയ്യടക്കി. പോകുന്നവഴിക്കു് ആജ്മീർ മന്നവൻെറ രാജ്യം മുഴവനും നശിപ്പിച്ചു; രജപുത്രന്മാർ ധീരതയോടെ നിരോധിച്ചിരുന്ന സോമനാഥക്ഷേത്രം കരസ്ഥമാക്കി. പിന്നീട്ട് അയാൾ അൻഹൽവാറിലേക്കു മടങ്ങി. അവിടെ ഒരുകൊല്ലം താമസിച്ചു. അയാളുടെ മരുഭൂമിയൽക്കൂടിയുള്ള മടക്കയാത്ര ദുരന്തമായിരുന്നു.

1027—തുക്കിവംശജരായ സെൽജെക്കു് ലഹളയുണ്ടാക്കിയപ്പോൾ മുഹമ്മദ് അവരെ മദ്ദിച്ചമത്തി.

1028—ഡീലിമൈററുകളുടെ കയ്യിൽനിന്നു പേഷ്യൻ ഇറാക്കു് പിടിച്ചടക്കിയതോടെ പേഷ്യ മുഴവനും മുഹമ്മദിൻെറ ഭരണാധികാരത്തിലായി.

ഏപ്രിൽ 29-1030—മുഹമ്മദ് ഗസ്സിയുടെ മരണം. കവിയായ ഫിർദൗസി അയാളുടെ കൊട്ടാരത്തിലായിരുന്നു. പേഷ്യക്കാരുടെ അടിമകളെന്നു കണക്കാക്കപ്പെട്ടിരുന്ന തുക്കികളായിരുന്നു അയാളുടെ സൈന്യത്തിലെ മുഖ്യഭാഗം. അവരെ മാമില്ലൂക്കു് (അടിമ) ഗാർഡ്സ് എന്ന പേരിൽ നിരവധി വ്യൂഹങ്ങളാക്കി. ഇടയന്മാർ അധികവും താത്തരികളായിരുന്നു. പ്രഭുക്കന്മാരും, ഉയന്ന സമുദായത്തിലെ ഭൂരിഭാഗവും പേഷ്യക്കാരായിരുന്നു. മതപരവും നീതിന്യായ

പരവുമായ അധികാരങ്ങളെല്ലാം അവക്കായിരുന്നു. രാജ്യഭരണം പ്രായേണ പേഷ്യക്കാരാണ് വഹിച്ചിരുന്നതു്.

മുഹമ്മദിനു മൂന്നു പുത്രന്മാരായിരുന്നു; മുഹമ്മദ്, മസൂദ്, അബ്ദുൾറഷീദ്. മരണസമയത്തു് മൂത്തമകനായ മുഹമ്മദിനെ സുൽത്താനായി നിയമിച്ചു അയാൾ. അക്കൊല്ലത്തിൽ തന്നെ (1030) പട്ടാളക്കാരുടെ പ്രീതി ഭാജനമായിരുന്ന മസൂദ് മൂത്തസഹോദരനെ പിടിച്ചു കണ്ണുകൾ കുത്തിപ്പൊട്ടിച്ചു് തടവിലിട്ട സിംഹാസനം കയ്യേറി.

1030–1041—സുൽത്താൻ മസൂദ് ഒന്നാമൻ: ഓക്സസ്സിന്നപ്പുറത്തുള്ള സെൽജൿസ്തുക്കികൾ അയാളുടെ ഭരണകാലത്തു് വിപ്ലവമുണ്ടാക്കി. മസൂദ് അവരെ സ്വന്തം നാട്ടിലേക്കുതന്നെ തിരിച്ചോടിച്ചു.

1034—ലാഹോറിൽ ഉണ്ടായ ഒരു അസ്വാസ്ഥ്യം അമത്തുവാനായി അയാൾ ഇന്ത്യയിലേക്കു പുറപ്പെട്ടു. അതുകഴിഞ്ഞു് അയാൾ സല്പജ്ക്കരുടെ നേരെ തിരിഞ്ഞു.

1034–1039—സെല്പജക്കരുടെ എതിരായുള്ള ആഹവം. മെർഹൻെറ സമീപമുള്ള സെൻഡിഗാനിൽവെച്ചു (ഭണ്ഡൻഖാൻ) അമ്പേ തോററ അയാൾ ഇന്ത്യയിലേക്കു പ്രാണരക്ഷാത്ഥം ഓടി. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ലഹള; അവർ മുഹമ്മദിൻെറ മകനായ അഹമ്മദിനെ സിംഹാസനാരൂഢനാക്കി. അയാൾ മസൂദിനെ പിൻതുടർന്നു് പിടിച്ചു.

1041-ൽ വധിച്ചുകളഞ്ഞു. കൊല്ലപ്പെട്ട സുൽത്താൻെറ മകനായ മാദൂദ്അഹമ്മദ് സുൽത്താനെ ആക്രമിച്ചു. (അയാൾ) ബാൽകിൽനിന്നു പുറപ്പെട്ടു. ലാഗ്മൻ എന്ന സ്ഥലത്തുവച്ചു് അഹമ്മദിനെ കണ്ടുപിടിച്ചു് അയാളെ തോല്പിച്ചു; അയാളേയും കുടുംബാംഗങ്ങളേയും വധിച്ചു സ്വയം സുൽത്താനായി പ്രഖ്യാപിച്ചു,

1041-1050—സുൽത്താൻ മാമൂദ്ട്രാൻസോക്സിയാനയിലെ സെല്യൂജ്ക്കർ, തങ്ങളുടെ നേതാവായി ടോഗ്റൂൾബേഗിനെ തിരിഞ്ഞെടുത്തു നാലുഭാഗത്തും വിജയമാരാഞ്ഞു പുറപ്പെട്ടു; സൈനികശക്തിയെ ശിഥിലമാക്കുകയാൽ മാമൂദിനു ട്രാൻസോക്സിയാന കീഴടക്കുവാൻ സാധിച്ചു. നേരേമറിച്ചു ദൽഹിയിലെ രാജാവ് വിപ്ലവകാരിയായി. ചെറിയ ചെറിയ മുഹമ്മദീയ കാവൽസേനകളാൽ പരിരക്ഷിതമായിരുന്ന താനേശ്വരവും നാഗർകോട്ടയും, സററലജിന്നപ്പുറം ലാഹോർ ഒഴിച്ചുള്ള ബാക്കി സ്ഥലങ്ങളും മുഹമ്മദീയഹസ്തങ്ങളിൽനിന്നു പിടിച്ചുപററി.

1046—തൻെറ ജീവിതം മുഴവൻ സെല്യൂജക്കരോടു മല്ലടിച്ചുകഴിഞ്ഞിരുന്ന മാദൂദിനോട്ട് ആ വംശത്തിന്നെതിരായി തന്നെ സഹായിക്കണമെന്നപേക്ഷിച്ച ഗുർരാജാവിൻെറ അഭ്യർത്ഥന അയാൾ കൈക്കൊണ്ടു. പക്ഷേ തൻെറ സഹായിയെ വധിച്ചു ഗർ കൈവശപ്പെടുത്തുകയാണ് അയാൾ ചെയ്തതു്. 1050-ൽ ഗസ്സിയിൽവെച്ചു അയാൾ ചരമഗതി പ്രാപിച്ചു. അനുജൻ പിൻതുടന്നു.

1050-1051—സുൽത്താൻ അബുൾ ഹസൻ. രാജ്യം മുഴവൻ അയാൾക്കെതിരായി ലഹളയാരംഭിച്ചു. ഗസ്സിയൊഴിച്ചു യാതൊന്നുമില്ലായിരുന്നു അയാൾക്ക്. അയാളുടെ ജനറലായി "ആലിബെൽ റാബിയ" ഇന്ത്യയിലേക്കു കടന്നു സ്വന്തം നിലയിൽ രാജ്യങ്ങൾ വെട്ടിപ്പിടിക്കുവാനാരംഭിച്ചു. സുൽത്താൻ മുഹമ്മദിൻെറ ഏററവും ഇളയപുത്രനും, ഇപ്പോഴത്തെ സുൽത്താൻെറ മാതുലനുമായ അബ്ദുൾറഷീദിൻെറ ഭാഗം പിടിച്ചു പടിഞ്ഞാററൻമേഖല മുഴുവനും ആയുധമേന്തി രണ്ടാമൻ അബുൾ ഹസനെ ഗസ്സിയിൽവച്ചു സ്ഥാനഭ്രഷ്ടനാക്കി.

1051-1052—സുൽത്താൻ അബ്ദുൾറഷീദ്. വിപ്ലവനേതാവായ ടോഗറൂൾ ഗസ്സി വലയംചെയ്തു്, ദുർഗ്ഗം ആക്രമി

ച്ച കീഴടക്കി, സുൽത്താനേയും ഒമ്പതു രാജകുമാരന്മാരേയും കൊലചെയ്തു. ക്രോധാകുലരായ ജനതതി ടോഗ്റൂളിനെ വധിച്ചു, അയാളുടെ വംശത്തെ നാട്ടുകടത്തിവിട്ടു സബക്ത ജിൻ രാജവംശത്തിൽപ്പെട്ട ഒരു കുമാരനെ അന്വേഷിച്ചു, ഒരു കോട്ടയിൽ ബന്ധനസ്ഥനായിക്കിടന്നിരുന്ന ഫറൂക്ക് സാദിനെ കണ്ടുപിടിച്ചു അയാളെ വിമോചിപ്പിച്ചു സിം ഹാസനസ്ഥനാക്കി.

1052–1058—സുൽത്താൻ ഫറൂക്ക്സാദ്. ശാന്തമായി രുന്ന ആ ഭരണം—സ്വാഭാവികമായി മരണമടഞ്ഞപ്പോൾ സഹോദരൻ അനന്തരാവകാശിയായി.

1058–1089—സുൽത്താൻ ഇബ്രാഹിം (ഭക്തൻ) സംഭ വരഹിതമായിരുന്ന ഭരണകാലം. മകൻ പിൻതുടന്നു.

1089–1114—സുൽത്താൻ മസൂദ് ദ്വിതീയൻ. മുഹമ്മ ദീയശക്തി ഗംഗാനദിക്കപ്പുറത്തേക്കു വ്യാപിപ്പിച്ചു. മകൻ സിംഹാസനസ്ഥനായി.

1114–1118—സുൽത്താൻ ആർസ്ലാൻ. പ്രാണരക്ഷാ ത്ഥം ഓടി സല്ജൂക്കരുടെ അടുക്കൽപ്പോയി അഭയംപ്രാപി ച്ചിരുന്ന 'ബഹറാമി'നെ ഒഴിച്ചു ബാക്കി സഹോദരന്മാരെ യെല്ലാം ബന്ധനസ്ഥരാക്കി സൽജൂക്കൾ ബഹറാമിൻെറ ഭാഗം പിടിച്ചു ആർസ്ലാനെ എതിരിട്ടു, അയാളെ പരാജിത നാക്കി ബഹറാമിനെ സുൽത്താനാക്കി.

1118–1152—സുൽത്താൻ ബഹറാം. കുറെക്കാലത്തെ ഭരണത്തിനുശേഷം അയാൾ 'ഗുർ'ക്കാരുമായി ഇടഞ്ഞു് അ വരുടെ ഒരു രാജകുമാരനെ കൊലപ്പെടുത്തി. വധിക്കപ്പെ ട്ട ആളുടെ സഹോദരനായ സെയ്ഫുഡിൻ ബഹറാമിനെ ആക്രമിച്ചു, ഗസ്നി കീഴടക്കി, അയാളെ മലയിലേക്ക് ഓടി ച്ചുകളഞ്ഞു. ബഹറാം അവിടെനിന്നു തിരിച്ചുവന്നു, സെ യ്ഫുഡീനെ പിടിച്ചു്, അയാളെ ക്രൂരമായി ദ്രോഹിച്ചു കൊന്നു. അങ്ങനെ കശാപ്പുചെയ്യപ്പെട്ട ആളുടെ സഹോദ

രനായ അലാവുദീൻ, വമ്പിച്ച ഒരു ഗൂറിയസൈന്യത്തോടു കൂടി വന്നു, ഗസ്സിയെ നശിപ്പിച്ച് നിലംപതിപ്പിച്ചു. മുഹമ്മദ്, മസൂദ് പ്രഥമൻ, ഇബ്രാഹിം എന്നിവരുടെ ശവകല്ലറകൾ മാത്രമെ ബാക്കിവച്ചുള്ളു. ബഹറാം ലാഹോറിലേക്കു പലായനംചെയ്തു. അതോടുകൂടി ഗാസ്നവിദ് രാജവംശം നാമാവശേഷമായി. ഗസ്സികുടുംബത്തിലെ അംഗങ്ങൾ 34 കൊല്ലംകൂടി (1186) വരെ ലാഹോർ ഭരിച്ചു—അതുകഴിഞ്ഞു വംശം അവസാനിച്ചു. അങ്ങനെ (999)-ൽ മുഹമ്മദ് സുൽത്താനായി പ്രഖ്യാപനംചെയ്തതിൽപ്പിന്നെ 187 കൊല്ലങ്ങൾക്കുശേഷം ഗസ്സിമുഹമ്മദിൻെറ വംശം അസ്തമിച്ചു.

---

## 3. ഗൂർവംശം

സബക്ടജിൻ പരമ്പര തകർന്നടിഞ്ഞ
ഗസ്സിയിൽ സ്വന്തം കുലം സ്ഥാപിച്ചു

## 1152–1206

1152–1156—അലാവുദീൻ. ആർസ്ലാമിൻെറ അടുക്കൽനിന്നു സല്യജ്ക്കരുടെ സമീപത്തേക്കു് ഓടിപ്പോയ സഹ്രാം, തനിക്കു രാജ്യം തിരികെ തരികയാണെങ്കിൽ അവക്കു കപ്പം കൊടുക്കാമെന്നു് ഏററിരുന്നു. തനിക്കു സ്ഥാനച്യുതി പററുന്നതുവരെ അയാൾ ആ സത്യം പരിപാലിക്കുകയും ചെയ്തിരുന്നു. അലാവുദീൻ ഗസ്സിരാജാവായി, അധികാരം കയ്യേററ ഉടനെതന്നെ സെല്യൂജക്കരുടെ സേനാധിപതിയായ 'സഞ്ചാർ' പഴയപോലെതന്നെ കപ്പം കൊടുക്കണമെന്നു ശഠിച്ചു. അലാവുദീൻ അതു നിരാകരിച്ചു. സഞ്ചാർ സൈന്യസമേതം മുന്നേറി അയാളെ പിടിച്ചു തടവുകാരനാക്കി. പക്ഷേ വീണ്ടും അയാളെത്തന്നെ സിംഹാസനത്തിൽ കയററി.

1153-ൽ ഓഗസ്സിലെ താത്തരിവംശജർ സഞ്ചാറിൻെറയും അലാവുദീൻെറയും രാജ്യങ്ങൾ കയ്യടക്കി. അലാവുദീൻെറ മരണാത്തത്തുടൎന്നു പുത്രൻ രാജാവായി.

1156-1157—സെയഫുഡിൻ. അയാൾ വധിച്ചുകള്ളഞ്ഞ ഒരുവൻെറ സഹോദരനായ, സ്വന്തം പ്രഭുക്കളിൽ ഒരാളാൽ കൊല്ലപ്പെട്ടു. അലാവുദീനു രണ്ടു മരുമക്കളായിരുന്നു; സഹോദരന്മാരായ ഗിയാസുദീനും, ഷിഹാബുദീനും.

1157·1202—സ്ഥാനാരോഹണം ചെയ്ത ഗിയാസുഡിൻ, സ്വസഹോദരനായ ഷിഹാബിനെ സൈന്യകത്തലവനാക്കി, അയാളുടെ സഹായത്തോടെ ഭരണംനടത്തി. രണ്ടു സഹോദരന്മാരുംകൂടി സല്ജൂക്കുകളുടെ കയ്യിൽനിന്നു കോറോസ്സാൻ പിടിച്ചടക്കി; ഇരുവരും വളരെ ഒരുമയോടെ കഴിച്ചുപോന്നു.

1176-ൽ ഷിഹാബ് ലാഹോറിലേക്കു് പോയി. മുഹമ്മദീയവംശത്തിലെ അവസാനപ്രതിനിധിയായിരുന്ന കോസ്രൂ ദ്വിതീയനെ പരാജിതനാക്കി.

1181-ൽ ഷിഹാബ് സിൻഡ് പിടിച്ചടക്കി; 1186-ൽ കോസ്രൂവിനെ ബന്ധനസ്ഥനാക്കി; ഹിന്ദുസ്ഥാനത്തിലെ പ്രബലമായിരുന്ന രാജപുത്രസംസ്ഥാനങ്ങളിലേക്കു ശ്രദ്ധ തിരിച്ചു. ഡെൽഹി ആക്രമിച്ചതിൽവച്ചു് ഡെൽഹിയും ആജ്മീരും ഭരിച്ചിരുന്ന മഹാനായ പ്രഥ്വീരാജനാൽ തോല്പിക്കപ്പെട്ടു. ഗസ്സിയിലേക്കുതന്നെ മടങ്ങിപ്പോയി.

1193—ഷിഹാബ് വീണ്ടും ഇന്ത്യയെ ആക്രമിച്ചു. പ്രഥ്വീരാജനെ തോല്പിച്ചു വധിച്ചു. *പ്രഭുവായി ഉയൎത്തപ്പെട്ട

---

പൌരസ്ത്യരാജാക്കന്മാരുടെ അടിമകൾ (മാമില്ലൂക്കുകൾ) കൊട്ടാരത്തിൽ പ്രാധാന്യമേറിയ കാര്യങ്ങൾ നടത്തിയിരുന്നു; ചിലപ്പോൾ കൊട്ടാരചിട്ടങ്ങൾപോലും നയിച്ചിരുന്നു.

ഒരു അടിമയായ കുത്തബുദീനെ ആജ്മീറിലെ ഗവർണർ ആക്കി. കുത്തബുദീൻ ദൽഹി പിടിച്ചടക്കി, അവിട്ടത്തെ ഗവർണറായി, ക്രമേണ സ്വാതന്ത്ര്യപ്രഖ്യാപനംനടത്തി, ഡൽഹിയിലെ ആദ്യത്തെ മുഹമ്മദീയനൃപനായി.

1194—ഷിഹാബ് കാനൗജും, ബനാറീസും പിടിച്ചടക്കി, (കോനൗജിലെ രാജാവ് വധിക്കപ്പെട്ടു. തൽകുടുംബം മാർവാറിലേക്ക് ഓടി, അവിടെ ഒരു നാട്ടുരാജ്യം സ്ഥാപിച്ചു) ഗ്വാളിയോർ കയ്യടക്കി. അതേസമയത്തു് കുത്തബുദീൻ, ഔധ്, വടക്കൻബീഹാർ, ഗുജറാത്തു്, ബെംഗാൾ ഇവ കൊള്ളയടിച്ചു.

1202—ഗിയാസ് മരണമടഞ്ഞു—അനുജൻ കിരീടം ധരിച്ചു.

1202–1206—ഷിഹാബുധീൻ ക്വാർസം കീഴടക്കുവാൻ ശ്രമിച്ചു. പക്ഷേ, അതിൽ പരാജയംപററി പ്രാണരക്ഷാത്ഥം പലായനംചെയ്തു.

1206–ൽ ക്വാർസമിന്നെതിരായി രണ്ടാമത്തെ പടയേററം. പക്ഷേ, അനുയായികളിൽനിന്നു് ഒററപ്പെട്ടിരിക്കെ കാക്കർ (കൊള്ളക്കാർ) മാരാൽ വധിക്കപ്പെട്ടു. മരുമകൻ പിൻതുടന്നു.

1206—മുഹമ്മദ്. ആഭ്യന്തരകലഹങ്ങളിൽനിന്നും സ്വന്തം രാജ്യത്തെ പരിരക്ഷിക്കുവാൻ സാദ്ധ്യമായിരുന്നില്ല അയാൾക്ക്; അതു ചിന്നഭിന്നമായി. ഷിഹാബിൻെറ പ്രീതിഭാജനങ്ങളായ ചില അടിമകളുടെ കൈവശത്തിലായി അതിൻെറ വിവിധഭാഗങ്ങൾ. സുൽത്താൻെറ രാജ്യം ഭാഗം ചെയ്യപ്പെട്ടു. കുത്തബുദീൻ ദൽഹിയും മററു് ഇന്ത്യൻ സ്ഥലങ്ങളും സ്വായത്തമാക്കി. (ചെറിയതും നിസ്സാരവുമെങ്കിലും, ഒരു രാഷ്ട്രത്തിൻെറ തലസ്ഥാനമായിരുന്ന 1200 കൊല്ലത്തോളം ഡൽഹി) യിൽ ഡെഡ്ലസ്സ് എന്നൊരു അടിമ ഗസ്സി പിടിച്ചടക്കി. പക്ഷേ, ക്വാർസംരാജാവ് അയാളെ

സ്ഥാനഭ്രഷ്ടനാക്കുകയാൽ അയാൾ ഡൽഹിയിലേക്കു് ഓടിപ്പോയി. വേറെ ഒരു അടിമയായിരുന്ന നാസിറുഡിൻ മുൾട്ടാനും സിൻഡും പിടിച്ചടക്കി.

## 4. ഡെൽഹിയിലെ അടിമ (മാമില്യൂക്) രാജാക്കന്മാർ 1206–1288

1206–1210—കുത്തബുദീൻ മരിച്ചപ്പോൾ: അയാളുടെ മകൻ രാജാവായി.

1210–ആറം. പിറേറക്കൊല്ലം സ്വന്തം അളിയൻ അയാളെ മറിച്ചിട്ടു് സിംഹാസനത്തിൽ കയറിക്കൂടി.

1211–1236—ഷംസുഡിൻ ആൾട്ടാമിഷ് 1217—(1164*-ൽ ജനിച്ച) ചെങ്കിസ്ഖാൻെറ നേതൃത്വത്തിൽ വമ്പിച്ച ഒരു മംഗോളിയൻസൈന്യം തുറാനിൽനിന്നു വന്നു ക്വാർസം ആക്രമിച്ചു; ധീരതയോടെ ചെറുത്തുനിന്നിരുന്ന ജലാലിനെ (ഷായുടെ മകൻ) യമുനയുടെ തീരംവരെ ഓടിച്ചു. മംഗോളിയരെ ഭയന്നു, മറെറ രാജാക്കന്മാരാരുംതന്നെ തൻെറ സഹായത്തിനു് എത്താഞ്ഞതിനാൽ ജലാൽ ഒരുകൂട്ടം കാക്കർമാരോടുകൂടി എല്ലാ സ്ഥലവും കൊള്ളയടിക്കുവാൻ തുടങ്ങി. പിന്നീടു ചെങ്കിസ്ഖാൻ നാസിറുഡിൻെറ മുൾട്ടാൻ, സിൻഡുപ്രദേശത്തേക്കു വലുതായ ഒരു സൈന്യത്തെ അയച്ചു് അതു മുഴുവൻ കൊള്ളയടിച്ചു. മംഗോളിയർ ഇൻഡസ്സു കടന്നുപോയപ്പോൾ ഷംസുഡിൻ ആൾട്ടാമിഷ് രാജ്യത്തിൻെറ താല്ക്കാലികസ്ഥിതിയെ ലാക്കാക്കി അതു് ആക്രമിച്ചു കീഴടക്കി തൻേറതാക്കി.

---

* ഷോളസ്സാറിൻെറ പുരാവൃത്തവിതരണത്തിൻെറ ഉദ്ധരിണിയിൽ 1155-ാണു് ചെങ്കിസ്ഖാൻെറ ജനനതീയതിയായി പറഞ്ഞിട്ടുള്ളതു്. (മാർക്സ് എംഗൽസ് ആർക്കൈവ് 5-ാംവാല്യം 219-ാം പേജ്) പക്ഷേ ഇപ്പോൾ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതു് ഈ തീയതിയാണു്.

1225-ൽ ഷ്യാംസുഡിൻ ബീഹാറും മാൾവയും കയ്യടക്കി.

1252—ഹിന്ദുസ്ഥാൻ മുഴവൻ അയാളെ സാമ്രാട്ടായി അംഗീകരിച്ചു. അധികാരത്തിൻെറ പാരമ്യത്തിൽ ഇരിക്കവെ 1236-ൽ അയാൾ അന്തരിച്ചപ്പോൾ അയാളെ പിൻതുടൎന്നു്.

1236-ൽ അയാളുടെ മകൻ റുക്നുഡിൻ രാജാവായി. അക്കൊല്ലം അയാളെ സ്വസഹോദരി സ്ഥാനഭ്രഷ്ടനാക്കി സിംഹാസനത്തിൽ കയറി.

1236-1239—സുൽത്താൻ റസിയ ഒരു അബിസിനിയൻ അടിമയുമായുണ്ടായ അവരുടെ പ്രണയബന്ധം കൊട്ടാരത്തിലെ പ്രഭുക്കളെ കോപാകുലരാക്കി. ബാററിൻഡയിലെ പ്രധാനിയായ ആൾത്തുനിയ ലഹളയുണ്ടാക്കി അവരെ തടവുകാരിയാക്കി പിടിച്ചു. അവർ അയാളുമായി സ്നേഹമായി, വിവാഹംനടത്തി. പിന്നീടു് അയാൾ സൈന്യസമേതം ഡൽഹിയിലേക്കു പുറപ്പെട്ടു. പ്രഭുക്കൾ അയാളെ തോല്പിച്ചു; റാണിയെ വധിച്ചുകളഞ്ഞു. അവളെ പിൻതുടൎന്നു രാജാവായതു് അവരുടെ സഹോദരനാണു്.

1239-1246—മുയസുഡിൻബഹറാം ഭയങ്കരനായ ഒരു സ്വേഛാധികാരി. വധിക്കപ്പെട്ടു. പിൻതുടൎന്നതു് റുക്കുനുഡിൻെറ മകൻ.

1241-1246—അലാവുദീൻ മസൂദ്—അയാൾ വധിക്കപ്പെട്ടു. പിന്നീടു് സിംഹാസനസ്ഥനായതു് ഷ്യാംസുഡിൻെറ പൗത്രനും, മുയസുഡിൻെറ മകനുമായ

1246-1266—നാസിറുഡിൻ മഹമൂദ്. ഗയാസുഡിൻ ബാൽബൻ എന്നൊരു അടിമയായിരുന്നു അയാളുടെ മന്ത്രി. ഈ ബാൽബൻ, മുഗിളരുടെ (മംഗോളിയരുടെ) ആക്രമണത്തെ ചെറുത്തുനിൽക്കുവാനായി അതിൎത്തിയിലുള്ളവരുമായി സുദൃഢമായ ബന്ധം പുലർത്തിവന്നു. നിസ്സാരങ്ങളായ

No. 11688



അനവധി ഹിന്ദുരാജ്യങ്ങളെ അയാൾ തോല്പിച്ചു,

1258–പഞ്ചാബിലേക്കുണ്ടായ ഒരു മംഗോളിയൻ ആക്രമണത്തെ ബാൽബൻ ഓടിച്ചു.

1266 നാസിറുദ്ധിൻമഹമ്മദ് സന്താനമില്ലാതെ മരിച്ചു. സിംഹാസനം സചിവനിൽ ലയിച്ചു്

1266–1286 ഗിയാസുദ്ധിൻ ബാൽബൊൻ. ഇന്ത്യയിലെ ഏക മുഹമ്മദിയ സഭയായിരുന്നു ബാൽബൻെറതു്.

1279 ബംഗാളിലെ രാജദ്രോഹപരമായ വിപ്ലവം മൂലമാണു് അയാൾ രംഗത്തിറങ്ങിയതു്. അയാളുടെ അസാന്നിദ്ധ്യത്തിൽ, ഡൽഹിയിലെ ഗവർണറായ ദോഗ്രൂൾ ലഹളയുണ്ടാക്കി ഭരണാധികാരിയായി സ്വയം വിളംബരപ്പെടുത്തി. തിരിച്ചുവന്ന ഗിയാസുദ്ധിൻ അയാളെ തോല്പിച്ചു, അയാളെയും 1,00000 തടവുകാരെയും വധിച്ചു, 1286–ൽ ഗിയാസ് അന്തരിച്ചു. തുടന്നു രാജാവായതു് രണ്ടാമത്തെ മകനായ ജീവിച്ചിരിപ്പുണ്ടായിരുന്ന ബക്രാഖാനല്ല (മൂത്തമകൻ നേരത്തെ മരിച്ചിരുന്നിരുന്നു), അയാളുടെ മകനായിരുന്നു.

1286_1288 കൈക്കോബാദ് (ബാൽബൻെറ മൂത്തമകനായ മുഹമ്മദിനു അതുപോലെ കൈകുസ്രു എന്നൊരു മകനുണ്ടായിരുന്നു. അയാളെ മൂൾട്ടാനിലെ ഗവർണർ ആക്കി.)

1287 [കൈക്കോബാദ്] അയാൾ തൻെറ വഞ്ചകനായിരുന്ന മന്ത്രി നൈസാമുദ്ധിനെ വിഷംകൊടുത്തുകൊന്നു (അയാൾ ആദ്യംതന്നെ കൈകുസ്രുവായി പദ്ധതികൾ ആസൂത്രണംചെയ്തു അയാളെ വധിച്ചു. വിരുന്നു സമയത്തു്, കൊട്ടാരത്തിലുള്ള സവ്വ മംഗോളിയരേയും ചതിയായി കൂട്ടക്കൊല ചെയ്യുവാൻ അയാൾ കൈക്കോബാദിനെ പ്രേരിപ്പിച്ചിരുന്നു.) മന്ത്രിയുടെ മരണത്തെ തുടന്നു കൊട്ടാരത്തിൽ അ

സ്വാസ്ഥങ്ങൾ. അന്നു (1287)ലെ ദൽഹിയിലെ പ്രമുഖമായ കക്ഷി പഴയ ഗാസ്സിവിദ് കുട്ടംബത്തിൽപ്പെട്ട കിൽജിമാരുടെതായിരുന്നു. .1288-ൽ അവർ കൈതോസാദിനെ വധിച്ചു.

1288-ൽ അവരുടെ നേതാവായ ജലാല്യഡിൻ കിൽജിയെ ദൽഹിസിംഹാസനത്തിൽ ഇരുത്തി.

## 5. കിൽജിവംശം 1288–1321

1288–1295–ജലാല്യദീൻകിൽജി ശാന്തമായിരുന്ന ഒരു ഭരണമാണു് തുടങ്ങിയതു്. ഗയാസുധീനിന്റെ ഒരു മരുമകനായിരുന്ന ഒരു വിപ്ലവനേതാവിനു മാപ്പുനൽകി. ഒരു മംഗോൾ ആക്രമണത്തെ തുരത്തിയതിനെ തുടന്നു സവ്വ തടവുകാരെയും വിട്ടയച്ചു. 1293,

3000 മംഗോളിയർ അയാളുടെകൂടെ ചേന്നു. അവരെ ഡൽഹിയിൽ താമസിപ്പിച്ചു. ഔധിലെ ഗവർണ്ണർ ആയിരുന്ന അയാളുടെ മകൻ അലാവുദീൻ, ഒരു ഡക്കാൻ ആക്രമണം ആസൂത്രണം ചെയ്തു്, എല്ലിച്ചിപുരംവഴി ദിയോഗിരിയിലേക്കു് (ഇന്നു ദൗളത്ത്സാദ് എന്നറിയപ്പെടുന്ന സ്ഥലം) കടന്നു, തികഞ്ഞ പ്രശാന്തതയിൽ ജീവിച്ചുപോന്നിരുന്ന അവിടുത്തെ രാജാവിനെ ആകസ്മികമായിച്ചെന്നു് എതൃത്തു് അയാളുടെ രാജ്യവും, സമ്പത്തും മുഴുവൻ കൊള്ളചെയ്തു, പരിസരപ്രദേശങ്ങളിലെല്ലാം നികുതിചുമത്തി. രാജാവു് അയാളോടു് സന്ധിചെയ്തു. അലാവുദീൻ മാൾവായിലേക്കും, അവിടെ നിന്നു ഡൽഹിയിലേക്കും മടങ്ങി, അവിടെവച്ചു് തന്നെ ആലിംഗനം

ചെയ്യാനടുത്ത രാജകീയമാതുലൻെറ ഹൃദയത്തിൽതന്നെ കത്തി ആഴ്ത്തി.

1295–1317—അലാവുദീൻകിൽജി (ഏററവും ഭീകരനം, രക്തക്കൊതിയനുമായിരുന്നു) അമ്മാമനെ കൊന്നശേഷം, അയാളുടെ വിധവയേയും കുട്ടികളേയും ശരിപ്പെടുത്തി. ഇതു് ഒരു വിപ്ലവത്തിനു ഇടനൽകി. പക്ഷേ വിപ്ലവകാരികളെയും ഒരുപോലെ കൂട്ടക്കൊല ചെയ്തു്, അയാൾ അതു് അമർത്തി.

1297–ൽ അയാൾ ഗുജറാത്ത് കീഴടക്കി, കുറച്ചുകഴിഞ്ഞപ്പോൾ (വന്ന) മംഗോളിയൻ ആക്രമണത്തെ ചെറുത്തു് ഓടിപ്പിച്ചു.

1298* ഒരു നായാട്ടു യാത്രയിൽ അലാവുദീൻെറ മരുമകനായ സുലൈമാൻ രാജകുമാരൻ അയാളെ മുറിവേല്പിച്ചു, മരിച്ചിരിക്കുമെന്ന ധാരണയിൽ അയാളെ അവിടെതന്നെ വിട്ടു്, സുലൈമാൻ ഡൽഹിയിൽ (പോയി) സിംഹാസനത്തിനു അവകാശം പുറപ്പെടുവിച്ചു. മുറിവുണങ്ങിയ അലാവുദീൻ സ്വന്തം പട്ടാളത്തിൻെറ മുന്നിൽ പ്രത്യക്ഷനായി. സേന കൂട്ടത്തോടെ അയാളെ പിൻതുടന്നു. സുലൈമാൻെറയും വേറെ രണ്ടു മരുമക്കളുടെയും ശിരച്ഛേദനം നടന്നു. അതിനെ തുടന്നു പൊതുവായ വിപ്ലവം. ഏററവും ഭയാനകമായ ക്രൂരപ്രവൎത്തികൾ ചെയ്തു് അലാവുദീൻ അതു് അമർത്തി.

1303—വിപ്ലവകാരിയായ രാജപുത്രനിൽ നിന്നു്, ഇന്ത്യയിലെ ഏററവും പ്രധാനമായ കോട്ടകളിലൊന്നായ മിവാറിലെ ചിത്തോർ അലാവുദീൻ പിടിച്ചടക്കി: മംഗോളിയരുടെ ആക്രമണം.

1304—ഇന്ത്യയിലേക്കു പ്രവേശിക്കുവാനായി മംഗോളിയർ വ്യത്യസ്ഥമായ മൂന്നു ശ്രമങ്ങൾ നടത്തിനോക്കി;

---

*1299-ൽ ആണു് എന്നാണു് എൽഫിൻസ്റ്റൻെറ അഭിപ്രായം.

മൂന്നിലും പരാജിതരായി തിരികെ ഓടേണ്ടിവന്നു. ഫിറിഷ്ടയുടെ അഭിപ്രായത്തിൽ ഓരോ തവണയും കൂടാരത്തിലേക്കു പിടിച്ചുകൊണ്ടുവരപ്പെട്ട മംഗോളിയൻ തടവുകാരെ പുച്ഛയോടെ അറുത്തു കളയുകയാണു് ഉണ്ടായതു്.

1306—ജലാലുദീൻ ചുമത്തിയിരുന്ന നികുതി ഒടുക്കുവാൻ ദിയോഗിരിയിലെ നൃപൻ വിസമ്മതിച്ചു. ഒരു പഴയ അടിമയായ ഷണ്ഡൻ മാലിക്‌കാഫൂറിൻെറ കീഴിൽ അലാവുദീൻ ഒരു വമ്പിച്ച സൈന്യത്തെ അങ്ങോട്ടയച്ചു. രാജാവു് പരാജിതനായി; ദൽഹിയിലേക്കു് കൊണ്ടുപോകപ്പെട്ടു. അവശേഷിച്ച ജീവിതം അയാൾ കഴിച്ചുകൂട്ടിയതു് അവിടെയാണു്.

1309—മാലിഖ് കഫുറിനെ വീണ്ടും ദക്ഷിണഭാഗ. ത്തേക്കു് അയച്ചു. അവിടെ അയാൾ വിജയപൂർവ്വം സുരക്ഷിതമായ വാറംഗൽകോട്ട പിടിച്ചടക്കി.

1310—മാലിഖ്കഫൂർ കർണ്ണാടകവും, കന്യാകുമാരിക്കു കിഴക്കുവശമുള്ള കടൽത്തീരപ്രദേശങ്ങളും കയ്യേറി നിരവധി സ്വത്തുമായി ഡൽഹിയിലേക്കു മടങ്ങി. തൻെറ വിജയത്തിൻെറ വ്യാപ്തി കുറിക്കുവാനായി അയാൾ കന്യാകുമാരിയിൽ ഒരു മുസ്ലീംപള്ളി പണിതു. തമിഴ് മണ്ണിലെ ആദ്യത്തെ മുസ്ലീം ആക്രമണമായിരുന്നു ഇതു്. ഡൽഹിയിൽ താമസിച്ചിരുന്ന, പതിനായിരം മംഗോളിയരേയും അലാവുദീൻ കൂട്ടക്കൊലചെയ്തു. മാലിക്‌കഫൂർ പിൻതുടച്ചാവകാശം ലഭിക്കുവാൻ ഉള്ള ശ്രമങ്ങൾ തുടങ്ങി. അലാവുദീൻെറ ഭീകരമായ ദുഷ്പ്രഭുത്വം മൂലം ക്രോധാവിഷ്ടരായ ജനങ്ങൾ രാജ്യമാകെ അസ്വാസ്ഥ്യമുണ്ടാക്കി.

1316—കോപമൂർഛയാൽ ഉണ്ടായ ഒരു ക്ഷിപ്രസന്നി മൂലം ആ പ്രജാപീഡകൻ മരണമടഞ്ഞപ്പോൾ കഫൂർ സിംഹാസനം തട്ടിയെടുക്കുവാൻ ഉത്സാഹിച്ചു. പക്ഷേ അവി

ടവെച്ച കഥകഴിഞ്ഞു. അലാവുദീൻെറ പുത്രൻ രാജാവായി.

1317-1320—മുബാറക് കിൽജി, തൻെറ മൂന്നാമത്തെ സഹോദരൻെറ കണ്ണുകൾ കുത്തിപ്പൊട്ടിച്ചും; തന്നെ സിംഹാസനസ്ഥനാക്കാൻ സഹായിച്ച രണ്ടു ജനറൽമാരെ കാലന്തുക്കയച്ചുമാണ് അയാൾ ആരംഭം കുറിച്ചത്. സൈന്യം മുഴവൻ പിരിച്ചുവിട്ടു, കുസ്രോഖാൻ എന്നൊരു അടിമയെ മന്ത്രിയാക്കി, അയാൾ അപമാനകരമായ വിധത്തിൽ ദുർനടപടികളിൽ മുഴകി.

1319—കുസ്രോ മലബാർ കീഴടക്കി; തിരിച്ചു.

1320-ൽ ഡൽഹിയിൽ തിരിച്ചെത്തി. മുബാറക്ക് രാജാവിനെ വധിച്ചു. അവശേഷിച്ചിരുന്ന കിൽജിക്കാരെയെല്ലാം ഒട്ടുക്കി രാജ്യത്തെ ആ വംശത്തിൽനിന്നു വിമുക്തമാക്കി; സിംഹാസനം കയ്യേറി.

1321—പഞ്ചാബ് പ്രവിശ്യയിലെ ഗവർണ്ണറായ ഗിയാസുദീൻ തഗ്ലക്കിൻെറ കീഴിൽ ഒരു വമ്പിച്ച സേന ദൽഹിയിൽ എത്തി, പണ്ടത്തെ ഗവർണ്ണർ, രാജാവും, 100-ൽ പരം വർഷങ്ങൾ ദൽഹിയിൽ ഭരണം നടത്തിയ തഗ്ലക് വംശത്തിൻെറ സ്ഥാപകനുമായി. നാസിറുദീൻ മുഹമ്മദിൻെറ പിൻതുടർച്ചാവകാശിയും മന്ത്രിയുമായിരുന്ന (പഴയ അടിമ) ഗയാസുദീൻ ബാൽബൻെറ മകനായിരുന്ന ഗയാസുദീൻ തഗ്ലക്ക്.

## 6. തഗ്ലക് കുടുംബം 1321_1414

1321-1325—ഗിയാസുദീൻ തഗ്ലക്ക്-അത്യന്തം പ്രശാന്തമായിരുന്ന ഭരണം.

1324—ബംഗാളിലേക്ക് ഒരു യാത്രപോയി — മകൻ

ജൂണാഖാനെയാണു ഭരണമേല്പിച്ചിരുന്നതു്. മടങ്ങിവന്ന പ്പോൾ

1325—ഉണ്ടായ ഒരു കൊട്ടാര ആഘോഷസമയത്തു് പന്തൽ ഇടിഞ്ഞുവീണു അയാൾ കൊല്ലപ്പെട്ടു. ജൂണാഖാൻ

1325-ൽ മുഹമ്മദ് തഗ്ലക് എന്ന പേരിൽ സിംഹാസ നാരോഹണം ചെയ്തു, അക്കാലത്തെ ഏററവും പ്രാപ്തനായ രാജാവായിരുന്നു. അത്യന്തവിപുലമായ സ്വന്തം ഉദ്ദേശ ങ്ങൾ കൊണ്ടുതന്നെ സ്വയം തകന്നു. ആദ്യത്തെ പ്രവൃത്തി മംഗോളിയരെ സ്വാധീനിച്ചു, അവരെ സമാധാനിപ്പിച്ചു. അയാളുടെ ഭരണകാലത്തു് അവരെക്കൊണ്ടു യാതൊരു അ ലട്ടും ഉണ്ടായില്ല. പിന്നീടു് അയാൾ ഡക്കാൻ നിർബന്ധി തമായി കീഴടക്കി. അതിനു കഴിഞ്ഞപ്പോഴാണു് സാർവ്വത്രി കമായ സാമ്രാജ്യത്തിനുള്ള പദ്ധതികൾ (വന്നതു്). [അ യാൾ] അത്യന്തവിപുലമായ ഒരു പേർസ്യൻ സൈന്യത്തെ (രണ്ടാമത്തിതിനെ കീഴടക്കുവാൻ ഉണ്ടാക്കി.) പക്ഷേ അതി നു കൊടുക്കുവാനുള്ള പണം ഉണ്ടായിരുന്നില്ല. പിന്നീടു് അയാൾ ഉദ്ദേശിച്ചതു് ചൈനയെ കീഴടക്കുവാനാണു്. ഹി മാലയത്തിലൂടെ ഒരു മാർഗ്ഗം കണ്ടുപിടിക്കുവാനായി അയാൾ 100.000 ആളുകളെ അയച്ചു. അതിലൊരൊററ ആൾ പോലും അവശേഷിക്കാതെ *"തരായ്" കളിൽ കിടന്നു മര ണമടഞ്ഞു. ഖജാന ശുദ്ധശൂന്യമായപ്പോൾ അയാൾ അക്ര മമായ വിധത്തിൽ ജനങ്ങളിൽനിന്നു നികുതി പിരിക്കു വാൻ തുടങ്ങി. സാധുക്കളെ കാട്ടിലേക്കു ഓടിക്കത്തക്കവി ധത്തിൽ കഠിനമായിരുന്നു നികുതി. അവരുടെ ചുററും പട്ടാളക്കാരുടെ ഒരു വലയം സൃഷ്ടിച്ചു അയാൾ ആ അഭ യാത്ഥികളെ കൂട്ടക്കൊലചെയ്തു. അയാളും അതിൽ പങ്കു ചേന്നു, ഒരു കളിപോലെ മനുഷ്യരെ തള്ളിവീഴ്ത്തി. ഫലം: ധാന്യങ്ങൾ തീരെ ഇല്ലാതായി. എല്ലാ ദിക്കിലും കട്ടത്ത

* കുററിക്കാട്ടുകൾ.

ക്ഷാമം. ബഹളങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പഞ്ചാബിലെയും മാൾവായിലെയും ലഹളകൾ വേഗത്തിൽ അമർത്തുവാൻ സാധിച്ചു, പക്ഷേ,

1340–ലെ ബംഗാൾ വിപ്ലവം ഒരു വിജയമായിരുന്നു. കോറോമാൻററൽ തീരം (കൃഷ്ണാനദിതൊട്ടു കന്യാകുമാരി വരെയുള്ള ഇന്ത്യയുടെ പൗരസ്ത്യതീരം) വിപ്ലവം ഉണ്ടാക്കി സ്വാതന്ത്ര്യം പ്രാപിച്ചു. തെലിങ്കാനയിലേയും, കർണ്ണാടകത്തിലേയും ലഹളകൾ വിജയകരമായിരുന്നു. അഫ്ഗാൻകാർ പഞ്ചാബ് കൊള്ളയടിച്ചു. ഗുജറാത്തിൽ കലാപം പൊട്ടിപ്പുറപ്പെട്ടു. ക്ഷാമം അതിൻെറമൂർദ്ധന്യത്തിൽ എത്തി. രാജാവു് ഗുജറാത്ത് ആക്രമിച്ചു. ആ പ്രവിശ്യ മുഴുവനും കൊള്ളയടിച്ചു. ഓരോ വിപ്ലവവുംതച്ചുടക്കാനായി അയാൾ രാജ്യമാകെ ധൃതിയിൽ സഞ്ചരിച്ചു—അതിൽ മുഴുകിയിരിക്കുമ്പോൾ,

1351–സിൻഡിലെ ടാററയിൽവെച്ചു ജ്വരബാധിതനായി മരണമടഞ്ഞു. (എൽഫിൻസ്റ്റൺ തൻെറ ഇന്ത്യാചരിത്രത്തിൽ പ്രസ്താവിക്കുന്നു. സാധാരണയായി പൗരസ്ത്യർ ഒരു ചീത്ത രാജാവിനെ അവസാനിപ്പിക്കുന്ന കാര്യത്തിൽ വളരെ കുറച്ചേ സന്ദേഹം കാണിക്കാറുള്ളു. ഒരൊററ മനുഷ്യൻെറ ദുർഭരണം വ്യാപകമായ തോതിൽ ഉപദ്രവമുണ്ടാക്കുന്നതും വളരെ ദുർല്ലഭമാണ്.) അയാളെ പിൻതുടർന്നതു് മരുമകനാണ്.

1351–1386 ഫിറോസ്തുഗ്ലക്. ബംഗാൾ വീണ്ടെടുക്കുവാനുള്ള നിഷ്ഫലയോജനമായ ഒരു ഉദ്യമത്തെ തുടർന്നു അയാൾ ആ പ്രവിശ്യയുടെയും ഡെക്കാൻെറയും സ്വാതന്ത്ര്യം അംഗീകരിച്ചു. ചെറിയ ചെറിയ വിപ്ലവങ്ങളും നിസ്സാര സമരങ്ങളുമുള്ള അപ്രധാനമായ ഭരണം. 1385–ൽ ഭരിക്കാൻ വയ്യാതെ കിഴവനായപ്പോൾ മന്ത്രിയെ നിയമിച്ചു.

1386-ൽ അയാൾ സ്വസ്ഥാനത്തു് പുത്രനായ നാസിറുദ്ധിനെ വാഴിച്ചു. പക്ഷേ സ്ഥാനഭ്രഷ്ടനാക്കിയ രാജാവിൻെറ അനന്തരവന്മാർ 1387-ൽ നാസീറിനെ ദൽഹിയിൽ നിന്നു നിഷ്കാസനം ചെയ്തു. ഫിറൗസ് തൻെറ പൗത്രനായ ഗിയാസുദ്ധിനുവേണ്ടി സ്ഥാനത്യാഗം ചെയ്തതാണു് എന്നു പ്രഖ്യാപനം ചെയ്തു. ഫിറൗസ് 1388-ൽ തൻെറ 90-ാമത്തെ വയസ്സിൽ നിര്യാതനായി.

1388–1389 ഗിയാസുദ്ധിൻ തുഗ്ലക്ക് രണ്ടാമൻ. തന്നെ സിംഹാസനത്തിലേക്കയത്തിയ അടുത്ത ബന്ധുക്കളുമായി ഉടനടി വഴക്കുണ്ടാക്കി. വളരെ വേഗത്തിൽ തന്നെ അവർ അയാളെ സിംഹാസനത്തിൽനിന്നിറക്കി. അനന്തരാവകാശി സഹോദരൻ,

1389–1390 അബുബക്കർ തുഗ്ലക്. അയാളുടെ അമ്മാവനായ നാസിർ വലിയ ഒരു സൈന്യത്തോടുകൂടി ഡൽഹിയിൽ എത്തി അയാളെ തടവുകാരനാക്കി.

1390-1394- 4 കൊല്ലത്തെ ഭരണത്തിനുശേഷം നാസിറുദ്ധിൻ തുഗ്ലക് മരണമടഞ്ഞു. അയാളുടെ പുത്രനായ ഹുമയൂൺ 45 ദിവസത്തെ ഭരണത്തനിടയിൽ അമിതമായ മദ്യപാനം മൂലം ദുർമ്മൃതിയടഞ്ഞു. സഹോദരനായി പിൻതുടച്ചാവകാശം.

1394–1414 മുഹമ്മദ് തുഗ്ലക്. വിപ്ലവങ്ങൾ, വഴക്കുകൾ, യുദ്ധങ്ങൾ: മംൾവ, ഗുജറാത്തു്, കാൻഡേശ്, മുതലായ രാജ്യങ്ങൾ മേൽകോയ്മ തട്ടിത്തെറിഞ്ഞു. ഡൽഹിപോലും നിരന്തരമായ കലഹങ്ങളുടെയും കക്ഷിസ്പർദ്ധകളുടേയും കൂത്തരങ്ങായി (അപ്പോൾ,)

1398 ടിമൂറിൻെറ (ടാമർലെയിൻെറ) പ്രഥമമായ ആക്രമണം (ഉണ്ടായി) (ചെങ്കിസ്ഖാൻെറ സാമ്രാജ്യത്തിൻെറ സാമാന്യവും, പേഷ്യ, ടാൻസോക്സിയാന, താത്തരി, സൈ

ബീരിയ, എന്നിവിടങ്ങളും ആക്രമിച്ച് കീഴടക്കിയതിനു ശേഷം) ടിമൂർ, കാബൂൾവഴി (ഇന്ത്യയിലേക്കു കടന്നു. അതെ സമയത്ത് അയാളുടെ പൗത്രൻ പീർമുഹമ്മദ് മുൾട്ടാൻ ആക്രമിച്ചു. രണ്ടു സൈന്യങ്ങളും സററ്ലജിൽവെച്ചു കൂട്ടിമുട്ടി. വഴിക്കുള്ള രാജ്യങ്ങളെല്ലാം തകത്ത് ഡൽഹിയെ ലാക്കാക്കി പ്രയാണമാരംഭിച്ചു. മുഹമ്മദ്തഗ്ലക് ഗുജറാത്തിലേയ്ക്ക് പാലായനം ചെയ്തു. അതേ സമയത്ത് ഡൽഹി മുഴുവൻ തകത്ത് കൊള്ളയടിച്ചു, ജനങ്ങളെയാകെ കൂട്ടക്കൊലചെയ്തു. അതു കഴിഞ്ഞ് മംഗോളിയർ മീററ് പിടിച്ചു.

1399 നിരവധി കൊള്ളദ്രവ്യങ്ങളുമായി കാബൂൾവഴി ട്രാൻസ് ഓക്സിയാനയിലേക്കു മടങ്ങി. ഡൽഹിയിലേക്കു മടങ്ങിയ മുഹമ്മദ് 1414-ൽ അവിടെവെച്ചു മൃതനായി. ടാമർലൈൻ ഗവർണ്ണറായി നിയമിച്ചിരുന്ന ഖിർഖാൻ, സയ്യദ്-പ്രചാരകൻെറ സ്വന്തം വംശാനുയായി എന്ന നിലയിൽ സ്വയം രാജാവായി. സീദ്, സ്വീതി, പ്രഭുവെന്നത്ഥം വരുന്ന അറബിവാക്കായ സീഗ്നൂർ, എന്നവ മുഹമ്മദിൻെറ അനന്തരഗാമികളെന്നു പറയുന്നവർ ഉപയോഗിക്കുന്ന ബഹുമാന്യപദമായി. എല്ലാ ഇസ്ലാമുകളും വഹിക്കുവാൻ തുടങ്ങി,

## 7. സയ്യദുകളുടെ ഭരണം: 1414_1450

1414-1421 സയ്യദ്ഖീർഖാനു ദൽഹി രാജ്യത്തിൽ നഗരവും, അല്പം ചില വസ്തുക്കളെമൊഴികെ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അലാവുദീൻ കിൽജിടെ സമ്പാദ്യങ്ങൾ എല്ലാംതന്നെ പോയ്പ്പോയിരുന്നു. ടിമൂറിൻെറ പ്രതിനി

ധി എന്ന നിലയിൽ മാത്രം രാജ്യം ഭരിച്ചിരുന്ന അയാൾ ഒരു നിസ്സാരനായ ഭരണാധികാരി മാത്രമായിരുന്നു. അയാൾ രോഹിൽഖണ്ഡിലും ഗ്വാളിയോറിലും പുതിയ നികുതി ചുമത്തി. മകൻ പിൻതുടർന്നു.

1421–1436 സയ്യദ്മുബാറക്. പഞ്ചാബിൽ വളരെ അധികം കുഴപ്പങ്ങൾ. പക്ഷേ അയാൾക്കു യാതൊരു ക്ലേശമുണ്ടായിരുന്നില്ല. 1436–ൽ സ്വന്തം മന്ത്രിയാൽത്തന്നെ വധിക്കപ്പെട്ടു. മകൻ അനന്തരാവകാശി.

1436–1444 സയ്യദ്മുഹമ്മദ്. മാൾവാരാജൻ ഡൽഹി ആക്രമിച്ചു. പഞ്ചാബിലെ ഗവർണറായ ബഹോൽഖാൻലോധിയുടെ സഹായത്തോടെ സയ്യദ് അവരെ എതിർത്ത് ഓടിച്ചു. മകൻ കിരീടാവകാശി

1444–1450 സയ്യദ്അലാവുദീൻ–ഗംഗാനദിക്കപ്പുറം ബധൗനിലേക്കു താമസം മാററി. പഞ്ചാബിലെ ഗവർണർ ആയ ബഹോൽഖാൻലോധി ഡൽഹി കയ്യേറി.

## 8. ലോധിവംശം 1450–1526

1450–1488 ബഹോൽലോധി: അയാൾ പഞ്ചാബും, ഡെൽഹിയും കൂട്ടിയോജിപ്പിച്ചു. 1452–ൽ ജോൻപുരിയിലെ രാജാവ് ദൽഹി വളഞ്ഞു. അതു് 26 കൊല്ലം നീണ്ടുനിന്ന ഒരു രണത്തിനു കാരണമായി. (ഇതു് പ്രാധാന്യമേറിയ ഒരു സംഗതിയാണു്. ഇന്ത്യൻ രാജകുമാരന്മാർ മുസ്ലിം ഭരണത്തെ [എതിർക്കുവാൻ മാത്രം] സുശക്തരായിരുന്നു എന്നാണ് അതു കാണിക്കുന്നതു്.) അതിൻെറ അവസാനത്തിൽ രാജാവ് തോററു. ജോൻപുരി ഡൽഹിയിൽ ലയിച്ചു. ബഹോൻ കൂടുതൽ വിജയങ്ങൾ നേടി. അയാളുടെ

മരണസമയത്തു് രാഷ്ട്രം യമുനതൊട്ടു ഹിമാലയം വരെയും, കിഴക്കു് ബനാറീസുവരെയും, പടിഞ്ഞാറു് ബണ്ഡിൽഖണ്ഡംവരെയും വ്യാപിച്ചുകിടന്നിരുന്നു. മകൻ പൻതുടൎന്നു

1488–1506 സിക്കന്തർലോധി: അയാൾ ബീഹാർ തിരികെ പിടിച്ചു, സമാധാനപ്രേമിയും പ്രാപ്തനുമായ രാജാവു്. മരണശേഷം മകൻ.

1506–1526 ഇബ്രാഹിംലോധി അതിഭയങ്കരൻ: കൊട്ടാരത്തിലെ എല്ലാ പ്രധാനികളെയും വധിച്ചുകളഞ്ഞു. അതു തന്നെയാണു് പഞ്ചാബു് ഗവർണ്ണരോടും ഏറ്റുത്തതു്. അയാൾ ബേബറുടെ കീഴിലുള്ള മുഗിളരുടെ സഹായം തേടി.

1524 ബേബറുടെ ഇന്ത്യനാക്രണം: തന്നെ സഹായത്തിനു വിളിച്ച പഞ്ചാബു് ഗവർണ്ണറെ പിടിച്ചു. അവിടെ വെച്ചു ഡൽഹിയിലെ ഇബ്രാഹിമിൻെറ സഹോദരനായ അലാവുദീൻ ബേബറുമായി യോജിച്ചു. അയാളെ മുഗൾ സൈന്യത്തലവനായി ഡൽഹി പിടച്ചടക്കേണ്ടതിലേക്കയച്ചു. ഇബ്രാഹിം അയാളെ തികച്ചും തകൎത്തുകളഞ്ഞു. വീണ്ടും ബേബർതന്നെ പുറപ്പെട്ടു. രണ്ടു സൈന്യങ്ങളും പാനിപറേററിൽ (ദൽഹിയുടെ ഉത്തരഭാഗത്തു് യമുനയുടെ സമീപം) വെച്ചു കൂട്ടിമുട്ടി.

1526 ആദ്യത്തെ പാനിപററ് യുദ്ധം. ഇബ്രാഹിം തോററു. അയാളും 40 000 ഹിന്ദുക്കളും സമരാങ്കണത്തിൽ അവശേഷിച്ചു. ബേബർ ദൽഹിയും ആഗ്രയും കയ്യടക്കി.

*   *   *   *

"റോബർട്ടു്സീറവൽ" (മദിരാശി സിവൽ സൎവ്വീസ്) തൻെറ "അതാലിററിക്കൽ ഹിസ്റ്ററി ഓഫ് ഇന്ത്യ"യിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു.

ഏഷ്യയിലെ വലിയ വംശങ്ങൾ 1) തുൎക്കികൾ (തുർക്കോമേനിയക്കാർ) ബൊഖാറക്കും ചുററും, കാസ്പിയൻ കട

ലിലേക്കുള്ള പടിഞ്ഞാറൻ പ്രദേശങ്ങളിലും അധിവസിക്കുന്നു. 2) താത്തരികൾ സൈബീരിയൻ ഭാഗങ്ങളിലും റഷ്യയിലും താമസം. പ്രധാന വർഗ്ഗങ്ങളായ ആസ്റ്റാർക്കനും, കാസാനും തുർക്കിവംശത്തിൻെറ വടക്കു ഭാഗങ്ങളിലുള്ള പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. 3) മൊഗിളന്മാർ അഥവാ മംഗോളിയക്കാർ. ഉപനിവേശം മംഗോളിയ, ടിബെററ്, മഞ്ചൂറിയ എല്ലാവരും ഇടയവാശർ. പടിഞ്ഞാറൻ മൊഗകൾ—കിഴക്കൻ മുഗിളർ (ഉലൂസ്) എന്നു വിളിക്കുന്ന നിരകൾ അഥവാ കാൽമക്കുവധി വംശങ്ങളായി ഒരു പരസ്പരധാരണയിൽ ഈ വിവിധ വംശങ്ങൾ അഥവാ ഉലൂകൾ മിക്കപ്പോഴും ഒരു നേതാവിൻെറ കീഴിൽ സംഘടിക്കുന്നു.

1164 ചെങ്കിസ്ഖാൻ ജനിച്ചു. കിത്തൻ താത്തരികൾക്കു കപ്പംകൊടുക്കുന്ന അപ്രധാനമായ വംശത്തിൻെറ തലവനായി. പിന്നീട് അടിച്ചമർത്തപ്പെട്ട താത്തരികൾ അയാളുടെ ആഥിതേയർ മംഗോളിയരെക്കാൾ കൂടുതലായി. ഈ സൈന്യത്തോടുകൂടി ചെങ്കിസ്ഖാൻ കിഴക്കൻ മംഗോളിയയും വടക്കൻ ചീനയും കിഴടക്കി പിന്നീട് ട്രാൻസോക്സിയാനയും, കോറൊസ്സാനും പിടിച്ചടക്കി സംസ്ഥാനങ്ങളായ ബൊക്കാറ, കപാർസം, പേഷ്യ എന്നിവ സ്വായത്തമാക്കി ഇന്ത്യയെ ആക്രമിച്ചു. അക്കാലത്തു് അയാളുടെ സാമ്രാജ്യം കാസ്പിയൻ കടൽതൊട്ട് പീക്കിങ്ങ്‌വരെയും, തെക്കു ഇന്ത്യൻ സമുദ്രവും ഹിമാലയവും വരെയും നീണ്ടുകിടക്കുന്നു. പടിഞ്ഞാറെ അതൃത്തി അസ്റ്റാർക്കനും കാസ്സനും ആയിരുന്നു. അയാളുടെ മരണശേഷം രാജ്യം നാലായി വിഭജിക്കപ്പെട്ടു; കിപ്ചാക്ക്, ഇറാൻ, ജഗത്തായ്, ചീനയോടുകൂടിയ മംഗോളിയ. ആദ്യത്തെ മൂന്നും ഭരിച്ചിരുന്നതു് ഖാൻമാരാണ്—അവസാനത്തേതിൻെറ, അതായതു് ആദ്യത്തെ പരമാധികാരമുള്ള രാജ്യത്തിൻെറ തലവനായിരുന്നു വലിയഖാൻ.

1336 സമരഖണ്ഡിൽനിന്നു അധികം ദൂരമില്ലാത്ത ജഗത്തായിലെ കേശിലാത്ത ടിമൂർ ജനിച്ചതു് അയാൾ

1360-ൽ തൻെറ അമ്മാമനായ സെയ്ഫുഡിൻെറ അനന്തരാവകാശിയായി, ജഗത്തായിലെ ഖാനായ തഗ്ലക്

ടിമൂറിൻെറ അധികാരത്തിൻ കീഴിൽ സാമന്തനായ കേശി ലെ രാജാവും, ബാറുലാസിൻെറ മുഖ്യനുമായി.

1370-ൽ ടാമർലെയിൽ ആഖാനേററിൻെറയും മററും പ്രധാനിയായി. അയാൾ 1405-ൽ മരിച്ചു. മരണശേഷം രാജ്യം പുത്രന്മാർക്കിടയിൽ വിഭജിക്കപ്പെട്ടു. ഏററവും അധികം കിട്ടിയതു് ടിമൂറിൻെറ മൂത്തമകൻെറ രണ്ടാമത്തെ പുത്രനായ പീർമുഹമ്മദിനായിരുന്നു. അതെ ഗ്രന്ഥകാരൻെറ (സീവെല്ലിൻെറ) അഭിപ്രായത്തിൽ തുർക്കികളുടെ പ്രധാന വംശങ്ങൾ 'ഓട്ടോമൻ' (14-ാം നൂററാണ്ടിൽ അവർ പടിഞ്ഞാട്ടു നീങ്ങി ഫിർഗിയയിൽ അവരുടെ ശക്തി സ്ഥാപിച്ചു. ഒരിക്കലും അവിടെനിന്നു അവർ പുറം തള്ളപ്പെട്ടിട്ടില്ല) സെല്യൂജിക്കുകൾ (പ്രധാനമായും അവർ പേർസ്യ, സിറിയ, ഇക്കോണിയ എന്നിവടങ്ങളിൽ) ഉസബെക്കുകൾ (ഉത്ഭവം 1305-ൽ) അവർ കീപ്ചാക് തുർക്കികളായിരുന്നു. ഉസബക്ക് എന്നു നാമധേയം അവർ എടുത്തതു് 1305-ൽ ജനിച്ച ഖാനിൽ നിന്നായിരുന്നു. അവർ * ബേബറുടെ കാലത്തു് വിപുലമായ ശക്തി ചെലുത്തിയിരുന്നു.

---

* റോബർട്ടു് സിവെല്ലിൻെറ പുസ്തകത്തിൽ നിരവധി അയഥാർത്ഥ്യങ്ങൾ കടന്നുകൂടിയിട്ടുണ്ടു്. ആദ്യമായി അയാൾ സ്ഥാപിക്കുന്നതു് സൈബീരിയൻ താത്തരികളും മംഗോളിയരും വ്യത്യസ്ഥവർഗ്ഗക്കാരായിരുന്നു എന്നാണു്. രണ്ടാമതായി ചെങ്കിസ്ഖാൻെറ ജനനതീയതി മൂന്നാമതായിടിമൂറിൻെറ മരണശേഷം സീവെൽ സ്ഥാപിക്കുന്നതുപോലെപീർമുഹമ്മദിനല്ല, കൊറോസ്സാൻ, സീസ്റ്റാൻ, മാസൻഡിറൻന്നിവയുടെ ഭരണാധികാരിഎയായിരുന്ന പുത്രൻ ഷരൂഡിനാണു് പരമാധികാരം ലഭിച്ചതു്. 4-ാമതായി മദ്ധ്യേഷ്യയിൽ നിന്നു ഏഷ്യാമൈനറിലേക്കുള്ള ഓട്ടോമൻ തുർക്കികളുടെ ഉപനിവേശം പല ചരിത്രകാരന്മാരും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടു്. 14-ാം നൂററാണ്ടിൽ ബുർസാക്കു് സമീപമുള്ള സ്ഥലങ്ങളിൽ ഓട്ടോമൻകാരുടെ പ്രാബല്യം വർദ്ധിച്ചു. അവിടെനിന്നു പരിസരപ്രദേശങ്ങളിലേക്കു വ്യാപിച്ചു അവരുടെ ശക്തി. നാലാമതായി ഉസ്ബക്കുകളെക്കുറിച്ചു പറയുമ്പോൾ സീവെൽ ഉദ്ദേശിക്കുന്നസ് 1313 മുതൽ 1340 വരെ ഗോർഡൻഫോർഡ് ഭരിച്ചിരുന്ന ഉസ്ബെക്കു് ഖാനെയാണു്. അയാളിൽനിന്നു് ഉസ്ബെക്കു എന്ന നാമധേയം സ്വീകരിച്ചിരുന്ന; അയാളുടെ പ്രേരണപ്രകാരം ഇസ്ലാംമതം സ്വീകരിച്ച "യചൂചീ" വംശത്തിൻെറ ഒരു വിഭാഗമാണു്.

1526 ടിമൂറിന്റെ (ടാമർ ലൈന്റെ) വംശത്തിലെ 6–ാമത്തെ ഇളമുറയാണു ബേബർ. അയാൾ ഫിർഗാനയിലെ (ഇന്നത്തെ കോക്കൽഡ് പ്രവിശ്യ) രാജാവായ ഓമർഷേഷ്ക്ക് മിർസായുടെ മകനായിരുന്നു; തന്റെ ആത്മകഥയെഴുതിയ ഏക മുസ്ലിം സാമ്രാട്ട് ഇതു് ലൈഡനും, എർസ്കിനും വിവർത്തനം ചെയ്തിട്ടുണ്ടു്. (1826) ജനനം 1483–ൽ മരണം 1530.

## ബേബറുടെ ആഗമനകാലത്തെ ഇന്ത്യൻ സംസ്ഥാനങ്ങൾ

1357 മുഹമ്മദ് തഗ്ലക്കിന്റെ ദൽഹി രാജ്യം ഛിന്നഭിന്നമായതോടെ നിരവധി സംസ്ഥാനങ്ങൾ ഉത്ഭവിച്ചു. 1398 അടുത്തു് (ടിമൂറിന്റെ ഇന്ത്യൻ ആക്രമണകാലത്തു്) ദൽഹിക്കുചുററും അല്പം നാഴികകൾ ഒഴിച്ചു്, ഇന്ത്യമുഴുവനുംതന്നെ മുഹമ്മദീയാധികാരത്തിൽനിന്നു വിമുക്തിനേടിയിരുന്നു. പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങൾ:

1) ഡക്കാനിലെ ഭാമിനിരാജക്കന്മാർ: ഒരു സാധുമനുഷ്യനായ ഗാംഗുദാമിനായാൽ സ്ഥാപിക്കപ്പെട്ടു. അയാൾ "ഗുൽബർഗ"യിൽ ഒരു സ്വതന്ത്രപ്രഭുവായി. 1421–ൽ ഭാമിനി രാജാവു് വാറംഗലിൽനിന്നു, ഹിന്ദുവായ തെലിംഗാന (രാജാവിനെ) നിഷ്ക്കാസനം ചെയ്തു. (അന്നത്തെ തെലിംഗാനയിൽ വടക്കൻ പ്രവിശ്യയും ബാലഗാഡും, കർണാടകവും ഉൾപ്പെട്ടിരുന്നു. ഗണ്ഡാമിനും പുലിക്കോട്ടിനുമിടക്കുള്ള സ്ഥലങ്ങളിലെ സംസാരഭാഷ ഇന്നും * തെലുങ്കാണു്) പിന്നീട്ടു് രാജമുന്ത്രി, മസൂലിപട്ടണം, കാഞ്ചീപുരം മുതലാ

* തെലുങ്കുഭാഷ.

യവ പിടിച്ചടക്കി. അധികം താമസിയാതെ രണ്ടു മതവകുപ്പുകളായ (ഷിയാകളും, സുന്നികളും) തമ്മിലുള്ള (ശത്രുത) യിൽനിന്നുത്ഭവിച്ച കക്ഷിവഴക്കുകൾ (ആദ്യത്തേതു്) യൂസഫ് ആഡിലിൻെറ നേതൃത്വത്തിൽ ബീജിപ്പൂരിൽ പോയി അവരുടെ നേതാവായ ആഡിൽഷായെ രാജാവാക്കി ഒരു സാമ്രാജ്യം കെട്ടിപ്പടുത്തു.

2) ബീജാപ്പൂർ: അഹമ്മദ്നഗർ:

1489–1579 * ആ വംശത്തിൻെറ ഭരണം.

ഹിന്ദുക്കളുടെ ചെറിയ രാജ്യത്താണു് മറാത്തർ ഉയൎന്നുവന്നതു്. ഒരു സുപ്രസിദ്ധനായ ബ്രാഹ്മണൻ അവിടെ നിന്നു തൻെറ ശിഷ്യന്മാരൊടൊപ്പം പിൻവാങ്ങി അഹമ്മദ്നഗരസാമ്രാജ്യം സ്ഥാപിച്ചു.

3) †ഗോൾകൊണ്ട, ബീററർ, ബീഡാർ ഈ മൂന്നു സംസ്ഥാനങ്ങൾ ഏതാണ്ടു ഓരേ രീതിയിലാണു് ഉയൎന്നുവന്നതു്. 19–ാം നൂററാണ്ടിൻെറ അവസാനംവരെ അതു് നിലനിന്നു.

4) ‡ഗുജറാത്തു് (1351–1386) ഫിറസ് തുഗ്ലക്കിൻെറ കീഴിൽ, മുസഫർഷാ എന്നൊരു രാജപുത്രനെ അവിടത്തെ ഗവർണറാക്കി. അതിനെ അയാൾ അചിരേണ ഒരു സ്വതന്ത്രസംസ്ഥാനമാക്കി ഉയൎത്തി. 1531–ൽ കഠിനമായ ഒരു

---

* മാർക്സു് ഇവിടെ തരുന്ന കൊല്ലം, ആ വംശത്തിലെ ഒടുവിലത്തെ രാജാവു് ഭരിക്കാൻ തുടങ്ങിയതുതൊട്ടാണു്. അതു് 1595 ൽ അവസാനിച്ചു.

† 16–ാം നൂററാണ്ടിൻെറ അവസാനംതൊട്ടു് രാഷ്ട്രീയപ്രസ്ഥാനം നശിച്ച ഗോൾകൊണ്ട ബീജാപ്പൂരിനെ ആശ്രയിച്ചാണു് നിലനിന്നിരുന്നതു്. 1636- ലാണു് അതു് മുഗൾസാമ്രാജ്യത്തിൻെറ ഒരു സാമന്തരാജ്യമായതു്. 1687-ൽ അതു് മുഗൾസാമ്രാജ്യത്തോടു് ചേൎക്കപ്പെട്ടു.

‡ അവസാനത്തെ പ്രതിനിധിഭരിക്കുവാൻ തുടങ്ങിയ വർഷമാണു് ഇവിടെ മാർക്സു് തരുന്നതു്. ആ ഭരണം 1572-ൽ കഴിഞ്ഞു.

യുദ്ധത്തിനുശേഷം മാൾവ അതിനോടുകൂട്ടിച്ചേർക്കപ്പെട്ടു. ഈ രാജ്യം 1396 മുതൽ 1561 വരെ നിലനിന്നു. *

5) മാൾവ: ഗുജറാത്തിനോടൊന്നിച്ചു ഇതും സ്വതന്ത്രമായി. 1531 വരെ ഗുറിയാകട്ട:ബക്കാരാണ് ഇതു് ഭരിച്ചിരുന്നതു്. അപ്പോൾ ഗുജറാത്തിലെ ബെഹദൂർഷാ ഇതാശശതമായി കയ്യേറി.

6) കാൻഡേശ്. 1399-ൽ സ്വാതന്ത്ര്യം പ്രാപിച്ചു. 1599-ൽ അക്ബർ അതു് ദൽഹിയോടു് ചേർത്തു.

7) രാജപുത്രസംസ്ഥാനങ്ങൾ. മദ്ധ്യേന്ത്യയിൽ നിരവധി രാജപുത്രസംസ്ഥാനങ്ങൾ. ധീരന്മാരായ പടയാളികളാണവർ. സാമാന്യം വന്യമായ വംശക്കാരാൽ സ്ഥാപിച്ചവയാണ് അവ. ഏററവും പ്രധാനപ്പെട്ടവ ചിതോർ, മാർവ്വാർ (യോധപുരം) ബീക്കാനീർ, ജയസാർമർ, ജയപുരം.

## ഇന്ത്യയിലെ മൊഗൾസാമ്രാജ്യം

## 1526--761 *

235—കൊല്ലം നിലനിന്നു.

1526-1530 ബേബറുടെ ഭരണം.

---

* മുഗൾസാമ്രാജ്യം 1526-ൽ ബേബറാൽ സ്ഥാപിതമായി. 1761 വരെ നിലനിന്നു. ബേബർ സ്വയം വിളിച്ചതു് മുഗൾ (മംഗോൾ എന്ന പദം ഒടിച്ചുമുറിച്ചു) എന്നാണ്. സുപ്രസിദ്ധനായ ടിമൂറിൻെറ (ടാമർലൈൻെറ) വംശപരമ്പരയിൽ 6-ാമത്തെ ആൾ എന്നു വിശ്വസിക്കപ്പെട്ടിരുന്നു. മാതാവുവഴി ചെങ്കിസ്ഖാനുമായും ബന്ധമുണ്ടായിരുന്നു. വാസ്തവത്തിൽ പേർഷ്യയിൽ നിന്നു വന്ന ബേബറേ, തുർക്കികളും, പേർസ്യക്കാരും, അഫ്ഗൻകാരുമടങ്ങിയ അയാളുടെ സൈന്യമോ മംഗോളിയരായിരുന്നില്ല. മുഗൾ കൊട്ടാരത്തിലെ ഔദ്യോഗികഭാഷ പേർഷ്യനായിരുന്നു. 1707 അറംഗസീബിൻെറ മരണത്തോടുകൂടി സാമ്രാജ്യത്തിൽ ഛിദ്രങ്ങൾ തുടങ്ങിയിരുന്നുവെങ്കിലും വലിയ മുഗിളൻ അഥവാ ചക്രവർത്തി 1857 വരെ ഡൽഹിസിംഹാസനത്തിൽ ഇരുന്നിരുന്നു.

1526 അല്പം മാസങ്ങൾക്കുള്ളിൽ ബേബറുടെ പുത്രനായ ഹുമയൂൺ ഇബ്രാഹിംലോധിയുടെതായിരുന്ന സ്ഥലങ്ങൾ മുഴുവനും കയ്യടക്കി.

1527 ഒരു രാജപുത്ര രാജകുമാരനായ മീവാറിലെ റാണ സംഗ്രാം, ആജ്മീരവും മാൾവയും തൻെറ അധികാരത്തിന്നധീനതയിൽ വരുത്തി. മാർവാറിലെയും ജയപുരത്തിലേയും ഒരു സാമന്തരാജാവായിരുന്നു. അയാൾവലുതായ ഒരു സൈന്യത്തെ ദൽഹിയിലേക്കു നയിച്ചു. അയാൾ ആഗ്രക്കു സമീപമുള്ള 'ബിയാന' പിടിച്ചടക്കി. ബേബറുടെ ഒരു സേനാദളത്തെ തോല്പിച്ചു. സിക്രായിലെ സമരത്തിൽ (ഇന്ത്യയിലെ ഹേസ്റ്റിങ്ങ്സ്) ബേബർ വിജയിച്ചു. ഇന്ത്യയിൽ തൻെറ അധികാരം സുശക്തമാക്കി (പിന്നീട്ട് ഉണ്ടായ രണങ്ങളിൽ ബേബർ അസ്ത്രങ്ങളോടൊപ്പം വെടിമരുന്നും ഉപയോഗിച്ചിരുന്നു. ചെറുപീരങ്കികൾ, വേൽക്കാർ, വെടിത്തിരകൾ എന്നിവയേപ്പററി അയാൾതന്നെ പ്രസ്താവിക്കുന്നുണ്ട്. അസ്ത്രവിദ്യയിൽ അത്യന്തനിപുണനായിരുന്നു ബേബർ.)

1528 ചന്ദേരി; (സിന്ധ്യ) ഒരു രജത്രപുത്രൻെറതായിരുന്നു. അതു് വമ്പിച്ച നഷ്ടത്തോടെയാണു പിടിച്ചടക്കിയതു്. സൈന്യദളത്തിലെ അവസാനത്തെ പടയാളിവരെ വധിക്കപ്പെട്ടു. അതെ സമയത്തു് ഔധിൽവെച്ചു അഫ്ഗൻകാർ ഹുമയൂണിനെ തോല്പിച്ചു. ചന്ദേരിയിൽനിന്നു് അയാളുടെ സഹായത്തിം ഓടിഎത്തിയ ബേബർ ശത്രുവിനെ തോല്പിച്ചു ഡൽഹിയിലേക്കു മടങ്ങി. അധികം താമസിയാതെ സംഗ്രാമിൻെറ (മകൻ) രത്നംബേർ കോട്ട വിട്ടുകൊടുത്തു.

1529 മുഹമ്മദ്‌ലോധി, ബീഹാർ പിടിച്ചടക്കിയതായി അറിഞ്ഞപ്പോൾ ബേബർ, അങ്ങോട്ടുപോയി, അയാ

ളെ തകൎത്തു് രാജ്യമെല്ലാം പിടിച്ചടക്കി. അതു് കഴിഞ്ഞ വംഗരാജനെ (വടക്കൻ ബീഹാർ രാജാവിൻെറ കൈവശത്തിലായിരുന്നു.) ഗോഗ്രാ കടവിൽവെച്ചു പരാജിതനാക്കി. ലാഹോർ പിടിച്ചടക്കിയിരുന്ന പകുതി കാടന്മാരായിരുന്ന അഫ്ഗൻവൎഗ്ഗത്തെ ദശാംശികരിച്ചു് ബേബർ തൻെറ പടയേററം അവസാനിപ്പിച്ചു.

ഡിസംബർ 26–1530 ഡൽഹിയിൽവെച്ചു ബേബർ പനിപിടിച്ചു മരിച്ചു. അതിൻെറ ആവശ്യത്തിലേക്കായി, കാബൂളിൽ ഒരിടത്തു് സ്വയം തിരിഞ്ഞെടുത്തിരുന്ന ഒരു സ്ഥലത്തു്, ബേബറുടെ ആഗ്രഹപ്രകാരം ആ ജഡം സംസ്കരിക്കപ്പെട്ടു. ഇന്നുവരെ അതു് കാബൂൾ ജനതയുടെ ഒരു വിനോദസഞ്ചാരസ്ഥലമാണു്. (ബേൺസ് നോക്കുക.)

## ഹുമയൂണിൻെറ ആദ്യത്തെയും രണ്ടാമത്തെയും ഭരണം. അതിന്നിടക്കു് സൂർവംശക്കാരുടെ സർക്കാർ (1530—1556)

1530—ബേബൎക്കു 4 പുത്രന്മാരായിരുന്നു. ഹുമയൂൺ ചക്രവൎത്തി (അനന്തരാവകാശി); കാബൂളിലെ ഗവർണ്ണറായിരുന്ന കമ്രാൻ; (പിതാവിൻെറ മരണനാനന്തരം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു:) സംബാലിലെ ഗവർണ്ണറായ ഹിൻഡാൽ; മിർസാഅസ്കാരി മീവാറിലെ വിക്രമശാലിയായ ഒരു പടയാളി. ഹുമയൂണിൻെറ ആദ്യത്തെ പ്രവൎത്തി ജോൺപൂരിലെ (ചോണാപുരം) ഒരു ലഹള അമൎച്ചചെയ്യുകയായിരുന്നു. (അയാൾ അതു കഴിഞ്ഞു്) ബേബറുടെ മരണവാൎത്ത അറിഞ്ഞ ഉടനെതന്നെ മുഗിളരോടു് സമരപ്രഖ്യാപനം ചെയ്തു. ഗുജറാത്തിലെ രാജാവായ ബഹദൂർ

ഷായോട്ട് എതിരിട്ടു. അഞ്ചു കൊല്ലത്തിനകത്തു്, അതായതു്,

1535-ൽ ഹുമയൂൺ ഗുജറാത്തു് സേനയെ നിശ്ശേഷം മുടിച്ചു, ബഹദൂർഷാ മാറി താമസിച്ചിരുന്ന ചമ്പാനീർ കോട്ട പിടിച്ചു.

1536-ൽ ആ കോട്ട കൈക്കലാക്കിയതു്. ബഹദൂർഷാ സഖ്യം ചെയ്തു എന്നു ഭാവിച്ചു.

1537—ബംഗാളിനു് എതിരായി പ്രവർത്തിച്ചിരുന്ന ഷെർഖാനുമായി ഹുമയൂൺ സജീവമായി ഇടപെട്ടിരുന്ന കാലത്തു് ബഹദൂർഷാ ഗുജറാത്തു് തിരികെ പിടിച്ചു മാൾവയെ ആക്രമിച്ചു.

1537-1540—ഹുമയൂണിന്റെ ഷേർഖാന്നെതിരായ മുന്നേററങ്ങൾ. ദൽഹിയിലെ ഗൂറിയൻ രാജാക്കന്മാരുടെ വംശപരമ്പരയിൽപ്പെട്ട ഒരാളായിരുന്നു ഷെർഖാൻ അഥവാ ഷെർഷാ.

1527—ലോധികളെ കീഴടക്കിയതിനുശേഷം അയാൾ ബേബറുടെ സൈന്യത്തിൽ ചേൎന്നു് തന്റെ സാമൎത്ഥ്യം വെളിപ്പെടുത്തി. ബേബർ അയാൾക്കു ബീഹാറിലെ ഒരു സേനാനായകത്വം ഏല്പിച്ചുകൊടുത്തു. 1529-ൽ മുഹമ്മദ് ലോധി ബീഹാർ പിടിച്ചടക്കിയപ്പോൾ ഷെർഖാൻ അയാളുടെകൂടെ ചേന്നു. മഹമ്മദ് മരിച്ചപ്പോൾ അയാൾ ബീഹാറിലെ സൎവ്വാധികാരിയായി.

1532-ഹുമയൂൺ ഗുജറാത്തിലായിരുന്നപ്പോൾ ഷെഷാ ബംഗാളിലേക്കു കടന്നു. അതുകൊണ്ടു്,

1537-ഹുമയൂൺ സൈന്യസമേതം അയാളോട്ട് എതിരിട്ടു. അവിടെ രണ്ടു പേരുടെ യുദ്ധതന്ത്ര വിശാരദയെ നിസ്സാരമാക്കിക്കൊണ്ടു്,

1539-ഗംഗാതീരത്തെ കൈനിലയത്തിൽവെച്ചു ഷെർഷാ ആകസ്മികമായി ഹുമയൂണിനെ എതിരിട്ടു. അമ്പെ

തകൻ ചക്രവർത്തിക്ക പാലായനം ചെയ്യേണ്ടിവന്നു. ആ സമയം ഷേർഷാ എന്ന ഷെർഖാൻ ബംഗാൾ പിടിച്ചു.

1590—ഹുമയൂൺ ആരംഭമായി കാനൗജിനെ ആക്രമിച്ചു, പക്ഷേ അവിടെവെച്ച തോൽവിയടഞ്ഞു. ഓടി രക്ഷപ്പെട്ടന്നതിനിടയിൽ ഗംഗാനദിയിൽ മുങ്ങിമരിക്കേണ്ട ഘട്ടത്തിൽ എത്തി. ഷെർഷാ അയാളെ ലാഹോർവരെ പിന്തുടന്നു. ഹുമയൂൺ സിൻഡിൽ കടന്നു രക്ഷപ്പെട്ടു. ഒന്നോ രണ്ടോ വിഫലമായ ഉപരോധത്തിനുശേഷം അയാൾ മാർവാറിലേക്ക് (യോധപുരം) പലായനം ചെയ്തു. പക്ഷേ അവിടത്തെ രാജാവു് അവരെ അകത്തുകടക്കവാൻ അനുവദിച്ചില്ല. ഹുമയൂൺ ജയസാർമാർ മരുഭൂമിയിലൂടെ അലഞ്ഞുതിരിഞ്ഞു. അവിടെവെച്ചു അയാളുടെയും അനുയായികളുടെയും കൂടാരങ്ങൾ നിരന്തരമായ ആക്രമണങ്ങൾക്ക വിധേയമായിരുന്നു. അവിടെയായിരിക്കമ്പോൾ,

1542 ഒക്ടോബർ 14-ാനു—അന്തഃപുരത്തിലെ അതീവ സുന്ദരിയായ നത്തകി ഹമീദ, ലോകപ്രസിദ്ധനായ അക്ബറെ പ്രസവിച്ചു 18 മാസങ്ങളോളം ആ മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞതിനുശേഷം അവർ ഓമർക്കോട്ടിൽ (ഉമർക്കോട്ട)യിൽ എത്തി. അവിടെ അവർ തികഞ്ഞ ആതിഥ്യമര്യാദകളോടെ സ്വീകരിക്കപ്പെട്ടു.

സിൻഡിനെ തകക്കുവാനുള്ള മറെറാരു നിഷ്ഫലമായ ശ്രമത്തിനു ശേഷം ഹുമയൂണിനു് കാൻഡഹാറിലേക്ക പോകുവാനായി അനുവാദംകിട്ടി. ആ സ്ഥലം തൻെറ സഹോദരനായ മിർസഅസ്കാരിയുടെ കയ്യിലാണെന്നു കണ്ടു; പക്ഷേ അയാൾ സഹായിക്കവാൻ വിസമ്മതിച്ചു. അപ്പോൾ അയാൾ ഹീരററ് (പേഷ്യ) ലേക്ക ഓടിപ്പോയി. അവിടെ സാമാന്യം ഒരു തടവുകാരനെന്നനിലയുള്ള പെരുമാററമാണുണ്ടായതു്. 'തമാസ്പ്'ഷാ അയാളെ സാഹാഫിമതം അംഗീകരിക്കവാൻ നിർബന്ധിച്ചു. (സഫാഫീ

ഡ്, അഥവാ സൂഫി, രാജാക്കന്മാർ, ഷിയാവൎഗ്ഗത്തിലെ പരിശുദ്ധരായ തുലുക്കസന്യാസിമാരുടെ വംശപരമ്പരയിൽ പെട്ടവരായിരുന്നു. രാജസ്ഥാനം കിട്ടിയപ്പോൾ തങ്ങളുടെ പേരിനോട്ട് അനുബന്ധിച്ച ഒരു മതം സ്ഥാപിച്ചു. അതാണ് പേർസ്യയിലെ മതം) ഇതൊക്കെയായിട്ടും.

1545—തമാസ്പ് ഹുമയൂണിനു 14,000 കുതിരകളെ നൽകി സഹായിച്ചു. ഹുമയൂൺ അഫ്ഗാനിസ്ഥാനിൽ കടന്ന് തന്റെ സഹോദരനായ മിർസാഅബ്കാരിയിൽ നിന്നു കൻഡഹാർ തിരികെ പിടിച്ചു. ഉദ്യോഗസ്ഥന്മാരുടെ ഉപദേശങ്ങളെ അവഗണിച്ചു ഹുമയൂൺ അയാളെ കൊല്ലാതെവിട്ടു, പിന്നീട്ട് അയാൾ അവിടെവെച്ചു ബേബറുടെ മൂന്നാമത്തെ മകനായ ഹിൻഡാൽ അയാളുടെകൂടെ കൂടി.

1548—കമ്രാൻ. അയാളുടെ മൂന്നാമത്തെ സഹോദരൻ (അപ്പോൾ എതിരായിരുന്നു.) ഹുമയൂണുമായി യോജിച്ചു (എന്നാലും ഒരു വിപ്ലവത്തിനുശേഷം 1551—ൽ വീണ്ടും കീഴ്അമർത്തേണ്ടിവന്നു —1553—ലെ പുതിയ ലഹളകൾക്കുശേഷം അയാളെ ബന്ധനസ്ഥനാക്കി കണ്ണുകൾ കുത്തിപ്പൊട്ടിച്ചു.) അങ്ങിനെ കുടുംബതലവനായി. ഹുമയൂൺ വീണ്ടും കാബൂളിൽ താമസമാക്കി.

## ഡൽഹിയിൽ സൂർവംശരുടെ ഇടക്കാലഭരണം (1540—1555)

1540—1545—ഷേഷ്യാ ഡൽഹിയിൽ.

1540—(അയാൾ ദൽഹിസാമ്രാജ്യം കയ്യടക്കി ഷെർഖാൻ എന്ന തന്റെ നാമധേയം ഷേർഷാ എന്നാക്കി

മാററി. അയാൾ ഹുമയൂണിൻെറതായിരുന്ന സ്ഥലങ്ങളെല്ലാം പിടിച്ചടക്കി.

1541—മാൾവ കീഴടക്കി. 1533-ൽ റെയ്സിൽ (കോട്ടയ്യം) 1544-ൽ മാർവാറും.

1545—അയാൾ ചിതോർ നിരോധിച്ചു. നഗര കാവൽഭാഗത്തുനിന്നു യാദൃശ്ചികമായി വന്ന ഒരു ഉണ്ടയേററു് അന്തരിച്ചു. താഴെയുള്ള ഒരു മകൻ പിൻതുടന്നു.

1545—1553—ജലാൽഖാൻ. അയാൾ സലിംഷാസൂർ എന്ന നാമധേയത്തിൽ ദൽഹിയിലെ ഷായായി. ഷെർഷായുടെ പ്രഥമ പുത്രനായ ആദിൽ തൻെറ അവകാശം ലഭിക്കുവാൻ ശ്രമിച്ചു; എങ്കിലും തോൽവിയടഞ്ഞു പലായനം ചെയ്തു. സലിംഷാസൂറിൻെറ കാലത്തു് നിരവധി മഹത്തരമായ പൊതുപ്രവത്തനങ്ങൾ,

1552—സലിംഷാസൂർ മരിച്ചു. സിംഹാസനം അയാളുടെ മൂത്ത സഹോദരനായ ആദിൽ പിടിച്ചടക്കി.

1553—1554—മുഹമ്മദ് ഷാസൂർആലിൽ. തൻെറ ഇളയ മരുമകനെ—സലിംഷാസൂറിൻെറ മകനെ കൊലചെയ്തു; വിലാസജീവിതിൽ മുഴുകി. ഉടനെതന്നെ വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെട്ടുവാൻ തുടങ്ങി. ഒന്നിനു നേതൃത്വം നൽകിയതു് കുടുംബത്തിലെ ഒരംഗമായിരുന്ന ഇബ്രാഹിം സൂർ ആയിരുന്നു. അയാൾ ആദിലനെ ഓടിച്ചു ഡൽഹിയും ആഗ്രയും പിടിച്ചു. പഞ്ചാബും ബംഗാളും മാൾവയും ഉടനടി മേൽക്കോയ്മ വലിച്ചെറിഞ്ഞു. ഈ അസ്വാസ്ഥങ്ങളെപ്പററി കേട്ടപ്പോൾ,

1555 ജാനുവരി. ഹുമയൂൺ കാബൂളിൻനിന്നു് പുറപ്പെട്ടു് പഞ്ചാബ് ആക്രമിച്ചു. വലിയ വിഷമമൊന്നും കൂടാതെ ലാഹോറും ഡൽഹിയും ആഗ്രയും പിടിച്ചടക്കി.

1555 ജൂലായ്. ഹുമയൂണിനു തൻെറ പഴയ ആഡംബരങ്ങളെല്ലാം തിരികെ കിട്ടി.

1556 ജനവരി. യാദൃശ്ചികമായി ഒരു മിനുസമേറിയ വെണ്ണക്കല്ലിന്മേൽ തട്ടി വീണതിൻെറ ഫലമായി ഹുമയൂൺ ചരമഗതി പ്രാപിച്ചു. അന്നു് (പതിമൂന്നു വയസ്സുമാത്രം) പ്രായമായിരുന്ന അക്ബർ അഛൻെറ സചിവനായ ബീറാംഖാനിനോടൊപ്പം കാബൂളിലായിരുന്നു. ബീറാംഖാൻ ഉടനടി അക്ബറെ ഡൽഹിയിലേക്കു കൊണ്ടുവന്നു.

## 3. അക്ബറുടെ ഭരണം (1556—1605)

ആദ്യം യഥാർത്ഥ ഗവർണ്ണർ ബീറാംഖാൻ തന്നെയായിരുന്നു. ഡൽഹിയിലെ ഭരണകൂടം ഒന്നു ഉറപ്പിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ ബാദഷാനിലെ രാജാവായ മിർസാ സുലൈമാൻ കാബൂൾ പിടിച്ചടക്കി. അതേസമയത്തുതന്നെ ഷാ ആഡിലിൻെറ മന്ത്രിയായ ഹെമുവും വിപ്ലവസന്നദ്ധനായി.

രണ്ടാം പാനിപററ്യുദ്ധം—ഹെമു ആഗ്ര പിടിച്ചു. ബീറാംഖാൻ അയാളുമായി എതിരിട്ടു. രണ്ടു സൈന്യങ്ങളും പാനിപററിൽവെച്ചു കൂട്ടിമുട്ടി. ഹെമു പരാജയപ്പെട്ടു. സ്വന്തം കൈകൊണ്ടുതന്നെ ബീറാംഖാൻ അയാളെ വധിച്ചുകളഞ്ഞു. അങ്ങിനെ ഷേർഖാൻെറ വംശം നാമാവശേഷമായി. അഹന്തയോടുകൂടിയാണു് ബീറാംഖാൻ ഡൽഹിയിലേക്കു മടങ്ങിയതു്. തന്നോടു് എതൃപ്പുണ്ടു് എന്നു സംശയിക്കപ്പെട്ടുന്ന നിരവധി മനുഷ്യരെ, പ്രത്യേകിച്ചു് അക്ബറുടെ സുഹൃത്തുക്കളെ അയാൾ വകവരുത്തി. അങ്ങിനെ

1560-ൽ—ഭരണസാരഥ്യം അക്ബർ സ്വന്തം കയ്യിലേക്കെടുത്തു. ബീറാം—രാജപുത്താനയിലെ നാഗർ എന്ന ദിക്കിലേക്കു മാറി. അയാളെ സ്ഥാനത്തുനിന്നു് നീക്കിയ

തോടെ ലഹളക്ക സന്നദ്ധനായി. അയാളുടെ എതിരായി അക്ബർ ഒരു സൈന്യത്തെ അയച്ച അയാളെ തോല്പിച്ചുവെങ്കിലും മാപ്പനൽകി. പക്ഷെ ബീറാംഖാനാൽ ചതിയിൽ വധിക്കപ്പെട്ടിരുന്ന ഒരു പ്രഭുവിൻെറ (മകൻ) അയാളെ വധിച്ചു. അക്ബൎക്ക് പതിനെട്ടവയസ്സായി. രാജ്യം ഡൽഹി പരിസരങ്ങളിലും ആഗ്രയിലും പെഷവാറിലും ഒതുങ്ങിനിന്നു. സ്ഥാനാരോഹണം ചെയ്ത ഉടനെതന്നെ അക്ബർ ആജ്മീറും, ഗ്വാളിയോറും, ലക്നോവും കീഴടക്കി. പിന്നീട്ട്

1561-ൽ വിപ്ലവകാരിയായിരുന്ന ഒരു ഗവൎണ്ണർ അബ്ദുള്ളഖാനിൽനിന്നു് മാൾവ തിരികെ പിടിച്ചു്; അയാളെ നാടുകടത്തി. ആ ഖാൻ ഒരു ഉസ്ബക്കകാരനായിരുന്നതിനാൽ

1564-ൽ—അയാളുടെ നിഷ്കാസനം ആ വൎഗ്ഗക്കാരുടെ ഒരു കലാപത്തിനു വഴി ഒരുക്കി. പക്ഷെ അക്ബർ നേരിട്ടുതന്നെ പോയി 1567-ൽ അതു് അമൎത്തി.

1566—അക്ബറുടെ സഹോദരനായ 'ഹക്കിം' കാബൂൾ പിടിച്ചടക്കി, കുറെ അധികം കാലത്തേക്കു് അവിടെ യജമാനനായി വാണു.

1568–1570—രാജപുത്രസംസ്ഥാനങ്ങൾ.

1568-ൽ അക്ബർ ചിതോർ വളഞ്ഞു. അവർ ധീരധീരമായി ചെറുത്തുനിന്നു. പക്ഷെ ഒരു അമ്പേററു് നേതാവു് നിലംപതിച്ചതോടെ കോട്ട കീഴടങ്ങി. ജീവിച്ചിരിപ്പുള്ള (പ്രഭുക്കൾ പലായനംചെയ്തു) ഉദയപൂരിൽ എത്തി. അവിടെ അവരുടെ പ്രധാനി ഒരു പുതിയ വംശം സ്ഥാപിച്ചതു് ഇന്നുവരെ നിലനിൽക്കുന്നുണ്ടു്. അതിനുശേഷം ജയപുരവും മാർവാറുമായ സമാധാനപരമായ മാൎഗ്ഗമുണ്ടാക്കുവാൻവേണ്ടി, അക്ബർ രണ്ടു രാജപുത്രതരുണികളെ വിവാഹംചെയ്തു.

*1570-ൽ അക്ബർ രത്താംബോറും, കലാഞ്ചറും രണ്ടു രാജപുത്ര (കോട്ടകൾ) കൂടെ പിടിച്ചു.

1572-1573—ഗുജറാത്ത്. അവിടെ അസ്വാസ്ഥ്യങ്ങൾ. (മൂന്നു വിഭാഗങ്ങൾ. ഏററവും സുശക്തമായതു് ടാമർലൈനിൻെറ പരമ്പരയിൽപെട്ടവരും അതുകൊണ്ടു് അക്ബറുടെ ബന്ധുക്കളുമായ മിർസാമാർ†—1566-ൽ അവർ സംബാലിൽവെച്ചു ലഹളയുണ്ടാക്കി, തോൽവി പററി ഗുജറാത്തിലേക്കു പലായനം ചെയ്തു) ഗവർണ്ണറായ ഇത്ത്മത് ഖാൻ അക്ബറുടെ സാന്നിദ്ധ്യം നിർബ്ബാധമായി ആവശ്യപ്പെട്ടു.

1573—അക്ബർ ഗുജറാത്തിൽ (പോയി) അതു് സാമ്രാജ്യഭരണത്തിൻെറ നേരിട്ടു കീഴിലാക്കി; മിർസാമാരെ തോല്പിച്ചു ആഗ്രയിലേക്കു മടങ്ങി. വീണ്ടും മിർസാമാരുടെ പുതിയ വിപ്ലവം. അക്ബർ അവരെ അവസാനമായി തകർത്തുകളഞ്ഞു.

1575—ബംഗാൾ. ദാവൂദ്രാജകുമാരൻ അടിമത്വമവസാനിപ്പിച്ചു (കപ്പം മുതലായതുകൊട്ടുക്കുവാൻ വിസമ്മതിച്ചു,) അക്ബർ ബംഗാളിൽ (പോയി) ദാവൂദിനെ ഒറീസ്സയിലേക്കു തുരത്തി. പക്ഷെ അക്ബർ മടങ്ങിപ്പോന്ന ഉടനെതന്നെ അയാൾ തിരികെ വന്നു രാജ്യം തിരികെ പിടിച്ചു. അക്ബർ നിലയുറപ്പിച്ച യുദ്ധത്തിൽ തോല്പിച്ചു. ദാവൂദ് രണാങ്കണത്തിൽവച്ചു് പൊരുതി മരിച്ചുവീണു.

---

* ബർഗസ്സിൻെറ "ക്രോണോളൊജി ഓഫ് മോഡേൺ ഇന്ത്യ" എഡിൻബറൊ 1913 പ്രകാരം 1569-ൽ.

† ബേബറോടൊപ്പം ഇന്ത്യയിലേക്കു വന്ന മിർസാ (രാജകുമാരൻ) മുഹമ്മദ്സുൽത്താൻെറ വംശാവലിയിൽപ്പെട്ട ബന്ധുക്കൾ അവനു്—ഉലൂമിർസാ, ഷാമിർസ, ഇബ്രാഹിം ഹുസെയിൻമിർസാ എന്നിവർ സിംഹാസനം ലഭിക്കുവാൻ നോക്കി.

1575-1592—ബീഹാർ. 1530 മുതൽക്കേ ഷെർഖാൻെറ താവഴിക്കാരാണു ഭരിച്ചുവന്നിരുന്നതു്. 1575-ൽ (അക്ബർ അതു് പുനരെടുത്തു.) അധികം താമസിയാതെ ബംഗാളിലേയും, ബിഹാറിലേയും രാജകീയഭടന്മാരുടെ ഇടയിൽ ലഹള. മൂന്നു കൊല്ലത്തേക്കു് അതു് പൂൎണ്ണമായും അമൎച്ച ചെയ്യുവാൻ സാധിച്ചില്ല. അതുകൊണ്ടു് ബീഹാറിൽനിന്നും നിഷ്കാസനം ചെയ്യപ്പെട്ടിരുന്ന അഫ്ഗൻകാർ ഒറീസ്സ പ്രവിശ്യ പിടിച്ചു, കുറെക്കാലത്തേക്കു് അതു് കൈവശം വെച്ചു.

1592—ഒറീസ്സയിലെ അഫ്ഗൻകാരെ അക്ബറുടെ ഒരു സേനാനായകൻ തികച്ചും പരാജയപ്പെടുത്തി.

1582—ഹക്കിംരാജകുമാരൻ കാബൂളിൽനിന്നു പഞ്ചാബ് ആക്രമിച്ചു, അക്ബർ അയാളെ ഓടിച്ചു പഞ്ചാബിൽ വെച്ചു പിടിച്ചു. പക്ഷെ സഹോദരനായ ഹക്കിമിനു മാപ്പു നൽകി. അയാളെ ഡൽഹി ചക്രവൎത്തിയുടെകീഴിൽ, കാബൂൾപ്രവിശ്യകളുടെ ഗവൎണ്ണർ ജനറലായി നിയമിച്ചു.

1582-1585—പ്രശാന്തത. അകബർ സാമ്രാജ്യം സുസ്ഥാപിതമാക്കി. മതപരമായ കാര്യങ്ങളിൽ ഉദാസീനനായിരുന്നതിനാൽ സഹിഷ്ണുത കാണിച്ചു മതപരവും സാഹിത്യസംബന്ധിയുമായ കാര്യങ്ങളിലെ ഉപദേശകർ ഫേയ്സിയും അബുൾഫാസിലുമായിരുന്നു. ഫേയ്സി_പഴയ സംസ്കൃതകാവ്യങ്ങൾ-രാമായണവും ഭാഗവതവും അടക്കം—തൎജ്ജമചെയ്തു, ഹിന്ദുക്കളുടെ നേരെ ദാക്ഷിണ്യത്തോടെയാണു് പെരുമാറിയിരുന്നതു്.

അക്ബർ സതീസമ്പ്രദായം (ഭൎത്താവിൻെറ ചിതയിൽ ഭാൎയ്യയെ ദഹിപ്പിക്കുക) നിൎത്തണമെന്നു നിർബന്ധിച്ചിരുന്നു. അയാൾ ജസിയ എന്ന മതനികുതി (ഓരോ

ഹിന്ദുവും മുസ്ലീം ഗവണ്മേണ്ടിന്നു കൊടുക്കേണ്ടിയിരുന്നതു് നിൎത്തലാക്കി.)

അക്ബറുടെ ഭൂനികുതിസമ്പ്രദായം. (സാമ്പത്തിക ഉപദേഷ്ടാവായ രാജാടോഡർമാൽ ആയിരുന്നു അതിൻെറ പ്രണേതാവു്): കൃഷിക്കാരിൽനിന്നു നികുതി പിരിക്കേണ്ടതിലേക്കു്

1) ആദ്യമായി അളവിൻെറ കാര്യത്തിൽ ഏകരൂപമായ ഒരു തോതു തിട്ടയാക്കി; പിന്നീട്ട് കൂലംകഷമായ ഒരു സർവ്വെ പരിപാടി തുടങ്ങി.

2) ഓരോ പ്രത്യേക ബിഗയും, അതിലെ ഉല്പാദനവും അതുമൂലം ഗവണ്മേണ്ടിലേക്കു ചെല്ലേണ്ട തുകയും, കണക്കാക്കേണ്ടതിലേക്കായി ഒരോന്നിൻെറയും ഫലപുഷ്ടിയെ ആസ്പദമാക്കി മൂന്നായി ഭാഗിച്ചു—ഓരോ ബിഗയുടെയും ശരാശരി വിളവു് തീരുമാനിച്ചു, രാജാവിന്നു ചെല്ലേണ്ടതു്, അതിൻെറ മൂന്നിൽ ഒന്നായി, തരമായി, കണക്കാക്കി,

സാധനങ്ങളുടെ വിലത്തരം കാണേണ്ടതിലേക്കു്, രാജ്യത്താകെ 19 കൊല്ലമായി നിലവിൽ ഉണ്ടായിരുന്ന വില കണക്കാക്കി, അതിൻെറ ശരാശരി എടുത്തു്, ആ തുകയാണു് സംഖ്യയായി ആവശ്യപ്പെട്ടിരുന്നതു്. ചെറിയ ചെറിയ ഉദ്യോഗസ്ഥന്മാർ അധികാരം ദുരുപയോഗപ്പെടുത്തുന്നതു് അവസാനിപ്പിച്ചു, നികുതിയുടെ തുക കുറഞ്ഞു. പക്ഷേ, അതു ശേഖരിക്കുവാനുള്ള ചിലവും കുറഞ്ഞതുകൊണ്ടു് മുതലെടുപ്പിൽ വ്യത്യാസമൊന്നും വന്നില്ല. വളരെ അധികം ചൂഷണത്തിനും, ക്രൂരതക്കും ഇടനൽകിയിരുന്ന നികുതിക്കുവേണ്ടി വിളസ്ഥലം ജപ്തിചെയ്യുന്ന പതിവു് അക്ബർ അവസാനിപ്പിച്ചു.

സാമ്രാജ്യമാകെ 15 പ്രവിശ്യകളായി വിഭജിക്കപ്പെട്ടു.

ഓരോന്നിൻേറയും പ്രധാന ഉദ്യോഗസ്ഥനെ വൈസ്രോയി എന്നു വിളിച്ചുവന്നു.

നീതിന്യായം. 'കാസി'യാണ് നിയമത്തിൻെറ പ്രതിനിധി. ശരിയായ വിസ്താരത്തിനുശേഷമേ കേസുകൾ തീരുമാനിക്കപ്പെട്ടുകയുള്ളു. മീർ–ഇ–ആഡിൻ (ലോർഡ് ചീഫ്ജസ്റ്റിസ്) സാമ്രാട്ടിൻെറ അഭിപ്രായത്തെ പ്രതിനിധാനം ചെയ്യുന്നു. അദ്ദേഹമാണ് കേസിൻെറ തീരുമാനം കേട്ട് വിധി പ്രസ്താവിക്കുക. പകുതി മുഹമ്മദീയാചാരങ്ങളും, പകുതി മനുവിൻെറ സിദ്ധാന്തങ്ങളും ഉൾക്കൊള്ളിച്ച അക്ബർ കുററ ശിക്ഷാനിയമം പരിഷ്കരിച്ചു.

സൈന്യം: സേനകളുടെ ശമ്പളവിതരണം വളരെ കുഴപ്പത്തിലായിരുന്നു. ഓരോ സേനാവ്യൂഹത്തിലും പെട്ട പട്ടാളക്കാരെക്കൊരു ലിസ്റ്റ് തയാറാക്കി, അവക്കുള്ള ശമ്പളം ഖജാനയിൽനിന്നു നേരിട്ടു നൽകി. അക്ബർ ഈ വക ദുർവിനിയോഗങ്ങൾക്കു ഒരു അറുതിവരുത്തി. ഡൽഹിയെ, ലോകത്തിൽ അന്നുണ്ടായിരുന്ന ഏതൊരു പട്ടണത്തെക്കാളും വിപുലവും മനോഹരവുമാക്കി അക്ബർ.

1585–1587—കാഷ്മീർ. 1585–ൽ കാബൂൾ കുഴപ്പങ്ങൾ. ഉസ്ബക്കുകാരുടെ ആക്രമണം ഉണ്ടാകുമെന്ന ഭീതിയിൽനിന്നുത്ഭവിച്ചതു്. ഏററവും വമ്പിച്ച സൈനികശക്തി ഉപയോഗിച്ചാണു അക്ബർ അതു് അമർച്ചചെയ്തതു്.

1586–ലെ കാഷ്മീർ ആക്രമണത്തിൽ അക്ബർ പരാജിതനായി—1587–ൽ അക്ബർ അതു് പിടിച്ചടക്കി വിജയിയായി.

1588—പെഷ്വാറും ചുററുമുള്ള വടക്കുപടിഞ്ഞാറൻ ഡിസ്ട്രിക്ററുകളും.

മതഭ്രാന്തരായ റൌഷാനിവർഗ്ഗത്തിൽപ്പെട്ട, സുശക്ത

മായ അഫ്ഗൻ വിഭാഗമായ യൂസഫാസികളുടെ കൈവശമായിരുന്നു ആ സ്ഥലം. അവർ വളരെ അധികം കുഴപ്പങ്ങൾ ഉണ്ടാക്കുകയാൽ അക്ബർ അവരുടെ എതിരായി രണ്ടു സൈന്യങ്ങളെ—ഒന്നു രാജാബീർബ്ബാലിൻേറയും, മറെറാന്നു സെയിൻവാൻേറയും നേതൃത്വത്തിൽ അയച്ചു. രണ്ടും തകൎന്നു ഛിന്നഭിന്നമായി. രാജകീയസേന "അറോക്കി"ലേക്കു ഓടിരക്ഷപ്പെട്ടു. അക്ബർ വേറെ ഒരു സൈന്യത്തെ കൂടെ അയച്ചു അഫ്ഗൻകാരെ മലയിലേക്കു തിരികെ ഓടിച്ചു. അക്ബൎക്കു അവരുടെനേരെ സാധിച്ച ഒരേ ഒരു വിജയമായിരുന്നു അതു്.

1591—സിൻഡ്. എന്തോ ചില അഭ്യന്തരകലഹങ്ങളുടെ പേരിൽ അക്ബർ സിൻഡ് ആക്രമിച്ചു കീഴടക്കി.

1594—ഹുമയൂണിൻെറ മരണശേഷം പേഷ്യക്കാർ കയ്യടക്കിയിരുന്ന കാൽഡഹാർ (അക്ബർ) തിരികെ പിടിച്ചു.

അങ്ങിനെ 1594 ആയപ്പോഴക്കും ഉത്തരേന്ത്യ മുഴവനും മുഗൾ ആധിപത്യത്തിൽ ആയി.

## ഡക്കാനിലെ സമരങ്ങൾ: 1596–1600

സുപ്രസിദ്ധയായ ചാന്ദ്സുൽത്താനയുടെ കൈവശമായിരുന്ന അഹമ്മദ്നഗരത്തിലേക്കു്, മുറാദ് (അക്ബരുടെ ദ്വിതീയ പുത്രൻ) രാജകുമാരൻെറയും, മിർസാഖാൻെറ കീഴിലുള്ള ;രണ്ടു സൈന്യങ്ങളുടെയും പടയേററം. അതിൻെറഉപരോധവും ആക്രമണവും പരാജയപ്പെട്ടു.. ബീഹാർ പിടിച്ചടക്കുവാൻ മാത്രമേ അക്ബൎക്കു് പററിയുള്ളു.

1597—പുതിയ ശത്രുതകൾ, കാൻഡേശിലെ രാജാവു് കീഴടങ്ങി, തൻെറ സൈന്യത്തോടു ചേൎന്നതുമൂലം അക്ബറുടെ ശക്തി പ്രവൃദ്ധമായി, ഗോദാവരിതീരത്തുള്ള മുറാദിൻെറ പ്രവൎത്തനം അനിശ്ചിതമായിരുന്നതിനാൽ അക്ബർ സ്വസൈന്യത്തോടൊന്നിച്ചു നൎമ്മദയിൽവെച്ചു അവരുമായി കൂടിച്ചേൎന്നു.

1600-ൽ അഹമ്മദ് നഗരത്തിൻെറ സ്ഥിതിഗതികളെക്കുറിച്ചറിയുവാനായി ഇളയ പുത്രനായ ഡാനിയലിനെ അയച്ചു. പിന്നീടു് സ്വയം അവിടേക്കു ചെന്നു. രക്ഷാസൈന്യം ധീരധീരയായ റാണിയെ വധിച്ചു രാജ്യം മുഗിളക്കു അടിയറവെച്ചു.

സലിമിൻെറ വിപ്ലവം അക്ബറെ ഹിന്ദുസ്ഥാനിലേക്കുതന്നെ തിരികെ എത്തിച്ചു. അച്ഛൻെറ അസാന്നിദ്ധ്യത്തിൽ സലിം ഔധും ബീഹാറും പിടിച്ചടക്കി. അക്ബർ അയാൾക്കു മാപ്പുനൽകി ബംഗാളും ഓറിസ്സയും വിട്ടുകൊടുത്തു. സലിമിൻെറ ക്രൂരമായ ഭരണം. അച്ഛൻ മകന്നെതിരായി സമരസന്നദ്ധനായപ്പോഴക്കും സലിം ആഗ്രയിൽ ചെന്നു മാപ്പപേക്ഷിച്ചു.

1605—പുത്രന്മാരായ ഡാനിയലിൻേറയും മുറാദിൻേറയും മരണം 63-ാം വയസ്സിൽവെച്ചുണ്ടായ അക്ബറുടെ മരണത്തിന്നു വേഗതകൂട്ടി. ശേഷിച്ചിരുന്ന ഏകപുത്രൻ സലിംജഹാംഗീർ (ലോകജേതാവ്) എന്ന പേരിൽ സിംഹാസനാരോഹണം ചെയ്തു.

## 4. ജഹാംഗീറിൻെറ ഭരണം 1605–1627

1605-ൽ ജഹാംഗീറിൻെറ സിംഹാസനാരോഹണസമയത്തു് ഹിന്ദുസ്ഥാൻ സാമന്യേന പ്രശാന്തമായിരുന്നു.

പക്ഷേ ഡക്കാനിലെ കുഴപ്പങ്ങളും, ഉദയപുരവുമായുള്ള സമരവും തുടൎന്നുവന്നിരുന്നു. ജഹാംഗീർ പിതാവിൻെറ പ്രധാന ഉദ്യോഗസ്ഥന്മാരെയെല്ലാം സ്വസ്ഥാനത്തുതന്നെ നിൎത്തി. മുഹമ്മദീയമതത്തെ സുസ്ഥാപിതമായ വിശ്വാസമാക്കി. ആദ്യത്തെപ്പോലെതന്നെ നിയമം പരിപാലിക്കപ്പെടുന്നതാണ്. എന്നയാൾ പ്രഖ്യാപിച്ചു, ജഹാംഗീർ ആഗ്രയിൽ ആയിരുന്നപ്പോൾ ഡൽഹിയിലും ലാഹോറിലും വിപ്ലവത്തിൻെറ പതാകയുയൎത്തിയ തൻെറ മകൻ ഖുസ്രു രാജകുമാരനെ തോല്പിച്ചു ബന്ധനസ്ഥനാക്കി. അയാളുടെ അനുയായികളായ 70 പേരെ ശൂലത്തിന്മേൽ തറച്ച്, ഇരുഭാഗത്തും ഉയൎത്തിപ്പിടിച്ച്, ആ പൈശാചികമായ നിരകൾക്കിടയിലൂടെ ഖുസ്രുവിനെ നടത്തിക്കൊണ്ടുപ്പോയി.

1610–ൽ ജഹാംഗീർ രണ്ടു സൈന്യങ്ങളെ, ഒന്നിനെ ഡക്കാനിലേയ്ക്കും മററതിനെ ഉദയപുരത്തേക്കും അയച്ചു. ഔറംഗബാദിലേക്കു അക്കാലമായപ്പോഴക്കും തലസ്ഥാനം മാററിയിരുന്നു, അഹമ്മദ്നഗരത്തിലെ യുവാവായ രാജാവിൻെറ മന്ത്രിയായ മാലിഖ് ആംബർ 1610–ൽ അഹമ്മദ്നഗർ കൈവശമാക്കിയിരുന്നു. (അക്ബർ അവിടെ നിൎത്തിയിരുന്ന കാവൽസേന പരാജയമടഞ്ഞു.) ഡക്കാനിലേക്കയച്ചിരുന്ന സേനക്ക്

1617–വരെ മാലിക്ക് ആംബറിനെ തോല്പിക്കുവാൻ സാധിച്ചില്ല, തോല്പിച്ചതു് തന്നെ നേരിട്ട യുദ്ധത്തിൽവെച്ചല്ല, അയാളുടെ അനുയായികൾ അയാളെ ഉപേക്ഷിച്ചു പോയതുകൊണ്ടുമാത്രം

1611–ൽ ജഹാംഗീർ, നൂർജിഹാനെ (ഒരു പേഷ്യൻ അഭയാൎത്ഥിയുടെ പുത്രി) വിവാഹം കഴിച്ചു, അവർ അയാളെ തികച്ചും ഭരിക്കുകയായിരുന്നു. അവർ ആദ്യത്തെ വിവാഹത്തിലുണ്ടായ സന്താനങ്ങൾക്കു എതിരായി ഗൂഢാലോചനകൾ നടത്തി.

1612-ൽ ഖുറം രാജകുമാരൻ (പിന്നീട്ട് ഷാജഹാൻ) ഉദയപുരം കീഴടക്കി, മാർവാർ തകൎത്തുകളഞ്ഞു.

1615-ൽ സർ തോമസ് റോ; ആദ്യത്തെ ഇംഗ്ലീഷു കാരൻ ദൽഹി കോട്ടയിൽ. അയാൾ ജെയിംസ് ഒന്നാമന്റെ കൊട്ടാരത്തിൽനിന്നു പൂൎവ്വേന്ത്യാ കമ്പനിയുടെ അടിസ്ഥാനത്തിനുവേണ്ടിയുള്ള ഒരു ദൌത്യവുംകൊണ്ടു വന്നതായിരുന്നു. ജഹാംഗീർ ഖുറം രാജകുമാരനെ (മൂന്നാമത്തെ മകൻ) അനന്തരാവകാശിയായി പ്രഖ്യാപനംചെയ്തു. (മൂത്ത മകൻ ഖുസ്രും തടവിലായിരുന്നു. 1621-ൽ അവിടെ കിടന്നയാൾ മരിച്ചു; രണ്ടാമത്തെ മകനായ പർവീസ് അപ്രാപ്തനാണ് എന്നായിരുന്നു ചക്രവൎത്തിയുടെ ധാരണ.) പർവീസിനെ ഗുജറാത്തിലെ ഗവൎണ്ണറാക്കി, അയാളെ അപ്പോഴേക്കും വീണ്ടും വിപ്ലവം തുടങ്ങിയിരുന്ന മാലിക് ആംബറുടെ നേരെ അയച്ചു.

1621-ൽ ഖുറമിനെ (ഷാജഹാൻ) ഡൽഹിയിൽനിന്ന് അകറേറണ്ടതിലേക്കായി, ലാഹോറിലേക്കു പറഞ്ഞയക്കണമെന്നു നൂർജിഹാൻ ജഹാംഗീർ ആവശ്യപ്പെട്ടു. തന്റെ പ്രിയപുത്രനായ പർവീസിനെ രാജാവാക്കാനായിരുന്നു അവരുടെ ഉദ്ദേശം. അതു കണ്ട ഷാജിഹാന്റെ വിഫലമായ വിപ്ലവപരിശ്രമങ്ങൾ. അയാൾ

1624-ൽ ഡൽഹിയിൽ പശ്ചാത്തപിക്കുന്ന ഒരു പാപിയായി പ്രത്യക്ഷപ്പെട്ടു. അധികം താമസിയാതെ ഷാജിഹാനു എതിരായി അയക്കപ്പെട്ടിരുന്ന മഹാബത്ത്ഖാൻ നൂർജിഹാന്റെ അപ്രീതിക്കു പാത്രമാവുകയാൽ അയാളെ ഡക്കാനിൽനിന്നു തിരിച്ചുവിളിച്ചു. രുചിപ്രദമല്ലാത്ത ഒരു പെരുമാററമായിരുന്നു ഖാനു് ഡൽഹിയിൽ ലഭിച്ചതു്. കാബൂളിലേക്ക് പുറപ്പെട്ടിരുന്ന ജഹാംഗീർ മഹാബത്ത്ഖാനോടു തന്നെ അനുയാത്ര ചെയ്യുവാൻ നിർബ്ബന്ധിതമായി കല്പിച്ചു; അയാളോട്ടു് വളരെ ക്രൂരമായാണ് പെരുമാറിയി

രുന്നതു്. രാജകീയസൈന്യങ്ങളെല്ലാം ഹൈഡാസ്പെസ്സ് (ജലം: പടിഞ്ഞാറുനിന്നു് കിഴക്കോട്ടു് ഒഴുകുന്ന പഞ്ചാബിലെ അഞ്ചു നദികളിൽ ഒന്നു്) കടന്ന തക്കംനോക്കി ജഹാംഗീറിനെ പിടിച്ചു, തടവുകാരനാക്കി സ്വന്തം കൂടാരത്തിലേക്കു കൊണ്ടുപോയി. നൂർജിഹാൻ ജലംനദി കടന്നു് ഉടനടി മഹാബത്ത്ഖാനെ ആക്രമിച്ചു; പക്ഷെ വമ്പിച്ച നാശത്തോടെ പരാജയപ്പെടുകയാണുണ്ടായതു്. അതു കഴിഞ്ഞപ്പോൾ അവൾ കീഴടങ്ങി. തടവിൽ കിടക്കുന്ന ജഹാംഗീറിനോടു യോജിച്ചു, മഹാബത്ത്ഖാൻ ആ രാജകീയ തടവുകാരെ ഒരുമിച്ചു കൊണ്ടുപോയി, അവരോടു ആദരപൂർവ്വംതന്നെ പെരുമാറി. അതേസമയത്തു് നൂർജിഹാൻ ഖാൻെറ സൈന്യങ്ങളെ സ്വാധീനിച്ചു തൻെറതിനോടു ചേർക്കുകയായിരുന്നു.

1627-ൽ നൂർജിഹാൻെറ ഉപദേശപ്രകാരം, ജഹാംഗീർ ഒരു ആഘോഷസമയത്തു്, മഹാബത്ത്ഖാനെ ചുഴന്നുനിന്നിരുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നു വഴുതിമാറി, തന്നോടു തികഞ്ഞ ഭക്തിയുള്ളവരായ ഒരു കൂട്ടംസേനകളുടെ സമീപത്തേക്കു മാറി; അവർ അയാളെ രക്ഷപ്പെടുത്തി. മഹാബത്ത്ഖാനു മാപ്പുനൽകി, അയാളെ ഷാജിഹാൻെറ എതിരായി യുദ്ധത്തിന്നയച്ചു. അവിടെ ചെന്ന ഉടനെതന്നെ മഹാബത്തും ഷാജിഹാനുമായി സൗഹൃദബന്ധം സ്ഥാപിച്ചു.

1627 ഒക്ടോബർ 28—ജഹാംഗീർ ലാഹോറിലേക്കു പോകുന്ന വഴിയിൽവെച്ചു മൃതിയടഞ്ഞു. ഡൽഹിയിലെ ഗവർണ്ണറായ ആസഫ്ഖാൻ ഉടനെതന്നെ ഷാജഹാനു് ആളയച്ചു. മഹാബത്ത്ഖാനോടൊത്തു മടങ്ങിയ ഷാജിഹാൻ ആഗ്രയിൽവച്ചു് തൻെറ സ്ഥാനാരോഹണം മംഗളകരമായി നടത്തി. നൂർജിഹാൻ ഒതുങ്ങിയ ജീവിതം നയിക്കുവാൻ നിർബ്ബന്ധിതയായി.

## 5. ഷാജഹാൻെറ ഭരണം (1627—1658)

1627 *—ഖാൻജഹാൻ ലോധിയുടെ ലഹള: പാർവിസ്'രാജകുമാരൻെറ സേനാനായകരിൽ ഒരുവനായിരുന്ന അയാൾ മരിച്ച മാലിക് ആംബറുടെ മകൻെറ സൈന്യത്തിൽ ചേൎന്നു. മാപ്പുകൊടുക്കാമെന്ന വാഗ്ദാനത്തിന്മേൽ അയാൾ ദൽഹിയിലേക്കു മടങ്ങി, പക്ഷേ വിശ്വാസം വരായ്കയാൽ ചമ്പാൽതീരത്തേക്കു പലായനംചെയ്തു. അവിടെ ഉണ്ടായിരുന്ന രാജകിയ സൈന്യങ്ങളുമായി ഏററുമുട്ടി, അവിടെവെച്ചു പരാജയം പററിയപ്പോൾ നദികടന്നു ബണ്ഡിൽഖണ്ഡിലൂടെ അഹമ്മദ്നഗരത്തിലേക്ക് ഓടി.

1629–അയാളെ എതിരിടുവാനായി ഷാജഹാൻതന്നെ ഡക്കാനിലേക്കു പോയി; ബർഹാൻപൂരിൽവെച്ചു അയാളുമായി ഏററുമുട്ടി അയാളെ അഹമ്മദ്ബാദിലേക്കു തുരത്തി. ബീജാപ്പൂറിൽ തൻെറ സുഹൃത്തായ ആദിൽഷയുടെ സംരക്ഷണയിൽ സുഖമായി ഇരിക്കാമെന്നാണു ഖാൽജാഹൻ വിചാരിച്ചിരുന്നതു്. പക്ഷേ ആദിൽഷാ അയാൾക്ക് അവിടേക്കു പ്രവേശനംതന്നെ നൽകിയില്ല. അവിടെനിന്നു് മാൾവയിലേക്കു ഓടി, അവിടെനിന്നു് ബണ്ഡിൽഖണ്ഡിലേക്കു കടക്കുവാനാണു് അയാൾ ശ്രമിച്ചതു്. പക്ഷേ അയാൾ തോററു; വധിക്കപ്പെട്ടു. ചക്രവൎത്തി അവിടെനിന്നു് അഹമ്മദ്നഗരത്തിൻെറ നേരെ ആക്രമണം നടത്തി.

1630 ‡—അങ്ങിനെ രാജകീയസൈന്യത്താൽ വലയം ചെയ്യപ്പെട്ടിരിക്കെ, സ്വന്തം മന്ത്രിയായ ഫത്തിഖാൻ അഹമ്മദ്നഗരരാജാവിനെ കൊലപ്പെടുത്തി; ആ സ്ഥലം ഷാജിഹാനു വിട്ടുകൊടുത്തു. ബീജാപ്പൂർനഗരം കയ്യടക്കുവാനു

---

* ബർഗസ്സിൻെറ അഭിപ്രായത്തിൽ 1628.

‡ ബർഗസ്സിൻെറ അഭിപ്രായത്തിൽ 1631.

ള്ള നിഷ്പ്രയോജനമായ ഉദ്യമങ്ങൾക്കശേഷം ബീജാപ്പൂരിനെ ഉപരോധിക്കവാനും. ഡക്കാനിലെ കമാണ്ടറുടെ ചുമതലകൾ നിവ്വഹിക്കാനുമായി മഹാബത്തിനെ അവിടെ വിട്ടു് ഷാജിഹാൻ ഡൽഹിയിലേക്കപോയി.

1634—ബീജാപ്പൂരിനെ യാതൊരു ഫലവുമില്ലാതെ കുറെക്കാലം ആക്രമിച്ചതിനുശേഷം മഹാബത്തിനെ തിരികെ വിളിക്കപ്പെട്ടു.

1636 അതുകൊണ്ടു് ഷാജഹാൻ വീണ്ടും ബീജാപ്പൂർ സുൽത്താനായ അഹമ്മദ് ആഡിൽഷായുമായി സന്ധിചെയ്തു; അഹമ്മദ്നഗരത്തിൻെറതായ രാജ്യങ്ങൾ അയാൾക്കു വിട്ടുകൊടുത്തു. അതോടുകൂടി ഒരു സ്വതന്ത്രസംസ്ഥാനമെന്നനിലക്കുള്ള അഹമ്മദ്നഗരത്തിൻെറ നിലനില്പ് അവസാനിച്ചു. ആഡിൽഷാ ആറുകൊല്ലത്തോളം മുഗിൽ സൈന്യത്തെ മുഴവനും കബളിപ്പിക്കുകയായിരുന്നു.

1637–*ഷാജഹാൻ കബൂളിലേക്കു [പോയി.] അവിടെനിന്നു ആലിമരദൽഖാൻെറയും (1594–ൽ പേഷ്യക്കാരിൽ നിന്നു് അക്ബർ പിടിച്ചെടുത്ത പുതിയ മുഹമ്മദൻ പ്രവിശ്യയായ കാൽഡഹാറിലെ ഗവർണർ) പുത്രനായ മുറാദിൻെറയും കീഴിൽ ഒരു സൈന്യത്തെ 'ബാൽഖിന്നു' എതിരായി അയച്ചു.

1646–രണ്ടുപേരുടെയും ശ്രമം വിജയപ്രദമായി. ബാൽഖ് പിടിച്ചടക്കപ്പെട്ടു. അതു് മൂന്നാമത്തെ മകനായ അറംഗസീബിനു ഏല്പിച്ചുകൊടുത്തു.

1647–ൽ ബാൽഖിൽവെച്ചു അറംഗസിബിനെ ഉസ്ബെക്കുകാർ വളഞ്ഞു. വലിയ നഷ്ടത്തോടെ അയാൾക്കു ഇന്ത്യയിലേക്കു ഓടിപ്പോകേണ്ടിവന്നു.

1648—ഷാഅബാസിൻെറ നേതൃത്വം പേഷ്യക്കാർ കാൻഡഹാർ തിരികെ പിടിച്ചു. അതു് തിരിച്ചെടുക്കുവാ

---

* എൽഫിൻസ്റ്റൺ.

നായി അറംഗസീബിനെ പറഞ്ഞയച്ചു. പക്ഷേ ശത്രുക്കൾ അയാൾക്ക് കിട്ടേണ്ട സാധനസാമഗ്രികൾക്കു തടസ്ഥം വരുത്തുകയാൽ അറംഗസീബിനു കബൂളിലേക്കു പിൻവാങ്ങേണ്ടിവന്നു.

1652—കാൽഡഹാർ പിടിക്കുവാനുള്ള പുതിയ ഉദ്യമവും വിഫലമായി.

1653–ൽ ചക്രവത്തിയുടെ മൂത്തമകൻ ദാരാഷിക്കോവ് നടത്തിയ അവസാനാക്രമണത്തിൻെറ അനുഭവവും തഥൈവ. മുഗിളർ പിൻവാങ്ങി; കാൻഡഹാർ വീണ്ടും പേർഷ്യൻ അധീനതയിലായി.

1655—ഗോൾകൊണ്ടയിലെ മന്ത്രിയായ മിർജ്ജുംലയെ, അയാളുടെ യജമാനനായ രാജ അബ്ദുള്ളഖാൻ വധിക്കുമെന്നു ഭയപ്പെട്ടത്ഃയ്പ്പോൾ അയാളുടെ ആവശ്യപ്രകാരം വീണ്ടുംമുഗൾ സൈന്യം ഡക്കാനിൽ എത്തി. അറംഗസീബ് ഹൈദരബാദ് പിടിച്ചു.

1657—ൽ ഗോൾകൊണ്ട വളഞ്ഞു. അബ്ദുള്ളഖാൻ കീഴടങ്ങാമെന്നും കൊല്ലത്തിൽ ഒരു ലക്ഷം ത്രുപ കപ്പംകൊടുക്കാമെന്നും വാഗ്ദത്തം ചെയ്തു. ഷാജഹാനു സുഖമില്ല എന്ന വാത്ത ലഭിച്ച അറംഗസീബ് ധൃതിയിൽ ദൽഹിയിലേക്ക് മടങ്ങി. ഷാജിഹാനു നാലു പുത്രന്മാരായിരുന്നു; ദാരഷിക്കോവ്, ,ഷൂജ: അറംഗസീബ്; മുറാദ്. ദാര അപ്പോൾ വൈസ്രോയി, ഷുജ ബംഗാളിലെ ഗവർണർ; മുറാദ് (ഏററവും ഇളയവൻ( ഗുജറാത്തിലെ ഗവർണർ. മൂന്നാമനും, കൗശലം മൂത്തവനും ക്രൂരനുമായിരുന്ന അറംഗസീബ് അധികാരിയാകുവാൻ മോഹിച്ചു. സമുദായത്തിൽ ഏററവും സ്വാധീനംചെലുത്താൻ കഴിവുള്ള ശക്തി, മതമാണെന്നു മനസ്സിലാക്കിയ അയാൾ ഇസ്ലാമിൻെറ സംരക്ഷകൻ എന്ന നിലയിൽ പ്രശസ്തനാകാൻ ഉദ്യമിച്ചു.

സുഖക്കേടായപ്പോൾ ഷാജഹാൻ ഭരണഭാരം ദാരയെ ഏല്പിച്ചു. ഷൂജ ലഹളക്കുട്ടി ബീഹാറിനെ എതൃത്തു, മുറാദ് സൂറത്ത് പിടിച്ചടക്കി ദാരയേയും ഷൂജയേയും സ്വന്തമായ മത്സരങ്ങൾകൊണ്ടു് ക്ഷീണിക്കുവാൻ വിട്ടു് അറംഗസീബ് സൈന്യസമേതം മുറാദിൻെറ സമീപത്തേക്കു് പോയി. താൻ ഒരു സന്യാസിയായി ഐഹികജീവിതം ഉപേക്ഷിക്കുവാൻ പോകുകയാണെങ്കിലും ഇളയ സഹോദരനായ മുറാദിനെ സിംഹാസനസ്ഥനാക്കാൻ സഹായിക്കുവാൻ തയ്യാറാവുകയാണു് എന്നായിരുന്നു അയാളുടെ നാട്യം. ദാര ഷൂജയെ തോല്പിച്ചു. മുറാദിൻെറയും അറംഗസീബിൻെറയും എതിരെ തിരിച്ചു. അയാൾ പരാജിതനായി.

1658—ഷാജിഹാൻെറ അസന്നിദ്ധമായ ആഗ്രഹത്തിനു വിരുദ്ധമായി ദാര പിന്നെയും സമരസന്നദ്ധനായി. സൈന്യങ്ങൾ ആഗ്രയ്ക്കടുത്തു സാമഗാറിൽവെച്ചു കൂട്ടിമുട്ടി. മുറാദിൻെറ ധീരതക്കു നന്ദി; തോല്പിക്കപ്പെട്ട (ദാരഷ്ക്കോവ്) ആഗ്രയിലേക്കു്, പിതാവിൻെറ സവിധത്തിലേക്കു് ഓടി രക്ഷപ്പെട്ടു. അറംഗസീബ് ഡൽഹിയിൽ ചെന്നു് രണ്ടു പേരെയും, കൊട്ടാരത്തിൽതന്നെ സൗകര്യപ്രദമായ ഒരു സ്ഥലത്തു തടവിൽ താമസിപ്പിച്ചു. ചതിയിൽ മുറാദിനെ പിടിച്ചു്, ഡൽഹിക്കു് എതിരെ നദീതിരത്തിൽ സ്ഥിതിചെയ്യുന്ന സാലിംഗൻ കോട്ടയിൽ ബന്ധനസ്ഥനാക്കി; അവിടെനിന്നു് ചങ്ങലയോടെതന്നെ ഗ്വാളിയോർ കോട്ടയിലേക്കു് മാററി. അറംഗസീബ് താൻ സ്ഥാനഭ്രഷ്ടനാക്കിയ ഷാജിഹാൻെറ സ്ഥാനത്തു് ചക്രവത്തിയായി വിളംബരംചെയ്തു. അയാൾ ആലംഗീർ എന്ന പദവി അംഗീകരിച്ചു.

## അറംഗസീബിൻെറ ഭരണം; മറാത്തരുടെ ഉയർച്ച (1658-1707)

1658—ദാരാഷിക്കോവ് തടവിൽനിന്നു രക്ഷപ്പെട്ടു ലാഹോറിലേക്കു് പലായനം ചെയ്തു. (അവിടെവെച്ച് അയാളുടെ പുത്രനായ സുലൈമാൻ അയാളുടെകൂടെ കൂട്ടുവാൻ ശ്രമിച്ചു; പക്ഷേ അതിനിടയിൽ തടഞ്ഞു് അയാളെ പിടിച്ചു് കാഷ്മീരിൻെറ തലസ്ഥാനമായ ശ്രീനഗറിൽ കൊണ്ടുപോയി തടവിലിട്ടു). അതേ സമയത്തു് ഷൂജ ദൽഹിയിലേക്കു് മാർച്ച്ചെയ്തു. സമരത്തിന്നിടക്കു്, രാജായ സ്വെന്ത് സിംഹൻെറ കീഴിലുള്ള ഒരുകൂട്ടം രാജകീയ സൈന്യങ്ങൾ, ഉപേക്ഷിച്ചുപോയി എങ്കിലും, അറംഗസീബ് കജാജയിൽവെച്ചു ഷൂജയെ തോല്പിച്ചു. ഷൂജയുടെ പരാജയത്തെ തുടന്നു് രാജാവു് യോധപുരത്തിലേക്കു പലായനം ചെയ്തു.

പെട്ടെന്നു ദാരഷൂക്കോവ് രണാങ്കണത്തിൽ പ്രത്യക്ഷനായി. (തോൽവിയണഞ്ഞു), അഹമ്മദ്ബാദ്, കച്ച്, കാൻഡഹാർ മുതലായ സ്ഥലങ്ങളിലൂടെയെല്ലാം ഓടി, അയാൾ ഒട്ടവിൽ സിൻഡിലെ ജൂൺ എന്ന സ്ഥലത്തു് എത്തി. അവിടെവെച്ചു് അയാളെ ചതിയിൽ പിടിച്ചു് ദൽഹിയിലേക്കു് എത്തിച്ചു. ഡൽഹിയിൽവെച്ചു ദാരയുടെ ശിരഛേദം. ഡൽഹി നിവാസികളുടെ ഇടയിൽ ഉണ്ടായ ബഹളം ശക്തി ഉപയോഗിച്ചു അമച്ച് ചെയ്യപ്പെട്ടു.

1660—മുഹമ്മദ്സുൽത്താൽ രാജകുമാരനും (അറംഗസീബിൻെറ മകൻ) ആദ്യത്തെ ഗോൾകൊണ്ട മന്ത്രിയായ മിർജുംലായും, ബംഗാളിൽ ഷൂജക്കെതിരായ യുദ്ധത്തിൽ വിജയം ഭരിച്ചു. ഷൂജ 'ആരാക്കാ' * നിലേക്കു ഓടിപ്പോ

---

* ബർമ്മയുടെ പഴയ പേരു്.

യി, പിന്നീട്ട് അയാളെക്കുറിച്ചൊരു വത്തമാനം ആരുംത ന്നെ കേട്ടില്ല. മുഹമ്മദ്സുൽത്താൻ മിർജ്ജുംലയുമായി വി യോജിച്ചു. ഷൂജയുടെക്കൂടെ കൂടി) പക്ഷേ വീണ്ടും പ്രവത്തി യിലേക്ക് മടങ്ങി. മന്ത്രിയാക്കപ്പെട്ട മിർജ്ജുംല ആസാമി ലേക്ക് ഒരു പടനയിക്കുന്നതിനിടക്ക് ഡക്കാനിൽവെച്ചു മൃതനായി. അയാളുടെ സ്ഥാനത്തു് വന്നതു് മൂത്ത മകനായ മുഹമ്മദ് അമീനാണു്.

1660—1670–മാറാത്തികളുടെ ഉയച്ച് മാലിഖ് ആം ബറുടെ ഉദ്യോഗസ്ഥരിൽ ഒരാളായി, "മാലോജിബോൺ സെയ"ക്ക് 'ഷഹാജ' എന്നൊരു മകനുണ്ടായിരുന്നു. ഉന്ന തതലത്തിലുള്ള ഒരു ഉദ്യോഗസ്ഥനായ "ജാദ്ദറാവു"വിൻെറ പുത്രിയെയാണു് അയാൾ വിവാഹം ചെയ്തിരുന്നതു്. ആ ബന്ധത്തിൽ ഒരു മകനുണ്ടായി. "ശിവാജിക്ക" തൻെറ പി താവിൻെറ ജാഗീറിലെ (ഒരു വ്യക്തിയുടെ അസാമാന്യ സാമത്ഥ്യത്തെ പുരസ്കരിച്ചു ചക്രവത്തി നൽകുന്ന സ്ഥല ങ്ങൾ) പരുപരുത്ത പട്ടാളക്കാരുമായുള്ള നിരന്തര സാഹച ര്യങ്ങൾമൂലം, ചെറുപ്പത്തിലെ ഒരു കൊള്ളക്കാരൻെറ സ്വഭാ വമായിരുന്നു. അതയാൾ കൂട്ടരുടെ വളരെ നെരത്തെതന്നെ പ്രായോഗികമാക്കുകയും ചെയ്തുവന്നിരുന്നു. തൻെറ പിതാ വിൻെറ സ്വന്തം സ്ഥലങ്ങൾ പിടിച്ചടക്കി; നിരവധി കോ ട്ടകൾ കൈവശപ്പെടുത്തി; അതു കഴിഞ്ഞു് ഒരുക്കൂട്ടം രാജകീ യനിധികളുമായി പോയിരുന്ന സേനയെ കവച്ച്ചെയ്തു തുറന്ന ലഹളക്കുതന്നെ സന്നദ്ധനായി. അയാളുടെ സേനാ ധിപധി കൊങ്കാനിലെ ഗവണ്ണറെ തടവുകാരനാക്കി, അ യാളുടെ സ്ഥലങ്ങളെല്ലാം, തലസ്ഥാനമായ കല്യാൺ അട ക്കം, കൈവശപ്പെടുത്തി. ഈ വിജയത്തിനുശേഷം ശിവാ ജി ഷാജിഹാൻെറ അടുക്കലും തൻെറ ഉപജാപങ്ങൾ പ്ര യോഗിച്ചുനോക്കിയതു്. അത്ര വിജയപ്രദമായില്ല. പിന്നീട്ട് അയാൾ തെക്കൻ കൊങ്കണദേശം പിടിച്ചു.

1655—തൻെറ അധികാരം വിപുലപ്പെടുത്തുവാൻ തുടങ്ങി. മറാത്തരുടെ അഹംഭാവം കുറക്കുവാനായി അറംഗസീബ് അയക്കപ്പെട്ടു. ശിവാജി ദുരാലോചനക്കു ഉദ്യമിച്ചു: പക്ഷേ സമാധാനപ്പെടുത്തി മാപ്പുകൊടുത്തു. പക്ഷേ രാജകീയ സൈന്യം പിൻവലിച്ചമാത്രയിൽതന്നെ അയാൾ തൻെറ ബീജാപ്പൂർ ആക്രമണം തുടന്നു. ബീജാപ്പൂരിലെ (സേനാനേതാവായി അഫുസുൽഖാൻ യാതൊരു അനുയായികളുമില്ലാതെ ശിവാജിയെ സ്വകാര്യമായി കാണാമെന്നു് ഏററു. ശിവാജി അയാളെ സ്വന്തം കൈകൊണ്ടു വധിച്ചു. പരിഭ്രാന്തരായ സേനകളെ തോല്പിച്ചു.

ശിവാജിയുടെ അനുചരന്മാരുടെ നേക്കു സൈന്യത്തെ അയച്ച ശേഷംബീജാപ്പൂരിലെ പുതിയ സൈനികമേധാവി

1660—ൽ പട്ടാളത്തോടുകൂടി മറാത്തരാജ്യം ആക്രമിച്ചു, ശിവാജിയെ തോല്പിച്ചു.

1662—അയാൾ ശിവാജിയുമായി ഗുണപ്രദമായ സന്ധിചെയ്തു. ആ വിപ്ലവകാരിയെ കൊങ്കാനിലെ ഒരു ജാഗിറിൽ പ്രതിഷ്ഠിച്ചു.

1662—ശിവാജി വീണ്ടും മുഗർ സ്ഥലങ്ങൾ കൊള്ളചെയ്യുവാൻ തുടങ്ങി. അറംഗസീബ് അയാളുടെ എതിരായി ഷെയ്സ്റ്റ്ഖാനെ അയച്ചു. അയാൾ ആറംഗബാദിൽ നിന്നു പൂനയിൽ എത്തി അതു് പിടിച്ചടക്കി: മഴക്കാലം മുഴവൻ അവിടെ ഒരു വഷക്കാലവസതിയിൽ താമസിച്ചു. ഒരു രാത്രി അയാളെ കൊല്ലുവാനുള്ള ഉദ്ദേശത്തോടുകൂടി ശിവാജി അങ്ങോട്ടു നുഴഞ്ഞുകയറി; പക്ഷേ ഖാൻ രക്ഷപ്രാപിച്ചു. മഴമാറിയപ്പോൾ ഖാൻ അറംഗബാദിലേക്കു് മടങ്ങി. ഉടൻതന്നെ ശിവാജി സൂറത്തു് ആക്രമിച്ചു.

1664—ശിവാജിയുടെ പിതാവായ ഷാഹാജി മരിച്ചു. അച്ഛൻെറ അനന്തരാവകാശിയായ (ഷാഹാജിയുടെ ജാഗീ

റും—മദിരാശിക്കടുത്തു്) താൻതന്നെ വെട്ടിപ്പിടിച്ച കൊങ്കണദേശവും ഇപ്പോൾ കൈവശത്തിലായി. മറാത്തരാജാവു് എന്ന സ്ഥാനം സ്വീകരിച്ചു് അയാൾ നാട്ടനീളെ കവച്ച് തുടങ്ങി.

1665—കോപാക്രാന്തനായ അറംഗസീബ്, രണ്ടു വിഭാഗം സേനകളെ അയച്ചു. ശിവാജി കീഴടങ്ങി. സന്ധിപ്രകാരം ആ സൂത്രശാലി താൻ കീഴടക്കിയിരുന്ന 32 കോട്ടകളിൽ 12 എണ്ണം അതിൻെറതായ ഭൂസ്വത്തുക്കളോടെ കൈക്കലാക്കി. അതിനു പുറമെ ഡക്കാനിലെ എല്ലാ മുഗൾ പ്രദേശങ്ങളിൽനിന്നും "ചൗത്തു്" എന്നൊരു നികുതി ഈടാക്കുവാനുള്ള അനുവാദവും വാങ്ങി, മറാത്തരുടെ അയൽ പ്രദേശങ്ങളുമായി വഴക്കിട്ടു, അതിൻെറ പേരിൽ അവരുടെ സ്വത്തുക്കളിൽ കൈവെയ്ക്കുവാനുള്ള ഒരു വഴി ഉണ്ടാക്കി.

1669—ഒരു സന്ദർശകനെന്നനിലയിൽ ശിവാജി ഡൽഹിയിൽ എത്തി, (വിവേകശാലിയായിട്ടും അറംഗസീബ് ശിവാജിയെ വധിച്ചില്ല. ആദ്യം മുതൽക്കുതന്നെ മറാത്തരോടു ഒരു കഴുതനയമാണു് അയാൾ അനുവത്തിച്ചുപോന്നിരുന്നതു്). ഡൽഹിയിൽ വളരെ ഉദാസീനതയോടുകൂടിയ പെരുമാററം മാത്രം ലഭിക്കുകയാൽ വളരെ കുപിതനായാണു് ശിവാജി ഡക്കാനിലേക്കു് മടങ്ങിയതു്. അക്കൊല്ലത്തിൽ തന്നെ ജയിലിൽക്കിടന്നു ഷാജഹാൻ അന്തരിച്ചു.

1667—കൗശലപൂവ്വമായ കുത്തിതിരിപ്പുകൾമൂലം ശീവാജിയെ രാജാവായി അംഗീകരിക്കപ്പെട്ടു. അതു കഴിഞ്ഞപ്പോൾ ബീജാപ്പൂരിനേയും ഗോൾകൊണ്ടയേയും പേടിപ്പിച്ചു, അവരിൽനിന്നു കപ്പം വസൂൽചെയ്തു.

1668—1669—ശിവാജി തൻെറ സാമ്രാജ്യം സുസ്ഥാപിതമാക്കി, രാജപുത്രന്മാരും, അടുത്ത രാജ്യക്കാരുമായി ഗുണകരമായ സഖ്യങ്ങൾ ചെയ്തു.

1669–അങ്ങിനെ മറാത്തർ ഒരു സ്വതന്ത്രരാജാവിനാൽ ഭരിക്കപ്പെടുന്ന ഒരു രാഷ്ട്രമായി.

1670–അറംഗസീബ് സന്ധിവ്യവസ്ഥകൾ ലംഘിച്ചു. ശിവാജി പൂന പിടിച്ചടക്കി, കാൻഡേഷും, സൂറത്തും കൊള്ളചെയ്തു. അതേ സമയത്ത് അറംഗസീബിൻെറ മകനായ മുവാസം രാജാകുമാരൻ ഔറംഗബാദിൽ ഉദാസീനനായിരിക്കുകയായിരുന്നു. എതിരിടുവാനയച്ച മഹാബത്ത്ഖാനെ ശിവാജി ദയനീയമായി തോല്പിച്ചു. അറംഗസീബ് സൈന്യങ്ങളെ പിൻവലിച്ചു ശത്രുത നിറുത്തിവെച്ചു. അന്നുതൊട്ടു അറംഗസീബിൻെറ സ്വാധീനതക്ക് ഇളക്കം തട്ടി. എല്ലാ കക്ഷികളും അയാളുടെ എതിരായി മുറുമുറുക്കുവാൻ തുടങ്ങി. വിഫലമായ മറാത്ത ആക്രമണംമൂലം മുഗള ഭടന്മാർ ക്രോധാവിഷ്ടരായിരുന്നു. ജസിയയുടെ ആവത്തനം, എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള ക്രൂരമായ പെരുമാററം മുതലായവ ഹിന്ദുക്കളുടെ ഇടയിലും അസ്വസ്ഥ്യം വളത്തി.

രാജപുത്രരുടെ ബഹുമാന്യനേതാവായ, 1678–ൽ ചരമഗതിയടഞ്ഞ യശോവന്തസിംഹൻെറ ഭാര്യയോടും കുട്ടികളോടുമുള്ള പെരുമാററം മൂലം, അറംഗസീബ്, തൻെറ സേനയിലെ ഏററവും കരുത്തുററ പടയാളികളായ രാജപുത്രരുടെ വൈരം സമ്പാദിച്ചു. രാജാവിൻെറ മകനായ ദുർഗ്ഗാദാസ്, അറംഗസീബിൻെറ പുത്രനായ അക്ബർ രാജകുമാരനുമായി യോജിച്ചു 70,000 രാജപുത്രരടങ്ങുന്ന ഒരു സൈന്യത്തോടുകൂടി ദൽഹിയിലേക്കു യാത്രതിരിച്ചു. കുത്തിതിരുപ്പുകളും വിശ്വാസലംഘനവും നിമിത്തം എന്തെങ്കിലും പ്രവത്തനം നടക്കുന്നതിനു മുമ്പുതന്നെ ആ ബന്ധം വിച്ഛേദിക്കപ്പെട്ടു. അക്ബറും, ദുർഗ്ഗാദാസും സുപ്രസിദ്ധനായ ശിവാജിയുടെ പുത്രൻ സാംബാജിയുടെ അധീനതയിലുള്ള മറാത്തിയിലേക്കു പലായനം ചെയ്തു.

1681—ഇരുകക്ഷികളും തമ്മിലുള്ള സമരം, ശാഖാ ചംക്രമണമാർഗ്ഗമായതുകൊണ്ടു്, മീവാറിലും മാർവാറിലും സമാധാനം.

1673· ശിവാജി കൊങ്കണദേശം പിടിച്ചിരുന്നു; 1674ൽ അയാൾ മുഗൾപ്രദേശങ്ങളായ കാൻഡേഷും ബീറാദും കൊള്ളചെയ്തു ശിവാജി. .

1677–ൽ ഒരോന്നായി കർണ്ണൂർ, കടപ്പ, ജിംജ, വെല്ലൂർ എന്നിവ പിടിച്ചു (അയാൾ മദിരാശിക്കട്ടെത്തുകൂടി പോകുമ്പോൾ അവിടത്തെ ആംഗ്ലേയവ്യവസായ ഓഫീസുകുട്ടികൾ ഭയചകിതരായിരുന്നു. മെയ് 1677 മദിരാശി റെക്കോഡ്) ജിംജിയും വെല്ലൂരും.

1679—ശിവാജി മൈസൂരും തഞ്ചാവൂരും കീഴടക്കി. 1680–ൽ അയാൾ ബീജാപ്പൂരിലേക്കു പാഞ്ഞു അവിടെ ഉണ്ടായിരുന്ന മുഗിളരുടെ സാമഗ്രികൾ തടഞ്ഞു,

1680—ഇതിൽ പങ്കുകൊണ്ടിരിക്കെ ശിവാജി മൃതിയടഞ്ഞു. സാംബാജി മറാത്ത നേതൃത്വം ഏറെറടുത്തു. ഭോഗലാലസനും ക്രൂരനുമായിരുന്നു അയാൾ; അതുകൊണ്ടു അധികം താമസിയാതെ അയാളുടെ ശക്തി ക്ഷയിച്ചു. മുഗിളർക്കു ഒരു നല്ല സേനാനായകൻ ഉണ്ടായിരുന്നുവെങ്കിൽ അവൎക്ക് മറാത്ത ശക്തിയെ തച്ചുടക്കാമായിരുന്നു. പക്ഷേ അറംഗസീബ് ഒരു കാളയെപ്പോലെയാണ് പെരുമാററം തുടന്നതു്.

1783—കൊങ്കണദേശത്തേക്കയച്ചിരുന്ന മുവാസം രാജകുമാരനെ സാംബാജി തോല്പിച്ചു. മുഗൾ സൈന്യത്തിൻെറ പിന്നിലുള്ള പ്രദേശങ്ങൾ മറാത്തർ കൊള്ളചെയ്തു. അവർ ബർഹൻപൂർ കൊള്ളിവെച്ചു. അപ്പോൾ മുതാസം ഹൈദരബാദ് കൊള്ളയടിച്ചു, ഗോൾകൊണ്ട രാജാവായി ഉടമ്പടി ചെയ്തു. ഉത്തരഭാഗത്തേക്ക് മുന്നേറിയിരുന്ന മറാത്ത

സൈന്യം ആ സമയത്ത് ബ്രോച്ച് പിടിച്ചു.

പിന്നീട്ട് അറംഗസീബ് വേറെ ഒരു സേനയുടെ നേതാവായി ബീജാപ്പൂർരാജ്യവും നഗരവും നശിപ്പിച്ചു; ഗോൾകൊണ്ടയുമായുള്ള ഉടമ്പടി നീചമായി ഭഞ്ജിച്ചു ആ രാജ്യം പിടിച്ചടക്കി.

അന്നുതൊട്ടു അറംഗസീബിനു തൻെറ എല്ലാ പുത്രന്മാരെയും, ഭയമായി എല്ലാവരെയും സംശയിച്ചുതുടങ്ങി. അയാളുടെ ഭയം.

1687_ൽ അദ്ധോന്മാദമായി: യാതൊരു കാരണവും കൂടാതെ അയാൾ പുത്രനായ മുവാസിമിനെ തടവിലടച്ചു. അവിടെ അയാൾ ഏഴുകൊല്ലം കിടന്നു.

ആ കാലഘട്ടംതൊട്ട് മുഗൾസാമ്രാജ്യം അധ:പതിക്കുവാൻ തുടങ്ങി. ഡക്കാനിൽ പരിഭ്രാന്തി; നാട്ടുരാജ്യങ്ങൾ ഉണർന്നേഴുന്നേററു. നാടാകെ കൊള്ളക്കാരുടെ അഴിഞ്ഞാട്ടമായി. വടക്കു ഭാഗത്തുള്ള ശിഖന്മാരെയും, രാജപുത്രന്മാരെയും, ശാശ്വതമായ ശത്രുക്കളാക്കിയിരുന്നു.

1689—"ടൊക്കറാബ്ഖാൻ" എന്നൊരു മുഗൾ ഉദ്യോഗസ്ഥൻ (മലക്കട്ടത്തുള്ള കോൻഹാപൂരിലെ ഗവർണർ) സാംബാജി അടുത്ത ഒരു ദിക്കിൽ നായാട്ടിനായി എത്തിയിട്ടുണ്ട് എന്നു മനസ്സിലാക്കി അയാളെ ഒരു വിധത്തിൽ പിടിച്ചു, ബന്ധനസ്ഥനാക്കി അറംഗസീബിന്നയച്ചുകൊടുത്തു. അയാൾ അപ്പോൾതന്നെ സാംബാജിയുടെ ശിരച്ഛേദം സാധിച്ചു.

സാഹോ (സാഹു), സാംബാജിയുടെ പിഞ്ചിളം പൈതൽ, ധീരനും വിവേകശാലിയുമായ രാജപ്രതിനിധി രാജറാമിൻെറ സഹായത്തോടെ അനന്തരാവകാശിയായി.

1692—രാജപ്രതിനിധിയായ രാജറാം മറാത്തരുടെ കൊള്ളസംഘത്തെ പുന:സംഘടിപ്പിച്ചു; തലവനായ സാ

ന്താജിയേയും ധാനാജിയേയും അതിൻെറ നേതാക്കളാക്കി, അവരെ മുഗിളക്കെതിരായിവിട്ടു. അവർ ചെറിയ ചെറിയ സമരങ്ങളിൽ പങ്കുചേൎന്നു. ആ യുദ്ധം 1694—1699 വരെ 5 കൊല്ലക്കാലം നീണ്ടുനിന്നു. മറാത്തർ ഒടുവിലായി പിടിച്ചെടുത്ത ജിൻജി ഉപരോധത്തിന്നായിരുന്നു അതിൽ മൂന്നുകൊല്ലം ചിലവഴിച്ചതു്.

1694—അറംഗസീബ് സേന അയാളുടെ നേതാവായ കനായസുൾഫിർഖാനെ, ജിൻജി വളയാനായി പറഞ്ഞയച്ചു. ഖാൻ കൂടുതൽ സൈന്യത്തെ ആവശ്യപ്പെട്ടതു് നിഷേധിക്കപ്പെട്ടു; അതിനുപകരമായി പരമാധികാരം ഏറെറടുക്കുവാനായി കംബാക്ഷ് രാജകുമാരനെ അയച്ചു. കുപിതനായ ഖാൻ ഉപരോധത്തിൽനിന്നു വഴുതിമാറി. അയാൾ മറാത്തരുമായി നിരന്തരസമ്പൎക്കം പുലത്തിവന്നു. അതുകൊണ്ടു കംബാക്ഷികൻെറ 3 കൊല്ലത്തെ ഉപരോധത്തിനു യാതൊരു ഫലവും ഉണ്ടായില്ല,

1697—സന്താജി ഉപരോധം തുടൎന്നു. അവസാനം 1698-ൽ മറേറതെങ്കിലും തരത്തിൽ അറംഗസീബ് തന്നെ അപമാനിക്കുമെന്നു മനസ്സിലാക്കിയ ഖാൻ, മറാത്ത തലവനെ രക്ഷപ്പെടുത്തുവാൻ അനുവദിച്ചു; ആയാസമെന്യേ കോട്ട ആക്രമിച്ചു. അതിനെ തുടൎന്നു മറാത്തരുടെ ഇടയിൽ തന്നെ അഭിപ്രായവ്യത്യാസങ്ങൾ, ധാനാജി സ്വന്തം കൈകൊണ്ടു സാന്താജിയെ വധിച്ചു. ശത്രുത വീണ്ടും വൎദ്ധിച്ചു. ഒരു വലിയ സേനയെ രാജറാം നേരിട്ടയച്ചു, അറംഗസീബ് തന്നെയാണു് മുഗിളക്കു് നേതൃത്വം നൽകിയതു്.

1700—അറംഗസീബ് സന്താം പിടിച്ചു പിന്നെയും

1740—നിരവധി മറാത്ത വലിയ കോട്ടകൾ പിടിച്ചു. രാജറാം (1700) അക്കൊല്ലം തന്നെ മരിച്ചു. അറംഗസീബിനു അപ്പോൾ 86 വയസ്സായി. അവസാനത്തെ നാലു കൊല്ലത്തിനിടക്കു് ഗവണ്മെണ്ടുമുഴുവൻ കുഴപ്പത്തിലായി.

മറാത്തകൾ കോട്ടകൾ തിരികെ തിരിച്ചെടുക്കുവാനും ശക്തി സംഭരിക്കുവാനും തുടങ്ങി. ഭയങ്കരമായ ഒരു ക്ഷാമം, സേനകൾക്കുവേണ്ടി സജ്ജീകരിച്ചിരുന്ന സാധനങ്ങൾക്കു ഒരറുതി വരുത്തി. ഖജാന ശൂന്യമായി. ശമ്പളം കൊടുക്കാത്തതുകൊണ്ടു് പട്ടാളലഹള. മറാത്തകളാൽ ഭയങ്കരമായി ആക്രമിക്കപ്പെട്ട അറംഗസീബ് വലിയ പരിഭ്രമത്തോടെ അഹമ്മദ്നഗരത്തിലേക്കു് പിൻവാങ്ങി. അവിടെവച്ചു് അയാൾക്കു സുഖമില്ലാതായി.

1707—ഫെബ്രുവരി 21-ാം തീയതി തൻെറ 89-ാം വയസ്സിൽ അറംഗസീബ് അന്തരിച്ചു. (ഒരൊററ മകനെ പോലും തൻെറ കിടക്കയുടെ സമീപത്തേക്കു് അടുക്കുവാൻ അയാൾ സമ്മതിച്ചില്ല.)

## യൂറോപ്യൻ വർത്തകരുടെ ഇന്ത്യയിലേക്കുള്ള തള്ളിക്കയററം

1497-ഡിസംബറിൽ പോർത്തുഗീസുകാരായ വാസ്ക്കോ-ഡി-ഗാമ സുപ്രതീക്ഷാമുനമ്പു ചുററി; 1498-മെയ് മാസത്തിൽ കോഴിക്കോട്ടു നങ്കൂരമുറപ്പിച്ചു. അതു കഴിഞ്ഞു് പോർത്തുഗീസുകാരുടെ കച്ചവടകേന്ദ്രങ്ങൾ ഗോവയിലും, ബോംബെയിലും, സിലോണിലെ "പോയിൻെറ് ഡിഗാലിലും" സ്ഥാപിതമായി.

1595-ൽ (ഒരു നൂററാണ്ടിനുശേഷം ഇപ്പോഴത്തെ കൽക്കട്ടക്കരികെയുള്ള സ്ഥലത്തു് ഒരു കോളനി സ്ഥാപിക്കുവാനുള്ള അവകാശം ഡച്ചുകാർക്കു കിട്ടി.

1600—ലണ്ടൻ ഈസ്റ്റ്ഇന്ത്യ കമ്പിനി. നഗരത്തിലെ കച്ചവടക്കാരുടെ ഒരു കമ്പനി സ്ഥാപിതമായി.

1600—ഡിസംബർ 30. പൂർവ്വദേശങ്ങളുമായി സിൽക്ക്, പരുത്തി, വിലപിടിച്ച കല്ലുകൾ എന്നിവയിൽ വ്യാപാരം നടത്തുന്നതിന്നു എലിസബെത്തിൽനിന്നു ഒരു ചാർട്ടർ ലഭിച്ചു. ഈ കമ്പനി നിയന്ത്രിക്കുന്നതു് ഒരു ഗവർണ്ണരും 24 കമ്മിററികളും ആയിരിക്കും.

1601—അവരുടെ ആദ്യത്തെ കപ്പൽ (ഇന്ത്യയിലേക്കു്) പുറപ്പെട്ടു, മുഗൾ ചക്രവർത്തിയായ ജഹാംഗീർ,

1613 *—ഒരു തീട്ടൂരം മുഖാന്തിരം ഈ കച്ചവടക്കാർക്കു സൂറത്തിൽ ഒരു വ്യാവസായിക തുറമുഖം നൽകുകയും 1615ൽ സർ തോമസ്റോവിനെ ദൗത്യവുമായി ഡൽഹിയിലേക്കു വരുവാൻ അനുവദിക്കുകയും ചെയ്തു.

1614—കമ്പനി പാർലിമെണ്ടിൻെറ ഇടപെടൽ കൂടാതെതന്നെ, ഇന്ത്യയിൽ ഉള്ള അവരുടെ ജോലിക്കാരെ നിയമപ്രകാരം ശിക്ഷിക്കുവാനുള്ള അവകാശം അപേക്ഷിച്ചു കൈവശമാക്കി. അങ്ങിനെ പൗരന്മാരുടെ ജീവനെയും സ്വത്തിനെയും സംബന്ധിച്ച സീമയററ അധികാരം (ജെയിംസ് മിൽ) † ചക്രവർത്തി ആദ്യമായി ഒരു കമ്പനിക്കു നൽകിയതായിരുന്നു. ഇതു് യൂറോപ്യൻ ബ്രിട്ടീഷ് പൗരന്മാർക്കുമാത്രമെ ബാധകമായിരുന്നുള്ളു.

1634—ഷാജഹാൻെറ കല്പനപ്രകാരം ബംഗാളിൽ ആദ്യത്തെ ഫാക്ടറി സ്ഥാപിക്കപ്പെട്ടു.

1639—മദിരാശിയിൽ കച്ചവടം ചെയ്യുവാനുള്ള അധികാരം ഇംഗ്ലീഷുകാർക്കു് നൽകപ്പെട്ടു.

1654—കമ്പനിയുടെ കുത്തകാവകാശം 50 കൊല്ലത്തെ തനതായ കച്ചവടാവകാശത്തിന്നുശേഷം—പുതിയതായി

---

* 1612-ബർഗസ്സ അഭിപ്രായപ്പെടുന്നു.

† ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ വ്യാളം ഒന്നു് ലണ്ടൻ 1858.

"ദി മെർച്ചൻററ്സ് അഡ്വൻച്ചേർസ്" എന്ന പേരിൽ സ്ഥാപിതമായ ഒരു പുതിയ സൊസൈററി മൂലം അപകടത്തിൽപ്പെട്ടു.

1661—ഇന്ത്യൻ വിപണിയിൽ, എതിർപ്പ് ഇല്ലാതാക്കാൻവേണ്ടി, കമ്പനി ഈ പുതിയ അഡ്വൻച്ചർമാർക്ക് തങ്ങളുമായി ഏകീകരിക്കുവാനുള്ള അനുവാദം നൽകി.

1662–ചാറത്സ് ദ്വിതീയൻ, പോർത്തുഗൽ രാജാവിൻെറ മകളെ വിവാഹം കഴിച്ചു. അവരുടെ സ്ത്രീധനത്തിൻെറ കൂട്ടത്തിൽ ബോംബെ തുറമുഖവും ഉണ്ടായിരുന്നു. അതങ്ങിനെ ചക്രവർത്തിയുടെ സ്വത്തായി.

1668—ഉല്ലാസവാനായ അയാൾ (ദി മെരിവൺ) ബോംബെ തുറമുഖം പൂർവ്വേന്ത്യാ കമ്പനിക്കു നൽകി. അക്കൊല്ലത്തിൽത്തന്നെയാണ് ഇംഗ്ലണ്ടിൽനിന്നു ചായക്കുള്ള (ചൈനാക്കാരെ അനുകരിച്ച് അസതിനു 'ചെരയ്' എന്നാണ് പറഞ്ഞിരുന്നതു്.) ആദ്യത്തെ ഓർഡർ മദിരാശിയിൽ എത്തിയതു്. കുത്തകാവകാശത്തിൻെറ പാരമ്യത കുറിക്കുന്ന ഒരു ചാർട്ടർ അക്കൊല്ലം ചാറത്സ് ദ്വിതീയൻ പൂർവ്വേന്ത്യാകമ്പനിക്കു നൽകി; ഈസ്റ്റ് ഇന്ത്യാകമ്പനിയിലെ കച്ചവടക്കാർക്ക് ലൈസൻസില്ലാതെ സ്വന്തം നിലയിൽ ആരെങ്കിലും കച്ചവടം ചെയ്യുന്നതു് കണ്ടാൽ അവരെ പിടിച്ചു തടവിലാക്കുവാനും ഇംഗ്ലാണ്ടിലേക്കയക്കുവാനും ഉള്ള അധികാരവുംകൂടി നൽകപ്പെട്ടു.

1682— രാജ്യത്തെ കോർട്ട് ഓഫ് ഡയറക്ടർമാർ ബംഗാളിനെ ഒരു പ്രത്യേക പ്രവിശ്യയാക്കി. അല്പം ചില ഫാക്ടറികളും, വ്യാപാരമണ്ഡലങ്ങളും ചിതറിക്കിടക്കുന്ന ഒരു പ്രവിശ്യ). അതിനൊരു ഗവർണ്ണറും കൽക്കട്ടയാണ്. ആസ്ഥാനമായ ഒരു കൗൺസിലും ഉണ്ടായി.

1688—കൽക്കട്ടയുടെ സ്ഥാപകനായ "ചാർനോക്കി' നെ മുഗിളർ ബംഗാളിൽനിന്നു പുറത്താക്കി. മരണഭീതി

മുഴുത്ത അയാൾ മററു കച്ചവടക്കാരൊടൊപ്പം നദിവരെ പലായനം ചെയ്തു.

1690—പുറത്താക്കപ്പെട്ട ദിക്കിൽനിന്നു് അറംഗസീബിൻെറ അനുമതിയോടെ 'നാസ്സൽ' പുറത്തുകടന്നു. ചാർനോക്കു് കോട്ടകൾ കെട്ടിയും, സേനയെ ദൃഢപ്പെടുത്തിയും, കൽക്കട്ടയിൽതന്നെ സ്ഥിരതാമസമാക്കി.

1698—അറംഗസീബ് നാസ്സളെ അഥവാ കമ്പനിയെ, മൂന്നു വില്ലേജുകൾ, കൽക്കട്ട, ചട്ടർനട്ടി, ഗോവിന്ദപുരം എന്നിവ വിലക്കു വാങ്ങാൻ അനുവാദം നൽകി. അവർ പിന്നീടു് അവിടെ കോട്ടകൾകെട്ടി സർ ചാറത്സ് അയാർ ഈ പുതിയ കോട്ടകൾക്കു്, ഡച്ച്‌വിമോചകൻെറ സ്മരണ ഉദ്ദേശിച്ചു് "ഫോർട്ടുവില്യം" എന്നു നാമകരണംചെയ്തു. ഇന്നും പൊതു ആധാരങ്ങളിൽ ഫോർട്ടുവില്യം—ബംഗാൾ എന്നു് പേർ കാണാം.

അക്കൊല്ലത്തിൽ തൻെറ വില്യമിൻേറയും മേരിയുടേയും 9-ം 10-ം ചാർട്ടർ പ്രകാരം ഒരു പുതിയ കമ്പനി ഇംഗ്ലണ്ടിൽ സ്ഥാപിതമായി. 2,000000 പവൻ 8 ശതമാനം പലിശയോട്ടുകൂടി കടംകൊടുക്കുന്ന, ഏതൊരാൾക്കും സംഘടിതമായി ഒരു കമ്പനിയുണ്ടാക്കി, പൗരസ്ത്യ ഇന്ത്യയുമായി കച്ചവടം ചെയ്യാനായിരുന്നു; വ്യാപാരം ചെയ്യുവാൻ അനുവദിക്കപ്പെട്ടവക്കു കടത്തിലേക്കു അവ നൽകിയിട്ടുള്ള തോതിൽ കവിഞ്ഞു സംഖ്യക്കു കയററുമതി ചെയ്യാൻ പാടുള്ളതായിരുന്നില്ല. ഈ കമ്പനിയുടെ നാമധേയം; ദി ഇംഗ്ലീഷ് ഈസ്റ്റ്‌ഇന്ത്യ കമ്പനി.

1700—സർ വില്യം നോറിസ്സിൻെറ നേതൃത്വത്തിൽ, അറംഗസീബിൻെറ അടുക്കലേക്കയച്ച ദൗത്യം തികച്ചും നിഷ്ഫലവും വമ്പിച്ച ചിലവു വരുത്തിവെച്ചതുമാകയാൽ, ഈ പുതിയ കമ്പനി തകർന്നുപോയി.

1702—പഴയ ലണ്ടൻ കമ്പനി "പുതിയ കമ്പനി"യുമായി സംയോജിക്കപ്പെട്ടു. അന്നുതൊട്ട് അതു പൗരസ്ത്യ ഇന്ത്യയിലേക്കുള്ള കച്ചവടക്കാരുടെ ഐക്യകമ്പനിയായി. (ദി യുണൈററഡ് കമ്പനി ഓഫ് മർച്ചൻസ് ട്രേഡേർസ് ടു ഈസ്റ്റ് ഇന്ത്യാ.)

അക്കൊല്ലത്തിൽത്തന്നെ അറംഗസീബ് "മുർഷീദ് ക്കുലിഖാൻ" എന്ന നാമധേയത്തിൽ ഒരു മിർജാഫറെ ദിവാനായി നിയമിച്ചു (ദിവാൻ മുഗൾ ഗവൺമെന്റുടെ ഒരു ഉദ്യോഗസ്ഥനാണ്. തൻെറ പ്രവിശ്യക്കകത്തു് നികുതി പിരിക്കുന്നതിൻെറ മേലന്വേഷണവും അവിടെ ഉണ്ടാകുന്ന സിവിൽ കേസുകൾക്കു തീർപ്പുകല്പിക്കുകയുമാണ് അയാളുടെ ജോലി.) [അതു കഴിഞ്ഞ ജാഫർഖാൻ] ബംഗാൾ, ബീഹാർ, ഓറിസ്സ എന്നിവിടങ്ങളിലെ സുബേദാറായി (ഒരു ഡിസ്ത്രിക്ടിലെ വൈസ്രോയി ആയിരുന്നു സുബേദാർ. മിക്കപ്പോഴും ഈ രണ്ടു ഉദ്യോഗങ്ങളും ഒരാളിൽ ലയിക്കാറുണ്ടു്.)

ഈ മാന്യൻ "രമ്യരായ ആംഗ്ലേയരുമായി" വഴക്കായിരുന്നതിനാൽ എപ്പോഴും അവരുടെ വാണിജ്യവുമായി ഇടപെട്ടുന്നവൎക്കു് നിരന്തരമായ ശല്യം ഉണ്ടാക്കിയിരുന്നു. (1715-ൽ അവർ അയാൾക്കു് എതിരായി ഫറുൾഷർക്കു ഒരു ഹരജി സമർപ്പിച്ചു. അയാൾ ഇംഗ്ലീഷുകാൎക്കു് 38 നഗരങ്ങൾ! സമ്മാനമായി നൽകിയതിനു പുറമെ ഒരു "ഡസ്റ്റക്ക്" അഥവാ ഔദ്യോഗിക പാസ്സുമൂലം, ഒരോ കെട്ടു സാമാനവും ഉദ്യോഗസ്ഥന്മാരുടെ പരിശോധനയിൽനിന്നു് ഒഴിവാക്കി, നികുതി ഇളവുചെയ്തുകൊടുത്തു. സുപ്രസിദ്ധ നികുതി ഉദ്യോഗസ്ഥനായിരുന്ന മുർഷിദ്ക്കുലിഖാൻ സാഹസികമായ പിടിച്ചുപറിയും ക്രൂരതയും മൂലമായി, കൽക്കത്തയിലെ നികുതിപിരിവിൽ വളരെ മിച്ചമുണ്ടാക്കി, അതു് കൃത്യസമയത്തുതന്നെ ഡൽഹിയിൽ എത്തിച്ചുകൊടുത്തിരു

ന്നു, അയാൾ പ്രവിശ്യയെ "ചക്ലാസ്സുകളായി വിഭജിച്ചു, അതിലെ ഓരോന്നിൻേറയും നികുതിപിരിവിന്നായി ചീഫ് കളക്ടർ എന്ന ഒരു ഉദ്യോഗസ്ഥനെ സ്വയം നിയമിച്ചു. ഈ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ലാവണം ഒരു പരമ്പര്യ സ്വഭാവമുള്ളതാക്കിത്തീർക്കുന്നതിൽ വിജയിച്ചു് 'സെമിന്ദാരിരാജാക്കന്മാർ' എന്ന പദവി അവകാശപ്പെട്ടു.

അറംഗസീബിൻേറ അനന്തരവാകാശിയായി സിംഹാസനാരോഹണം ചെയ്തതു് മുവാസം രാജകുമാരനാണു്,

## 7. അറംഗസീബിൻേറ പിൻതുടർച്ചക്കാർ; വലിയ പാനീപ്പററ് സമരത്തിലേക്കു്: മുഗൾ അധികാരത്തിൻേറ അധ:പതനം 1707–1761

1707–1712–ബഹദൂർഷാ (ഇതാണു് മുവാസം രാജകുമാരൻ സ്വീകരിച്ച സ്ഥാനപ്പേരു്) ജീവിച്ചിരിപ്പുള്ള അസിം രാജകുമാരനും (അറംഗസീബീൻേറ രണ്ടാമത്തെ മകൻ) മൂന്നാമനായ കാംബക്ഷ് രാജകുമാരനും വിപ്ലവസന്നദ്ധനായി. മുവാസം രാജകുമാരനുമായുള്ള യുദ്ധത്തിൽ അവർ രണ്ടുപേരും തോല്പിക്കപ്പെട്ടു—വധിക്കപ്പെട്ടു. ബഹദൂർ തൻേറ ശക്തി മുഴുവൻ കേന്ദ്രീകരിച്ചതു് മറാത്തക്കു് എതിരായാണു്—മററു പ്രധാനികളുടെ ഇടയിൽ ആഭ്യന്തരകലഹങ്ങൾ അഴിച്ചുവിട്ടു—ഒടുവിൽ ഒട്ടും ഗുണകരമല്ലാത്ത ഒരു സന്ധി അവരുടെ മേൽവെച്ചു കെട്ടി.

1709—രാജപുത്രസംസ്ഥാനങ്ങളായ ഉദയപുരം. മാർവാർ, ജയപുരം എന്നിവയുമായി ഗുണകരമായ സന്ധികൾ ചെയ്തു.

1711—ശീഖന്മാരുമായി വ്യതിരിട്ടു; അവരെ പഞ്ചാബിൽനിന്നു മലയിലേക്ക് ഓടിച്ചു. അകബ്റുടെ കാലത്തായി ഉടലെടുത്ത്, ഈശ്വരവിശ്വാസികളായ ഹിന്ദുക്കളുടെ മതപരമായ ഒരു സംഘടനയായിരുന്നു ശിഖന്മാരുടെ. 'താതാക്ക്' ആയിരുന്നു അവരുടെ നേതാവ്. ചെറിയ ചെറിയ വകുപ്പുകളായി അവർ അവരുടെ ഗുരുക്കന്മാരുടെ (മതപ്രധാനികൾ) നിർദ്ദേശത്തിൻ കീഴിൽ, മുസ്ലൽമാൻമാർ അവരെ ഉപദ്രവിക്കുവാൻ തുടങ്ങുന്നതുവരെയും 1606 ൽ അവരുടെ നേതാവിനെ വധിക്കുന്നതുവരെയും) പ്രശാന്തരായി ജീവിച്ചുപോന്നു. അതു കഴിഞ്ഞപ്പോൾ മുഹമ്മദീയമായതെല്ലാംതന്നെ അവർ ഭയങ്കരമായി വെറുക്കുവാൻ തുടങ്ങി. സുപ്രസിദ്ധനായ ഗുരുഗോവിന്ദന്റെ കീഴിൽ അവരൊരു സൈനികശക്തിയായി വളന്നു് പഞ്ചാബ് കീഴടക്കി.

1712—71-ാമത്തെ വയസ്സിൽ ബഹദൂർ മൃതിയടഞ്ഞു. നിരവധി രണങ്ങൾക്കും, കൊലകൾക്കും ശേഷം അയാളുടെ അദ്ധപ്രജ്ഞനായ മകൻ സിംഹാസനസ്ഥനായി.

2) 1712-1713—ജഹന്ദർഷ, അയാൾ സുൾഫിഖാനെ മന്ത്രിയാക്കി, പക്ഷേ പ്രഭുക്കൾ വിരാജിച്ചിരുന്ന സ്ഥലത്തേക്ക് അടിമകളെ ഉയർത്തി, അയാളുടെ മരുമകൻ ഫറുക്ക്ഷർ.

1713—ബംഗാളിൽ ബഹളമുണ്ടാക്കി ആഗ്രക്കടുക്കൽ വെച്ചു രാജകീയ സൈന്യത്തെ തോല്പിച്ചു ജഹന്ദർഷായേയും, സുൾഫിഖാനെയും വധിച്ചു.

1713-1719—ഫറൂക്ക്ഷർ, പ്രഭുവംശരായ, അയാളുടെ രണ്ടു സഹായികൾ സയ്യദ്അബ്ദുള്ളയും സയ്യദ്ഖാനും തങ്ങൾക്കു കൊട്ടാരത്തിൽ വലിയ സ്ഥാനം കിട്ടേണ്ടതിലേക്ക് അയാളെ നിർബ്ബന്ധിച്ചു. രഹസ്യമായി അയാൾക്കു അവരെ ഭയവുമായിരുന്നു. ഹുസൈൻ ഡക്കാനിലേക്കു പോയി

ചക്രവത്തിയുടെ രഹസ്യമായ പ്രേരണമൂലം അവിടത്തെ ഗവർണറായ ദാവൂദ് അയാളെ എതൃത്തു; പക്ഷേ വിജയ സമയമായപ്പോഴക്കും വധിക്കപ്പെട്ടു. പിന്നീട്ട് ഹുസൈൻ മറാത്തരുടെ നേരെ (യുദ്ധത്തിനുപോയി) യാതൊരു ഗുണ വും കിട്ടാത്തതിനാൽ അവസാനം അവിടത്തെ ചെറുപ്പക്കാ രനായ രാജസ്സാഹുവായി സന്ധിചെയ്തു. ആ സമാധാനം, അപമാനകരമാണ് എന്ന നിലയിൽ ഫറൂക്ക്ഷർ അംഗീ കരിക്കുവാൻ കൂട്ടാക്കിയില്ല;

[1715—കൽക്കട്ടയിലെ ഇംഗ്ലീഷുകച്ചവടക്കാർ വൈ സ്രോയിയായ മുർഷീദ്കുലിഖാൻെറ എതിരായി ദൽഹി യിലേക്കു ഒരു നിവേദകസംഘത്തെ അയച്ചു, അതിലൊ രാളായ സർജ്ജൻഹാമിൽടൺ ചക്രവത്തിയെ വലിയ ഒരു സുഖക്കേടിൽനിന്നു രക്ഷപ്പെടുത്തി. അതുകൊണ്ടു്.

1719—ഭയപ്പെട്ടത്തലിനു വിധേയനായ സയ്യദ്അബ്ദു ള്ള, ഹുസൈനിനെ ഡക്കാനിൽനിന്നു് വിളിച്ചു; ഫെറുക്ക് ഷയറെ, അന്തഃപുരത്തിൽവെച്ചു സ്വന്തം കൈകൊണ്ടു വധിച്ചുകളഞ്ഞു. അയാളുടെ മരണം കഴിഞ്ഞ അടുത്ത രണ്ടു മാസങ്ങൾക്കുള്ളിൽ വിപ്ലവകാരികളായ ആ പ്രഭുക്കൾ, പ്രായപൂത്തിയാകാത്ത രണ്ടു രാജകുമാരന്മാരെ സിംഹാസന ത്തിൽ കയററി ഇറക്കി, ഒടുവിൽ രാജവംശത്തിൽത്തന്നെ പെട്ട മുഹമ്മദ്ഷാ എന്ന ഒരാളെ തീരുമാനിച്ചു.

## 4. 1741–1748 മുഹമ്മദ്ഷാ–ഉടനടിതന്നെ നിരവധി ലഹളകൾ പെട്ടിപുറപെട്ടു.

1720—ആസഫ്ജാ–മാൾവയിലെ ഗവർണ്ണർ സ്വാത ന്ത്ര്യപ്രഖ്യാപനം നടത്തി.

[അറംഗസീബിൻെറ പ്രീതിഭാജനമായിരുന്ന ഗാസ്-ഉഡിൽ എന്നൊരു തുക്കി പ്രഭുവിൻെറ മകനായിരുന്നു അയാൾ. യാഥാൎത്ഥനാമധേയം ചിൻചിലച്ച്ഖാൻ, ആദ്യം ഡക്കാൻെറയും പിന്നീട് മാൾവയുടെയും ഗവൎണ്ണറായി. നൈസാംഉൾമുൾക്ക്-എന്നും വിളിക്കപ്പെട്ടിരുന്നു. അയാളുടെ അനന്തരാവകാശികൾ ഡക്കാനിലെ നൈസാമുകളായി. സയ്യദ്ദുകളുടെ നിയന്ത്രണത്തിലുള്ള രാജകീയ സൈന്യങ്ങളെ അയാൾ ബൎഹൻപൂരിലും, ബാലപ്പൂരിലും വെച്ച തോല്പിച്ചു. സയ്യദ്മാരെ ദയവുണ്ടായിരുന്ന മുഗൾ ചക്രവൎത്തി അധികം താമസിയാതെ ആസഫ്ജായെ തൻെറ മന്ത്രിയാക്കെ-പക്ഷേ പിന്നീട് അയാൾ ഒരു ഉപദ്രവമാണെന്നു കണ്ടപ്പോൾ,

1723—* [ആസഫ്ജാ] ഡക്കാനിലേക്ക മടങ്ങി. സയ്യദ് ഹുസൈനെ ഒരു കാൽമക്ക് കൊന്നുകളഞ്ഞു. (ചക്രവൎത്തിയുടെ രഹസ്യമായ കല്പനമൂലമാണെന്നു പറയപ്പെടുന്നു.) (സയ്യദ്) അബ്ദുള്ള പുതിയ ഒരു ചക്രവൎത്തിയെ സിംഹാസനസ്ഥനാക്കുവാൻ ശ്രമിച്ചു—പക്ഷേ അയാൾ തോല്പിക്കപ്പെട്ടു-തടവുകാരനായി. ആ സമയത്തു് രാജപുത്രന്മാർ ഗുജറാത്തു് സാമ്രാജ്യത്തിൽനിന്നു വേൎപെടുത്തിയെടുത്തു.

1775-മുഹമ്മദ്ഷാ, ഹൈദരബാദിലെ ഗവൎണ്ണരായ മുബാറിസ്ലിനോട്ട് ആസഫ്ജായെ എതുക്കുവാൻ കല്പിച്ചു. രണ്ടാമൻ അയാളെ തോല്പിച്ചു. കൊന്നു, തല ഡൽഹിയിലേക്ക് അയച്ചുകൊടുത്തു.

1726-ബാലാജിവിശ്വനാഥിൻെറ (രാജസാഹുവിൻെറ മന്ത്രിയായിരുന്നു. അയാളുടെ സാമ്രാജ്യം കെട്ടിപ്പടുത്ത വ്യക്തിയുടെ മരണം) അയാളായിരുന്നു ആദ്യത്തെ പേഷ്വ—

* 1724—അഭിപ്രായം എൽഫിൻസ്റ്റൻെറ.

അതായതു് മറാത്ത രാജാവിൻെറ മന്ത്രിമാർ അംഗീകരിച്ചിരുന്നതാവാം. (ഒട്ടവിൽ പേഷ്വമാർ സർവ്വ അധികാരങ്ങളും പിടിച്ചുപററി. രാജകീയ കുട്ടംബങ്ങൾ സത്താറയിൽ ശാന്തമായി ജീവിച്ചുപോന്നു. എല്ലാ അധികാരങ്ങളും പോയ്പ്പോയ അവർ സതാറയിലെ രാജക്കന്മാർ മാത്രമായി അവശേഷിച്ചു. അയാളെ പിൻതുടന്നതു് അയാളുടെ ഊജ്വസ്വലനായ പുത്രൻ ബാജിറാവു (പേഷ്വമാരിൽവെച്ചു ഏററവും മഹാനും, ശിവാജിയെ ഒഴിച്ചാൽ മറാത്തരിൽ ഏററവും പ്രാപ്തനമായിരുന്ന അയാൾ) ആയിരുന്നു. മുഗൾസാമ്രാജ്യത്തിനോട്ടതന്നെ ഒരു കൈനോക്കുവാൻ അയാൾ സാഹുവിനെ പ്രേരിപ്പിച്ചു. സാഹു സർവ്വാധികാരങ്ങളും അയാളെ ഏല്പിച്ചുകൊട്ടത്തു. അയാൾ മാൾവ കൊള്ളയടിച്ചു.

1722 *—ബംജാറാവ് ഹൈദരബാദിൽവെച്ചു ആസഫ്ജായെ (മുഗിൾ ഗവർണ്ണരെ) ആക്രമിച്ചു അയാളെ അമ്പെ തോല്പിച്ചു, അതിനും പുറമെ ഗുജറാത്തു് കൊള്ളയടിച്ചു.

അന്നത്തെ മറാത്ത സൈന്യാധിപന്മാർ ഡക്കാനിലെ ഉന്നതമായ മൂന്നു വർഗ്ഗങ്ങളുടെ സ്ഥാപകരായിരുന്നു. ഉദാജി പുവാർ, മലഹർ ഹോൾക്കർ—റാണാജി സിന്ധ്യ.

1733 †–ബാജിറാവുവും, ആസഫ്ജായുമായി അന്യോന്യം സഹായിക്കുവാനുള്ള രഹസ്യ ഖരാർ.

1734—മാൾവയും ബുണ്ഡൽഖണ്ഡും മറാത്തർ പിടിച്ചടക്കി. സ്വായത്തമാക്കിയ സ്വത്തുക്കൾ അവക്കു് തിരികെ കൊട്ടത്തു്, ചക്രവത്തി, ആസഫ്ജായുടെ സ്ഥലങ്ങളിൽ ചൗത്ത് പിരിക്കുവാനുള്ള അവകാശവും നൽകി. ഇതു് (ആസഫ്ജായും ബാജിറാവും തമ്മിലുണ്ടായ) ഖരാർ ലംഘിച്ചു. ആസഫ് സഖ്യത്തിലേക്കു് പിൻമടങ്ങി.

* എൽഫിസ്റ്റനെറ മതം **1721.**

† **1731**—ബർഗസ്സിൻെറ അഭിപ്രായത്തിൽ.

1737–യമുനക്കപ്പുറത്തുള്ള സ്ഥലങ്ങൾ കൊള്ളചെയ്തു, ബാജിറാവു പെട്ടെന്നു ഡൽഹിയിൽ പ്രത്യക്ഷപ്പെട്ടു. പക്ഷേ അതു് ആക്രമിക്കാതെ മടങ്ങി, ആസഫ്ജാ അയാളെ എതൃത്തപ്പോൾ ബോപ്പാൽ (കോട്ടയുടെ) സമീപത്തുവെച്ചു തോല്പിക്കപ്പെട്ടു. അതോടെ നമ്മദയുടെയും ചമ്പാലിൻേറയും ഇടക്കുള്ള പ്രദേശങ്ങൾ മറാത്തക്ക് വിട്ടുകൊടുക്കുവാൻ അവർ നിർബന്ധിതരായി. അങ്ങിനെ മറാത്തർ ഉത്തരേന്ത്യയിൽ സ്ഥാനം പിടിച്ചു,

1730–1740–നാദിഷോ ഇന്ത്യയെ ആക്രമിച്ചു (ആദ്യം അയാൾ ഒരു കൊള്ളക്കാരനായിരുന്നു—പേഷ്യയിലെ ഷായായ തമാസ്പ്, കിൽജിമാരാൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടപ്പോൾ, തൻെറ അനുയായികളോട്ടുകൂടി നാദിർഷാ അയാളുടെ കൂടെക്കൂടി. നാദിർ, തമാസ്പിനെ സിംഹാസനം തിരികെ നേടാൻ സഹായിച്ചു. പിന്നീട്ട് അയാളെ അവിടെ നിന്നു മാററി താൻതന്നെ ഷായായി കാൻഡഹാറും കാബൂളും കൊള്ളചെയ്തു അയാൾ ഇന്ത്യയെ ആക്രമിച്ചു.

1739—നാദിർഷാ ലാഹോർ കൈക്കലാക്കി, കാർനലിൽവെച്ചു മുഹമ്മദ്ഷായെ തോല്പിച്ചു. ചക്രവത്തി കീഴടങ്ങി, ഡൽഹിയിലേക്ക് നാദിർഷായെ അനുഗമിച്ചു ദൽഹിയിൽവെച്ചു ഹിന്ദുക്കൾ കുറെ പേഷ്യക്കാരെ കൊന്നതിൻെറ പേരിൽ ഹിന്ദുക്കളെ കൂട്ടക്കൊല ചെയ്തു. നാദിർഷായുടെ ക്രൂരതയും കവച്ചയും.

1740—നാദിർഷാ എട്ടക്കാവുന്നിടത്തോളം മുതല്യകളോട്ടുകൂടി; മുഗൾസാമ്രാജ്യത്തെ അതിൻെറ അധഃപതനത്തിനു വിട്ടുവെച്ച് നാട്ടിലേക്ക് (മടങ്ങി). അക്കൊല്ലം തന്നെ മറാത്തരുടെ എതൃപ്പു തുടങ്ങി. പേഷ്വ ബാജിറാവു മരിച്ചു; തൽസ്ഥാനത്തു് അയാളുടെ മകൻ ബാലാജിറാവു്

1743—ബാലജി മാൾവയിലേക്ക് മാർച്ചുചെയ്തു–ദൽഹി കൊട്ടാരത്തിൽ വീണ്ടും തൻെറ ആവശ്യങ്ങൾ അറിയി

ച്ചു. ചക്രവത്തി വിപ്ലവമുണ്ടാക്കിയ രഘൂജിഖാൻേറതായി രുന്ന മാൾവ മറാത്തക്ക് വിട്ടുകൊടുത്തു.

1744 —ബാലാജി രഘുജിയെ തോല്പിച്ചു ഓടിച്ചു; പിന്നീട് സററാറയിലേക്ക് മടങ്ങി.

1744 *—അഹമ്മദ്ഖാൻ ദുരാണിയുടെ ആദ്യത്തെ ആക്രമണം, നാദിർഷാ കൊല്ലപ്പെട്ടു. അബ്ദാലിയുടെ അഫ്ഗാൻ വർഗ്ഗം അഥവാ ദുരാണി (അങ്ങിനെയാണ് ഒട്ടുവിൽ അതിനെ വിളിച്ചുവന്നതു്) അഹമ്മദ്ഖാൻെറ നേതൃത്വത്തിൽ പഞ്ചാബ് പിടിച്ചു. അയാളെ മുഹമ്മദിൻെറ മകനായ അഹമ്മദ്ഷാ തോല്പിച്ചു.

1748—ആസഫ്ജായും, മുഹമ്മദ്ഷായും മരിച്ചു— മകൻ അഹമ്മദ്ഷാ സ്ഥാനാരോഹണം ചെയ്തു.

1749—സാഹുരാജ മരിച്ചു. മൂത്ത രാജറാമിൻേറയും അയാളുടെ ഭാര്യ തുളസിഭായിയുടേയും പൌത്രനായ രാജറാമിനെ ബാലാജി സിംഹാസനസ്ഥനാക്കി.

5) 1748-1754-അഹമ്മദ്ഷാ, ഔധിലെ (അയൽ പ്രദേശങ്ങളിലുള്ള രോഹില്ലകരോടു ഉടനെടി വഴക്കുകൾ ആരംഭിച്ചു (അഫ്ഗൻ വംശജരായ രോഹില്ലക്കാർ കാബൂളിൽനിന്നു വന്നവരാണ്. ആദ്യമായി അവർ വടക്കുപടിഞ്ഞാറൻ ഹിമാലയത്തിലേക്ക്-റോഹില്ല ഹിമാലയം എന്നു വിളിക്കുന്ന സ്ഥലത്തേക്ക് നീങ്ങി. 17-ാം നൂററാണ്ടിൻെറ അവസാനത്തോടെ ഡൽഹിയുടെ വടക്കുകിഴക്കൻ ഭാഗങ്ങളിൽ—ഗോഗ്രയുടെയും ഗംഗാനദിയുടെ ഇടക്ക്—അവർ രോഹിൽഖണ്ഡ് എന്ന നാമകരണം ചെയ്ത സ്ഥലത്തു് താമസമുറപ്പിച്ചു.) അയാൾക്കു അവരെ തടുത്തുനിത്തുവാനുള്ള ശേഷി ഉണ്ടായിരുന്നില്ല. അവർ അലഹബാദിലേക്കു

* 1748—എൽഫിസ്റ്റൺ.

കടന്നു, മന്ത്രിയായ സഫീഡർജങ്ങ്, അവരുടെ എതിരായി മറാത്തരുടെ സഹായമഭ്യത്ഥിച്ചു. മറാത്തക്കാർ (രോഹില്ലക്കാരെ) ഓടിച്ചു; അവരുടെ സഹായത്തിന്ന പ്രതിഫലമായി ഹോൾക്കാക്കും സിന്ധ്യക്കും ജാഗീറുകൾ സമ്മാനിക്കപ്പെട്ടു.

1751 *—അഹമ്മദ് ദുറാണിയുടെ രണ്ടാം പഞ്ചാബ് ആക്രമണം. പഞ്ചാബ് ശാന്തമായി കീഴടങ്ങി. അയാൾ ഷാ എന്ന പദവി അംഗീകരിച്ചു.

1754—ഗാസിവുഡിൻ–ആസഫ്ജായുടെ മൂത്ത പുത്രന്റെ (മകൻ) ചക്രവത്തിക്കയാളോട്ട വെറുപ്പാകുകയാൽ അയാളെ പിടിച്ചു, കണ്ണുകൾ കുത്തിപ്പൊട്ടിച്ചു സ്ഥാനഭ്രഷ്ടനാക്കി, രാജകീയവംശത്തിൽപ്പെട്ട ഒരു രാജകുമാരനെ ചക്രവത്തിയാക്കി.

6) ആലിംഗിർ 2 എന്ന സ്ഥാനപ്പേരോടെ (അറംഗസീബ് ആലിംഗീർ പ്രഥമൻ എന്ന പേർ സ്വീകരിച്ചിരുന്നു.) ഗസിവുഡിൻ സ്വയം അയാളുടെ മന്ത്രിയായി, അതിക്രൂരമായി ഭരിക്കുവാൻ തുടങ്ങി. പൊതുജനങ്ങൾ പല പ്രാവശ്യവും അയാളെ വധിക്കുവാൻ ഒരുങ്ങി. അതെ മന്ത്രി.

1756–ൽ ഡൽഹിയിലേക്കുവന്ന അഹമ്മദ്ഷാ ദുരാണിയുടെ (പഞ്ചാബിലെ ഗവണ്ണരായി നിയമിച്ചിരുന്ന മകനെ ചതിവിൽ പിടിച്ചു, ഡൽഹി കൊള്ളചെയ്തു ലാഹോറിലേക്കു് മടങ്ങി.

1757—ഗസാവുഡിൻ മറാത്തരെ ക്ഷണിച്ചു: അവരുടനെ ദൽഹി തിരികെ പിടിച്ചു.

1758—മറാത്ത സേനാനായകനായ രംഘലാബ, അഹമ്മദ്ഷാ ദുരാണിയിൽനിന്നു പഞ്ചാബ് പിടിച്ചു, ഹിന്ദു

---

* 1751— എൽഫിസ്റ്റൺ.

Very good Book



സ്ഥാൻ മുഴുവനും മറാത്തരുടെ അധീനതയിൽ കൊണ്ടുവരു വാനുള്ള ഗൂഢാലോചന നടത്തി.

1759—യഥാർത്ഥമായ എന്തെങ്കിലും അധികാരമുണ്ടാ യിരുന്ന അവസാനത്തെ മുഗൾ ചക്രവർത്തിയായ ആലം ഗീർ രണ്ടാമനെ ശാസിവുദ്ധിൻ വധിച്ചുകളഞ്ഞു.

1760—പേഷ്യയുടെ സേനയെ നയിച്ചിരുന്ന സദാശി വഭാവേ (ഡൽഹി പിടിച്ചടക്കുവാൻ അതിവിപുലമായ സന്നാഹങ്ങൾ ഏർപ്പാടുചെയ്തതിനുശേഷം അയാൾ വടക്കോ ട്ടുപോയി) ഡൽഹി പിടിച്ചു. ഉടനെതന്നെ അഫ്ഗൻ (രോഹില്ല)കാർ അഹമ്മദ്ഷാദുറാണിയുടെ നേതൃത്വത്തിൽ വർഷക്കാലത്തിന്റെ പാരമ്യതയിൽ യമുനാകടന്നു. സദാശി വഭാവേ പാനിപററിൽ സുശക്തമായ കൈനിലയുറപ്പിച്ചു അക്രമണോദ്യുക്തരായ വമ്പിച്ച രണ്ടു സൈന്യങ്ങൾ, ഇന്ത്യ യുടെ തലസ്ഥാനം പിടിച്ചടക്കാനുള്ള ഉദ്ദേശത്തോടെ അ ന്യോന്യം നോക്കി നിലയുറപ്പിച്ചു.

1761—ജനുവരി 6 മൂന്നാം പാനിപററ് സമരം. അ ന്നെ ദിവസം മറാത്ത സേനാനായകന്മാർ സദാശിവഭാവ യോടു്, അനുതന്നെ യുദ്ധം പ്രഖ്യാപിക്കാത്തപക്ഷം തങ്ങൾ പിരിഞ്ഞുപോകുന്നതാണ് എന്നു അറിയിച്ചു. അതുവരെ രണ്ടു സൈന്യങ്ങളും സുശക്തമായി നിലയുറപ്പിച്ചു, നിരന്ത രമായി അന്യോന്യം ശല്യം ചെയ്തും; ഇരുഭാഗത്തേക്കുമുള്ള സാധനസാമഗ്രികൾ തടഞ്ഞും, നോക്കിനില്ക്കുകയായിരുന്നു. മറാത്തരുടെ കൂടാരത്തിൽ പട്ടിണിയും രോഗവും നിരവധി നാശങ്ങൾ വരുത്തിവെച്ചു.) സദാശിവറാവു പുറത്തേക്കു മാർച്ചുചെയ്തു. മറാത്തർ അന്നത്തെ യുദ്ധത്തിൽ ജയിച്ചു എന്നിടത്തായപ്പോഴേക്കും അഹമ്മദ്ഷാ പടയണിയുടെ മദ്ധ്യ ഭാഗത്തോട്ടു് കയറി ആക്രമിക്കുവാൻ കല്പിച്ചു. അതേസമ യത്തുതന്നെ അവരുടെ സേനയുടെ ഇടത്തെ നിര മുന്നോട്ടു കയറി മറാത്ത അണിയുടെ വലത്തെ അററം ഭേദിച്ചു. ആ

ആക്രമണം നിർണ്ണായകമായിരുന്നു. മറാത്തക്കാർ പരിഭ്രമിച്ചു ചിന്നിച്ചിതറി. അവർ സാമാന്യം തകന്നു. 2000,00 (അങ്ങനെയാണു് കണക്കു്) മുതിയടഞ്ഞവരെ ആ രണാങ്കണത്തിൽ വിട്ടു് ബാക്കിയുള്ളവർ നമ്മദയെ ശരണം പ്രാപിച്ചു. അഹമ്മദ്ഷായുടെ സൈന്യവും അമ്പെ തകന്നിരുന്നതിനാൽ വിജയമാഘോഷിക്കുവാൻ നില്ക്കാതെ അവർ പഞ്ചാബിലേക്കു് മടങ്ങി. ഡൽഹി പരിത്യക്തമായി ആരുമുണ്ടായിരുന്നില്ല അവിടം ഭരിക്കുവാൻ. ചുററുമുള്ള ഗവൺമെണ്ടുകൾ എല്ലാം തകന്നു. ആ ആഘാതത്തിൽനിന്നു് പിന്നീട്ടു് ഒരിക്കലും മറാത്തർ രക്ഷപ്രാപിക്കുകയുണ്ടായില്ല.

## പാനിപററ് സമരത്തിനു ശേഷമുള്ള രജ്യസ്ഥിതി

മുഗൾസാമ്രാജ്യം അസ്തമിച്ചു. നാമമാത്ര ചക്രവത്തിയായ ആലിഗോഹർ ബിഹാറിൽ ചുററിത്തിരിയുകയാണു്. മറാത്തരുടെ പേഷ്വയായ ബാലാജി ആധികൊണ്ടു മരിച്ചു. അയാളുടെ അധികാരം—ഗുജറാത്തിലെ ഗേയ്ക്ക്‌വാർ; നാഗപ്പൂർരാജ (ബോൺസ്ലെ) ഹോൾക്കർ, സിന്ധ്യ എന്ന നാലു പ്രമുഖൻമാരുടെ ഇടയിൽ വിഭജിക്കപ്പെട്ടു. ഹൈദരബാദിലെ നൈസാം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പക്ഷേ നഷ്ടങ്ങൾമൂലം അയാളുടെ ശക്തിക്കു ക്ഷതം പററിയിരുന്നു; ഫ്രഞ്ചുകാരുടെ സാഹയനയംമൂലം ക്ഷീണറ്റും.

1716–ൽ പാനിപററ്സമരം നടന്ന കൊല്ലത്തിൽ ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരെ ദക്ഷിണേന്ത്യയിൽ നിന്നു് തുരത്തി

യിരുന്നു. 1761 ജനുവരി 16-ാം തീയതി കൂട്ട്, പോണ്ടി ച്ചേരി ആക്രമിച്ചു. കൂട്ട് അവരുടെ അവിടത്തെ കോട്ടത കർത്തു. അങ്ങിനെ ഇന്ത്യയിൽ ഫ്രഞ്ച് അധികാരികൾക്കു ഉണ്ടായിരുന്ന അവസാനാവശിഷ്ടവുംകൂടെ നശിപ്പിച്ചു.

കർണ്ണാട്ടിക്കിലെ നവാബിനു തികച്ചും മദിരാശിയിലെ ഇംഗ്ലീഷ്ഗവർണ്ണരുടെ സന്മനസ്സിനെ ആശ്രയിക്കേണ്ടിയിരുന്നു. ഔധിലെ നവാബ് വളരെ അധികം സ്ഥലങ്ങളും സുശക്തമായ ഒരു സൈന്യവും ഉള്ള സ്വതന്ത്രരാജാവായി. രാജപുത്രർ വളരെ നല്ല പടയാളികളായിരുന്നു. പക്ഷേ അവർ ചിന്നിച്ചിതറിപ്പോയി. ഒരു ഐക്യരജപുത്രസംസ്ഥാനത്തെപ്പററി കിംവദന്തിപോലുമില്ല. ഇന്ത്യാചരിത്രത്തിൽ സുപ്രധാനമായ പങ്കുകൾ വഹിച്ചിരുന്ന മറാത്തരും രോഹില്ലക്കാരും. അവഗണിക്കാൻ വയ്യാത്ത ഒരു ശക്തിതന്നെയായിരുന്നു. ഇംഗ്ലീഷുകാരുടെ സഖ്യതയിൽ വർത്തിച്ചിരുന്നു, ഹൈദർആലി മൈസൂരിലെ വലിയ ഒരു ശക്തിയായിരുന്നു. അക്കാലത്തെ ഇന്ത്യയിലെ ഏററവും വലിയ അധികാരം ഇംഗ്ലീഷുകാരുടെതന്നെയായിരുന്നു. അവിടത്തെ ഏററവും വലിയ രണ്ടു സ്ഥാനങ്ങളുടെ-ബംഗാൾ, ബീഹാർ, ഒറീസ്സ സുബേദാരിയുടെയും, കർണ്ണാടക നവാബ് സ്ഥാനത്തും ഭരണാധികാരികളെ നിയമിച്ചിരുന്നതു് അവരായിരുന്നു. അധികം താമസിയാതെ അവരുടെ സഹായി നൈസാം ആലി, ഡെക്കാനിലെ സുബേദാരായ സ്വന്തം സഹോദരനെ ബന്ധനസ്ഥനാക്കി സിംഹാസനം കയ്യേറി. അങ്ങനെ ദക്ഷിണേന്ത്യ മുഴവനുംതന്നെ ഇംഗ്ലീഷുകാരുടെ സ്വാധീനത്തിനു അധീനമാക്കിവെച്ചുകൊടുത്തു.

## ഇന്ത്യയിലെ വൈദേശികാക്രമണങ്ങളുടെ ഒരു അവലോകനം

331 —ബി. സി. കുർഡിസ്റ്റാൻ മലകളുടെ സമീപമുള്ള ആരബേല യുദ്ധത്തിൽവെച്ചു ഡേരിയസ്സ് കോഡോമാന്നുസ്സിനെ അലക്സാണ്ടർ മാഗ്നസ്സ് തോല്പിച്ചു.

327—ബി. സി. അലക്സാണ്ടർ അഫ്ഗാനിസ്ഥാൻ കീഴടക്കി, ഇൻഡസ്സ് കടന്നു് തക്ഷശില എന്നു വിളിക്കുന്ന സ്ഥലത്തു് പ്രവേശിച്ചു, അതിലെ രാജാവ് ഹിന്ദുസ്ഥാൻ മുഴുവൻ കാനൗജിൽനിന്നു ഭരിക്കുന്ന പോറസ്സ് അഥവാ പുരുവിന്നെതിരായി അലക്സാണ്ടറുമായി സന്ധിചെയ്തു.

326—ബി. സി. ജലം അഥവാ ഹൈഡാസ്പസ്സിൻെറ കിഴക്കെത്തീരത്തുവെച്ചു് പോറസ്സ് അലക്സാണ്ടറുമായി എതിരിട്ടു. നിലയുറപ്പിച്ച യുദ്ധത്തിൽ ഹിന്ദുക്കൾ പരാജയപ്പെട്ടു. പക്ഷേ കൂടുതൽ ഇന്ത്യയിലേക്കു് കടക്കുവാൻ അലക്സാണ്ടർക്കു സാധിച്ചില്ല, അപ്പോൾ അലക്സാണ്ടർ തൻെറ സേനയെ മുഴുവൻ വലിയ വലിയ കപ്പലുകൾവഴി ഹൈഡാസ്പസ്സിലൂടെ ഇൻഡസ്സിലേക്കു നീക്കി. മാർഗ്ഗമദ്ധ്യേവെച്ചുണ്ടായ നിരവധി സമരങ്ങൾക്കുശേഷം അയാൾ ഇൻഡസ്സിൻെറ മുഖത്തു് എത്തി; അവിടെവെച്ചു സേനയെ രണ്ടായി ഭാഗിച്ചു. നീറാക്കസ്സിൻെറ അധീനതയിലുള്ള സൈന്യത്തിനു പേഷ്യൻ ഉൾക്കടലിലേക്കു പോകാനായിരുന്നു കല്പന. മററെ ഭാഗത്തെ അലക്സാണ്ടർ നേരിട്ടു കരയിലൂടെ നയിച്ചു. മുഹമ്മദീയർ വരുന്നതിനു മുമ്പുള്ള അവസാനത്തെ * ആക്രമണമായിരുന്നു തുതു്.

* ബി. സി. 4-ാം നൂററാണ്ടിനിടക്കും എ. ഡി. 7-ാം നൂററാണ്ടിലും ഇന്ത്യയിൽ ഉണ്ടായ യൂപ്പി, സാക്കേ, ഹൺസ് മുതലായ വർഗ്ഗക്കാരുടെ ആക്രമണങ്ങളെപററി അജ്ഞാതനായിരുന്ന എൽഫിസ്റ്റണിൽനിന്നു കടം വാങ്ങിയതായിരുന്നു ഈ ധാരണ.

ഇന്ത്യയിലെ പുരാതനസംസ്ഥാനങ്ങളിൽ: ബംഗാൾ രാഷ്ട്രം 1203 എ. ഡി. യിൽ മുഹമ്മദിയർ (ഗൂർരാജവംശത്തിലെ ഷിഹാബുഡിൻ) സേനാവംശത്തിലെ 6–ാമന്റെ ഭരണകാലത്തു് നശിപ്പിച്ചുകളഞ്ഞു.

1231—മാൾവരാഷ്ട്രം മുഹമ്മദീയർ (ഡൽഹിയിലെ അടിമരാജകുടുംബത്തിലെ ഷ്യാംസുഡിൻ ആൾട്ടാമിഷ്) നശിപ്പിച്ചു.

1297—ഗുജറാത്തു് രാജ്യം മുഹമ്മദീയർ (അലാവുദിൻകിൽജി) അവസാനിപ്പിച്ചു. രാജപുത്രവംശരായിരുന്നു അവിടത്തെ രാജാക്കന്മാർ. ഇതിഹാസപ്രകാരം അതു് സ്ഥാപിച്ചതു് കൃഷ്ണനായിരുന്നു.

1192–കാനൗജ് (1017–ൽ മുഹമ്മദ്ഗസ്നി, അതിന്റെ തലസ്ഥാനം പിടിക്കുന്ന കാലത്തു് അതു് അതീവ സമ്പന്നമായിരുന്നു,) (ഗൂർരാജവംശത്തിലെ ഷിഹാബ്–ഗിയാസുഡിന്റെ സഹോദര) നാൽ നശിപ്പിക്കപ്പെട്ടു; അതിന്റെ തലസ്ഥാനം കൊള്ളയടിക്കപ്പെട്ടു. അന്നു ഭരിച്ചിരുന്ന ശിവാജി രാജകുമാരൻ മാർവാറിലുള്ള യോധപുരത്തിലേക്കു് പലായനം ചെയ്തു. അവിടെ ഇന്നു് ഏററവും സമ്പന്നമായിരിക്കുന്ന ഒരു പുതിയ രാജപുത്രസംസ്ഥാനം സ്ഥാപിച്ചു.

1050—അന്നു തീരെ നിസ്സാരമല്ലായിരുന്നു ഡൽഹി നാട്ടുരാജ്യം ആജ്മീരത്തിലെ രാജാവായിരുന്ന വൈശാൽ കീഴടക്കി.

1192—ആജ്മീർരാജ്യം നിസ്സാരമായിരുന്ന അതിനെ ആശ്രയിച്ചിരുന്നിരുന്ന ഡൽഹി, മുഹമ്മദീയർ (ഗൂർവംശത്തിലെ ഗീയാസുഡിൻ) കീഴടക്കി. പഴയ സംസ്ഥാനങ്ങളായ, മീവാർ, ജെയസൽമാർ, ജയ്പൂർ എന്നിവ അന്നും നിലവിൽ നിന്നിരുന്നു ഇന്ത്യയിലെ ഏററവും പുരാതനമായ രാജവംശമായിരുന്നു മീവാർ.

1205—ഷീബുഡിൻഗുരി കീഴടക്കിയ സിൻഡ് മുഹമ്മദീയ ഹസ്തത്തിലായി (325 ബി. സി. യിൽ) അലക്സാണ്ടർ മാഗ്നസ്സിൻെറ കാലത്തു് സ്വതന്ത്രമായിരുന്നു; പിന്നീട്ട് അതു് വിഭജിക്കപ്പെട്ടു. വീണ്ടും ഏകീകൃതമായി. 711-ൽ മുഹമ്മദീയർ ആക്രമിച്ചു. സുമേരവംശത്തിൻെറ നേതൃത്വത്തിൽ രാജപുത്രനേതാവു് ആ ആക്രമണത്തെ പിന്നോക്കം ഓടിച്ചു.

1015—കാഷ്മീർ മുഹമ്മദ്ഗസ്നിയുടെ അധീനത്തിലായി. (മഗധാരാജ്യമായിരുന്നു ഏററവും രസകരമായിരുന്നതു്. ബുദ്ധമതാനുയായികളായ അവിടത്തെ രാജാക്കന്മാർ വമ്പിച്ച അധികാരമാണു് പുലർത്തിവന്നിരുന്നതു്. കുറെക്കാലത്തേക്കവർ ക്ഷത്രിയവംശരായിരുന്നു. മനുവിൻെറ നാലു ജാതിക്കാരിൽവെച്ചു ഏററവും നികൃഷ്ടരെന്നു വെച്ചിരുന്ന ശൂദ്രരിൽപ്പെട്ട ഒരാൾ-ചന്ദ്രഗുപ്തൻ-ഗ്രീക്കുകാർ സാൻഡ്രക്കോട്ടസ്സ്-എന്നു വിളിച്ചുവന്നിരുന്ന- രാജാവിനെ വധിച്ചു സ്വയം സാമ്രാട്ടായി. അലക്സാണ്ടർമാഗ്നസ്സിൻെറ കാലത്താണു് അയാൾ ജീവിച്ചിരുന്നതു് പിൽക്കാലത്തു് 436 എ. ഡി, യിൽ ആന്ധ്രയിൽ ഒന്നായി തകർന്ന മൂന്നു ശൂദ്ര രാജ്യങ്ങളെ നാം കാണുന്നുണ്ടു്. മാൾവയിലെ മറെറാരു രാജാവു് വിക്രമാദിത്യനായിരുന്നു. ഇന്നും ആ കൊല്ലം ഹിന്ദുപഞ്ചാംഗത്തിലുണ്ടു്. അയാൾ 58 ബി. സി. യിലാണു് ഭരിച്ചിരുന്നതു്.)

പഴയ ഡക്കാൻ സംസ്ഥാനങ്ങൾ: 5 ഭാഷകളുണ്ടായിരുന്ന ഡക്കാനിൽ:

1. തമിഴ്. ഏററവും തെക്കെ ഭാഗത്തു് ബാംഗ്ലൂരിലൂടെ കടന്നു് മലകളിൽക്കൂടി കോയമ്പത്തൂക്കും കോഴിക്കോട്ടേക്കും പ്രവേശിക്കുന്ന രേഖകളാൽ അതൃത്തിനിർണ്ണയിക്കപ്പെട്ട ദ്രാവിഡസ്ഥലങ്ങൾ.

2. കർണ്ണാടകം. തെലുങ്കിൻെറ ഒരു സംസാരഭാഷ—തെക്കും വടക്കും കനറയിൽ.

3. തെലുങ്ക്. മൈസൂരിലും വടക്കുഭാഗത്തുള്ള സ്ഥലങ്ങളിലും,

4. മറാത്ത. ദേവനാഗരിലിപികളിൽ ആലേഖ്യം ചെയ്യുന്ന മറാത്തഭാഷ—വടക്ക് സത്പുരമലകൾ—തെക്ക് തെലിങ്കാന എന്നു വിളിക്കുന്ന തെലുങ്കുരാജ്യങ്ങൾ—കിഴക്ക് വാർഡാനദി; പടിഞ്ഞാറ് കുന്നുകൾ.

5. ഒറിയ. ഒറീസ്സയിൽ സംസാരിക്കപ്പെടുന്ന ഒരു അസംസ്കൃതഭാഷ. ഒറീസ്സക്കും മറാത്തരാജ്യങ്ങൾക്കും മദ്ധ്യേയുള്ള ഗുണാക്കർ സംസാരിക്കുന്ന മററൊരു വികൃതഭാഷ.

അയോദ്ധ്യാരാജനായ രാമൻെറ മഹിമയെ വർണ്ണിക്കുന്നതാണ് രാമായണം.

1400—ബി. സി. യിലാണ് അദ്ദേഹം ജീവിച്ചിരുന്നതായി അനുമാനിക്കപ്പെടുന്നത്. ഡക്കാനിലേക്കും സിലോണിലേക്കുമുള്ള പ്രയാണത്തിൽ ഹിന്ദുക്കളുടെ പ്രകീർത്തിതനായ വിജിഗീഷുവായാണ് കവിതയിൽ അദ്ദേഹം വർണ്ണിക്കപ്പെടുന്നത്. ഐതിഹാസികമായ ആ യാത്രയിൽ, ഹിന്ദുക്കൾ നിരവധി സംസ്കാരപൂർണ്ണമായ സ്ഥലങ്ങൾ സ്ഥാപിച്ചു. തമിഴന്മാർ തമിഴ സംസാരിക്കുന്നു; തെലുങ്കുരാജ്യത്തിലെ ശേഷം പേർ തെലുങ്കും. ഏററവും പുരാതനമായ രാജ്യങ്ങൾ തമിഴരുടെതായിരുന്നു.

പാണ്ടി. ബി. സി. 5-ാം നൂററാണ്ടോടുകൂടി അതെ പേരുള്ള ഒരു ഇടയനാണ് ഒരു ചെറിയ നാടായ പാണ്ടി കണ്ടുപിടിച്ചത്. തലസ്ഥാനം പുരാതനമായ മധുര. കർണാടകത്തിൻെറ അററത്തുള്ള ഇപ്പോഴത്തെ മധുര, തിരുനൽവേലി ഡിസ്ത്രിക്ററുകൾ അടങ്ങുന്ന പ്രദേശം 1736 എ. ഡി. വരെ സ്വതന്ത്രമായിരുന്നു. പിന്നീട് അത് ആർക്കാട്ട് നവാബ് കീഴടക്കി.

ചോളം: തമിഴ് സംസാരഭാഷ തലസ്ഥാനം കാഞ്ചീവരം. 1678_ൽ ഒരു മറാത്ത പ്രധാനിയായ വെങ്കോജി അന്നത്തെ തഞ്ചാവൂർ രാജാക്കന്മാരിൽ ഒന്നാമനായി.

ചേരം. തിരുവിതാംകൂറും, കോയമ്പത്തൂരും, മലബാറിൻെറ ഏതാനും ഭാഗങ്ങളും അടങ്ങുന്ന ഒരു കൊച്ചുരാജ്യം.

കേരളം. ഹിന്ദുസ്ഥാനിലെ ബ്രാഹ്മണ ഉപനിവേശകേന്ദ്രം, അതെ ജാതിയിൽപെട്ട ആഢ്യന്മാർ ഭരിച്ചിരുന്നു. മലബാറും കനറയും അതിൽ ഉൾപ്പെട്ടിരുന്നു. അചിരേണ വിഭജിക്കപ്പെട്ട കഷ്ണംകഷ്ണമായി. മലബാർ സാമൂതിരിയുടെ (കോഴിക്കോട്ട രാജാവിൻെറ) കീഴിലമന്നപ്പോൾ വിജയനഗരരാജാക്കന്മാർ കനറ കീഴടക്കി.

കർണ്ണാടകം. പഴയ കണക്കിൽ പാണ്ഡ്യ, ചേര, രാജാക്കന്മാർ തമ്മിൽ (വിഭജിച്ചിരിക്കുന്നതായി) കാണുന്നു 1310 മുഹമ്മദീയരാൽ (അലാവുദ്ദീൻകിൽജി) സ്ഥാനഭ്രഷ്ടരാക്കപ്പെട്ട മഹനീയവും സുശക്തവുമായ ബെലാലരാജാക്കന്മാർ അവിടെയായിരുന്നു.

യാദവർ. പേരുമാത്രം. എവിടേയാണ് ആ വാസസ്ഥാനമെന്നതു് അജ്ഞാതം. കൂടുതൽ വിവരങ്ങൾ ഒന്നുമില്ല.

കർണ്ണാടകത്തിലെ ചാലൂക്യന്മാർ: ബിഹാറിൻെറ പടിഞ്ഞാറുഭാഗത്തുള്ള കല്യാണിൽ നിവസിച്ചിരുന്നു. ഒരു രാജപുത്രകുടുംബം. അതിൻെറ മറെറാരു താവഴിയായിരുന്നു.

കലിംഗയിലെ ചാലൂക്യന്മാർ: ഒറീസ്സവരെ തീരപ്രദേശം കൊണ്ടു് വ്യാപിച്ചു കിടന്നിരുന്ന തെലുങ്കാനയുടെ കീഴക്കെ ഭാഗം ഭരിച്ചിരുന്നു. കട്ടാക്കിലെ രാജാക്കന്മരാൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടു.

ആന്ധ്ര: തലസ്ഥാനം വാറംഗൽ. നിരവധി വംശ

ക്കാർ (അവരിൽ ഒന്നായ ഗണപതിരാജാക്കന്മാർ പ്രശസ്തി യാജ്ജിച്ചിരുന്നു. അവർ 1400 കൊല്ലത്തിലധികം ഭരിച്ചു. 1332–ൽ മുഹമ്മദീയർ (മുഹമ്മദ് തഗ്ലക്കിൻെറ കീഴിൽ) അവരെ സ്ഥാനഭ്രഷ്ടരാക്കി.

ഒറീസ്സ. മഹാഭാരതത്തിലാണ് ആദ്യമായി അതിനെ പററി പ്രസ്താവിക്കപ്പെട്ടുന്നതു്. ആദ്യത്തെ ഔദ്യോധിക കൊല്ലം എ. ഡി. 473. നിലവിലുള്ള യവനന്മാരെ * ഭരിച്ചിരുന്ന കുടുംബം പുറത്താക്കി.) 1131–ൽ ഗംഗാവൻസനാൽ പുറത്താക്കപ്പെട്ടുന്നതുവരെ, ഒന്നിനു പുറകെ ഒന്നായി 35 കേസരിരാജാക്കന്മാർ അവിടെ വാണിരുന്നു. മററെ വംശക്കാർ 1550-ൽ മുഹമ്മദീയർ (അലിംഷാസൂർ–ജലാൽഖാൻ അവരെ കീഴടക്കുന്നതുവരെ അവിടെ ഭരിച്ചിരുന്നു.

തീരപ്രദേശത്തെ പ്രധാനപ്പെട്ട വ്യാവസായിക സ്ഥലങ്ങളായി പെറിപ്ലെസ്സിൻെറ ഗ്രീക്കു് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നതു് തഗാരയും പ്ലിത്താനയുമാണ്. അവയെപ്പററി അധികം അറിവൊന്നുമില്ല. ഗോദാവരിയിൽ എവിടെയോ ആണ് അവയുടെ സ്ഥാനം. ഹിന്ദുസ്ഥാനിലെ പുരതാന സ്ഥലങ്ങളിൽ പെട്ടുന്നുണ്ട്. ഹസ്തിനാപുരവും ഇന്ത്യൻ ഇല്ലിയാഡ് ആയി മഹാഭാരതത്തിൽ (പറയുന്ന) സമരം നടന്ന ചെറിയ സ്റ്റേററും, മതപരമായ മുത്രയും പാഞ്ചാലയും.

* അക്കാലത്തു് ഇന്ത്യക്കു പുറമെയുള്ളവരെയെല്ലാം യവനർ എന്നാണു് വിളിച്ചുവന്നിരുന്നതു്. ഇത്തരുണത്തിൽ ആരെയാണു് ഉദ്ദേശിച്ചിരിക്കുന്നതു് എന്നു വ്യക്തമല്ല. ആദ്യത്തെ ഔദ്യോധിക പ്രസ്താവം 270—232 എ. ഡി. കളിൽ ഭരിച്ചിരുന്ന അശോകൻ ഒറീസ്സ കീഴടക്കിയതിനെപ്പററിയാണു്.

# ബ്രിട്ടീഷ് ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ ഇന്ത്യൻവിജയം

* ഈസ്റ്റ്ഇന്ത്യാകമ്പനി ബംഗാളിൽ.

1725–1755–മുഗൾ ചക്രവത്തിമാർ. മുഹമ്മദ്ഷാ 19–1748 – അഹമ്മദ്ഷാ 1748–17.

1725—ബംഗാൾ, ബീഹാർ, ഒറീസ്സയിലെ സുബേദാരും, ബംഗാളിലെ ദിവാനും (റവന്യുകളക്ടറും) ആയ മുർഷിദ്കുലിഖാൻെറ മരണം, ബംഗാൾ ബീഹാർ പ്രദേശങ്ങളിൽ ഷൂജാഉഡിൻ അനന്തരാവകാശിയായി.

1726–ഹൂബ്ളിതീരത്തെ കച്ചവടക്കാർ: കൽക്കട്ടയിൽ ഇംഗ്ലീഷ്; ചന്ദ്രനഗരത്തിൽ ഫ്രഞ്ചുകാർ; ചിൻഷൂറയിൽ ഡച്ചുകാർ; ബങ്കിസബാർ ഗ്രാമത്തിൽ പണിതിരുന്ന (ഒരു ഫാക്ടറിയിൽ) ജമ്മൻ ചക്രവത്തിയാൽ സ്ഥാപിതമായിരുന്ന ഓസ്റ്റൻഡ് ഈസ്റ്റ്ഇന്ത്യാകമ്പനി, മററു കമ്പനികളെല്ലാം യോജിച്ചു 'ഇട'ത്തട്ടകാരെ ബംഗാളിൽനിന്നും ഓടിച്ചു. അക്കൊല്ലംതന്നെ (ജോർജ്ജ് ഒന്നാമൻെറ കീഴിൽ) എല്ലാ പ്രസിഡൻസിനഗരങ്ങളിലും മേയറുടെ കോടതികൾ സ്ഥാപിക്കപ്പെട്ടു. (ഇംഗ്ലീഷ് പൊതുനിയമങ്ങൾ ഇന്ത്യയിലെ ഇംഗ്ലീഷുകാരെ എത്രത്തോളം ബാധിച്ചിരുന്നു എന്നതിനു അന്യത്രു)

1730–സ്വതന്ത്രമായ കച്ചവടാടിസ്ഥാനത്തിന്മേൽ ഇംഗ്ലണ്ടിൽ ഒരു പുതിയ സൊസൈററി രൂപീകൃതമായി. പൗരസ്ത്യ ഇന്ത്യയുമായി കച്ചവടം നടത്താനുള്ള ഒരു ചാർട്ടറിനുവേണ്ടി അവർ പാർലിമെൻറിൽ അപേക്ഷിച്ചു. അതെ സമയത്തുതന്നെ ഈസ്റ്റ്ഇന്ത്യാകമ്പനി തങ്ങളുടെ

---

* ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ കുത്തകാവകാശത്തെ അവഗണിച്ചു സ്വന്തം നിലയിൽ ഇന്ത്യയുമായി കച്ചവടം ചെയ്തിരുന്നവർ.

കുത്തകാവകാശത്തിൻെറ കാലാവധി നീട്ടിക്കിട്ടുവാനും ആവശ്യപ്പെട്ടു. അപ്പോഴേക്കും അവരുടെ സംയോജനത്തിൻെറ കാലാവധി കഴിഞ്ഞിരുന്നു. പാർലിമെണ്ടിൽ കടുത്ത ചർച്ചകൾ. പഴയ കുത്തകാവകാശകമ്പനി വിജയം വരിച്ചു. അവരുടെ കാലാവധി 1766 വരെ നീട്ടപ്പെട്ടു.

1740 *—സുബേദാർ ഷൂജാദിൽ മരിച്ചു. ബീഹാറിലെ ഗവർണ്ണറായ അലവർദിഖാൻ പിൻതുടൎന്നു, അങ്ങിനെ ബംഗാൾ, ബീഹാർ, ഒറീസ്സ സംസ്ഥാനങ്ങൾ യോജിച്ചു അയാളെ.

1741-ൽ മറാത്തർ ആക്രമിച്ചു. അവർ മൂഷിദബാദ് വ്യവസായശാല കൊള്ളയടിച്ചു. അതിൻെറ ഫലമായി ഇംഗ്ലീഷുകാർ.

1742—അലവർദി ഖാനിൽനിന്നു പ്രശസ്തമായ മറാത്ത കിടങ്ങ് കോരുവാനുള്ള അനുമതി വാങ്ങിച്ചു.

1751-അലവർധിഖാനാൽ സ്വാധീനിക്കപ്പെട്ട മറാത്തർ ഡക്കാനിലേക്ക് മടങ്ങി. അന്നുതൊട്ട് 1755 വരെ ഹുബ്ളിയിലെ ഇംഗ്ലീഷ് ഉപനിവേശകേന്ദ്രങ്ങൾക്കു സമാധാനമുണ്ടായിരുന്നു.

## കർണ്ണാടകത്തിലെ ഫ്രഞ്ചുകാരോട് സമരം 1744-1760

ഫ്രാൻസും ഇംഗ്ലണ്ടുമായുള്ള വലിയ സമരം യൂറോപ്പിൽ പ്രഖ്യാപനം ചെയ്യപ്പെട്ടു. മദിരാശിയിലുള്ള ഇംഗ്ലീഷ് പട്ടാ

* 1739—ബർഗസ്സ്.

ളത്തിൻെറ എണ്ണം 600. ലാബർ ഡോണിൻെറ കീഴിൽ പുതുശ്ശേരിയിലും ല-ഡി-ഫ്രാൻസിലുമുള്ള* സൈന്യം കൂടുതൽ വിപുലമായിരുന്നു.

1746—സെപ്തംബർ 20. ലാബറോഡോൺ മദിരാശി പിടിച്ചു, അവിടെയുള്ള ഇംഗ്ലീഷുകച്ചവടക്കാരെ തടവിലാക്കുകയോ ദേഹോപദ്രവമേൽപ്പിക്കുകയോ ചെയ്തു. അതു് അന്നത്തെ പുതുശ്ശേരി ഗവണ്ണരായിരുന്ന അയാളുടെ എതിരാളി ഡ്യൂപ്ലെയെ കുപിതനാക്കി (അയാൾ ഫ്രെഞ്ചു ഈസ്റ്റു് ഇന്ത്യാകമ്പനിയിലെ ഒരു ഡയറക്ടരുടെ മകനായിരുന്നു.)

1730-ൽ ഹൂഗ്ലിയിലെ ചന്ദ്രനഗരത്തിലുണ്ടായിരുന്ന വലിയ ഒരു ഫാക്ടറിയിലെ ഗവർണറെ 1742-ൽ പുതുശ്ശേരിയെ ഗവർണറായി നിയമിച്ചു. ലാബർഡോണിനോടുള്ള അയാളുടെ വഴക്കു് ഇന്ത്യയിൽ ഫ്രെഞ്ചുകാരുടെ ശക്തി അധഃപതിക്കുന്നതുവരെ നിലനിന്നു. ലാബോർഡോണയുടെ കീഴിലുള്ള കപ്പൽസൈന്യം കൊടുങ്കാററിൽ അകപ്പെട്ടു നശിച്ചപ്പോൾ ഡ്യൂപ്ലേ യാതൊരു സഹായവും ചെയ്തുകൊടുത്തില്ല. ലാബർഡോണയെ ഇംഗ്ലീഷുകാർ തടവുകാരനായി പിടിച്ചു. ഫ്രാൻസിലേക്കു മടങ്ങിവന്ന അയാൾ 1749-ൽ ബാസ്റ്റിലിയിൽവെച്ചു മരിച്ചു.

(1735-ൽ അയാളെ ലാ-ഡി-ഫ്രാൻസിലെയും ബോർബാണിലേയും† ഗവർണരായി നിയമിച്ചു.

1741-ൽ അയാളുടെ കാലാവധി അവസാനിച്ചപ്പോൾ 9 കപ്പലുകളുടെ തലവനായി, ഇംഗ്ലീഷുകാരുടെ ഇന്ത്യയുമായുള്ള വാണിജ്യത്തെ നശിപ്പിക്കുവാനായി നിയോഗിക്കപ്പെട്ടു. 1744-ൽ യുദ്ധപ്രഖ്യാപനത്തെ തുടന്നു അയാൾ

---

* മോറോഫിയസ്സിൻേറ പഴയ പേർ.

† റി യൂണിയൻെറ ആദ്യത്തെ പേരു്.

ദക്ഷിണഭാഗത്തെ ഫ്രഞ്ചുകാരുടെ നേതൃത്വം വഹിക്കാനായി കപ്പൽകയറി.)

1746—ഡക്കാൻ സംസ്ഥാനങ്ങളുടെ നില: മുഹമ്മദ് ഷാ ചക്രവർത്തിയുടെ കീഴിൽ (1719–1748) ആസഫ്ജാ അഥവാ ഉൾ-മുൾക്ക് എന്ന ഡക്കാനിലെ സുബേദാർ നൈസാം രാജവംശം സ്ഥാപിച്ചു; ഹൈദരബാദിൽ താമസമാക്കി. അയാൾക്ക് നന്ദി. 1740 ആദ്യംതന്നെ ആസ്ഫ ജാതന്നെ തന്നെ സ്വയം രക്ഷകർത്താവായി നിയമിച്ചിരുന്നു, പരമ്പരാവകാശിയായ പ്രായപൂർത്തിയാകാത്ത നവാബ് മരിച്ചപ്പോൾ അനവരധിഖാൻ കർണ്ണാട്ടിക്കിലെ നവാബായി. ആദ്യത്തെ കർണ്ണാടകനവാബായ ഡോസ്റ്റ് ആലിയുടെ മകളെ വിവാഹം കഴിച്ചിരുന്ന ചന്ദർസാഹിബ് തൃശ്ശിനാപ്പിള്ളിയിലെ ഗവർണ്ണറായി. 1741-ൽ മറാത്തക്കാർ അയാളെ അവിടെനിന്നു് ഓടിച്ചപ്പോൾ അയാൾ മദിരാശിയിലെ ഫ്രഞ്ചുകാരുടെ അടുക്കൽ രക്ഷപ്രാപിച്ചു.

1746—അനവരധിഖാൻ (കർണ്ണാടകത്തിലെ നവാബ് 10,000 ആളുകളോടുകൂടി മദിരാശി ആക്രമിച്ചു. അന്നവിടത്തെ ഫ്രഞ്ചുകാരുടെ നേതാവ് ഡ്യൂപ്ലെ ആയിരുന്നു. ഡ്യൂപ്ലെയുടെ കീഴിലുള്ള 22100 ഫ്രഞ്ചുകാർ നവാബിനെ പിന്നോക്കം ഓടിച്ചു. അവർ നഗരമാകെ തകർത്തു് നിരവധി (ഇംഗ്ലീഷ്) വ്യവസായശാലകൾ തീവെച്ചു നശിപ്പിച്ചു. പ്രധാനപ്പെട്ട ഇംഗ്ലീഷ് നിവാസികളെ പുതുശ്ശേരിയിലേക്കയച്ചു.

ഡിസംബർ 19 മദിരാശിയിൽനിന്നു് 12 നാഴിക അകലമുള്ള ഫോർട്ട്സെൻറ് ഡേവിഡ് എന്ന കോട്ട (അവിടെ ഇംഗ്ലീഷുകാർക്കു 200 പേരുള്ള ഒരു കാവൽ സേനയുണ്ടായിരുന്നു) 1700 പേരുടെ സഹായത്തോടെ ഡ്യൂപ്ലേ ആക്രമിച്ചു. പക്ഷേ അനവരധിഖാൻ കോട്ട വലയം ചെ

യ്ക്കിരുന്ന ഫ്രഞ്ചുകാരുടെ നേരെ ചെന്നു് അവരെ പുതുശ്ശേരി യിലേക്കുതന്നെ തുരത്തിവിട്ടു.

1747—ഡ്യൂപ്ലേ അനവർധിഖാനെ പാട്ടിൽ പിടിച്ചു വീണ്ടും മാർച്ചിൽ ഫോർട്ട്സെൻറ് ഡേവിഡ് ആക്രമിച്ചു (പക്ഷേ) ക്യാപ്റ്ററൻ പേയട്ടൻെറ നേതൃത്വത്തിലുള്ള ഒരു ഇംഗ്ലീഷ് കടൽസൈന്യത്തിൻെറ വരവോടെ അയാൾ പിൻവലിച്ചു. ക്യാപ്റ്ററൻ അവിടെ കൂടുതൽ സൈന്യങ്ങളെ താമസിപ്പിച്ചു.

1747—ജൂൺ അഡ്മിറൽമാരായ "ബോസ്കോവനും" "ഗ്രഫിനും" വലിയ ഒരു കടൽ സേനയോടുകൂടി മദിരാശിയിൽ എത്തിയതോടെ ദക്ഷിണഭാഗത്തുള്ള ബ്രിട്ടീഷ് സേനയുടെ എണ്ണം 4000 ആയി. ഇംഗ്ലീഷുകാർ പുതുശ്ശേരി ആക്രമിച്ചു (പക്ഷേ) വെറുംകയ്യോടെ മടങ്ങേണ്ടിവന്നു.

1748—"ആച്ചനിലെ" സമാധാന ഉടമ്പടിയെപ്പററി അറിവുകിട്ടിയ ഡ്യൂപ്ലേ മദിരാശി ഇംഗ്ലീഷുകാൎക്ക് വിട്ടുകൊടുത്തു. ഷാജി (ശിവാജിയുടെ പിതാവ്) യുടെ വംശത്തിലെ അഞ്ചാമനും,തഞ്ചാവൂരിലെ മറാത്ത രാജകുമാരനുമായ 'സാഹൂജി' (തഞ്ചാവൂരായിരുന്ന അയാളുടെ ജാഗിർ) തന്നിൽനിന്നു അധികാരം പിടിച്ചുപററി, കാളറൂൺ നദിക്കരികെയുള്ള ശക്തികേന്ദ്രമായ ദേവകോട്ടയെ കേന്ദ്രമാക്കി വിപ്ലവപ്രവൎത്തനം നടത്തുന്ന തൻെറ ഇളയ സഹോദരൻ പ്രതാപസിംഹന്നെതിരായി, ഇംഗ്ലീഷുകാരുടെ സഹായമാവശ്യപ്പെട്ടു.

1747 *–അവർ പിടിച്ചടക്കുകയാണെങ്കിൽ ആ ശക്തിദുൎഗ്ഗം ഇംഗ്ലീഷുകാൎക്കു വിട്ടുകൊടുക്കാമെന്നു സാഹൂജി ഏററു. മേജർ ലോറൻസ് തൻെറ കീഴിൽ സേവനമനുഷ്ഠിക്കുന്ന ക്ലൈവിൻെറ സഹായത്തോടെ കോട്ട പിടിച്ചടക്കി. അ

---

*1749—ബർഗസ്സ്.

ങ്ങിനെ ദേവക്കോട്ട ഇംഗ്ലീഷുകാരുടെതായി. പക്ഷേ പ്രതാപസിംഹൻ കൊല്ലത്താൽ 50,000 ക. അടുത്തുൺ കൊടുക്കാമെന്ന ഖരാറിൽ സാഹുജിയെക്കൊണ്ടു നിർബ്ബന്ധമായി സ്ഥാനത്യാഗം ചെയ്യിച്ചു.

1748—ഡക്കാനിലെ സുബേദരായി നൈസാം ഉൾ-മുൾക്കു് മരിച്ചു. അയാളുടെ മകനായ നാസിർജങ്ങ് സ്ഥാനാരോഹണം ചെയ്തു. പക്ഷേ അന്നേക്കു് പരേതനായിരുന്ന മൂത്ത സഹോദരൻെറ പുത്രനായ മുസഫർജങ്ങ് നൈസാമിൻെറ അധികാരത്തെ ചോദ്യം ചെയ്തു. തുടൎന്നു രണ്ടുപേരും തമ്മിൽ സമരമായി.

1749—ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ പുതിയ സമരം. മുസഫർ ഫ്രഞ്ചുകാരോടു അപേക്ഷിച്ചു അവരുടെ സഹായവും, തൻെറ സുബേദാരി ലഭിക്കുവാനുള്ള ഒത്താശകൾ ചെയ്തുകൊടുത്താൽ ആർക്കോട്ടിലെ നവാബായി ചന്ദർസാഹിബിൻെറ വാഴിക്കാമെന്ന ഖരാറിന്മേൽ അയാളുടെ സഹായവും നേടി. മറുഭാഗത്തു് നാസിർജങ്ങിന്നു (നൈസാമിന്നു ഇംഗ്ലീഷുകാരെയും അനവർധിഖാനെയും (കൎണ്ണാടകനവാബ്) സഖാക്കളായി ലഭിച്ചു. ആദ്യത്തെ ലഹളയിൽതന്നെ അനവർധീൻ കൊല്ലപ്പെട്ടു; അയാളുടെ സൈന്യം തൃശ്ശിനാപ്പിള്ളിയിലേക്കു പലായനം ചെയ്തു. ശമ്പളത്തെ ചൊല്ലി ഫ്രഞ്ച് ഭടന്മാരുടെ ഇടയിൽ കലാപമുണ്ടായി. അവർ ഡ്യൂപ്ലെയെ അപകടഘട്ടത്തിൽ ഉപേക്ഷിച്ചു പോയി. നാസിർജങ്ങ് മുന്നേറി മുസഫർജങ്ങിനെ പിടിച്ചു തടവുകാരനാക്കി. ചന്ദർസാഹിബ് വളരെ ബുദ്ധിമുട്ടി ഒരു വിധത്തിൽ പുതുശ്ശേരിയിലേക്കു നീങ്ങി. വിജയത്തിനു ശേഷം നാസിർജങ്ങ് ആർക്കോട്ടിൽതന്നെ താമസമാക്കി. ഇംഗ്ലീഷുകാർ മദിരാശിയിലേക്കു് മടങ്ങി.

1750—അനുവർധിഖാൻെറ മകനായ മുഹമ്മദ് ആലി കൎണ്ണാടകത്തിലെ നവാബായി. ഇംഗ്ലീഷുകാരാൽ സുരക്ഷി

തമാക്കപ്പെട്ട സ്ഥാനത്തു് അവരുടെ വിനീതവിധേയനായി കഴിച്ചുകൂട്ടുകയാൽ "കമ്പനിക്കാരുടെ നവാബെ"ന്ന പരിഹാസപ്പേരും അയാൾക്കു കിട്ടി. അക്കൊല്ലം വിജയകരമായ ഒരാക്രമണം നടത്തി ഡ്യൂപ്ലെ, ജിൻജി, മസൂലിപ്പട്ടണം, ത്രിവേധി എന്നീ കോട്ടകൾ പിടിച്ചടക്കി മുഹമ്മദാലിയെ തോല്പിച്ചു. അയാളാൽ പ്രേരിതരായ ചില ചതിയന്മാർ നൈസാമിൻെറ—നാസിർജങ്ങിൻെറ കൂടാരത്തിലുണ്ടായിരുന്ന ചില പത്താൻ നവാബുമാർ (നൈസാമി)നെ വകവരുത്തി. അയാളെ പിൻതുടൎന്നു് (ഫ്രഞ്ചു് സഹായി) യായ മുസഫർജങ്ങ് സ്വന്തനിലയിൽ സുബേദാരായി. അയാൾ ഡ്യൂപ്ലെയെ കർണ്ണാട്ടിക്കിലെയും ചന്ദർസാഹിബിനെ ആർക്കോട്ടിലെയും നവാബാക്കി. പക്ഷേ,

1751—ജനുവരി 4. ഒരു വലിയ അനുചരസംഘത്തോടൊന്നിച്ചു ഹൈദരബാദ്സംസ്ഥാനത്തിലൂടെ യാത്രചെയ്തിരുന്ന മുസഫർജങ്ങിനെ നാസിർജങ്ങിനെ കൊലപ്പെടുത്തിയ അതെ പത്താൻ നവാബുമാർതന്നെ വധിച്ചുകളഞ്ഞു. മുസഫർജങ്ങിനു നേരിട്ട അവകാശികൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടു നാസിർജങ്ങിൻെറ പുത്രന്മാരായി പിന്തുടച്ചക്കാർ. ഫ്രഞ്ചുസൈന്യത്തിൻെറ അന്നത്തെ അധിപനായിരുന്ന 'ബുസ്സി', മുസഫർജങ്ങിൻെറ കൊലപാതകകാലത്തു തടവിലായിരുന്ന സലബത്ത്ജങ്ങിനെ (നാസിർജങ്ങിൻെറ ഒട്ടവിലത്തെ പുത്രനെ) ഒഴിഞ്ഞു കിടന്നിരുന്ന സുബേദാർ സ്ഥാനത്തേക്കു് ഉയർത്തി. അതെ സമയത്തു് ചന്ദർസാഹിബ് ആർക്കോട്ടിൽനിന്നു് പുറപ്പെട്ടു് ആദ്യത്തെ ഔദ്യോധികസ്ഥാനമായിരുന്ന തൃശ്ശിനാപ്പിള്ളി ആക്രമിച്ചു. കാപ്റ്റൻ ക്ലൈവ് ആർക്കോട്ടിൻെറ നേരെ ചെന്നു പകരം പോക്കി, അതു് പിടിച്ചടക്കി സാഹിബിനെ വേഗം മടങ്ങാൻ നിർബ്ബന്ധിതനാക്കി. 7 ആഴ്ചക്കാലത്തോളം ആർക്കോട്ട വിഫ

ലമായി വളഞ്ഞുനിന്നതിനുശേഷം ചന്ദർസാഹിബ് തൃശ്ശിനാപ്പിള്ളിയിലേക്കു മടങ്ങി-അവിടേയ്ക്കും.

1752-ക്ലൈവ് പിൻതുടന്നു-അവിടെ മുഹമ്മദാലിയുടെയും മേജർ ലോറൻസിൻേറയും കൂടെ താമസമാക്കി. അഭയാത്ഥിയായിരുന്ന ചന്ദർസാഹിബിനെ ഇംഗ്ലീഷുകാരുടെ ഒരു പാവമാത്രമായിരുന്ന തഞ്ചാവൂരിലെ രാജാവു് ചതിച്ചുകൊന്നു.

1752-ഇംഗ്ലീഷ് സഹായിയായിരുന്ന മുഹമ്മദ്ആലി തൃശ്ശിനാപ്പിള്ളി, മൈസൂർ രാജാവിനു വാഗ്ദാത്തം ചെയ്തിരുന്നു. പക്ഷേ അതു് ഇംഗ്ലീഷുകാർ കയ്യടക്കിവെച്ചിരുന്നതിനാൽ വാക്കു പാലിക്കുവാൻ സാധിച്ചില്ല. ഡ്യൂപ്ലെ ഈ സന്ദർഭം ഉപയോഗിച്ചു മൈസൂർ രാജാവിനെ സ്വാധീനിക്കുവാനും, അയാൾവഴി മുരാരിറാവുവിൻെറ കീഴിലുള്ള മറാത്തരുടെ സഹായം തേടുവാനും ശ്രമിച്ചു.

1753—മെയ് 1754 ഓക്ടോബർ 1754. ലോറൻസും ക്ലൈവും വിജയകരമായി കൈവശം വെച്ചിരുന്ന തൃശ്ശിനാപ്പിള്ളിക്കോട്ട ഡ്യൂപ്ലേയും സഹായികളുംകൂടി ആക്രമിച്ചു. അതെ കൊല്ലംതന്നെ (ജോർജ്ജ് രണ്ടാമൻെറ കീഴിൽ) 1746-ൽ ലാബർഡോണ മദിരാശി കീഴടക്കിയതോടെ പ്രവൎത്തനശൂന്യമായി കിടന്നിരുന്ന മേയരുടെ കോടതികൾ വീണ്ടും മദിരാശിയിൽ സ്ഥാപിക്കപ്പെട്ടു. യൂറോപ്യന്മാർ തമ്മിലുള്ള എല്ലാ തൎക്കങ്ങളിലും അവക്കു ന്യായാധികാരമുണ്ടായിരുന്നു-പക്ഷേ ഇന്ത്യാക്കാരെ സംബന്ധിച്ചു അവക്കു സമ്മതമുണ്ടെങ്കിൽ മാത്രം. ട്രൈബ്യൂണലിൻെറ അധികാരത്തിനു വിധേയമാകുവാനിഷ്ടമില്ലാത്തവരെ തികച്ചും അതിൽനിന്നു് ഒഴവാക്കിയിരുന്നു. സ്വന്തം നിയമങ്ങൾ ഇന്ത്യയിലെ ജനങ്ങൾക്കു ബാധകമാക്കി, ഈ ചാർട്ടറിലാണു് നാം ആദ്യമായി കാണുന്നതു്. (ഗ്രോഡിയുടെ ഹിന്ദു പിൻതുടച്ചാവകാശബില്ലിൻെറ ആമുഖം.)

1754–സന്ധി. ഡ്യൂപ്ലെയെ തിരികെ വിളിച്ചു (ഇന്ത്യയിലെ ഫ്രഞ്ച് ആധിപത്യത്തിൻെറ അസ്തമനത്തെയാണ് ഇതു കുറിക്കുന്നതു്) 1751 മുതൽക്കുതന്നെ. കർണ്ണാടകത്തിൽ ആരെയാണു നവാബായി വാഴിക്കേണ്ടതു് എന്നതിനെക്കുറിച്ചു്, യൂറോപ്പിൽ തക്കമുണ്ടായിരുന്നു—കമ്പനിയുടെ നവാബായ മുഹമ്മദാലിയെയോ, പിൻതുടച്ചാവകാശമുള്ള സുബേദാരാൽ നിയമിതനായ ഡ്യൂപ്ലെയോ? ഇംഗ്ലീഷുകാരുടെ വാദം–മുഹമ്മദാലിക്കല്ലാതെ വേറെ ആൎക്കുംതന്നെ പഴയ നവാബിൻെറ സ്ഥാനത്തേക്കുയരുവാൻ സാദ്ധ്യമല്ല—കാരണം, വെറും പാവയായ പഴയ മുഗൾചക്രവൎത്തി അഹമ്മദ് ഷാക്കു് അല്ലാതെ (അയാൾ 1754–ൽ മരിച്ചിരുന്നു. ആലിംഗർ രണ്ടാമൻ 1754–1759) പരമ്പരസ്വഭാവമുള്ള ഈ സ്ഥാനം മാററുവാനുള്ള അധികാരം ഇല്ല എന്നായിരുന്നു. ഫ്രാൻസിലുള്ള ഡ്യൂപ്ലെയുടെ എതിരാളികൾ—അയാൾ വരുത്തിയിരുന്ന ഭീമമായ ചിലവുകളുടെ പേരിൽ—ഗൂഢാലോചനകൾ നടത്തി. (1754) ഗോഡോഹ് ഡ്യൂപ്ലെയുടെ സ്ഥാനം കയ്യേറി. (കുറെ കൊല്ലങ്ങൾക്കു ശേഷം ദാരിദ്ര്യബാധിതനായ ഡ്യൂപ്ലെ, ഫ്രാൻസിൽ കിടന്നു മരിച്ചു. പ്രാപ്തരായ മനുഷ്യർ ഫ്രഞ്ചുകുബുദ്ധികളുടെ അസൂയമൂലം അധഃപതിക്കുന്നു.)

1754_ഡിസംബർ 26. ഗോഡോഹും (മദിരാശി ഗവർണ്ണറായ) സാൻഡേർസും തമ്മിൽ സന്ധി. അതനുസരിച്ചു മുഹമ്മദാലിയെ കർണ്ണാട്ടിക്കിലെ നവാബായി അംഗീകരിച്ചു. അതെ സമയത്തു് ഇന്ത്യയിലെ ഫ്രഞ്ചു നേതാക്കളിൽ ഏററവും സമൎത്ഥനായിരുന്ന ബുസ്സി, ഡക്കാനിലെ നൈസാമായ സലബത്ജങ്ങിനെ, അയാളുടെ സുബേദാരി കൈകാൎയ്യം ചെയ്യുന്നതിൽ സഹായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അക്കൊല്ലത്തിൽതന്നെ–1754– ഗാസിവുദ്ദിൽഖാൻ (ആദ്യ

* 1752—എൽഫിസ്റ്റൺ.

ത്തെ സുബേദാരായ നാസിർജങ്ങിൻെറ മൂത്ത സഹോദരൻ) മറാത്തർ കൂടി ഉൾപ്പെട്ട ഒരു വലിയ സേനയോടുകൂടി സൽബത്ത്ജങ്ങിനെ ആക്രമിച്ചു. ബ്യസ്സി രണ്ടാമനെ തോല്പിച്ചു ഗാസിവുദ്ധിന്നു വിഷം കൊടുത്തു. ഉപകാരസ്മരണക്കായി നൈസാം വടക്കൻ * സക്കാറുകൾ ഫ്രഞ്ച്യകാൎക്കു കൊടുത്തു.

1755—ബ്യസ്സിയുടെ ഉപദേശത്തിനു വിരുദ്ധമായി, തനിക്കു കപ്പം കൊടുക്കുവാൻ മടിച്ച മൈസൂർ രാജാവിനെ സലബത്ത് ആക്രമിച്ചു. (അതുവരെ ഫ്രഞ്ച്യസഹായിയായിരുന്നു മൈസൂർ രാജാവ് അതുകൊണ്ടു ഇംഗ്ലീഷുകാരുമായി സഖ്യം ചെയ്യാൻ പ്രേരിതനായി.) ആക്രമണം വിജയകരമായിരുന്നു. മൈസൂർ രാജാവ്, അനവധി ദ്രവ്യവും സമ്മാനങ്ങളും കൊടുത്ത് സൽബത്തിനെ സ്വാധീനിച്ചു. നൈസാം പിന്നീട് ബാലാജിറാവ് പേഷ്വയുടെ കീഴിലുള്ള മറാത്തരുമായി യോജിച്ച്, എതിരാളിയായ മറാത്ത പ്രധാനി മൊറാരിറാവുവിനെ തോല്പിച്ചു.

1749-1756-മറാത്തക്കാൎയ്യങ്ങൾ: 1749-ൽ രാജാസാഹു പൂനയിൽവെച്ചു സന്താനമില്ലാതെ മരിച്ചു. പേഷ്വയായ ബാലാജിറാവു ഭരണാധികാരിയായി. രാജവംശത്തിലെ അവശേഷിച്ച അവകാശിയായ രാജറാമിന്നു വെറും സ്ഥാനപ്പേരുമാത്രം നൽകി, കേവലം ഒരു തടവുകാരനെന്ന നിലയിലാണ് അയാളെ പാൎപ്പിച്ചിരുന്നതു്. അതെ സമയത്തു സ്വന്തം പുത്രൻ ധീരനും ദുശ്ശാഠ്യക്കാരനുമായ രഘോബയെ-ഗേയ്ക്കാവിറിൻെറ സ്ഥലങ്ങൾ കൊള്ളചെയ്യുവാനെന്ന നാട്യത്തിൽ പൂനയിൽനിന്നു് ഗുജറാത്തിലേക്ക് അകറ്റി.

---

* കോറോമാൻറൽ തീരത്തിൻെറ വടക്ക്, ഹൈദരബാദിൻെറ നൈസാമിൻേറതായിരുന്ന സ്ഥലം.

1756—നൈസാം സലബത്ത്, പുറത്തുപോകുവാൻ കല്പിച്ച ബുസ്സി നേരെ പോയതു് മസൂലിപട്ടണത്തി ലേക്കാണ്. സുബേദാരിയിൽനിന്നു് ഫ്രഞ്ചുകാരെ തുരത്തുവാനായി നൈസാം ഇംഗ്ലീഷുകാരുമായി സഖ്യമാവാൻ ശ്രമിക്കുന്നുണ്ട് എന്ന വാർത്തകേട്ടു. കോപാക്രാന്തനായ അയാൾ ഹൈദരബാദിനടുത്തു "ചെർമാലിൽ" കൈനിലയുറപ്പിച്ചു. സലബത്ത് സന്ധിക്കു തയ്യാറായി; ഇംഗ്ലീഷുകാരുമായുള്ള സഖ്യത ഉപേക്ഷിച്ചു.

1757—നൈസാം ബുസ്സിയെ വടക്കൻ സർക്കാരിലേക്കു പറഞ്ഞയച്ചു; പക്ഷേ ഉടനെതന്നെ അയാളെ തിരികെ വിളിക്കേണ്ടിവന്നു. മടങ്ങിവന്നപ്പോൾ

1757-ൽ നാലു സൈന്യങ്ങൾ ഹൈദബാദിനെ വലയം ചെയ്തിരിക്കുന്നതായിട്ടാണ് കണ്ടതു്. നൈസാമിൻെറ മൂത്ത സഹോദരന്മാരായ ബൽസാത്ജങ്ങിൻെറയും നൈസാം ആലിയുടെ നേതൃത്വത്തിലായിരുന്നു അതു്. അതിൽ രണ്ടാമനായി സൽബത്ത്ജങ്ങിൻെറ മന്ത്രി ഗൂഢാലോചനകൾ നടത്തിവന്നു. യാദൃശ്ചികമെന്നുതോന്നാവുന്ന ഒരു യുദ്ധത്തിൽവെച്ചു ബുസ്സി അയാളെ കൊല്ലിച്ചു; അപ്പോൾ നൈസാം ആലി രണാങ്കണത്തിൽനിന്നു് ഓടിപ്പോയി; ദൗലത്ത്ബാദ് കോട്ട സമ്മാനിച്ചു ബൽസാത്ത്ജങ്ങിനെ വശീകരിച്ചെടുത്തു.

1758—ഡക്കാനിലെ മുഴവനും സർവ്വാധികാരിയായി ബുസ്സി. അപ്പോഴക്കും, അസൂയ മുഴുത്ത വിസ്കിലൂയികോമരം 15-ാമൻ അയാളെ മാററി, ഒരു ഐരിഷ് സാഹസികനായ ലാലിയെ പകരംവെച്ചു. നല്ല ഒരു സേനാനിയായിരുന്നുവെങ്കിലും അപ്രാപ്തനായ ഒരു ജനറലായിരുന്നു അയാൾ.

1758—മെയ് 1. ലാലി സെൻറ് ഡേവിഡിന്നടുത്തു ഇറങ്ങി, ഉടനടി കിഴിലുള്ള ഫ്രഞ്ചുകാരെ മുഴവനും കൂട്ടി

തെക്കോട്ട മാർച്ചുചെയ്യുവാൻ ബുസ്സിയോട്ട കല്പിച്ചു. ബുസ്സി, അനുസരിച്ചു. ലാലി സെൻറ് ഡേവിഡ് കോട്ട പിടിച്ചു, മദിരാശിയെ ആക്രമിക്കുവാൻ സന്നദ്ധനായി. പക്ഷേ പുതുശ്ശേരിയിലെ ഫ്രഞ്ചു കച്ചവടക്കാർ അയാൾക്കു നിസ്സാരമായ ധനസഹായംപോലും നൽകുവാൻ മടിച്ചു. അയാൾ സമ്പന്നമെന്നു കേളികേട്ട തഞ്ചാവൂർ കൊള്ളചെയ്യാനുദ്ദേശിച്ചു അതു് ഗാഢമായി വളഞ്ഞു. തഞ്ചാവൂർ രാജാവു് ഇംഗ്ലീഷുകാരുടെ സഹായമാവശ്യപ്പെട്ടു; അവർ മദിരാശിയിൽ നിന്നു് കാരിക്കലിലേക്കു് ഒരു കപ്പൽസേനയെ അയച്ചുകൊടുത്തു; ഫ്രഞ്ചുകാർക്കുള്ള സാമഗ്രികൾ തടഞ്ഞു. ഒരു സൈന്യം കരക്കിറങ്ങി ലാലിയുടെ സൈന്യശേഖരണത്തിനു സമാന്തരമായി സൈന്യങ്ങളെ ഉപവേശിപ്പിക്കുവാൻ തുടങ്ങി. ഫ്രഞ്ചുകാർ യുദ്ധം തുടങ്ങി. പക്ഷേ വ്യക്തമായ കല്പനകളെ ധിക്കരിച്ചു, ഫ്രഞ്ച് അഡ്മിറൽ, ലാലിയെ അയാളുടെ വിധിക്കുവിട്ടു്, മേറേഷിയത്തെ ലാക്കാക്കി കപ്പൽ നീക്കി. ലാലി ആർക്കോട്ടു് പിടിച്ചു. അവിടെ വെച്ചു ബുസ്സി അയാളുമായി യോജിച്ചു. അയാൾ ലാലിയോട്ട ആർക്കോട്ടിൽത്തന്നെ താമസിച്ചു, ഫ്രഞ്ചുസൈനികശക്തിയെ കേന്ദ്രീകരിക്കുവാൻ, ഇംഗ്ലീഷ് തലസ്ഥാനത്തു് അവസാനമായി ആഘാതമേൽപ്പിക്കുവാനാവശ്യമായ പണം പിരിക്കുവാനും ഉപദേശിച്ചു. പക്ഷേ ഭ്രാന്തനായ ലാലി സ്വന്തം പ്ലാൻ അനുസരിച്ചുതന്നെ പ്രവൎത്തിച്ചു, അങ്ങിനെ

1758–ഡിസംബർ 12 മദിരാശി ആക്രമിച്ചു. ലോറൻസിൻെറ കീഴിലുള്ള കാവൽസേന രണ്ടുമാസത്തോളം ചെറുത്തുനിന്നു. ഡിസംബർ 14–ാം തീയതി ഫ്രഞ്ചുകാർ കറുത്ത നഗരം കീഴടക്കി കോട്ടക്കുചുററും സമാന്തരമായി സൈന്യനിവേശം ചെയ്തു,

1759—ഫെബ്രുവരി 16. ഒരു ബ്രിട്ടീഷ് സൈന്യം പെട്ടെന്നു രോഡിൽ പ്രത്യക്ഷപ്പെട്ടു. യുദ്ധം തുടങ്ങി ലാലി

50 തോക്കുകൾ പിന്നിൽ ഇട്ട പലായനം ചെയ്തു. സൈന്യവുമായി വന്നിരുന്ന ജനറൽ കൂട്ട് യാതൊരു അലോഗ്യമോ തടസ്ഥമോ കൂടാതെ മദിരാശിയിൽ പ്രവേശിച്ചു, കാവൽ സൈന്യത്തെക്കൂടി പുറത്തുകടന്നു വാണ്ടിവാഷ് പിടിച്ചടക്കി, ലാലിയെ തകർത്ത് അയാളെ പുതുശ്ശേരിയിലേക്ക് ഓടിച്ചു;

1760–ലാലി, പുതുശ്ശേരിയിൽ ഫ്രാൻസിൽനിന്നു സഹായം എത്തുമെന്ന നിഷ്ഫലമായ പ്രതീക്ഷയോടെ കാത്തിരുന്നു. ശമ്പളമില്ലാത്തതുകൊണ്ടു് അയാളുടെ സൈന്യങ്ങൾ ലഹളയാരംഭിച്ചു. 1760 ഒടുവിൽ കൂട്ട് പുതുശ്ശേരി വളഞ്ഞു.

1761—ജനുവരി 14. കാവൽസൈന്യം പുതുശ്ശേരി വിട്ടു് ഓടി. കൂട്ട് കോട്ടനിലം പതിപ്പിച്ചു ഇന്ത്യയിലെ ഫ്രഞ്ച്വാഴ്ചയുടെ അവസാന ചിഹ്നം കൂടി തുത്ത് എറിഞ്ഞു. ലാലി ഭയങ്കരമായ മർദ്ദനങ്ങൾക്ക് ഇരയായി ഒടുവിൽ പാരീസിൽവെച്ചു വധിക്കപ്പെട്ടു ലാബർഡോണെ ജയിലിൽ കിടന്നു മൃതിയടഞ്ഞു. ഡ്യൂപ്ലെ അത്യന്തം കഷ്ടപ്പെട്ടു് അന്തരിച്ചു. ബുസ്സിതന്നെ സർവ്വവും മറക്കുന്നതുവരെ ഇന്ത്യയിൽ തന്നെ കഴിച്ചുകൂട്ടി.

## 3. ബംഗാളിലെ സംഭവങ്ങൾ 1755–1773

[1740–ൽ സുബേദാർ ഷൂജാഡ്യൻെറ മരണത്തെ തുടന്നു അലിവർധിഖാന ബാഗാൾ, ബീഹാർ, ഓറീസ്സ പ്രവിശ്യകൾ തൻെറ കീഴിൽ സംയോജിപ്പിച്ചു മറാത്ത പേഷ്വയായ ബാജിറാവു് അന്തരിച്ചു. (അയാളുടെ സൈന്യത്തെ

നയിച്ചിരുന്നതു്—പുമാർ, ഹോൾക്കർ, സിന്ധ്യ, പിന്നെ സുശക്തനായ ഒരു സാഹസികൻ രഘോജിബോൺസ്ലെ എന്നിവരായിരുന്നു.) പേഷ്വയുടെ മരണത്തോടെ രഘോജിബോൺസ്ലെയുടെ ശക്തി അമിതമായി വദ്ധിച്ചുവന്നപ്പോൾ മററുള്ളവർ അയാളെ തകൎത്തുകളയാനുള്ള ഒരു രഹസ്യ ഖരാറിൽ ഏർപ്പെട്ടു. അവർ അയാളെ കൎണ്ണാട്ടിക്കിലേക്കു് അയച്ചു. പേഷ്വക്കു (ബാജിറാവു) മൂന്നു പുത്രന്മാരായിരുന്നു. അയാളുടെ അനന്തരാവകാശിയായ ബാലാജിറാവു, രഘുനാഥറാവു, (ഒടുവിൽ രഘോബ എന്നു പ്രസിദ്ധനായ) ബണ്ഡിൽഖണ്ഡ് ഭരിച്ചുപോന്നിരുന്ന ഷാംഷിർ ബഹദൂർ. പുതിയതായി ലഭിച്ച സ്ഥലങ്ങൾ നിമിത്തം അയാൾ ബോൺസ്ലെയുടെ നേരിട്ടു എതിരായി. അയാൾ അതുകൊണ്ടു ബംഗാൾ ആക്രമിച്ചു. പക്ഷേ രാജകീയ ഭടന്മാരാൽ തോല്പിക്കപ്പെട്ടു. സ്വന്തം രാജ്യത്തുനടക്കുന്ന സംഭവവികാസങ്ങൾകൊണ്ടു രണ്ടു മറാത്ത കൂട്ടരുടെയും എതിരായി സ്വന്തം നില സുരക്ഷിതമാക്കാൻ നിർബന്ധിതനായി ആലിവർധിഖാൻ. രാജകീയ സൈന്യങ്ങളുടെ സഹായത്തോടെ അയാൾ നില കൂടുതൽ സുശക്തമാക്കി. ബാലാജിറാവുവിൻെറ ഒരു ഉദ്യോഗസ്ഥനായ ഭാസ്കർ അയാളെ വിജയകരമായി എതിൎത്തു കാററവരെ ഓടിച്ചു ഹുബ്ളിയിലേക്കു നീങ്ങി. മൂർഷിദബാദിലെ ഒരു ഫാക്ടറി കൊള്ള ചെയ്തു.

1744—അലിവർധിഖാൻ ഭാസ്കറെ വധിച്ചു. 1751 മറാത്തരെ പണം കൊടുത്തു സ്വാധീനിച്ചു.

1755—അയാളുടെ വളൎന്നുവരുന്ന ശക്തിയും, മുഗിളൻെറ അധഃപതനവും മൂലം ഇംഗ്ലീഷുകാർ പേഷ്വ ബാലാജിറാവുവിനോടു സംഖ്യം ചെയ്തു.

1756—ഏപ്രിൽ അലിവർധിഖാൻ മരിച്ചു. പൗത്രനായ സുരാജ്ദൗള സുബേദാരായി (അയാൾ) ഇടനടി കൽ

ക്കട്ടയിലെ ഗവണ്ണറായ ഡ്രേക്കിനോട്ട എല്ലാ ഇംഗ്ലീഷുകോട്ട കളും നശിപ്പിച്ചുകളയുവാനായി കല്പനയയച്ചു. ഡ്രേക്ക് വിസമ്മതിച്ചപ്പോൾ അയാൾ നേരിട്ട കൽക്കട്ടയിൽ എത്തി. കോട്ടയിലെ കാവൽസേന വെറും 120 പീരങ്കിക്കാർ മാത്ര മായിരുന്നു. കോട്ടയിൽ സാധനങ്ങളും കുറവായിരുന്നു; അതിനാൽ ഡ്രേക്ക് സ്വയം രക്ഷക്ക് സാധിക്കാവുന്നതു് ചെയ്തുകൊള്ളുവാനുള്ള കല്പന നൽകി.

1756—ജൂൺ 21–ാംനു വൈകുന്നേരത്തോട്ടുകൂടി ഗ്രാമ സ്ഥന്മാരെല്ലാം സ്ഥലം വിട്ടു. രാത്രി, കത്തിയെരിയുന്ന, ഫാ ക്ടറികളുടെ വെളിച്ചത്തിൽ "ഹോൾവെൽ" കോട്ട കാത്തു നിന്നു. കോട്ട ആക്രമിച്ചു. കാവൽസേനയെ മുഴുവൻ തടവു കാരായി സുരാജ് പിടിച്ചു. എല്ലാ തടവുകാരെയും, രാവി ലെവരെ സുരക്ഷിതമായി പാർപ്പിക്കവാനുള്ള കല്പന നൽകി സുരാജ്. പക്ഷേ 146 മനുഷ്യജീവികളെ (യാദൃച്ഛികമാണെ ന്നു പറയുന്നു ഒരു ചെറിയ കിളിവാതിൽ മാത്രമുള്ള 120 അടി സമചതുരമുള്ള ഒരു മുറിയിൽ അടച്ചിട്ടു. പിറേറ ദി വസം (ഹോൾവെൽ കഥ പറയുന്നപോലെ 23 പേർ മാത്ര മെ അതിൽ ജീവനോട്ടുകൂടെ ഉണ്ടായിരുന്നുള്ളു. അവരെ ഹൂബ്ളിയിലൂടെ താഴോട്ടുപോകുവാൻ അനുവദിച്ചു. ഇതാ ണു് കൽക്കട്ടയിലെ ഇരുട്ടറ—ഇന്നുവരെ ഇംഗ്ലീഷുകള്ളസ ന്യാസികൾ അപവാദജല്പനങ്ങൾ നടത്തുന്നതു്. സുരാജ്ദൗള മുർഷിദബാദിലേക്ക് മടങ്ങി. അങ്ങിനെ ബംഗാൾ മുഴുവൻ സബലമായി. ഇംഗ്ലിഷ് ആഗന്തുകരിൽ നിന്നു വിമോചിക്കപ്പെട്ടു.

1759—ജനുവരി 2. അഡ്മിറൽ വാററ്സണ്ണിൻെറ കീഴിലുള്ള ഒരു കപ്പൽ സേനയോട്ടുകൂടി മദിരാശിയിൽ നിന്നയക്കപ്പെട്ട ക്ലൈവ് ഫോർട്ട്‌വില്യം പിടിച്ചു; കൽ ക്കട്ടയിലേക്കു് മാർച്ച്ചെയ്ത സുബേദാരെ എതിരിട്ടു. നിണ്ണാ യകങ്ങളായ നിരവധി മണിക്കൂറുകൾ നീങ്ങി. ജനുവരി

3–ാംനു- സുരാജ്ദൗള കമ്പനിക്കവകാശപ്പെട്ട പഴയ പദവിയെല്ലാം തിരികെ നൽകി, (അവക്ക്) നഷ്ടപരിഹാരം കൊടുക്കാമെന്ന് ഏററു. ചന്ദ്രനഗരത്തിലെ ഫ്രഞ്ച് ഉപനിവേശസ്ഥലം ക്ലൈവ് നശിപ്പിച്ചു. സുബേദാർ തൻെറ ക്യാമ്പ് പ്ലാസ്സിയിൽ (കൽക്കട്ടക്കടുത്തുള്ള ഹുബ്ളിയിൽ) ഉറപ്പിച്ചു. മുഗൾ സൈന്യത്തലവനായ മിർജാഫർ— തന്നെ ബംഗാൾ, ബിഹാർ, ഒറീസ്സയിലെ ഗവണ്ണർ ആക്കാമെങ്കിൽ—ശരിയായി യുദ്ധം നടക്കുന്ന ഒരു ദിവസം ഇംഗ്ലീഷുകാർക്കുവേണ്ടി സൈന്യത്തെ ഉപേക്ഷിക്കാമെന്നു ക്ലൈവിനു എഴുതി അയച്ചു. ക്ലൈവ് അതു് സ്വീകരിച്ചു:

1757—ജൂൺ 23, പ്ലാസിയുദ്ധം. മുഗൾ സേന അമ്പെ തോററു. സുബേദാർ പലായനം ചെയ്തു. മിർജാഫർ സമരം നിർത്തി (ഉപേക്ഷിച്ചു) ക്ലൈവിൻെറ കൂടാരത്തിൽ എത്തി.

1757—ജൂൺ 29 (ഇംഗ്ലീഷ് സൈന്യം മൂർഷിദബാദിലേക്ക് മടങ്ങി. യുദ്ധച്ചിലവു നൽകാമെന്നും ഹുബ്ളിയിലുള്ള ബ്രിട്ടീഷ് സ്ഥാനങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളാമെന്നുമുള്ള ഖരാറിൽ ക്ലൈവ് ആ വഞ്ചകനെ, ബംഗാൾ, ബിഹാർ, ഒറീസ്സയിലെ സുബേദാരാക്കി. 'ദുല്യബറാം' മിർജാഫറുടെ സാമ്പത്തിക മന്ത്രിയായി, രാമനാരായണൻ പാററ്ന ഗവർണ്ണരും.

20 ജൂൺ. മിർജാഫറുടെ ഒരു മകൻ, സുരാജിനെ ഒരു സന്യാസിയുടെ വേഷത്തിൽ കണ്ടുമുട്ടി അയാളെ വധിച്ചു. പ്ലാസിയുദ്ധം കഴിഞ്ഞ ഉടനെതന്നെ ക്ലൈവിനെ കൽക്കട്ടയിലെ സൈനികപരവും സിവിലും ആയ കാര്യങ്ങളിലെ നായകനാക്കി.

മിർജാഫർക്കെതിരായ മൂന്നു വിപ്ലവങ്ങൾ–മിഡ്നാ-പൂരിൽ–പൂർനിയയിൽ–ബീഹാറിൽ–അമത്തപ്പെട്ടു:

1757—അന്ത്യം. മിർജാഫറുടേതായി 8 ലക്ഷം പവനും വഹിച്ചുകൊണ്ടുവരുന്ന ഒരു നിധി കപ്പൽ കൽക്കട്ടയിൽ എത്തി. കൽക്കട്ടയിലെ ഭോഷന്മാർ ആഹ്ലാദമത്തരായി.

1758—ക്ലൈവ് അയച്ച കേണൽഫോർഡിന്റെ കീഴിലുള്ള സേന, "കോൺഫിയാ"ന്റെ നേതൃത്വത്തിലുള്ള ഫ്രെഞ്ച്പട്ടാളത്തെ വിശാഖപട്ടണത്തുവെച്ച തോല്പിച്ചു; മസൂലിപട്ടണം പിടിച്ചടക്കി.

1759—ആലിഗോഹർ ഷാസാദ (രാജകുമാരൻ) മുഗൾ ചക്രവത്തിയായ ആലിംഗീറിന്റെ മൂത്ത പുത്രൻ പിതാവിന്നെതിരായി ലഹളയുണ്ടാക്കിയപ്പോൾ ഔധിലെ സുബേദാർ അയാളുമായി യോജിച്ചു. അവർ പാററ്നയിലേക്ക മാർച്ച്ചെയ്തു. രാമനാരായണൻ സഹായത്തിനെത്തി ഷാസാദയെ തോല്പിച്ച് ഓടിച്ചു. കൊല്ലത്താൽ 30,000 പവൻ ആദായം കിട്ടുന്ന ഒരു ജാഗിർ മിർജാഫരോടു വാങ്ങിച്ചു. ആ സമയത്ത് ബാറേറഹയയിൽ നിന്ന് (വന്ന) ഒരു കടൽ സൈന്യം ഹൂബ്ളിയിൽ പ്രത്യക്ഷപ്പെട്ടു കുറെ സൈന്യങ്ങളെ ഇറക്കി. ക്ലൈവ്, കേണൽഫോർഡിനെ അവരെ തിരികെ കപ്പിലലേക്ക പറഞ്ഞയക്കവാനായി അയച്ചു, ഡച്ചുനേതാവ് ഇതുവരെയുള്ള ചിലവുകളെല്ലാം കൊടുക്കാമെന്ന് ഏററു പിൻതിരിഞ്ഞു.

1760—ഫെബ്രുവരി 25 ക്ലൈവ് യൂറോപ്പിലേക്ക കപ്പൽ കയറി. തന്റെ ധനകാര്യമന്ത്രിയായ ദുല്ലബ്റാമിനെ മിർജാഫർ വധിപ്പിച്ചു. അതെ സമയത്ത് മുഗൾ ചക്രവത്തിയായ ആലിംഗിർ രണ്ടാമനെ അയാളുടെ മന്ത്രിയായി ഗാസിവുദ്ധിൻ കൊലചെയ്തു. ചക്രവത്തിയായി പ്രഖ്യാപനം നടത്തിയ ഷാസാദ പാററ്നയിലേക്ക മാർച്ചു ചെയ്തു ആ നഗരം കാത്തിരുന്ന രാമനാരായണനെ തോല്പിച്ചു.

1760—ഫെബ്രുവരി 20. കേണൽ കേയ്ല്ലാഡ് ഒരു ബ്രിട്ടീഷ് സൈന്യത്തോടുകൂടി വന്നു പുതിയ ചക്രവത്തി

യായ (ആലിഗോഹറെ) തോല്പിച്ചു. മുഗിളർ മൂർഷിദബാദ് ആക്രമിക്കുവാൻ ശ്രമിച്ചു. ഇംഗ്ലീഷുകാരെ അവരെ കണ്ട പ്പോൾ പാററ്നയിലേക്കുതന്നെ തിരിച്ചു. 'കേയല്ലോഡ്' നോക്സിനെ നഗരം തിരികെ പിടിക്കാനായി അയച്ചു. നോക്സ് 200 ശിപായികളും, ഒരു ചെറിയ വ്യൂഹം അശ്വസേനയുമായി മുന്നേറി, മുഗിളനേതാവിനെ തോല്പിച്ചു പാററ്നയിൽ ക്യാമ്പുചെയ്തു. പൂർനിയയിലെ നവാബ് 30,000 ആളുകളോടും 100-ൽ പരം പീരങ്കികളോടുംകൂടെ ഗംഗാനദിയുടെ മറുകരയിൽ അണിനിരന്നു.

1760—മെയ് 20. തൻെറ സഹായിയായ രാജപുത്ര രാജാവ് സീതാബ്റായിയുടെ ഒത്താശയോടുകൂടിയുള്ള നോക്സിൻെറ വിജയം; അയാൾ നദി കടന്നു ആക്രമണത്തിനുതന്നെ തീരുമാനിച്ചു. മുഗൾ പട്ടാളം ഓടി, രാജപുത്രനും നോക്സും ശേഷിച്ച 300 പേരോടുകൂടി പാററ്നയിൽ പ്രവേശിച്ചു.

1761-ജനുവരി. പാനിപററ്‌യുദ്ധം. സദാശിവഭാവേയുടെ കീഴിലുള്ള മറാത്തരും അഹമ്മദ്ഖാൻ ദുറാണിയുടെ കീഴിലുള്ള, ദുറാണി അഥവാ അബ്ദാലികളും (അഫ്ഗൻ വംശജർ) തമ്മിൽ. ഇന്ത്യയിലെ മുഗൾ സാമ്രാജ്യം തകന്ന് തരിപ്പണമായി, മറാത്തർ ഛിന്നഭിന്നമായി; തീരെ ദുർബലനായ അഹമ്മദ്ഖാൻ അഫ്ഗാനിസ്ഥാനിലേക്കുതന്നെ തിരികെ പോകാൻ നിർബന്ധിതനായി.

1757—രഘോബാ (ആലിംഗീർ 2-ാമൻെറ മന്ത്രിയായ ഗാസിവൂഡിൻെറ ക്ഷണനപ്രകാരം) അഹമ്മദ്ഖാനിൽ നിന്നു് ഡൽഹി പിടിച്ചടക്കി. പഞ്ചാബിൽവെച്ചു അഹമ്മദ്ഖാൻെറ മകനായ ടിഹേർ രാജകുമാരനെ തോല്പിച്ചു. മറാത്തർ ഡൽഹിയിലേക്കു മടങ്ങി. പൂനയിൽ മടങ്ങിവന്ന ശേഷം രഘോബ, പേഷ്വയുടെ ബന്ധുവായ സദാശിവനെ (സദാഷിയോ) സൈന്യത്തലവൻെറ സ്ഥാനത്തു

നിന്നു നീക്കി. സദാശിവഭാവേ ആ സ്ഥാനത്തു് നിയമിക്കപ്പെട്ടു.

1759—അഹമ്മദ്ഖാൻ നാലാമത്തെ പ്രാവശ്യം ഇന്ത്യ ആക്രമിച്ചു ലാഹോർ പിടിച്ചടക്കി. അപ്പോഴക്കും ഗാസിവുഡിൻ ആലിംഗർ രണ്ടാമനെ വധിച്ചിരുന്നു. അഫ്ഗൻ സേനാനായകനായ "നാജിബ് ഉദ്ദൗള" മറാത്തനായ കരായമൽഹർറാവു ഹോൾക്കറെയും ദത്താജി സിന്ധ്യയേയും ഗംഗാനദി കടത്തിവിട്ടിരുന്നു. അപ്പോൾ.

1760—ൽ ആദ്യം അഹമ്മദ്ഖാൻ സൈന്യസമേതം ഡൽഹിയിൽ (പ്രത്യക്ഷപ്പെട്ടു) (സദാശിവറാവു) വലിയ ഒരു സൈന്യത്തോടെ അവരെ എതിരേററു. അങ്ങിനെ പാനിപററിൽവെച്ചു അവസാന തീരുമാനത്തിൽ എത്തിച്ചേരത്തക്കവിധത്തിലുള്ള സമരം.

1760—ക്ലൈവിനുപകരം ഗവണ്ണർ "വാൻസിടാട്ട്" വന്നു. മദിരാശി പൗരനെന്നനിലയിൽ അയാളെ ബംഗാളി ഉദ്യോഗസ്ഥന്മാർക്കു് ഇഷ്ടമായിരുന്നില്ല. വാൻസിടാർട്ട് മിർജാഫറെ സ്ഥാനത്തുനിന്നു് നീക്കി അയാളുടെ മരുമകനായ "മിർകാസിമ"നെ സുബേദാരാക്കി. ഇംഗ്ലീഷുകാർക്കു് കൊടുക്കേണ്ടതായ 200,000 പവൻ കൃത്യനിഷ്ഠയോടെ കൊടുത്തു് അയാൾ കൽക്കട്ടയിൽ താമസിക്കുകയായിരുന്നു. ആയാൾ തൻെറ രാജ്യത്തിൻെറ മൂന്നിൽ ഒരു ഭാഗം—മിഡ്നാപ്പൂർ, ബെരധ്വാൻ, ചിററഗോങ്ങ് എന്നീ ഡിസ്ത്രിക്ററുകൾ കമ്പനിക്കു തികച്ചും വിട്ടുകൊടുത്തു. പക്ഷേ വാൻസിടാട്ടിൻെറ അമിതമായ ഇടപെടലുകൾ കൊണ്ടു് കുപിതനായ അയാൾ പിന്നീടു് തൻെറ സൈന്യത്തെ വിപുലപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും തുനിഞ്ഞു. അക്കാലത്തു ഷാആലം ചക്രവത്തി ബിരുദം അവലംബിച്ചു. ആലിഗോഹറിനു ഡൽഹി തിരികെ പിടിക്കുവാൻ സാദ്ധ്യമാകാതെ വന്നപ്പോൾ അയാൾ ബീഹാർ

കൊള്ളചെയ്തു; ഒടുവിൽ ഇംഗ്ലീഷുകാരുമായി സന്ധിചെയ്തു. പാററ്നയിൽവെച്ചു അവർ അയാളെ ചക്രവത്തിയായി അംഗീകരിച്ച് തങ്ങളുടെ നടപടികളെല്ലാം സ്ഥിരീകരിച്ചു.

1762—മിർകാസിം രാമനാരായണനെ തടവുകാരനാക്കി. കളക്ടർമാർ മുഖേന കൃഷിക്കാരെ ദ്രോഹിച്ചുതുടങ്ങി. പക്ഷേ കമ്പനിക്കാരുടെ നോട്ടത്തിൽ അയാളുടെ പാപം മറെറാന്നായിരുന്നു. വെറും കഴുതയായിരുന്ന ഫെറൂക്ക്ഷർ 1715-ൽ സംഘടിതമായ ഇംഗ്ലീഷുകമ്പനിക്കു ഒരു ഡസ്റ്റക്ക് (ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിൽ നികുതിയില്ലായ്മ) അനുവദിച്ചുകൊടുത്തിരുന്നു. പക്ഷേ എല്ലാ (ഇംഗ്ലീഷ്) സ്വകാര്യ കച്ചവടക്കാരും അതു തങ്ങളുടെ അവകാശമാണെന്നു കരുതിപ്പോന്നു. മിർകാസിം ഉദ്യോഗസ്ഥന്മാരുടെ ഈ തട്ടിപ്പറിക്കു എതിരായിരുന്നു. അയാളുടെ കളക്ടർമാർ, അയാളുടെ കല്പന അനുസരിച്ചു ചുങ്കം കെട്ടാത്ത സാധനങ്ങൾ പിടിച്ചുപററി. അവരെ കമ്പനിയുടെ വേലക്കാർ അപമാനിച്ചു. വാൻസിടാട്ട് സ്വകായ്യമായി 9 ശതമാനം തീരുവ കെട്ടാമെന്നു (കമ്പനിയുടെ സേവനക്കാർ) വ്യവസ്ഥചെയ്തു. കമ്പനിയുടെ കൗൺസിൽ ഇതു് റദ്ദ്ചെയ്തു; മിർകാസിമിന്റെ ആളുകൾ നികുതി ചുമത്തുകയാണു് എങ്കിൽ അവരെ പിടിച്ചു തടവിലിടുവാനുള്ള ഒരു കല്പന പാസ്സാക്കി. മിർകാസിം എല്ലാ മുഗൾ കച്ചവടക്കാക്കും, അവരുടെ സാമാനങ്ങൾ ചുങ്കം കൂടാതെ തുറമുഖത്തേക്കു കടത്തിക്കൊണ്ടു പോകാനുള്ള അനുജ്ഞനൽകി പ്രതികാരം ചെയ്തു. അതുകൊണ്ടു് അവർ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുടെ സ്ഥാനത്തു് എത്തി. പാററ്നയിലെ ഇംഗ്ലീഷ് വ്യവസായശാലയുടെ പ്രധാനിയായിരുന്ന എല്ലിസ് വെളിവായി തന്നെ സമരസന്നാഹം തുടങ്ങി. കമ്പനിയുടെ അവകാശത്തെപ്പററി പറയാനായി കൽക്കട്ടയിൽനിന്നു മോൺഗീറിലേക്കയച്ച ഹേയ്, അമ്യാററ് എന്ന രണ്ടുപേരെ മിർകാ

സിമിൻെറ ആളുകൾ പിടിച്ചു. എല്ലിസിൻെറ നല്ല നടപ്പിന്നു ജാമ്യമായി ഹെയെ അവിടെതന്നെ താമസിപ്പിച്ചു അമിയററിനെ ഒരു പ്രതിഷേധക്കുറിപ്പോടെ മിർകാസിം കൽക്കട്ടയിലേക്കു് തിരിച്ചയച്ചു. എല്ലിസ് ഉടനടി നഗരവും പാററ്ന തുറമുഖവും പിടിച്ചടക്കി. വഴിക്കുവരുന്ന എല്ലാ ഇംഗ്ലീഷുകാരെയും പിടിക്കുവാൻ മിർകാസിം കല്പന അയച്ചു. കൽക്കട്ടയിലേക്കു മാർഗ്ഗത്തിൽ മുഗിളക്ക് തൻെറ വാൾ വിട്ടുകൊടുക്കുവാൻ മടിച്ച അമിയററ്, അവരുടെ നേരെ വെടിവെച്ചു. ആ ബഹളത്തിൽ അയാൾ വധിക്കപ്പെട്ടു.

1763—മിർകാസിം തൻെറ സൈന്യത്തെ വിപുലീകരിച്ചു; മുഗിൾ ചക്രവർത്തി (ആലിഗോഹർ) ഔധിലെ സുബേദാരോടും സഹായാഭ്യർത്ഥന ചെയ്തു. ഇംഗ്ലീഷുകാർ അയാളെ സ്ഥാനഭ്രഷ്ടനാക്കി എന്നു് പ്രഖ്യാപനംചെയ്തു് മിർജാഫറെ ആ സ്ഥാനത്തു് കയററി.

1763—ജൂലായ് 19. ഇംഗ്ലീഷുകാരുടെ വിജയം യുദ്ധത്തിൻെറ ആരംഭം ആയിരുന്നു. ജൂലായ് 24 വീണ്ടും ജയം. ആഗസ്റ്റ് 21ാംനു- യോടെ മൂർഷിദബാദ് പിടിച്ചടക്കി, ഇംഗ്ലീഷുകാർ ഗീറയിൽവെച്ചു വിജയശ്രീവരിച്ചു. മിർക്കസിം തൻെറ കയ്യിലുള്ള ഇംഗ്ലീഷു തടവുകാരെ മുഴുവൻ മൂർഷിദബാദിലെ വലിയ ബാങ്കർമാരായ സെററ്സിനെ അടക്കം എല്ലാവരെയും കൊന്നുകളഞ്ഞു; രാമനാരായണനെയും വധിച്ചു.

1763.—നവംബർ "ഉദവാനയില്യ"ള്ള മിർകാസിമിൻെറ ക്യാമ്പ് ഇംഗ്ലീഷ്കാർ വളഞ്ഞു മുഗിളൻ (മിർകാസിം) പാററ്നയിലേക്കു് പലായനം ചെയ്തു. അവിടെ വെച്ചു മുഗിൾ ചക്രവർത്തിയും; ഒരു വലിയ സേനയോടുകൂടി ഔധിലെ സുബേദാരും അയാളുമായി യോജിച്ചു. പക്ഷേ ഇംഗ്ലീഷുകാർ പാററ്ന ആക്രമിച്ചു കീഴടക്കി.

1764—പാററ്നയിൽ ശമ്പളബാക്കി മൂലം പട്ടാളക്കാർ ഇംഗ്ലീഷ് കാരുമായി ലഹളയ്ക്കൊരുങ്ങി. നഗരത്തിൽ ഉണ്ടായിരുന്നവർ ലഹളക്കാരുടെകൂടെ ചേരുവാനായി പുറപ്പെട്ടു. മേജർമൺട്രോ എതിരിട്ട് അവരെ തോല്പിച്ചു, തിരികെ പാററ്നയിലേക്കുതന്നെ മാർച്ചുചെയ്യിച്ചു; അതിലെ പ്രധാനികളെ വെടിവെച്ചു പുകച്ചുകളഞ്ഞു (അന്നു, ആദ്യത്തെ ആ പട്ടാള ലഹളതൊട്ടു തന്നെ 'മനുഷ്യത്വമു'ള്ള ഈ മാതിരി ക്രിയകൾ നടത്തിവന്നിരുന്നു.)

1746 ഒക്ടോബർ 23—ബ്യൿസാറിലെ സുരക്ഷിതമായ കോട്ടയിൽവെച്ചു മൺട്രോ മിർകാസിമിനെ ആക്രമിച്ചു തോല്പിച്ചു. അയാൾ ജീവനുംകൊണ്ടു ഔധിലേക്ക് ഓടി.

1764—ബ്യൿസാറിലെ (പാററ്നയുടെ വടക്കുപടിഞ്ഞാറൻഭാഗത്തു്) വിജയത്തോടുകൂടി ഗംഗാതീരം മുഴവനും ഇംഗ്ലീഷുകാരുടെ കരത്തിലായി. അവർ ഹിന്ദുസ്ഥാനിലെ യഥാർത്ഥ നാഥന്മാരായി. വാൻസിടാർട്ട് ഉടനടി സുരാജ് ദൗളയെ ഔധിലെ നവാബായും, മിർജാഫറെ ബംഗാൾ, ബീഹാർ, ഒറീസ്സ നവാബായും, (മിർജാഫർക്ക് 53 ലക്ഷം കപ്പമായി കൊടുക്കേണ്ടിവന്നു.) ഷാ ആലത്തിനെ അലഹബാദ് ആസ്ഥാനമാക്കി മുഗൾചക്രവർത്തിയായും അംഗീകരിച്ചു.

1765—മിർജാഫർ മരിച്ചു. അയാളുടെ പുത്രനായ നജാം-ഉദ്-ദൗളയെ അനന്തരാവകാശിയായി അംഗീകരിക്കപ്പെട്ടു. വാൻസിടാർട്ടിൻെറ ഔദ്യോഗിക കാലാവധി അക്കൊല്ലത്തിൽ അവസാനിച്ചു. പ്രഭുസ്ഥാനം നേടിയ ക്ലൈവ് ആയി അയാളുടെ സ്ഥാനത്തു്. ഇടക്കാലത്തേക്ക് (കമ്പനിയുടെ കൽക്കട്ട കൗൺസിലിൻെറ) പ്രസിഡണ്ടായി സ്പെൻസർ നിയമിതനായി.

## ക്ലൈവിൻെറ രണ്ടാം ഭരണകാലം 1765—1767

ലണ്ടനിൽവെച്ച് ക്ലൈവ് ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ ഡയറക്ടർമാരായി വഴക്കായി, അവർ ഉടനടി കൽക്കട്ടയിലുള്ള അയാളുടെ ജാഗീറിൻെറ നികുതി കൊടുക്കുന്നതു് നിർത്തുവാനായി കല്പനയയച്ചു.

1765 മെയ് 3—ബംഗാൾ ഗവൎണ്ണർ, കൗൺസിൽ പ്രസിഡണ്ട്, കമ്മാണ്ടർ ഇൻ-ചീഫ് എന്നീ മൂന്നു അധികാരങ്ങൾ സ്വയം വഹിക്കുന്ന ക്ലൈവ് കൽക്കട്ടയിൻ കപ്പലിറങ്ങി. കൽക്കട്ടയിൽ കൈക്കൂലി. ക്ലൈവിനെ സഹായിക്കുവാനുള്ള നാലംഗകമ്മിററിയിൽ ജനറൽ കാർനാക്, മിസ്റ്റർ വെറിലിസ്റ്റ്, മിസ്റ്റർ സമ്നർ, മിസ്റ്റർ സൈക്സ് എന്നിവരായിരുന്നു. ബംഗാൾ, ബീഹാർ, ഒറീസ്സയിലെ ഗവൎണ്ണറും, സുഖാസക്തനുമായ നജാം-ഉദ്-ദൗളയെ ഒരുകൊല്ലം 53 ലക്ഷം ക. ആദായത്തിന്മേൽ, സ്ഥാനത്യാഗംചെയ്തു് എല്ലാ അധികാരങ്ങളും കമ്പനിക്കു വിട്ടുകൊടുക്കുവാൻ പ്രേരിപ്പിച്ചു. ആ മൂന്നു ഡിസ്ത്രിക്ടുകളുടെയും മേലുള്ള പ്രാദേശികാധികാരം വിട്ടുകൊടുക്കേണ്ടതിലേക്കായി അയാൾ മുഗൾചക്രവൎത്തിക്കു കൊടുത്തു 23 ലക്ഷം ക. കോറയിലെയും അലഹബാദിലെയും നികുതി സുരക്ഷിതമാക്കി. പുതിയതായി ഈസ്റ്റ്ഇന്ത്യാ കമ്പനിക്കു കിട്ടിയ വസ്തുക്കളുടെമേലുള്ള നീതിന്യായാധികാരവും മുഗൾചക്രവൎത്തി ഇംഗ്ലീഷുകാൎക്കു് വിട്ടുകൊടുത്തു. അങ്ങിനെ അവൎക്കു ദിവാനിയും, ‡ നിസാമത്തും † വിട്ടുകിട്ടി. അതേ കൊല്ലം തന്നെ അദാലത്ത്സമ്പ്രദായം ക്ലൈവ് നിയമവിധേയമാക്കി. അങ്ങിനെ ഈസ്റ്റ്ഇന്ത്യാ കമ്പനിക്കു 25 ലക്ഷം ജന

‡ ധനകാര്യവിഭാഗം
† സമരവകുപ്പു്
* തദ്ദേശീയ സഭമൂലമുള്ള ഭരണം

ങ്ങളുടെമേലുള്ള ഭരണാധികാരവും 40 കോടി ഉറുപ്പിക ആണ്ടിനാൽ വരവും ലഭ്യമായി. (1172 ആയപ്പോഴെ ഭരണം മുഴവനും ഇംഗ്ലീഷുകാരുടെ കയ്യിലാക്കുവാനുള്ള അധികാരം വാറൻ ഹേസ്റ്റിങ്ങ്സിനു കിട്ടിയുള്ളു.)

1766 ജനുവരി 1—അന്നുതൊട്ടു് ഇരട്ടബത്ത സമ്പ്രദായം നിർത്തൽ ചെയ്യണമെന്നു് കല്പിച്ച ക്ലൈവ് (ബത്ത—പുറത്തു പണി ചെയ്യുമ്പോൾ ഇംഗ്ലീഷുകാർക്കു് ലഭിച്ചിരുന്ന കൂടുതൽ ശമ്പളം അടുത്ത യുദ്ധകാലത്തു് ഇരട്ടിച്ചിരുന്നു.) അതിനെത്തുടർന്നു് ബംഗാൾ ഉദ്യോഗസ്ഥരുടെ ഇടക്കു് ലഹള. അവർ എല്ലാവരുംതന്നെ രാജി എഴുതി അയച്ചു. 50,000 മറാത്തർ ബിഹാറിലേക്കു് നീങ്ങുന്നുണ്ടു് എന്ന വാർത്ത ലഭിച്ചതാണു് കൂടുതൽ നിർഭാഗ്യകരമായിരുന്നതു്. ക്ലൈവ് എല്ലാവരുടേയും രാജി സ്വീകരിച്ചു. കുററക്കാരെയെല്ലാം പട്ടാളക്കോടതിക്കു് (കോർട്ടു് മാർഷ്യൽ) അയച്ചു. അവരുടെ സ്ഥാനത്തേക്കു് മദിരാശിയിലെ കേഡററുമാരെയും ഉദ്യോഗസ്ഥന്മാരെയും നിയമിച്ചു. തങ്ങളുടെ ഉദ്യോഗസ്ഥന്മാരുടെ മാതൃക തുടരുവാൻ ഉദ്ദേശിച്ചിരുന്ന ബ്രിട്ടീഷ് സൈന്യത്തെയെല്ലാം വിശ്വസ്തരായ ശിപായികൾ അടക്കി നിർത്തി. ഗൂഢാലോചനയിൽ സഹകരിച്ചു എന്നപേരിൽ—തെററായോ ശരിയായോ, അധികം താമസിയാതെ കൽക്കട്ടയിലെ സർവ്വസൈന്യാധിപനായ സർ റോബർട്ടു് ഫ്ളെച്ചറെ പിരിച്ചയച്ചു.

## രാജ്യത്തിന്നകത്തെ കച്ചവടവഴക്കുകൾ

ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ ഡയറക്ടർമാർ (ക്ലൈവ് ഇല്ലാത്തപ്പോൾ) അവരുടെ ജോലിക്കാർക്കു് രാജ്യത്തിനകത്തുള്ള ഉപ്പും അടക്കയും കച്ചവടം ചെയ്യുവാനുള്ള കുത്തകാ

വകാശം നൽകിയിരുന്നു. എല്ലാവരും ധൃതിയിൽ ഊഹക്ക ച്ചവടം നടത്തിത്തുടങ്ങി. കൃഷിക്കാരെ ദ്രോഹിക്കുവാൻ ആരംഭിച്ചു, നാട്ടുകാരുടെ ഇടയിൽ വലിയ അതൃപ്തി. ക്ലൈവ് അതിന്നു് അമർച്ച വരുത്തി (?) കമ്പനിക്കു സ്ഥായി യായ ഒരു ലാഭമുണ്ടാക്കത്തക്കവിധത്തിൽ പ്രാദേശികകച്ച വടം കൊണ്ടുനടക്കുവാൻ ഒരു സൊസൈററി ഉണ്ടാക്കി. നാട്ടുകാക്കു് ദോഷകരമായ ഊഹക്കച്ചവടം നിൎത്തൽചെയ്തു. രണ്ടു കൊല്ലത്തിനുശേഷം ഇംഗ്ലണ്ടിലുള്ള ബോർഡിന്റെ നിൎദ്ദേശപ്രകാരം സൊസൈററി അവസാനിപ്പിച്ചു് ഒരു കമ്മീഷൻ അതിന്റെ സ്ഥാനം കയ്യേററു.

1767—സുഖമില്ലായ്മകാരണം ക്ലൈവ് രാജിവെച്ചു. നാട്ടിൽ മടങ്ങിയെത്തിയ ക്ലൈവിനെ കമ്പനി ഡയറക്ടർ മാർ കഠിനമായി ദ്രോഹിച്ചു.

1767–1769—കൽക്കട്ടയിലെ (കൗൺസിലിന്റെ) പ്ര സിഡണ്ടായ വെറിലിസ്റ്റ് ബംഗാളിലെ ഗവൎണ്ണർ.

1772–1785—വാറൻഹേസ്റ്റിങ്ങ്സ്.

1732-ൽ ജനിച്ച അയാൾ ഒരു ബംഗാൾ പൗരനായി രുന്നു. 1750—വെറും ഒരു ഗുമസ്തനായി അയാളെ കൽക്കട്ട യിലേക്കയച്ചു. 1760-ൽ കൽക്കട്ട കൗൺസിലിലെ അംഗ മായി.

1769-ൽ പാനിപററിലെ തോൽവിക്കു പ്രകരംവീട്ടാ നായി പേഷ്വാ മധുറാവ് 300,000 മറാത്തരടങ്ങുന്ന ഒരു സേനയെ ഉത്തരദിക്കിലേക്കയച്ചു. (അവർ) രാജപുത്താന കൊള്ള ജാററ്സുകളെ നികുതി നൽകുവാൻ നിർബ്ബന്ധിത രാക്കി; 1746-ൽ അഹമ്മെദ്ഖാനാൽ നിയമിതനായിരുന്ന നജിബ്-ഉദ്-ദൗള എന്ന ഒരു രോഹില്ലകാരന്റെ മകനാ യ സബിതാഖാൻ നല്ലപോലെ ഭരിച്ചുപോന്നിരുന്ന ഡൽ ഹിയിലേക്കു് മുന്നേറി. തങ്ങളുടെകീഴിൽ അടങ്ങിയിരിക്കാ മെങ്കിൽ ഷാ ആലത്തിനെ തിരികെ ദൽഹി സിംഹാസന സ്ഥനാക്കാമെന്നവർ ഏററു. അയാൾ അതു സമ്മതിച്ചു.

1771 ഡിസംബർ 25. ഷാ ആലമിനെ പേഷ്വ ഡൽഹിയിലെ മുഗിൾചക്രവത്തിയായി വാഴിച്ചു.

1772—മറാത്തർ റോഹിൽഖണ്ഡ് ആക്രമിച്ചു, ധ്രുവാബ്, നശിപ്പിച്ചു പ്രവിശ്യ മുഴവനും തരിശാക്കി. അവർ സബിതാഖാനെ തടവുകാരനാക്കി അയാളുടെ സമ്പാദ്യങ്ങളെല്ലാം കണ്ടുകെട്ടി,

1772 വസന്തം—മറാത്തക്കാർ റോഹിൽഖണ്ഡുമായി സന്ധിചെയ്തു. ഔധിലെ നവാബു മന്ത്രിയായ ഷ്വജ ഉദ്ദൗള 40 ലക്ഷം ക. അട്ടത്തുൺ നൽകാമെന്ന ഖരാറിൽ സ്ഥാനത്യാഗം ചെയ്യാമെന്ന് ഏററു — പക്ഷെ അയാൾ വാക്കപാലിച്ചില്ല.

1773—മറാത്തർ ഔധ് കൊള്ളയിടുവാൻ തീരുമാനിച്ചു. ഹാഫീസ്റഹമത്തിൻെറ കീഴിലുള്ള റോഹില്ലക്കാർ ഔധിലെ നവാബുമായി സന്ധിചെയ്തു. കഴുതയായ ഷാ ആലം മറാത്തരെ ആക്രമിച്ചു. പക്ഷെ അമ്പേ തകർന്നു. വിജയികൾ കോറയും അലഹബാദും അടിയറവെയ്ക്കുവാൻ അയാളെ നിർബ്ബന്ധിച്ചു—പക്ഷെ ഇംഗ്ലീഷുകാരുടെ ബംഗാൾ പ്രദേശത്തിൽ ഉൾപ്പെട്ടതായിരുന്നു അവ. ബ്രിട്ടീഷ് മൃഗങ്ങൾ ഭാഗ്യം ചെയ്തവരായിരുന്നു. കാരണം പൂനയിലായിരുന്ന പേഷ്വ ഒരു തെക്കൻആക്രമണത്തെ ഉദ്ദേശിച്ചു സൈന്യത്തെ പിൻവലിച്ചു.

## ഇംഗ്ലണ്ടിലെ സംഭവവികാസങ്ങൾ

കമ്പനിജീവനക്കാരുടെ ധാരാളമായ സമ്പാദ്യവും, അവരുടെ സുഖഭോഗസമൃദ്ധമായ ജീവിതവും അവിടെ ഉള്ളവരിൽ അസൂയ വളത്തി. ഈ സമ്പാദ്യത്തിൻെറ അടിസ്ഥാ

നങ്ങൾ—നാട്ടുരാജാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കൽ; അപമാനകരമായവിധത്തിലുള്ള ആക്രമണം, ചൂഷണം, പൊതുവെ കമ്പനിയെക്കുറിച്ചു പാർലിയമെൻറിൽ നിശിതവിമർശനങ്ങൾ. 500 പവന്റെ സ്റ്റോക്കുള്ളവന്നു പ്രൊപ്രൈറ്ററുടെ കോർട്ടിൽ വോട്ടവകാശമുണ്ട് എന്ന നിയമം, പുതിയ ഡയറക്ടറന്മാരുടെ ആണ്ടിൽ ഒരിക്കൽ ഉള്ള തിരഞ്ഞെടുപ്പിൽ, കൈക്കൂലിക്കും അഴിമതികൾക്കും വഴിവെച്ചു കൊടുത്തു. ഒരവസരത്തിൽ മിസ്റ്റർ സള്ളിവനെ ഡയറക്ടറേററിലേക്ക് തിരഞ്ഞെടുക്കുവാൻവേണ്ടി, ഒരു ലക്ഷം പവൻ ചിലവഴിക്കേണ്ടിവന്നു. ഇടപെടലുകളുടേയും കള്ളത്തരങ്ങളുടേയും കൂത്തരങ്ങായിരുന്നു ഇന്ത്യാഹൌസ്. 1781-ൽ പാർലിയമെൻറ് ഇടപെട്ട് മൂന്നംഗങ്ങളുള്ള ഒരു കമ്മിററിയെ കമ്പനിയുടെ നടത്തിപ്പു പരിശോധിക്കുവാനും ആവശ്യമായ മാററങ്ങൾ വരുത്തുവാനുമായി കൽക്കട്ടയിലേക്കയച്ചു. വിധിവൈപരീത്യം—മൂന്നുപേരും—വാനിസ്റ്റാർട്ട്, സ്ക്രാഫ്ടൺ, കേണൽ ഫോർഡ് എന്നിവർ സുപ്രതീക്ഷാ മുനമ്പിന്റെ അടുത്തുവെച്ചുണ്ടായ ഒരു കപ്പലപകടത്തിൽപെട്ട് ചരമമടഞ്ഞു. അതുകഴിഞ്ഞ് അധികം താമസിയാതെ ഇന്ത്യയിലെ ബ്രിട്ടീഷ്സ്ഥാനങ്ങളുടെ ശരിയായ അവകാശത്തെ ചൊല്ലി ഈസ്റ്റ്ഇന്ത്യാ കമ്പനിയും ഇംഗ്ലീഷുസർക്കാരുമായി വഴക്കുകൾ തുടങ്ങി.

ഇതിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ, കമ്പനിയുടെ താൽക്കാലികമായ പാപ്പരത്വം, ഇന്ത്യയിൽ ഒരു ലക്ഷത്തിന്റെയും, ഇംഗ്ലണ്ടിൽ ഒന്നര ലക്ഷത്തിന്റെയും കുറവ്, പുറത്തു വന്നു. ഒരു സ്വകാര്യകടം പിരിച്ചെടുക്കുവാനുള്ള അനുമതിക്ക് ഡയറക്ടറന്മാർ പാർലിമെൻറിനെ സമീപിച്ചു. ഇന്ത്യയിൽ കമ്പനിക്ക് ഉണ്ടെന്നുവെച്ചിരുന്ന അവസാനമില്ലാത്ത ദ്രവ്യത്തെക്കുറിച്ചുള്ള വിഭ്രാന്തിക്കുപററിയ മരണാഘാതം.

1772-ൽ സിലക്ട് കമ്മിററിയുടെ നിയമനം. ഓരോ സ്വകാൎയ്യവ്യക്തികൾ സ്വത്തുകാരാവാൻ ഉപയോഗിച്ചിരുന്ന അഴിമതിയും അക്രമങ്ങളും ചൂഷണവും പുറത്തുവന്നു. പാർലിയമെൻറിലെ സരസമായ വാദങ്ങൾ. ഇന്ത്യൻ കാൎയ്യങ്ങളെക്കുറിച്ചുള്ള ക്ലൈവിൻെറ പ്രസിദ്ധിനേടിയ പ്രസംഗം.

1773—പുനരുദ്ധാരണ ആക്ട് (ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെമേൽ) രണ്ടു സഭകളിലും പാസായി. ഒരു വോട്ടിന്നാവശ്യമുള്ള സ്റ്റോക്കുസംഖ്യ (പ്രൊപ്രൈററർമാരുടെ കോട്ടിൽ ഒരാൾക്ക് നാലിലധികം വോട്ടിനു അവകാശമില്ല) 500 പവനിൽനിന്നു 1000 പവനായി ഉയൎത്തപ്പെട്ടു. കൽക്കട്ടെ ഗവൎണ്ണറുടെ പേരു് ഗവൎണ്ണർ ജനറൽ എന്നാക്കി മാററപ്പെട്ടു. എല്ലാ പ്രസിഡൻസികളേയും സംബന്ധിച്ച് പരമാധികാരമാണു് അയാൾക്കു് നല്കപ്പെട്ടിരുന്നതു്. 5 കൊല്ലം കൂടുമ്പോൾ അയാളെ പാർലിയമെൻറാണു് നിയമിച്ചിരുന്നതു്. കോടതികളുടെ പുതിയ ഭരണക്രമം.

വാറൻ ഹേസ്റ്റിങ്ങ്സിൻെറ പകുതി അംഗീകരിക്കപ്പെട്ട പരിപാടിപ്രകാരം (1780-ൽ കൗൺസിലിനും ഗവൎണ്ണർ ജനറലിനും പുതിയതായി സമ്പാദിച്ച സ്ഥലങ്ങൾക്കാവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുവാനുള്ള അധികാരം പാർലിയമെൻറിൽനിന്നും ലഭിച്ചു. വാറൻ ഹേസ്റ്റിങ്ങ്സിൻെറ 23-ാം റൂൾ നിയമമായി. 27-ാംവകുപ്പുപ്രകാരം മുഹമ്മദീയരുടെ നിയമം കൊറാൻ ആയും ഹിന്തുക്കളുടേതു് വേദവും ധൎമ്മശാസ്ത്രവുമായും തീരുമാനിക്കപ്പെട്ടു) നാട്ടുകാൎക്കു അവരുടെ സ്വകാൎയ്യനിയമങ്ങൾതന്നെയാണു് ബാധകമായിരുന്നതു്. വാറൻ ഹേസ്റ്റിങ്ങ്സിൻെറ 23-ാം റൂൾപ്രകാരം മൗലവികളേയും (മുഹമ്മദൻ നിയമവ്യാഖ്യാതാക്കൾ) പണ്ഡിതന്മാരെയും (ഹിന്ദു നിയമവ്യാഖ്യാതാക്കൾ) കൃത്യമായി ഓരോ കോടതിയിലും ഹാജരാവാൻവേണ്ടി നിയമിച്ചു.

# മദിരാശിയിലെയും ബോംബെയിലെയും കാര്യങ്ങൾ 1761—1770

1761—ഡക്കാനിലെ സുബേദാരായ സലബത്ത്ജങ്ങിനെ അയാളുടെ സഹോദരനായ നൈസാം ആലി തടവിൽ പിടിച്ചിട്ട സ്വയം നവാബായി. കമ്പനിക്കാരുടെ നവാബായ കർണ്ണാടകത്തിലെ മുഹമ്മദാലിയോട്ട് അയാളുടെ രക്ഷയ്ക്കായി നിർത്തിയിരുന്ന ഇംഗ്ലീഷ്സൈന്യത്തിന്റെ ചിലവിലേക്കായി, മദിരാശി പ്രസിഡണ്ട് 50 ലക്ഷം ഉറുപ്പിക ആവശ്യപ്പെട്ടു. മുഹമ്മദ് കമ്പനിക്കാരോട്ട് തഞ്ചാവൂർ കൊള്ളയടിക്കുവാൻ ആവശ്യപ്പെട്ടു. പണം കൊടുത്തില്ല എങ്കിൽ സ്ഥലങ്ങളെല്ലാം കണ്ടുകെട്ടുമെന്നു മദിരാശി പ്രസിഡണ്ട് തഞ്ചാവൂർരാജാവിനെ ഭയപ്പെടുത്തി. അയാൾ സമ്മതിച്ചു. അങ്ങിനെ കർണ്ണാടകത്തിലെ പട്ടാളത്തിന്റെ ചിലവിലേക്കാവശ്യമായ തുക നേടി.

1763—പാരീസ്സന്ധി. മുഹമ്മദാലിയെ കർണ്ണാട്ടിക്കിലെ നവാബായും, സലബത്ത്ജങ്ങിനെ ഡക്കാനിലെ സുബേദാരായും അംഗീകരിക്കപ്പെട്ടു. അതു കഴിഞ്ഞപ്പോഴേക്കും സലബത്തിനെ സഹോദരനായ നൈസാം ആലി വധിച്ചുകളഞ്ഞു. സുബേദാരായി ഇംഗ്ലീഷുകാരോടു യുദ്ധപ്രഖ്യാപനവും നടത്തി. മുഹമ്മദാലിയെ കർണ്ണാട്ടിക്കിലെ നവാബായി അംഗീകരിക്കുവാൻ അയാൾ വിസമ്മതിച്ചു. പക്ഷെ അല്പം ചില സേനാവ്യൂഹങ്ങൾ മതിയായിരുന്നു അയാളെ ഭയപ്പെടുത്തി ശാന്തനാക്കുവാൻ. അതേ സമയത്ത് ഡൽഹിയിലെ വെറും പാവയായ ചക്രവർത്തി കർണ്ണാട്ടിക്ക്നവാബിനെ ഇപ്പോഴത്തെയോ ഭാവിയിലെയോ ഡക്കാൻ സുബേദാരിൽനിന്നു സ്വതന്ത്രനായി വിളംബരപ്പെടുത്തിക്കൊണ്ടുള്ള കല്പന പാസ്സാക്കി. അങ്ങിനെ കർണ്ണാട്ടിക്ക് ഒരു സ്വതന്ത്ര രാഷ്ട്രമായി.

1765 ആഗസ്റ്റ് 12—വടക്കൻസർക്കാർ കമ്പനിക്കു വിട്ടു കൊടുക്കുവാൻ ക്ലൈവ് പാവ ചക്രവർത്തിയെ പ്രേരിപ്പിച്ചു. ഈ നടപടി അംഗീകരിക്കുവാൻ നൈസാം കൂട്ടാക്കിയില്ല. അയാൾ മദിരാശി പ്രസിഡണ്ടിന്നുള്ള ഈ സ്ഥലങ്ങൾ (അതായിരുന്നു വാസ്തവവും) ഫ്രഞ്ച്യകാൎക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ് എന്ന വിവരം കാണിച്ചു ഭയപ്പെടുത്തുന്ന ഒരു എഴുത്ത് എഴുതി. മദിരാശി പ്രസിഡണ്ടു് കേണൽ കോയ് ല്ലോഡിനെ ഹൈദരാബാദിലേക്കു് അയച്ചു. അവിടെ

1766 നവംബർ 12—നൈസാമായുള്ള ആദ്യത്തെസന്ധി (നടന്നു) അതിൻെറ ഖരാറുകൾപ്രകാരം നൈസാമിൽ നിന്നു വടക്കൻസർക്കാർ ഇംഗ്ലീഷുകാരുടെ കൈവശമായി. അയാൾക്കു 8 ലക്ഷം ക. കൊല്ലത്താൽ കപ്പം കൊടുക്കേണ്ടി വന്നു. തോക്കുകളോടുകൂടിയ രണ്ടു വ്യൂഹം കാലാൾപ്പടയെ ഡിസ്ത്രിക്ടിൻെറ സംരക്ഷണാൎത്ഥം അവിടെ നിൎത്തി.

1761 ഹൈദരാലി മൈസൂറിലെ രാജാവായി. 1763-ൽ ബദന്നൂരും, 1764-ൽ തെക്കൻകനറയും പിടിച്ചടക്കി.

[1702-ൽ ആണ് ഹൈദരാലി ജനിച്ചതു്; പഞ്ചാബിൽവെച്ചു മൃതിയടഞ്ഞ ഫാത്തിമുഹമ്മദ് എന്നൊരു മുഗൾസേനാനായകനായിരുന്നു പിതാവു്. മകനെ ഒരു നായ്ക്കനായി കണ്ടാണ് അയാൾ മരിച്ചതു്. (മുഗൾസൈന്യത്തിലെ നായ്ക്കന്നു ഫ്രഞ്ച്സൈന്യത്തിൻെറ ക്യാപ്റ്റൻെറ സ്ഥാനമായിരുന്നു. ഇന്നു് നാട്ടുപട്ടാളത്തിൽ കോർപ്പോറൽ നായ്ക്കു് എന്നാണ് അറിയപ്പെടുന്നതു്.) 200 ആളുകൾ ഉണ്ടായിരുന്നു അയാളുടെ കീഴിൽ. തൻെറ 200 അനുയായികളെയുംകൂട്ടി 1750-ൽ ഹൈദരാലി മൈസൂർസൈന്യത്തിൽ ചേൎന്നു, അതേസമയത്തു് മൈസൂർരാജാവു് തൻെറ എല്ലാ അധികാരവും മന്ത്രിയായ നഞ്ചിരാജനു വിട്ടുകൊടുത്തു.

1755-ൽ ഹൈദരാലിയെ പട്ടാളത്തിൽ ആളെ ചേൎക്കുവാനും, അവരെ സംരക്ഷിക്കുവാനുള്ള അധികാരത്തോടുകൂടി ഡിൻഡിക്കൽകോട്ടയിലെ സൈനികമേധാവിയാക്കി. അയാൾ അയൽവക്കത്തുള്ള എല്ലാ കൊള്ളക്കാരെയും, കുററവാളികളേയും തൻെറ സൈന്യത്തിലേക്കു് ക്ഷണിച്ചുവരുത്തി. വലിയ വലിയ കൂട്ടങ്ങളായി അവർ അയാളുടെ സൈന്യത്തിൽ ചേൎന്നു. അങ്ങിനെ, 1757ൽ പേഷ്വ മൈസൂർ ആക്രമിച്ചപ്പോൾ ഹൈദരുടെ കീഴിൽ 10,000 ആൾക്കാരും നിരവധി തോക്കുകളും വെടിമരുന്നും ഉണ്ടായിരുന്നു. അതിനു പ്രതിഫലമായി അയാൾക്കു വലിയ എസ്റ്റേററുകൾ കിട്ടി. മറാത്തരെ വശീകരിക്കുവാൻ അമിതമായ ചിലവു് വന്നതുമൂലം മൈസൂർ ഖജനാവു ശൂന്യമായിരുന്നു. അതുകൊണ്ടു് പട്ടാളക്കാരുടെ ഇടയിൽ ഉണ്ടായ ലഹള ഒതുക്കുവാൻ ഹൈദർ വളരെ സഹായിച്ചു. 1759-ൽ ഹൈദരെ മൈസൂറിലെ സർവ്വസൈന്യാധിപനാക്കി, നിരവധി സ്ഥലങ്ങൾ സമ്മാനമായി നൽകി. അങ്ങിനെ മൈസൂർരാജ്യത്തിൻെറ പകുതിഭാഗം ഹൈദൎക്കു സ്വന്തം നിലയിൽ കൈവശമായി. ഹൈദർ രാജാവിൻെറ ഉത്തമവാദിത്വത്തോടുകൂടിയ മന്ത്രിയായി. കാൻഡേറാവു ആക്രമണത്തിനു ഒരുങ്ങിയപ്പോൾ താൽക്കാലികമായി മന്ത്രിപദമേറെറടുക്കുവാൻ നാഞ്ചിരാജിനെ പ്രലോഭിപ്പിച്ചു. അയാൾ സൈന്യത്തിൽ പോയി കാൻഡേറാവുവിനെ തോല്പിച്ചു അയാളെ പിടിച്ചു. അയാളെ "ആ രണ്ടാം ലൂയി പതിനൊന്നാമൻ", ഒരു തത്തയെപ്പോലെ വലിയ ഒരു ഇരുമ്പുകൂട്ടിൽ ഇട്ടു് പരിഹാസമായി ചോറുരുളകളും വിത്തും കൊടുത്തു. അതിൻെറ ഫലമായി ആ "പക്ഷി" വേഗംതന്നെ ചത്തുപോയി. 1761 ഹൈദർ നാഞ്ചിരാജനേയും, രാജാവിനേയും തനിക്കുവേണ്ടി സ്ഥാനത്യാഗം ചെയ്യാൻ നിൎബ്ബന്ധിതരാക്കി.]

1765-ൽ പേഷ്വ മധുറാവു്, രാഘോജി ബോൺസ്സെ

യുടെയും (അന്നത്തെ ബീറാർരാജ) തന്റെ സഹോദരനായ രഘോബയുടെയും കീഴിൽ ഒരു സൈന്യത്തെ ഹൈദരുടെ നേക്കയച്ചു. രണ്ടുപ്രാവശ്യം പരാജയം പററിയ ഹൈദർ, മറാത്തരെ 32 ലക്ഷം ക. യും, മൈസൂറിന്നു വെളിയിൽ താൻ പിടിച്ചടക്കിയ രാജ്യങ്ങളും വിട്ടുകൊടുത്തു് വശീകരിച്ചെട്ടുത്തു.

1766—ഹൈദരാലി ആക്രമണം തുടന്നു; മലബാറും കോഴിക്കോട്ടും പിടിച്ചു. പേഷ്വ ഹൈദരിനെതിരായി നൈസാമിന്റേറയും, ഇംഗ്ലീഷുകാരുടേയും സഖ്യംസമ്പാദിച്ചു.

1767—ആദ്യത്തെ മൈസൂർയുദ്ധം. 1767 ജനുവരിയിൽ പേഷ്വ കൃഷ്ണാനദി കടന്നു; അയാളുടെ കീഴിലുള്ള മറാത്തർ വടക്കൻമൈസൂർ കൊള്ളയടിച്ചു. വലിയ സംഖ്യ കൊടുത്തു് ഹൈദർ അവരെ പൂനയിലേക്കു മടങ്ങുവാൻ പ്രേരിപ്പിച്ചു. നൈസാം ഹൈദരുമായി യോജിച്ചു. അങ്ങിനെ കേണൽ സ്മിത്തിന്റെ കീഴിലുള്ള ഇംഗ്ലീഷ്സൈന്യത്തിനു പിൻവാങ്ങേണ്ടിവന്നു. 1767 സെപ്തംബറിൽ മൈസൂറിന്റേറയും ഹൈദരാബാദിന്റേറയും സംയുക്തസേന "ചെങ്കമ" (മദിരാശി പ്രസിഡൻസിയിലെ തെക്കൻ ആർക്കാട്ടിൽ) യിൽവെച്ചു് സ്മിത്തിനോടു് എതിരിട്ടു. അയാൾ അവരെ തോല്പിച്ചു ഭംഗിയിൽ മദിരാശിയിലേക്കു മടങ്ങി.

1768—ഹൈദരാബാദിന്നടുത്ത ഒരു സ്ഥലത്തു് ഇംഗ്ലീഷുകാരുടെ പ്രകടനം. നൈസാം പത്തിതാഴ്ത്തി സന്ധിക്കു തയാറായി.

(ഇംഗ്ലീഷുകാരും) നൈസാമും ആയുള്ള രണ്ടാമത്തെ സന്ധി (ഈസ്റ്റ്ഇന്ത്യാ കമ്പനിക്കു സ്വഭാവികമായ വിധം ത്തിൽ കുററസമ്പൂർണ്ണമായിരുന്നു അതു്) അതിന്റെ നിശ്ചയങ്ങൾ പ്രകാരം വടക്കൻസക്കാരിന്റെ കപ്പം ഇംഗ്ലീഷുകാർ നൈസാമിനു നൽകണം. നൈസാമിന്റെ സഹോദരനായ ബസലാത്ത്ജങ്ങിന്റെ കൈവശമുള്ള ഗുണ്ടൂർസക്കാർ അ

യാളുടെ മരണംവരെ ഇംഗ്ലീഷുകാക്ക് ആവശ്യപ്പെടാൻ വയ്യ. ഇംഗ്ലീഷുകാർ മറാത്തക്ക് ചൗത്ത് കൊടുക്കണം (ഈ കൊള്ളക്കാരുടെ നുഴഞ്ഞുകയററത്തിൽനിന്നു രക്ഷപ്പെടുവാൻ അടുത്തുള്ള ചെറിയ സ്റ്റേററുകൾമാത്രമേ അതു് ചെയ്തിരുന്നുള്ളു—പഴയ കാലത്തു് സ്കോട്ട്ലാൻഡിലെ ഹൈലാൻഡ്‌വംശക്കാർ ചെയ്തിരുന്നപോലെ) ആ നികുതി കൊടുക്കുവാനായി — അതാണു് എല്ലാ നടപടികൾക്കും മകുടം ചാത്തിയതു്—ഇംഗ്ലീഷുകാർ ഹൈദരാലിയിൽനിന്നു് കർണ്ണാട്ടിക് ബാലഗാട്ടു് പിടിച്ചടക്കുമെന്നു സ്വയം ശപഥം ചെയ്തു—അതു് പിടിച്ചടക്കിയതിൽനിന്നുള്ള ആദായംകൊണ്ടു ചൗത്തു് അടയ്ക്കുക.

1768—ബോംബെയിൽനിന്നു വന്ന ഒരാക്രമണം ബാംഗ്ളൂരും ഓനോറും കീഴടക്കി—ഒന്നുരണ്ടു മാസത്തിനുശേഷം അതു് ഇംഗ്ലീഷുകാരിൽനിന്നു് ഹൈദർ തിരികെ പിടിച്ചെടുത്തു അങ്ങിനെ അയാൾ പടിഞ്ഞാറൻ തീരപ്രദേശത്തു് പ്രവത്തിനിരതനായിരിക്കുമ്പോൾ കേണൽ സ്മിത്ത് കിഴക്കുഭാഗത്തുനിന്നു് മൈസൂർ ആക്രമിച്ചു. പക്ഷേ പാശ്ചഭാഗത്തുകൂടി ഹൈദർ അയാളെ എതിത്തു് പൊടുന്നനെ മദിരാശിയിൽ പ്രത്യക്ഷപ്പെട്ടു. "ഓഫീസുകുട്ടികളുടെ" ഇടയിൽ തികഞ്ഞ പരിഭ്രാന്തി.

1767—എത്രപ്പും സ്വരക്ഷയും നോക്കി ഹൈദരുമായുള്ള സന്ധി. അവരുടെ കല്പനപ്രകാരം കേണൽ സ്മിത്തിനു ഹൈദരെ സ്വന്തം ക്യാമ്പിന്റെ മുന്നിലൂടെ യാതൊരു അപകടവും തട്ടാത്ത നിലയിൽ പറഞ്ഞയക്കുവാൻ നിബ്ബന്ധിതനായി.

1770—അപ്പോഴേക്കും മറാത്തരുടെനേരെ തിരിഞ്ഞ ഹൈദരെ—പടിഞ്ഞാറൻഭാഗത്തുവച്ചു് മധുറാവു പരാജിതനാക്കി. ഒരുകോടി ക. യോളം നഷ്ടപരിഹാരത്തിന്റെ പേരിൽ അവർ ചോത്തിയെടുത്തു. പക്ഷേ ഹൈദക്കു

സമ്മതമായില്ല. മറാത്തർ മുന്നേറി. രാത്രിമുഴുവൻ ഹൈദർ കുടിച്ചുകുടിച്ചു കഴിച്ചുകൂട്ടി. പടിഞ്ഞാറൻ പർവ്വതനിരകളിൽ സംഘട്ടനം; അവിടെവെച്ചു അമ്പേ തകന്നു. ഹൈദർ ശ്രീരംഗപട്ടണത്തിലേക്ക് ഓടി 1769–ലെ സന്ധിപ്രകാരം ഇംഗ്ലീഷുകാരോടു സഹായമഭ്യത്ഥിച്ചു. പക്ഷേ മദിരാശിയിലെ കാര്യങ്ങൾ നിയന്ത്രിക്കുവാനായി പാർലിയമെൻറ് അയച്ചിരുന്ന സർ ജോൺലിൻഡ്സെ, മറാത്തരുമായുള്ള സന്ധിചെയ്യാൻ നിർബ്ബന്ധമായി ഉറച്ചു; ഹൈദരെ അപകടത്തിൽ ഉപേക്ഷിച്ചു. ഈ ''മനപൂർവ്വമായ വിശ്വാസവഞ്ചനയുടെ ഫലമായി'' ഹൈദരാലിയും ടിപ്പുവും, ഖുറാൻ പിടിച്ച് ഇംഗ്ലീഷുകാരോടു അവസാനിക്കാത്ത വൈരം ശപഥം ചെയ്തു. അവരെ അവസാനിപ്പിക്കണമെന്നു തീർച്ചയാക്കി. ഹൈദർ ഉടനെതന്നെ 36 ലക്ഷം രൂപയും–14 ലക്ഷം കൊല്ലത്താൽ വരവുള്ള സ്ഥലവും വിട്ടുകൊടുക്കാമെന്നുള്ള വാഗ്ദാനവും നൽകി സമാധാനം സ്ഥാപിച്ചു.

## 5. വാറൻഹേസ്റ്റിങ്ങിൻെറ ഭരണം 1772—1785

1772—ഏപ്രിൽ 13. ബംഗാളിലെ തിരഞ്ഞെടുക്കപ്പെട്ട ഗവർണ്ണർ ആയ വാറൻഹേസ്റ്റിങ്ങ്സ് പ്രവത്തനം തുടങ്ങി. പാർലിമെൻറ് ജനറൽ ക്ലേവറിങ്ങ്, കേണൽ മോൺസൺ, മിസ്റ്റർ ബാർവെൽ മിസ്റ്റർ ഫ്രാൻസിസ് എന്നിവരെ കൗൺസിൽ അംഗങ്ങളായി നിയമിച്ചു. ഭരണത്തിൻെറ കേന്ദ്ര ഓഫീസ് മുഷിദബാദിൽനിന്ന് കൽക്കട്ടയിലേക്കു് മാററപ്പെട്ടു. ക്ലൈവ് സ്ഥാപിച്ചിരുന്ന കോടതികളിലും ചില മാററങ്ങളെല്ലാം വരുത്തി. പക്ഷേ റവന്യൂ

പിരിവിൽ കൃഷ്‌ക്കൾ ഹാനികരമായിരുന്ന കാര്യങ്ങളിൽ യാതൊരു വ്യത്യാസവും വരുത്തിയില്ല.

1773—പുനരുദ്ധാരണ ആക്ട് പാസ്സായി. അതു പ്രകാരം ഹേസ്റ്റിങ്ങ്സ് ആദ്യത്തെ ഗവൎണ്ണർ ജനറലായി. അതെ സമയത്തുതന്നെ ജോൎജ്ജ് മൂന്നാമൻെറ, സി. 63–13 പ്രകാരം കൽക്കട്ട സുപ്രീംകോടതി സ്ഥാപിതമായി,

1773—ൽ ഹിന്ദു ആചാരങ്ങളെക്കുറിച്ച് യാതൊരു എത്തും പിടിയുമില്ലാത്ത—ഇന്ത്യൻ ഗവണ്മേൻറിൻെറ പ്രമുഖ വ്യക്തികൾ എന്നു നടിക്കുന്ന ജഡ്ജികൾ എത്തി. അക്കൊല്ലത്തിൽതന്നെ കുപ്രസിദ്ധമായ റോഹില്ലയുദ്ധം. ഔധിലെ നവാബായ ഷൂജാ ഔധ്ദൗള 1773—ൽ മറാത്തർ പിൻവാങ്ങുന്ന സമയത്തു സത്യം ചെയ്തിരുന്നപോലെ രോഹില്ലക്കാർ 40 ലക്ഷം രൂപ തരുവാൻ വിസമ്മതിക്കുന്ന വിവരം വാറൻഹേസ്റ്റിങ്ങിനെ അറിയിച്ചു. രോഹില്ലക്കാരെ തകൎത്താൽ ഈ പണം ഇംഗ്ലീഷുകാൎക്ക് നൽകാമെന്നു് അയാൾ ഏററു. കൽക്കട്ടാകൗൺസിലിൻെറ ഉപദേശപ്രകാരം ഹേസ്റ്റിങ്ങ്സ് അതു സമ്മതിച്ചു നവാബുമായി ഖരാർ ചെയ്തു. അതിലെ നിശ്ചയമനുസരിച്ചു, സമരം വിജയകരമായി പരിണമിക്കുകയാണെങ്കിൽ 50 ലക്ഷം രൂപ വിലക്ക് കോറ അലഹബാദ് ഡിസ്ത്രിക്റ്റുകൾ വിലക്കു വാങ്ങുവാൻ ഇംഗ്ലീഷുകാരെ അനുവദിക്കണമായിരുന്നു, കമ്പനിക്കു യാതൊരു ആദായവുമില്ലാതെ വളരെ അധികം പണം ദുർവ്യയംമാത്രം വരുത്തിവെയ്ക്കുന്ന ഒരു ഇടപാടായിരുന്നു ഇതു്. രോഹില്ലക്കാരുടെ ധീരനായകനായ ഹാഫീസ്ഖാൻ, മറാത്തരുമായുണ്ടായ യുദ്ധത്തിൽ വന്ന എല്ലാ ചിലവും കൊടുക്കാമെന്നു നവാബിനോടു പറഞ്ഞു. പക്ഷേ അയാൾ ഒരു വമ്പിച്ച തുകയായ 200 ലക്ഷമാണു് ആവശ്യപ്പെട്ടതു്. അതു കൊടുക്കുവാൻ റോഹില്ലക്കാർ നിശ്ചയമായും വിസമ്മതിച്ചു.

1774—ഏപ്രിൽ 23. ഔധിലെയും ഇംഗ്ലീഷുകാരുടെയും സംയുക്ത സേന റോഹിൽഖണ്ഡിൽ പ്രവേശിച്ചു.

പൊരിഞ്ഞ യുദ്ധം. അതിൽവെച്ചു ധീരന്മാരായ റോഹിൽ ഖണ്ഡക്കാർ അമ്പെ തകൎന്നു. ഹാഫീസ് റഹമത്ത്ഖാൻ കൊല്ലപ്പെട്ടു. അതിനും പുറമെ റോഹിൽഖണ്ഡ് കൊള്ള ചെയ്യപ്പെട്ട കള്ളന്മാർ മടങ്ങിയുള്ളു.

1774-1775-കൽക്കട്ടയിൽ അസ്വാസ്ഥങ്ങൾ കൗൺസിലിൽ ഭൂരിപക്ഷത്തിൻേറയും (പ്രത്യേകിച്ചു ഫ്രാൻസിസ്) കുത്തിത്തിരുപ്പുകൾ. ജഡ്ജിമാരും ലണ്ടനിലെ (കമ്പനി) ഡയറക്ടറേററും ഹേസ്റ്റിങ്ങ്സിനു എതിരെ.

1775—ഔധിലെ നവാബും ഹേസ്റ്റിങ്ങ്സുംകൂടി പ്രതിഷ്ഠിച്ചിരുന്ന റസിഡണ്ടിനെ കമ്പനിയുടെ ആളായ മിസ്റ്റർ ബ്രിസ്റ്റൊ, സ്ഥാനത്തുനിന്നും നീക്കംചെയ്തു. അയാളുടെ ആദ്യത്തെ പ്രവൎത്തി, നവാബ് കമ്പനിക്കു കൊടുക്കാനുണ്ടായിരുന്ന സംഖ്യ മുഴുവനും 14 ദിവസത്തിനകത്ത് കൊടുത്തുതീൎക്കുവാൻ ആവശ്യപ്പെടുകയായിരുന്നു. തീരെ നയമില്ലാത്ത ഈ പ്രവൎത്തിയെപ്പററി ഹേസ്റ്റിങ്ങ്സ് അപലപിച്ചു. ബ്രിസ്റ്റോ ബ്രിട്ടീഷ് പട്ടാളത്തോട് ഉടനടി റോഹിൽഖണ്ഡ് വിടുവാനാവശ്യപ്പെട്ടു. ഹേസ്റ്റിങ്ങ്സിനു അയാൾ കമ്പനി ഡയറക്ടർമാരിൽനിന്നു രഹസ്യമായി കിട്ടിയിരുന്ന നിൎദ്ദേശങ്ങൾ കാണിച്ചുകൊടുത്തു. ഈദൃശ്യകല്പനകൾ സാധാരണ ഗവൎണ്ണർ ജനറൽ മുഖാന്തിരമെ പോകാൻ പാടുള്ളു അതിനെ തുടൎന്നു ഹേസ്റ്റിങ്ങ്സ് ശക്തമായ ഒരു പ്രതിഷേധക്കുറിപ്പ് അയച്ചു.

അക്കൊല്ലം ഔധിലെ നവാബായ ഷൂജാ-ഉദ്-ദൗള മരിച്ചു. അയാളുടെ മകനായ ആസഫ് ഉദ്-ദൗള ഇംഗ്ലീഷുകാരുടെ സഹായം ആവശ്യപ്പെട്ടുകൊണ്ട് കൽക്കട്ടയിലേക്കു (എഴുതി.) ഫ്രാൻസിസ് തനിക്കു കൗൺസിലിൽ ഉള്ള ഭൂരിപക്ഷം ഉപയോഗിച്ചു, ഔധുമായുള്ള ബന്ധമെല്ലാം അവസാനിച്ചു എന്നും, ആസഫ് ഉദ്ദൗളയുടെ കിരീടധാ

രണം കമ്പനിയുമായുള്ള പുതിയ സന്ധിയുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും, അതനുസരിച്ചു ഇന്ത്യയിലെ ഏററവും പരിശുദ്ധ നഗരമായ ബനാറീസ് (കമ്പനിക്കു) പരിപൂർണ്ണമായും വിട്ടുകൊടുക്കണമെന്നും, നിർബന്ധമായി കല്പന എഴുതി അയക്കുവാൻ ഹേസ്റ്റിങ്ങ്സിനെ പ്രേരിപ്പിച്ചു, പ്രതിഷേധിച്ചുകൊണ്ടാണു് എങ്കിലും നവാബിന്നു കീഴടങ്ങേണ്ടിവന്നു.

ഔധിലെ ബീഗങ്ങൾ: നവാബിൻെറ സംസ്കാരത്തിനു ശേഷം അയാളുടെ അന്തഃപുരം സേനാനി പരിശോധിക്കപ്പെട്ടപ്പോൾ രണ്ടുലക്ഷത്തിൻെറ വിലവരുന്ന ഉറുപ്പികകണ്ടു. പുതിയ നവാബ് അതു് പൊതുധനമെന്നപേരിൽ കയ്യടക്കി. പക്ഷേ അതു് തങ്ങളുടെ സ്വകാര്യസമ്പത്താണു് എന്നു വാദിച്ച് ബീഗങ്ങൾക്കു് ആ പണം വിട്ടുകൊടുക്കുവാൻ കല്പിച്ചു ബ്രിസ്റ്റോ. അങ്ങിനെ നവാബിനു തൻെറ പട്ടാളത്തിനു ശമ്പളം കൊടുക്കുവാൻപററാതെവന്നു. അതിഭയങ്കരമായ പട്ടാളലഹള—200,000 പേരുടെ ജീവഹാനിക്കു് ഇടവരുത്തി എന്നാണു സംസാരം. കൽക്കട്ട കൗൺസിലിൽ ഫ്രാൻസിസ്സും (ക്ലേവറിങ്ങിൻെറയും മോൺസൂണിൻേറയും കൂടെ) ഹേസ്റ്റിങ്ങ്സിനെ ഭ്രാന്തുപിടിപ്പിക്കുവാനും അപമാനിക്കുവാനും പററുന്നതൊക്കെ ചെയ്തു. നാട്ടുകാരോടു് അയാളുടെ അവസാനം വരുത്തുവാൻ വരെ പറഞ്ഞു. ഹേസ്റ്റിങ്ങ്സിൻെറ എതിരായുള്ള എല്ലാ നിസ്സാര കുററാരോപണങ്ങളും ശ്രദ്ധിച്ചിരുന്ന കമ്പനി ഡയറക്ടർമാരുടെ ഒത്താശയും ഉണ്ടായിരുന്നു അയാൾക്കു് സ്വന്തം രാജ്യത്തു്. അതിപ്രധാനമായ ഒരു കുററം—(ഇന്ത്യയിൽ അന്നുവരെ കേട്ടിട്ടുപോലുമില്ലാത്ത ഒന്നായിരുന്നു) അതു് കള്ള ഒപ്പിട്ടു എന്ന കുററത്തിനു നന്ദകുമാർ എന്നൊരു ബ്രാഹ്മണനെ വധിച്ചു എന്നതായിരുന്നു. (പക്ഷേ അതു് സുപ്രീംകോടതിയുടെ പ്രവൃത്തിയായിരുന്നു. അവരുടെ വിഡ്ഢിത്വം—ഹിന്ദുനിയമ

പ്രകാരം അല്പമൊരു വിട്ടുവീഴ്ചമാത്രമായിരുന്ന ഒരു കുററത്തിനു, ഇംഗ്ലീഷു നിയമത്തെ അടിസ്ഥാനമാക്കി അവർ വധശിക്ഷ വിധിച്ചു.) നന്ദകുമാർ ഹേസ്റ്റിങ്ങ്സിൻെറ പേരിൽ അപഹരണകുററം ചുമത്തിയിരുന്നതിനാൽ എങ്ങനെയെങ്കിലും അയാളെ തൻെറ മാൎഗ്ഗത്തിൽനിന്നു് അകററുവാൻ ഗവൎണ്ണർ മോഹിച്ചിരുന്നു എന്നു പറഞ്ഞുണ്ടാക്കി ഫ്രാൻസിസ്. ഒടുവിൽ നന്ദകുമാറിന്നെതിരായി തെളിവിന്നുപയോഗിച്ച ആ എഴുത്തുതന്നെ കൃത്രിമമാണെന്നു് തെളിയിക്കപ്പെട്ടു.

1776—ഹേസ്റ്റിങ്ങ്സ് തൻെറ പ്രതിനിധിക്കു് അയച്ചിരുന്ന ഒരു സ്വകാര്യ കത്തിൽ രാജിവെയ്ക്കുവാനുള്ള ഉദ്ദേശം പ്രകടിപ്പിച്ചിരുന്നതു് അയാൾ പുറത്താക്കി. കേണൽ മോൺസണ്ണിൻെറ മരണത്തെ തുടൎന്നു തനിക്കു 'കാസ്റ്റിങ്ങ് വോട്ടു' ലഭിച്ചതുകൊണ്ടു് താൻ ജോലി തുടരുന്നതാണു് എന്നു് ഹേസ്റ്റിങ്ങ്സ് ഏജൻറിന്നു എഴുതി. പക്ഷേ ഡയറക്ടർമാർ അയാൾ രാജിവെച്ചു എന്നുതന്നെ പ്രഖ്യാപിച്ചു.

1777—ഡയറക്ടർമാരുടെ സ്വേഛാധികാരപൂൎവ്വമായ പ്രവൎത്തനങ്ങളുടെ പിൻബലംകണ്ടു് ജനറൽ ക്ലേവറിങ്ങ്, കൗൺസിലിലെ ഒരു സീനിയർ അംഗമെന്നനിലയിൽ അധികാര ചിഹ്നം പിടിച്ചുപററുവാൻ ശ്രമിച്ചു. ഹേസ്റ്റിങ്ങ്സ് അയാളെ ഒരു അധികാരവ്യാമോഹിയായി കണ്ടു്, ഫോർട്ടു്സെൻറ് വില്യമിൻെറ വാതിൽ അയാളുടെ നേരെ കൊട്ടിയടച്ചു. സുപ്രീംകോടതി നടവടി എടുത്തതു് ഹേസ്റ്റിങ്ങ്സിനു ഗുണകരമായാണു്. ക്ലേവറിങ്ങ് ദേഷ്യത്തോടെ പിൻവാങ്ങി. ബാർവല്ലിൻെറ ഉദ്ദേശിച്ചിരുന്ന രാജിയെ തടസ്ഥപ്പെടുത്താതിരിക്കാൻ വേണ്ടി ഫ്രാൻസിസ് കൗൺസിലിലെ തൻെറ ഭൂരിപക്ഷത്തെ ചൂഷണം ചെയ്യുകയില്ല എന്നു ഹേസ്റ്റിങ്ങ്സിനു ഉറപ്പുനല്കി. പക്ഷേ ബാർവെൽ പോയിക്കഴിഞ്ഞപ്പോൾ അയാൾ തൻെറ

വാക്കിന്നു തീരെ എതിരായാണു് പ്രവത്തിച്ചതു്. ഹേസ്റ്റി ങ്ങ്സ് അയാളുടെ മേൽ വഞ്ചനക്കുററമാരോപിച്ചു. തുടൻു അവർ തമ്മിലുണ്ടായ ദ്വന്ദയുദ്ധത്തിൽ ഫ്രാൻസിസിനു മുറി വേററു. അയാൾ അധികം താമസിയാതെ ഇംഗ്ലണ്ടിലേക്കു് മടങ്ങി. ഹേസ്റ്റിങ്ങ്സിനു കുറെക്കാലത്തേക്കു് സൈ്വൎയ്യം കിട്ടി. പക്ഷേ അതിനുമുമ്പ്

1772-1775—മറാത്തക്കാര്യങ്ങൾ. 1772-ൽ പേഷ്വ മധുറാവു മരിച്ചു. അയാളെ പിൻതുടൎന്നസഹോദരൻ നാരാ യണറാവുവിനെ രഘോബ ഉടനടി വധിച്ചുകളഞ്ഞു.

1773—രഘോബ സിംഹാസനം പിടിച്ചടക്കി നൈ സാമിനോടു യുദ്ധപ്രഖ്യാപനം ചെയ്തു. അയാൾ 20 ലക്ഷ രൂപ കൊടുത്തു് സമാധാനം സമ്പാദിച്ചു. നനാഫർനാ വിസ്. സക്രംബാബു എന്നീ രണ്ടു ഭരണതന്ത്രജ്ഞന്മാർ സെനനായിൽനിന്നു സമ്പാദിച്ച ഒത പിഞ്ചുപൈതലിനെ മധുറാവുവിൻെറ മരണശേഷമുണ്ടായ കുട്ടിയാണു് എന്ന ഭാവത്തിൽ, മധുറാവു രണ്ടാമൻ എന്ന പേരിൽ സിംഹാ സനത്തിൽ കയററി. പ്രതിനിധികൾ എന്ന നിലയിൽ അവരുടെ കയ്യിലായി ഭരണം

1774—രഘോബ ഈ രണ്ടു റീജൻറുമാരേയും തകെത്തു. പക്ഷേ പൂനയിലേക്കു് തിരിയേണ്ടതിനുപകരം അയാൾ ബർഹൻപൂരിലേക്കും അവിടെനിന്നു, തൻെറ സ്വദേശി യായ ഗയ്ക്ക്വാറിൻെറ സഹകരണം പ്രതീക്ഷിച്ചു ഗുജ റാത്തിലേക്കും പോയി.

## ഗുജറാത്തിലെ ഗേയക്ക്വർ കുടുംബം

പീലാജിഗേയ്ക്ക്വാർ (പേഷ്വയുടെ സഹായി) 1732ൽ മരിച്ചു, മകൻ ഭാമാജിഗേയ്ക്ക്വാർ പിൻതുടൎച്ചാവകാശി

യായി. അയാൾ തന്റെ രാജ്യം വിപുലമാക്കി പേഷ്വ യിൽ നിന്നു സ്വാതന്ത്ര്യം നേടി. അയാൾ 1768-ൽ മരിച്ചു. അപ്പോൾ മൂന്നവകാശികൾ, ഗോവിന്ദറാവ്; സയാജി; ഫത്തേസിങ്ങ് ഉണ്ടായിരുന്നു. അവർ സിംഹാസനത്തിനു വേണ്ടി മത്സരിച്ചു. രഘോബ ഫത്തേസിങ്ങിന്റെ പക്ഷ ത്തായിരുന്നു. ഇക്കാര്യത്തിൽ മറാത്ത വലിയ സേനാനിക ളായ ഹോൾക്കറും, സിന്ധ്യയും അയാളുടെ ഭാഗത്തായി രുന്നു,

1775—കുത്തിത്തിരുപ്പുകൾകൊണ്ടു നാനാഫർ നാവിസ്, സിന്ധ്യയേയും ഹോൾക്കറെയും ആ സഖ്യത്തിൽനിന്നു മോചിപ്പിച്ചു. അവർ പിൻവാങ്ങി, രഘോബ ബോംബ യിലെ ഇംഗ്ലീഷുകാരുമായി അടുത്തു. ബോംബെ ഗവ ൺമെൻറ് സ്വന്തനിലയിൽ രഘോബയുമായി 1775-ൽ മാച്ച് 6-ാംനു സൂറത്തിലെ സന്ധിചെയ്തു. അതിന്റെ നിശ്ചയ ങ്ങൾ പ്രകാരം പേഷ്വയുടെ സിംഹാസനം വീണ്ടെടുക്കു വാൻ ഇംഗ്ലീഷുകാർ രഘോബക്കുവേണ്ട സഹായങ്ങൾ ചെ യ്തുകൊടുക്കണം. രഘോബ 'സാൻസെററയും' (ദ്വീപ്) 'ബാസ്സീനും' (ബോംബെക്കടുത്തു ഒരു നല്ല തുറമുഖം) കച്ച വടാവശ്യത്തിനുവേണ്ടി ഇംഗ്ലീഷുകാക്കു വിട്ടുകൊടുക്കണം; ബോംബെ ഗവൺമെൻറിന്നു കൊല്ലത്തോൽ 37 ലക്ഷം രൂപ യും നൽകണം. സന്ധി ഭരണഘടനക്കനുസൃതമായി ആയി രുന്നില്ല. 1773-ലെ റഗുലേഷൻ ആക്ട് പ്രസ്താവിച്ചിരു ന്നതു്.) സബോർഡിനേററു് പ്രസിഡൻസികളായ ബോം ബെ, ഫോർട്ട്സെൻറ്ജോർജ്ജ് അഥവാ മദിരാശി, മുത ലായവ, സന്ധികൾ ചെയ്യുക. ഭൂനികുതി ചുമത്തുക, പട്ടാള ക്കാരെ ചേക്കുക, ഭരിക്കുക, മുതലായി പൊതുവെ സിവില്വം സൈനികപരവുമായ എല്ലാ കാര്യങ്ങളിലും ബംഗാളിലെ ഗവർണ്ണർജനറലിന്റെ മേലന്വേഷണത്തിനു വിധേയരായിരി ക്കണം എന്നായിരുന്നു. അങ്ങിനെ ബോംബെ ഗവൺമെൻറി

ന്ന ഹേസ്റ്റിങ്ങ്സിൻെറയും അനുവാദം കൂടാതെ ഉടമ്പടി ചെയ്യുവാൻ നിവൃത്തിയില്ലായിരുന്നു. രഘോബയുടെ കപ്പം ചെല്ലേണ്ടതു് ബോംബെ ഗവണ്മേൻറിന്നല്ല, പൊതുവെ കമ്പനിക്കായിരുന്നു. ഈ അടിസ്ഥാനങ്ങളിന്മേൽ ഹേസ്റ്റിങ്ങ്സിനെ കൊണ്ടു പ്രേരണചെലുത്തി ഫ്രാൻസിസ് സന്ധി റദ്ദാക്കിച്ചു. അതുകൊണ്ടു് ഇംഗ്ലീഷുകാർ വലിയ കുഴപ്പത്തിൽ അകപ്പെട്ടു.

1775—ആദ്യത്തെ മറാത്താ സമരം. ബോംബെയിലെ ബ്രിട്ടീഷ് സേനയുടെ തലവനായ കേണൽ കീററിങ്ങ്സിന്നു രഘോബയുമായി യോജിച്ചു പ്രവൎത്തിക്കണമെന്നുള്ള കല്പന കിട്ടി. "മൈ" നദീതടത്തിൽവെച്ചു റീജൻറിൻെറ സൈന്യം അയാളെ എതൃത്തു. ബറോഡയുടെ അടുത്തുള്ള ആരാസിൽവെച്ചു പരിപൂൎണ്ണമായ വിജയം മറാത്തർ നൎമ്മദക്കരെക്കു ഓടി. ഗുജറാത്തിൽനിന്നു് മാൎച്ചുചെയ്തിരുന്ന ഫത്തെസിങ്ങ് കീററിങ്ങ്സുമായി യോജിച്ചു. വിജയം മുഴുവനുമായി. ഹേസ്റ്റിങ്ങ്സിനു വെറുപ്പു വളൎത്തതക്കവിധത്തിൽ, കൗൺസിലിൻെറ ഭൂരിപക്ഷാഭിപ്രായപ്രകാരം സൂറത്തു് സന്ധി ദുർബലപ്പെടുത്തി. അതിനെക്കുറിച്ചു ഒരു അറിയിപ്പു നാട്ടുരാജാക്കന്മാൎക്കും ബോംബെ ഗവണ്മെൻറിനും അയച്ചുകൊടുത്തു, പൂനയിലെ റീജൻസി ബാൽസെററും, ബാസ്സീനും മടക്കിക്കിട്ടണമെന്നു് ആവശ്യപ്പെട്ടു. കമ്പനിക്കുവേണ്ടി കേണൽ അപ്ടൺ, രഘോബ ന്യായപ്രകാരമുള്ള പേഷ്വയാണു് എന്നു പറഞ്ഞു അതിന്നു വിസമ്മതിച്ചു. ബോംബെ പ്രതിനിധിയായി അയാൾ മറാത്തരോടു യുദ്ധപ്രഖ്യാപനം ചെയ്തു. റീജൻറുമാർ സന്ധിക്കു തയാറായി. അപ്പോൾതന്നെ രഘോബയെ ന്യായപ്രകാരമുള്ള പേഷ്വയായി പ്രഖ്യാപനം ചെയ്തിരുന്ന കൎന്നൽ അപ്ടൺ, മറാത്താസ്റ്റേററിൻെറ പ്രതിനിധികളായ നനാഫർനാവീസിനോടും സക്രാംബാപ്പുവിനോടും സന്ധിചെയ്തു.

1766 മാച്ച് 1—പുരന്തരിലെ സന്ധി (പൂനസ്സുട്ടത്തു്) സാൽസെററുമാത്രം കൈവശംവെച്ചു; പണ്ടു് മറാത്തരുടേതായിരുന്ന ഭൂമി മുഴവനും വിട്ടുകൊടുത്തു് ഇംഗ്ലീഷുകാർ സ്ഥലം വിടണം. 12 ലക്ഷം ശ്രുപ കൊല്ലത്തോൽ കപ്പമായി വാങ്ങുവാനും, മധുറാവ് ദ്വിതീയനെ പേഷ്വയായി പരിഗണിക്കുന്ന കാലത്തോളം 'ബ്രോച്ചി'ലെ നികുതി പിരിക്കുവാനുമുള്ള അവകാശമുണ്ടായിരിക്കും. രഘോബയെ വിട്ടു: ഗോദാവരിക്കപ്പുറത്ത് അയാൾ താമസിക്കുകയാണെങ്കിൽ മറാത്തർ അയാൾക്കു ആണ്ടിനാൽ 3 ലക്ഷം ശ്രുപ കൊടുക്കണം. ബോംബെ ഗവണ്മേൻറാകട്ടെ, പുരന്തർ സന്ധിയെ ലംഘിച്ചു; സൂറത്ത് ഉടമ്പടിയെ അംഗീകരിച്ചു രഘോബക്കു് സൂറത്തിൽ അഭയം നൽകി ബ്രോച്ചിലേക്ക് ഒരു സേനയോടുകൂടി നീങ്ങി. റിജൻസി യുദ്ധം പ്രഖ്യാപിച്ചു. ബോംബെയിൽവെച്ചു ഇംഗ്ലീഷുകാർ രഘോബയെ വളഞ്ഞു. ബോംബെ ഗവണ്മേണ്ടിനു ഇംഗ്ലണ്ടിലുള്ള ഡയറക്ടർമാരുടെ കോർട്ടിൽനിന്നു പുരന്തർ സന്ധി റദ്ദാക്കി സൂറത്ത് സന്ധി അംഗീകരിച്ചതായ വിവരം കിട്ടി.

1778—റീജൻറായ നനാഫർ നാവീസിൻെറ ഒരു ബന്ധുവായ മരോബ ഫർനാവീസ് സക്കറാം ബാപ്പുവിൻെറ അനുമതിയോടെ (അയാൾ സൂത്രത്തിൽ രഘോബക്കുവേണ്ടി കുത്തിതിരുപ്പുകൾ നടത്തുന്നുണ്ടായിരുന്നു) ഹോൾക്കാറുമായി ഉടമ്പടി ചെയ്തു, വിവരം ബോംബെ ഗവണ്മേൻറിനു എഴുതി അവർ ആ അപേക്ഷ സ്വീകരിച്ചു, കൽക്കട്ടയിലേക്ക് എഴുതി അയച്ചു. നനാഫർനാവീസ് ഒരു ഫ്രഞ്ചു അനുഭാവിയായിരുന്നതുകൊണ്ടും കമ്പനി സൂറത്ത് സന്ധി അനുസരിച്ചു രഘോബയെ അംഗീകരിച്ചതുകൊണ്ടും ഹേസ്റ്റിങ്ങ്സ് അതു സമ്മതിച്ചു. നനാഫർനാവീസ് പുരന്തറിലേക്കു മടങ്ങി, സഖ്യത വിട്ടുവാനായി ഹോൾക്കറെ പണം കൊടുത്തു് സ്വാധീനിച്ചു മധുറാവുവിൻെറ പേരിൽ സൈനികശേഖരണം നടത്തി; മരോബയേയും സത്യറാമിനെയും

തോല്പിച്ചു; ആദ്യത്തെ ആളെ വധിച്ചു; രണ്ടാമനെ അയാൾ വിജയത്തിന്ന ശേഷം എത്തിച്ചേൎന്ന പൂനയിൽ ബന്ധനസ്ഥനാക്കിയിടുകയും ചെയ്തു. രഘോബയുമായി സന്ധി ചെയ്തു. നനാഫർനാവീസിൻെറ എതിരായി ബോംബെ ഗവണ്മേൻറ് യുദ്ധപ്രഖ്യാപനം നടത്തി.

1779—രണ്ടാമത്തെ മറാത്ത ആക്രമണം: കേണൽ എഗർട്ടനെ പൂന ആക്രമിക്കുവാൻ പറഞ്ഞയച്ചു. പക്ഷേ (ജനറൽ കർനാക്കിൻെറ) കീഴിലുള്ള പൗരന്മാർ അയാളുടെ മാൎഗ്ഗവിരോധം വരുത്തി. പൂനക്കു മുമ്പിൽവെച്ച് സിവിൽ കമ്മീഷണർമാർ ഭീരുക്കളായി, രഘോബക്കും കേണൽ എഗർട്ടനും വിരുദ്ധമായി അവരോടു പിൻമടങ്ങാൻ കല്പിച്ചു. ഉടനെതന്നെ റിജൻറിൻെറ അശ്വസേന അവരോട്ട് എതിരിട്ടു. ധീരനായ ക്യാപ്റ്ററൻ ഹാട്ട്ലി പിന്നിൽ എതിൎത്തുനിന്നു, പക്ഷേ മുന്നണിയിലായിരുന്ന സിവിൽ പട്ടാളം ഓടി രക്ഷപ്പെട്ടു. രാത്രി, അവരുടെ ശത്രു വാരഗണിൽ ക്യാമ്പടിച്ചു; അവരുടെ കൂടാരങ്ങളിൽ ഷെല്ലുകൾ ഉതിൎത്തു. ശത്രുസൈന്യത്തെ നയിച്ചിരുന്ന സിന്ധ്യയോട്ട് സിവിൽ ഉദ്യോഗസ്ഥന്മാർ തങ്ങൾക്കു ജീവരക്ഷ നൽകി വെറുതെ വിടുവാനും, പിൻമടങ്ങുവാൻ അനുവദിക്കുവാനും വായവിട്ട് ഇരന്നു.

1779—ജനുവരി വാരഗണിലെ സമ്മേളനം. ബോംബെ സൈന്യത്തിന്ന രഘോബയെ വിട്ടു മടങ്ങാൻ അനുജ്ഞനൽകി (കമ്മീഷണർമാരുടെ ഭീരുത്വം നേരത്തെ കണ്ടറിഞ്ഞിരുന്ന അയാൾ സ്വമേധയാ സിന്ധ്യക്കു കീഴടങ്ങിയിരുന്നു.) കഴിഞ്ഞ 5 വൎഷങ്ങളായി താൻ പിടിച്ചടക്കിയിരുന്നതെല്ലാം തന്നെ അയാൾ വിട്ടുകൊടുത്തു. സുപ്രീംഗവണ്മേൻറ് അതു കേട്ടപ്പോൾ കോപാക്രാന്തരായി; പുതിയ സന്ധിക്കുള്ള നിൎദ്ദേശങ്ങൾ നൽകി. അതെ സമയത്ത് രഘോബ സൂറത്തിലേക്കുപോയി. അവിടെ കേണൽ ഗോ

ഡാർഡ് ആയിരുന്ന സൈനികത്തലവൻ. നനാഫർനാവീസ് രഘോബയെ പിടിച്ച തന്നെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ടതു് ഗോഡാർഡ് വിസമ്മതിച്ചു. സമരം.

1779.—മൂന്നാമത്തെ ആക്രമണം. ഗോഡർഡ് ഗുജറാത്തിലേക്കുപോയി. അവിടെവെച്ചു ഫത്തെസിങ്ങും രഘോബയും അവരുമായി യോജിച്ചു (അവർ) അഹമ്മദബാദ് പിടിച്ചടക്കി. ഹോൾക്കറുടെയും സിന്ധ്യയുടെയും കീഴിലുള്ള മറാത്ത സൈന്യം അവരെ ആക്രമിച്ചു. മറാത്തക്കു തോൽവിപററി; മഴക്കാലമായതിനാൽ അവർ നർമ്മദാതീരത്തു് സൈനികത്താവളങ്ങൾ ഉറപ്പിച്ചു.

1780 — ആഗ്രയ്ക്കടുത്തുള്ള സിന്ധ്യയുടെ സ്ഥലങ്ങളെ ആക്രമിക്കുവാനുള്ള ഉദ്ദേശത്തോടെ മേജർ പോപ്പ്ഹാമിൻെറ കീഴിൽ ഒരു ചെറിയ സൈന്യത്തെ സജ്ജീകരിക്കുവാൻ ഹേസ്റ്റിങ്ങ്സ് കല്പന നൽകി. പോപ്പ്ഹാം വളരെ ഉയരത്തിൽ കുത്തനെ കിടക്കുന്ന ഒരു മലയിൽ ഉള്ള ഒരു കോട്ട പിടിച്ചടക്കി. പിന്നീട്ട് പോപ്പ്ഹോമിൻെറ ചെറിയ സൈന്യത്തിൽ കൂട്ടതൽ ആളുകളെ ചേർത്തു്. ജനാൽ കാർനാക്കിൻെറ നേതൃത്വത്തിൽ, മറാത്ത കൂടാരത്തിൽ വിജയകരമായ ഒരു നിശാക്രമണം നടത്തി. സിന്ധ്യ തൻെറതായതെല്ലാം അവിടെ വിട്ട പലായനംചെയ്തു.

1780 ഒടുവിൽ—ഇംഗ്ലീഷുകാരെ ഇന്ത്യയിൽനിന്നു കെട്ടുകെട്ടിക്കുവാൻ മറാത്തരും മൈസൂറുകാരും തമ്മിൽ സഖ്യം ചെയ്തിരുന്നു. ഹോൾക്കാറും സിന്ധ്യയും പേഷ്വയും (യഥാർത്ഥത്തിൽ നാനാ ഫർനാവിസ്) ബോംബെ ആക്രമിക്കുക; ഹൈദരാലി മദിരാശിയോട്ട് എതിരിടുക; മാധോജി ബോൺസ്ലെ എന്ന നാഗപുരരാജാവ് (ബീറാർ) കൽക്കട്ടയെ എതൃക്കുക. അതിൻെറ ഫലമായി

1782—മേയ് 17-ാംനു "സാൽബായി" (ഗ്വോളിയോർ) യിലെ സന്ധി. (1776) ലെ പുരന്ധർസന്ധിക്കുശേഷം

ഇംഗ്ലീഷുകാർ പിടിച്ചടക്കിയ സ്ഥലമെല്ലാം വിട്ടുകൊടുക്കണം. രഘോബ എല്ലാവിധ ശത്രുതകളും കൈവിട്ടു, കൊല്ലത്താൽ 3 ലക്ഷം ക. അടുത്തുൺ പററി, താമസിക്കുവാൻ ഇഷ്ടമുള്ള ഒരു സ്ഥലം തിരിഞ്ഞെടുത്തു് അവിടെ ശാന്തമായി വസിക്കുക. 6 മാസത്തിനകത്തു് ഹൈദരാലി എല്ലാ ഇംഗ്ലീഷുതടവുകാരെയും വിട്ടുകൊടുത്തു്, താൻ കീഴടക്കിയ സ്ഥലങ്ങളെല്ലാം തിരിച്ചേല്പിക്കണം; അതല്ല എങ്കിൽ മറാത്തർ അയാളെ എതൃക്കും.

ഹൈദർ ആലി 1770—അയാൾ മറാത്തരെ സ്വാധീനിച്ചു ശാന്തരാക്കി. 1712-ൽ രഘോബ നാരായണറാവുവിനെ വധിച്ചതിനെത്തുടന്നുണ്ടായ അസ്വാസ്ഥ്യങ്ങൾക്കിടയിൽ അനാവശ്യമായ ക്രൂരത ഉപയോഗിച്ചു കൂർഗ് കീഴടക്കി. 1774 ആയപ്പോഴേക്കും തന്നിൽനിന്നു് മറാത്തർ അപഹരിച്ചിരുന്ന എല്ലാ സ്ഥലങ്ങളും വീണ്ടെടുത്തു. 1775-ൽ അയാൾ ബൽസാത്ത്ജങ്ങിൽനിന്നു (നൈസാമിൻെറ സഹോദരൻ) ബല്ലാറി തിരികെ പിടിച്ചു. 1776-ൽ "സാവന്നൂർ" (ബോംബെ പ്രസിഡൻസിക്കരികെയുള്ള ഡർവാസിനു സമീപം) നശിപ്പിച്ചു. അതു് മറാത്തപ്രധാനിയായ മുരഹരിറാവുവിൻെറതായിരുന്നു. പൂന റീജൻസി നിഷ്ഫലമായി അയാളെ തകക്കാൻ ഉദ്യുക്തരായി.

1778 — മൈസൂർസാമ്രാജ്യം കൃഷ്ണാനദിവരെ വിപുലീകരിച്ചു.

1779—ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യുദ്ധപ്രഖ്യാപനം ഹൈദർ ഫ്രഞ്ചുകാരുടെ സഹായി ആയി. ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരിൽനിന്നു മാഹിയും പുതുശ്ശേരിയും കീഴടക്കി.

1780—ഹൈദർ വലിയ സഖ്യത്തിൽ ചേന്നു മദിരാശി ആക്രമിക്കുവാൻ സന്നദ്ധനായി.

1780—രണ്ടാം മൈസൂർസമരം ജൂലായ് 20-ാംനു ചെംഗമപുരത്തിലൂടെ ഹൈദർ കണ്ണാട്ടിക്കിലേക്കു കടന്നു

അതു് നശിപ്പിച്ചു: വളരെ ആക്രമണങ്ങൾ നടത്തി. വില്ലേജുകൾ കത്തിയെരിയുന്നതിൻെറ തീ മദിരാശിയിൽ നിന്നാൽ കാണാമായിരുന്നു. 8000 ആളുകൾ—അതു് വിദൂരമായ മൂന്നു അണികളിലായി—മാത്രമെ ഇംഗ്ലീഷ്സേനയിൽ ഉണ്ടായിരുന്നുള്ളു. ഗുണ്ടൂരിൽവെച്ചു സർവ്വസൈന്യാധിപനായ സർ ഹെക്ടർ മൺറോവുമായി യോജിക്കുവാൻ ഉദ്ദേശിച്ച കേണൽ ബെയ്ലിയെ, വലിയ ഒരു മറാത്തസാദിസേനയോടുകൂടി ടിപ്പു എതിരിട്ടു. വളരെ ബുദ്ധിമുട്ടി ബെയ്ലി അയാളെ തോല്പിച്ചു് ഓടിച്ചു മുന്നോട്ടുനീങ്ങി. പക്ഷേ അയാളുടേയും മൺറോയുടേയും നടുക്കു് എത്തി ഹൈദർ.

1780 സെപ്റ്റംബർ 6—"പോലിലോർ" എന്നൊരു ചെറിയ ഗ്രാമത്തിൻെറ സമീപംവെച്ചു ഹൈദർ ബെയ്ലിയെ വളഞ്ഞു, അവസാനത്തെ പട്ടാളക്കാരനെക്കൂടെ നശിപ്പിച്ചു. 1780 അവസാനത്തിൽ ഹൈദർ ആർക്കാട്ടു പിടിച്ചു.

1781 ജാനുവരി—കൽക്കട്ടയിൽനിന്നു കൂടുതൽ സൈന്യത്തോടുകൂടി സർ അയർകൂട്ടു് കടൽവഴി എത്തി; ഗുഡല്ലൂരിന്നരികെയുള്ള പോർട്ട്നോവാവിൽവെച്ചു ഹൈദരെ ആക്രമിച്ചു. നിർണ്ണായകമായിരുന്നു ആ വിജയം.

1781 ജൂലായ്—കേണൽ പിയേഴ്സിൻെറകീഴിലുള്ള ബംഗാൾസേന നാഗപുരം രാജാവിൻെറ സഹായത്തോടെ ഒറീസ്സയിലൂടെ മാർച്ചു് ചെയ്തു പുലിക്കോട്ടിൽ എത്തി. ജനറൽ കൂട്ടിൻെറ സേനയുമായി യോജിച്ചു. അവർ ഒരുമിച്ചു പൊല്ലിലോറിൽവെച്ചു (പുലിക്കോട്ടിനു സമീപം) ഹൈദരാലിയുമായി അനിശ്ചിതമായ ഒരു സമരത്തിൽ ഏററുമുട്ടി.

സെപ്റ്റംബർ 27. ഷോലിംഗുറിൽ (മദിരാശി പ്രസിഡൻസിയിലെ വടക്കൻ ആർക്കോട്ടിൽ) വെച്ചു കൂട്ടിൻെറ വിധിനിർണ്ണായകമായ വിജയം പിന്നത്തെ മഴക്കാലത്തു് അയാൾ മദിരാശിയിൽ പോയി പാളയമടിച്ചു.

1781 ഒടുവിൽ—മദിരാശി പ്രസിഡണ്ടായി മക്'ാർട്ടിനിപ്രഭു (സർ തോമസ്'റാംബോൾഡിനുപകരം). അയാളുടെ ആദ്യത്തെ പ്രവൃത്തി നാഗപുരത്തിലുള്ള ഡച്ച്'കോട്ട ആക്രമിച്ചു കീഴടക്കി, അവിടുത്തെ ഡച്ച്'ഫാക്ടറികളെല്ലാം നശിപ്പിക്കുകയായിരുന്നു. ദക്ഷിണഭാഗത്തെ ഡച്ചുകാരുടെ കച്ചവടവികസനം കണ്ടു അസൂയാകലുഷിതരായ ഡയറക്ടർ കോർട്ടിന്റെ രഹസ്യമായ കല്പനപ്രകാരമായിരുന്നു ഇതു്. തലശ്ശേരിയിൽവെച്ചു ഇംഗ്ലീഷുകാരുടെ നിസ്സാരമായ വിജയങ്ങൾ. ഹൈദരാലി മലബാർതീരം ആക്രമിക്കേണ്ടതിലേക്കായി കർണ്ണാടകത്തിനോടു എതിരിടേണ്ട എന്നുതന്നെ വെച്ചു.

1782—സിലോണിലെ ഡച്ചുതുറമുഖമായിരുന്ന തൃക്കണ്ണാമല നശിപ്പിച്ചു മടങ്ങുകയായിരുന്ന ഒരു ഇംഗ്ലീഷ് കടൽസേന, പോർട്ടനോവോവിൽനിന്നു അധികം അകലമില്ലാത്ത ഒരു സ്ഥലത്തുവെച്ചു് ഫ്രഞ്ച്'കപ്പൽസേനയുമായി ഏററുമുട്ടി. കപ്പൽയുദ്ധം അനിശ്ചിതമായിരുന്നു. ഫ്രഞ്ചുകാർ ചെറിയ സൈന്യവുമായി പുതുശ്ശേരിയിൽ ഇറങ്ങി ഹൈദരുമായി യോജിച്ചു,

1782—ജൂലായ് നാഗപട്ടണത്തിന്നടുത്തു് രണ്ടു കപ്പൽ സൈന്യങ്ങൾ വിധിനിർണ്ണായകമല്ലാത്ത വിധത്തിൽ കൂട്ടിമുട്ടി. ഒരു ഫ്രഞ്ച്'സൈന്യം പോയൻറ് ഡിഗല്ലിൽ (സിലോണിൽ) ഇറങ്ങി; തൃക്കണാമലയിലേക്കു് മാർച്ച്'ചെയ്തു അതു് പിടിച്ചടക്കി അവിടെ ഉണ്ടായിരുന്ന (ഇംഗ്ലീഷ്) കാവൽസേനയെ നശിപ്പിച്ചു. സിലോണിന്റെ സമീപംവെച്ചു് അഡ്'മിറൽ ഹ്യൂ ഫ്രഞ്ചുകടൽസേനയെ ആക്രമിച്ചതു് വിഫലമായി. ഹ്യൂ ഫ്രഞ്ചുകാരെ കടലിലെ നായകരാക്കി വിട്ടു് സൈന്യസമേതം ബോംബെയിലേക്കുതന്നെ മടങ്ങി.

1782—അവസാനത്തോടുകൂടി പാലക്കാട്ടുള്ള (കോയമ്പത്തൂരിനു സമീപം) ഇംഗ്ലീഷുപടപ്പാളയത്തെ ടിപ്പു എത്തു

ത്തു. ആദ്യത്തെ ആക്രമണത്തിൽ തോൽവിയണഞ്ഞ അയാൾ ഡിസംബർ 7-ാംനു-വരെ കോട്ട നിരോധം തുടന്നു. അവിടെവെച്ചു ഹൈദർ ആലി പെട്ടെന്നു മരണമടഞ്ഞു എന്ന വാർത്തകിട്ടി. തൻെറ സേനയെ മുഴവനും സ്വരൂപിച്ചു അയാൾ മൈസൂറിലേക്കു മടങ്ങി.

1782 ഡിസംബർ 7— 80 വയസ്സായ ഹൈദരാലിയുടെ മരണം. അയാളുടെ മന്ത്രിയും, പ്രസിദ്ധ സാമ്പത്തിക വിദഗ്ദ്ധനുമായിരുന്ന 'പുരാണയ്യ' ടിപ്പു വരുവോളവും മരണവാർത്ത രഹസ്യമായി വെച്ചു.

1782 ഡിസംബർ—ടിപ്പുവിൻെറ സിംഹാസനാരോഹണം (അയാളെ) എതിരേററതു് ഒരു ലക്ഷം ആളുകളുള്ള സവിശേഷമായ സൈന്യവും, നിരവധി പണവും ആഭരണങ്ങളും നിറഞ്ഞ ഖജനായുമായിരുന്നു.

1782 മാർച്ച് 1—ടിപ്പു ആദ്യമായി ശാന്തതയോടെ തൻെറ ശക്തി സുസ്ഥാപിതമാക്കിയതിനുശേഷം മാംഗളൂർ ആക്രമിക്കുവാനായി പടിഞ്ഞാറൻതീരപ്രദേശങ്ങളിലേക്കു് തിരിച്ചു.

1783—ജൂൺ ആദ്യത്തിൽ സുപ്രതീക്ഷാമുനമ്പിൻെറ കിഴക്കുഭാഗത്തുള്ള എല്ലാ ഫ്രഞ്ച്പട്ടാളങ്ങളുടേയും നായകനായിരുന്ന ബുസ്സി ഒരു ഫ്രഞ്ച്സേനയോടുകൂടി 'കടലൂരി'ൽ വന്നു് ഇറങ്ങിയപ്പോൾ ടിപ്പു പടിഞ്ഞാറൻകരയിലേക്കു് പോയതായും ഹൈദർ മരണമടഞ്ഞതായും അറിഞ്ഞു. ഉടനെതന്നെ ജനറൽ സ്ററുവർട്ട് (സർ അയർകൂട്ടിൻെറ പിൻഗാമി) അയാളെ ആക്രമിച്ചു.

1783 ജൂൺ 7—കടലൂരിലെ ഒരു ഔട്ട്പോസ്റ്റ് വലിയ നഷ്ടത്തോടെയാണെങ്കിലും ഇംഗ്ലീഷുകാർ പിടിച്ചടക്കി. അന്നുതന്നെ കൂടല്ലൂരിൽനിന്നു വളരെ അധികം അകലമില്ലാത്ത ഒരു സ്ഥലത്തുവെച്ചുണ്ടായ കടൽയുദ്ധത്തിൽ അഡ്മി

റൽ ഹ്യൂ തോല്പിക്കപ്പെട്ടു. സൈന്യശേഖരണത്തിനായി അയാൾ മദിരാശിയിലേക്കു മടങ്ങി. ഫ്രഞ്ച് വിജയിയായ സഫറിൻ 2400 പേരുള്ള ഒരു നാവികസേനയോടുകൂടി ബുസ്സിയുമായി യോജിക്കുന്ന ഒരു സേനാവ്യൂഹമുണ്ടാക്കുവാൻ അവിടെ എത്തി.

ജൂൺ 18—ഫ്രഞ്ച്യുകാരുടെ ഒരു പ്രതിരോധനിരയെ (പിന്നീട് സ്വീഡനിലെ രാജാവായ ബർനദത്തയും ഉണ്ടായിരുന്നു അതിൽ) എതൃത്തു് പിൻതിരിപ്പിച്ചു. അപ്പോഴേക്കും ഇംഗ്ലീഷുകാരും ഫ്രഞ്ച്യുകാരുംതമ്മിൽ സന്ധിചെയ്തതായ വാൎത്തവന്നു. ജനറൽ സ്റ്റുവർട്ട് മദിരാശിയിലേക്കു മടങ്ങി. ബുസ്സി തന്റെ നില സുശക്തമാക്കി. ആ സമയത്തു് ബോംബെഗവണ്മെൻറ് അയച്ചിരുന്ന സേന ബുഡ്നോറും മലബാർതീരത്തെ മററു സ്ഥലങ്ങളും പിടിച്ചടക്കികഴിഞ്ഞിരുന്നു. ടിപ്പു ബുധ്നോർ തിരികെ പിടിച്ചു, കാവൽസേനയെ മുഴുവൻ ബന്ധനസ്ഥരാക്കി. അതുകഴിഞ്ഞു് ഒരുലക്ഷം ആളുകളോടും 100 തോക്കുകളുമായി മാംഗളൂർ വളഞ്ഞു. (1,800 ആളുകൾ) ഉണ്ടായിരുന്ന മാംഗളൂർ 9 മാസത്തോളം ചെറുത്തുനിന്നതിനുശേഷം കീഴടങ്ങി. അതേ സമയത്തു് കേണൽ ഫുള്ളാർട്ടൺ മദിരാശിയിൽനിന്നു് മൈസൂറിലേക്ക് ഒരു ആക്രമണം നയിച്ചു് കോയമ്പത്തൂർ പിടിച്ചടക്കി, ശ്രീരംഗപട്ടണത്തിനു ഉന്മുഖമായി പ്രയാണം ചെയ്യുവേ മക്കർട്ടനിപ്രഭു അയാളെ തിരികെ വിളിച്ചു, തനികഴുതമട്ടിൽ സന്ധിയാലോചനകൾ തുടങ്ങി. ആദ്യത്തെ ആരംഭം അന്യോന്യശത്രുതകൾ നിറുത്തിവെച്ചുംകൊണ്ടാണു്, മക്കർട്ടനി ഇംഗ്ലീഷ്പട്ടാളത്തെ തിരികെ വിളിച്ചു. ടിപ്പു ചുററുമുള്ള സ്ഥലങ്ങൾ കൊള്ളയടിക്കൽ തുടന്നു. അയാൾ കമ്മീഷണർമാരെ ദ്രോഹിച്ചു—സ്വന്തം നിൎദ്ദേശാനുസരണം—അതുപ്രകാരം തിരിച്ചേല്പിക്കേണ്ടുന്ന സ്ഥലങ്ങൾ അന്യോ

ന്യം തിരിച്ചുകൊടുക്കണം. മാംഗളൂർസന്ധിയിൽ ഒപ്പുവെ ്ക്കാതെ അവരെ പിൻമടങ്ങാൻ അനുവദിച്ചില്ല.

1770–1775—മിസ്റ്റർ വെഞ്ചായിരുന്നു മദിരാശി പ്ര സിഡണ്ട്. കൃപണമായ തഞ്ചാവൂർ സംഭവങ്ങൾ.

പൈഗട്ട്. പ്രായമായ ഈ മനുഷ്യൻ (ഡയറക്ടർമാരുടെ ഉത്തരവോടുകൂടി) രാജാവിൽ നിന്നു് കമ്പനിയുടെ നവാബായിരുന്ന മുഹമ്മദാലി അപഹരിച്ചെടുത്തിരുന്ന സ്ഥലത്തു് പുനഃസ്ഥാപിക്കുവാനും പൊതുഭരണത്തിൻെറ വിവിധ ശാഖകളിൽ നിലവിൽ നിന്നിരുന്ന അഴിമതി കൈക്കൂലി, ഊഹാപോഹങ്ങൾ എന്നിവയെ അമർത്താനും ഉള്ള സ്വാതന്ത്ര്യം എടുത്തു തുടങ്ങി. തഞ്ചാവൂരിലെ ഭൂനികുതിപിരിവിൻെറ ഒരു ഭാഗത്തിനുവേണ്ടി അന്യായമായ അവകാശങ്ങൾ കൊണ്ടുവന്ന ഒരു "നായ" അദ്ദേഹത്തെ ഏതോ ഒരു പോൾബെൻഫീൽഡിൻെറ കുററാന്വേഷണമായിരുന്ന അയാളുടെ മറെറാരു പ്രത്യേകമായ പ്രവൃത്തി. പ്രസിഡണ്ടിന്നു എപ്പോഴും എതിരായിരുന്ന കൗൺസിൽ അയാളെ അപമാനിച്ചു. കൗൺസിലിലെ രണ്ടു പേരെ അയാൾ സസ്പെൻഡ് ബാക്കിയുള്ളവർ വായടക്കി, ഹഗട്ട് ജയിലിൽ—മരണംവരെ വലിയ ബന്തവസ്സിൽ കഴിഞ്ഞുകൂടി—ഇതു്—പ്രസിഡണ്ടിൻെറ ഈ വധം! ശിക്ഷിക്കാതെയും പോയി.

1777–1780—സർ തോമസ്റംബോൾഡ് മദിരാശി പ്രസിഡണ്ട്. അയാൾക്ക് എതിരായി ഉപജാപങ്ങൾ. അയാ

---

* വെഞ്ചിൻെറ ഭരണകാലത്തു് തഞ്ചാവൂർ പിടിച്ചടക്കി കവർച്ച ചെയ്യപ്പെട്ടു. പേരിനു കമ്പനിപട്ടാളത്തിൻെറ സഹായത്തോടെ കർണ്ണാട്ടിക്നവാബായിരുന്നുവെങ്കിലും വാസ്തവത്തിൽ കമ്പനിയും ബ്രിട്ടീഷ്കൊള്ളക്കാരുമായിരുന്നു. കൊള്ളയുടെ ഭൂരിഭാഗവും കിട്ടിയതു് നവാബിൻെറ സ്വകാര്യ ഉത്തമർണ്ണർക്കായിരുന്നു. ലണ്ടനിലെ ഡയറക്ടർമാർ അതിനെ തീവ്രമായി അപലപിച്ചു.

ളെ പിൻതുടൎന്ന മക്കാൎട്ടിനിപ്രഭു 1781 അവസാനത്തിൽ സ്ഥലത്തു് എത്തി.

1783—1785—വാറൻഹേസ്റ്റിങ്ങ്സിൻെറ ഭരണത്തിൻെറ അവസാനം. നാലുഭാഗത്തുനിന്നും എതൃപ്പുകൾ സഹിക്കേണ്ടിവന്ന ഹേസ്റ്റിങ്ങ്സ് ഭയങ്കരമായ മനക്ഷോഭം പ്രകടിപ്പിച്ചു. സുപ്രീംകോടതിയുടെ നിന്ദ്യത, ഭരണത്തിൻെറ എല്ലാ വകുപ്പുകളുടേയും അധികാരം അതിന്നാണു് എന്നായിരുന്നു അവരുടെ ഭാവം. അതു് ഗവൺമെൻറിൻെറ എല്ലാ പ്രവൎത്തികളുടേയും സെൻസറായി വൎത്തിച്ചു; സെമിന്ദാർമാരെ വെറും നികുതിപിരിവുകാർ മാത്രമായി കണക്കാക്കി; വിട്ടുവീഴ്ചകൾക്കും അറസ്റ്റ്ചെയ്യുവാനും ശിക്ഷിക്കുവാനുമുള്ള നിയമങ്ങൾ ഉണ്ടാക്കിയിരുന്നു. ഗവൺമെൻറ് ഇംഗ്ലീഷ്ജഡ്ജിമാർ ഇതു വളരെ കൎശനമായി നടപ്പാക്കി, ഇടയ്ക്കിടെയെല്ലാം അല്പസ്വല്പമായ കുററങ്ങൾക്കു് പ്രബലരായ സെമിന്ദാരി രാജാക്കന്മാരെ ബന്ധനസ്ഥരാക്കി, അവരോടു മററു കേവല കുററക്കാരെപ്പോലെ പെരുമാറിവന്നു. അങ്ങിനെ സെമിന്ദാർമാരുടെ അന്തസ്സിന്നു ക്ഷതംപററി. കൃഷിക്കാർ അവരുടെ നികുതിയും പാട്ടവും കൊടുക്കുവാൻ വിസമ്മതം കാട്ടിത്തുടങ്ങി. അതുകൊണ്ടു് സെമിന്ദാർമാർ കൃഷിക്കാരുടെനേരെ അക്രമപരമായ കൎശനനടപടികൾ എടുത്തു.

ജോൎജ്ജ് ഒന്നാമൻെറ (1726) ചാൎട്ടർപ്രകാരവും ജോൎജ്ജ് മൂന്നാമൻെറ (1733) ചാൎട്ടർപ്രകാരവും നിയമിതമായി സുപ്രീംകോടതി. ഇംഗ്ലണ്ടിലെ പൊതുനിയമങ്ങളെല്ലാം ഇന്ത്യയിൽ നടപ്പിലായി. ഇംഗ്ലീഷുകഴതകൾ ശക്തിപൂൎവ്വം ഇപ്പോൾ അതിനെ അവലംബിച്ചുനിന്നു. നാട്ടുകാരെ അവരുടെ നിയമപ്രകാരം ഒന്നുമില്ലാതിരുന്ന സംഗതികൾക്കുവേണ്ടി തൂക്കിക്കൊല്ലാൻപോലും തുടങ്ങി.

കേസ് നിലവിലുള്ള കുററക്കാരിൽനിന്നു ജാമ്യം ആവശ്യപ്പെടുവാനുള്ള ഇംഗ്ലീഷ്നിയമത്തിൽനിന്നാണു് കോ

സ്സിജ്ജറാകേസിൻെറ ഉത്ഭവം. റവന്യകാൎയ്യത്തിൽ സുപ്രീം കോടതി രാജ (സെമിന്ദാർ) കോസ്സിജ്ജറായുടെപേരിൽ കൊണ്ടുവന്നതായിരുന്നു അതു് (ഈ കേസ്സിൽ ശിപായികൾ അന്തഃപുരത്തിൻെറ പരമ പരിശുദ്ധമായ സ്ഥലത്തു് ബലാൽ പ്രവേശിച്ചു അയാളുടെ ഹാജരിന്നു ജാമ്യമായി ഉറപ്പായി കുടുംബവിഗ്രഹംതന്നെ എടുത്തുകൊണ്ടുപോയി.) ഹേസ്റ്റിങ്ങ്സ് കോസ്സിജ്ജറക്കു സംരക്ഷണനൽകി. "സിവിലായുള്ള കാൎയ്യങ്ങളിൽ നാട്ടുകാർ സ്വന്തം സ്വതന്ത്രമായ അഭീഷ്ടപ്രകാരം സുപ്രീംകോടതി അധികാരങ്ങൾക്കു വഴങ്ങിക്കൊടുക്കാത്തപക്ഷം അവർ അതിന്നു വിധേയരല്ല" എന്ന ഒരു കല്പന പാസ്സാക്കി അയാൾ. അതിനാൽ സുപ്രീംകോടതി ഗവൎണ്ണർ ജനറലിനേയും കൗൺസിലിനേയും കോടതിഅലക്ഷ്യക്കുററത്തിന്നു ഹാജരാകുവാനുള്ള നടപടികൾ എടുക്കാനുള്ള സ്വാതന്ത്ര്യം കാണിച്ചു ഹേസ്റ്റിങ്ങ്സ് ഒരു പുൽക്കൊടിക്കു പോലും അതു് വിലവെച്ചില്ല.

റവന്യുഭരണത്തെ പുതിയതായി ഉടച്ചുവാക്കലും വാറൻ ഹേസ്റ്റിങ്ങ്സ്കോഡും (മററു പലതിൻെറയും കൂട്ടത്തിൽ അയാൾ ഭൂനികുതി റവന്യുഭരണത്തിൽനിന്നു വ്യത്യസ്ഥമാക്കി.—ആദ്യത്തേതിനെ "പ്രൊവിഷണൽ" എന്നും രണ്ടാമത്തേതിനെ ഡിസ്ത്രിക്ട്കോടതികൾ എന്നും നാമകരണംചെയ്തു. അവയ്ക്കു മീതെയായി അപ്പീൽ അധികാരത്തോടുകൂടിയ * സാദർദിവാനി അദാലത്തും" സ്ഥാപിച്ചു. അതിലെ ചീഫ് ജസ്റ്റിസ്സായി സർ എലിജഇംപെയെ നിയമിച്ചു.

1784—ഹേസ്റ്റിങ്ങ്സ് ബനാറസിലെ രാജാവാക്കിയിരുന്ന ചേയ്ത്സിങ്ങിൻെറ കേസ്,

ഫെയ്സുള്ളാ ഖാൻെറ കേസ്: ഔധിലെനവാബായ ആസഫ് ഉദ് ദൗളയുമായി ചെയ്തിരുന്ന ഒരു ഖരാറു് അ

---

* സുപ്രീം സിവിൽഅപ്പീൽകോടതി

നുസരിച്ച് അയാൾക്ക് ഔധിലെ ബ്രിട്ടീഷ്സൈന്യങ്ങളെ സംരക്ഷിക്കേണ്ടിയിരുന്നു. (സൈന്യം) ഒന്നു വെട്ടിച്ചുരുക്കി അന്യോന്യം ചില അവകാശങ്ങളെല്ലാം തീരുമാനിച്ചു. സഖ്യത്തിലെ മൂന്നാംവകുപ്പ് ഹാഫീസ് മുഹമ്മദിന്റെ (റോഹില്ല) മരുമകനായ ഫേയസുള്ളഖാനെ സംബന്ധിച്ചായിരുന്നു. ഖരാർ അനുസരിച്ചു അയാൾ റോഹില്ലാക്കാരുടെ മേധാവിയാകുമ്പോൾ കമ്പനിസൈന്യത്തെ പുഷ്ടിപ്പെടുത്തേണ്ടതിലേക്കായി 3000 പേരടങ്ങുന്ന ഒരു സേനയെ സജ്ജമാക്കേണ്ടിയിരുന്നു. ഹേസ്റ്റിങ്ങ്സ് ആവശ്യപ്പെട്ടതു് 5000 പേരെയായിരുന്നു. അതു് സന്നദ്ധമാക്കുവാൻ സാദ്ധ്യമല്ല എന്നുപറഞ്ഞു ഫെയ്സുള്ളഖാൻ. ഔധുമായുള്ള ഖരാറിലെ 3-ാംആർട്ടിക്കിൾപ്രകാരം ഹേസ്റ്റിങ്ങ്സ് പ്രസ്താവിച്ചതു് റോഹിൽഖണ്ഡ് ഫെയ്സുള്ളഖാന്റെ പ്രഭുവായ ഔധ്നവാബിന്റെകീഴിലുള്ള ഒരു ചെറിയ ജാഗിർ മാത്രമാണ് എന്നും നവാബ് അതു് ഏറെറടുക്കണമെന്നുമാണ്. ഫെസുള്ളഖാൻ 15 ലക്ഷം ക. കൊടുത്തു് അതു് തിരിച്ചെടുത്തു. ഹേസ്റ്റിങ്ങ്സ് കൽക്കട്ടയിലേക്കു മടങ്ങി.

1785—കൽക്കട്ടയിലുള്ള സ്വന്തം സ്ഥാനംരാജിവെച്ചു ഹേസ്റ്റിങ്ങ്സ് ഇംഗ്ലണ്ടിലേക്ക് മടങ്ങി. അവിടെ അനവധി നിർഭാഗ്യങ്ങൾ: പിററ് അയാളുടെ ശത്രുവായി. അതുകൊണ്ട് (ബക്ക്) പിററിന്റെ ആൾ അയാളെ അപമാനിച്ചു. ഹേസ്റ്റിങ്ങ്സ് 1818-ൽ (86-ാമത്തെ വയസ്സിൽ മരിച്ചു.) (അയാളുടെ കുട്ടിച്ചേക്കൽ നയത്തിന്നുപുറമെയായി പിററ് വെറുത്തിരുന്ന മറെറാരു പ്രവൃത്തി അയാൾ ഇന്ത്യയിലെ കമ്പനി ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു എന്നതാണ്—തങ്ങൾക്കുള്ള സമ്പാദ്യം ശമ്പളത്തിൽനിന്നല്ല—ഹിന്ദുക്കളിൽനിന്നു തട്ടിപ്പറിക്കുന്ന പണത്തിൽനിന്ന് ഉണ്ടാക്കുന്ന അവരുടെ ഉദ്ദേശത്തിനു ഒരു ശമനമുണ്ടാക്കാനായിരുന്നു ഈ നടപടി.)

## ഈസ്റ്റ്ഇന്ത്യാ കമ്പനിക്കാരുടെ ഇംഗ്ലണ്ടിലെ കാര്യങ്ങൾ

1780 മാച്ച്— മൂന്നു കൊല്ലം കൂടുമ്പോൾ നീട്ടിവാങ്ങേണ്ട ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ തനതായ കുത്തകാവകാശം അവസാനിച്ചു. പാർലിയമെൻറ് ഒരു ആക്റ്റ്പ്രകാരം അതു് 1783 വരെ നീട്ടിക്കൊടുത്തു. ഗവണ്മെൻറിൽനിന്നു് കടമെടുത്ത വകയിൽ പൊതുഫണ്ടിലേക്കു് കമ്പനി ഭാഗികമായി 400,000 പവൻ കൊടുക്കേണ്ടതുണ്ടായിരുന്നു. ഹൈദരുമായുണ്ടായ യുദ്ധത്തെ കുറിച്ചാലോചിക്കുവാൻ ഒരു രഹസ്യ കമ്മിററി (പാർലിമെൻററി) നിയമിതമായി; രണ്ടാമതൊന്നു കൽക്കട്ടയിലെ സുപ്രീം കൗൺസിലിൻെറ അക്രമചെയ്തികളെ കുറിച്ചു ബംഗാളികൾ അയച്ചിരുന്ന ഹരജികളെ കുറിച്ചു അന്വേഷണം നടത്തുവാനും.

1782 ഏപ്രിൽ 9—ഈസ്റ്റ്ഇന്ത്യാ കമ്പനി ഡയറക്ടർമാരിൽ ഒരാളായ മിസ്റ്റർ ഹെൻറിഡുൺഡാസ് ([illegible] മെൽവില്ലിലെ പ്രഭുവായ ഈ വൃത്തികെട്ട മനുഷ്യനെ— ആദ്യം ഫോക്സിൻെറയും നോർത്തിൻെറയും; പിന്നീട്ട് പിററിൻെറയും വൈതാളികനായിരുന്നു. അയാളെ അഴിമതി കുററത്തിനു പാർലിമെൻററ് ശിക്ഷിക്കുകയുണ്ടായിട്ടുണ്ടു്) ഇന്ത്യയിലെ കാര്യങ്ങളെപ്പററി ശക്തിയേറിയ ആക്ഷേപങ്ങൾ ഉയർത്തി. 1782 മേയിൽ അയാൾ വാറൻ ഹേസ്റ്റിങ്ങ്സിനെ തിരികെ വിളിക്കുവാനാവശ്യപ്പെട്ടു. പാർലിമെൻറ് അനുവദിച്ചു. പക്ഷേ തിരികെ വിളിക്കുവാനുള്ള കല്പന പ്രായോഗികമാക്കുവാനുള്ള അനുമതി പ്രൊപ്രൈററർമാരുടെ കോർട്ട്, ഒരു പൊതുസമ്മേളനത്തിൽവെച്ചു തിരികെ വിളിക്കുവാനുള്ള കല്പന അയക്കുവാൻ വിസമ്മതിച്ചു.

1782—നോർത്ത് പ്രഭുവിൻെറ മന്ത്രിസഭ തകർന്നു-പിൻ

തുടൎന്നു് ഷെൽബോൺ മന്ത്രിസഭ. 1783 എപ്രിൽ ഫോക്സിൻെറയും നോൎത്തിൻെറയും സങ്കരസൎക്കാർ അതിനെ മറിച്ചിട്ടു.

1783—നോൎത്തിൻെറയും ഫോക്സിൻെറയും സങ്കരസൎക്കാർ. ഫാക്സിൻെറ ഇന്ത്യാബിൽ കൊണ്ടുവന്നു. കമ്പനി വേറെ ഒരു കടത്തിന്നുള്ള ഹരജി അയച്ചു. (ആദ്യത്തേതു് 1772ൽ പാർലിമെൻറ് അനുവദിച്ചിരുന്നു.) ഈ രണ്ടാമത്തെ ദാരിദ്ര്യപ്പണി രാജ്യവ്യാപകമായ ബഹളത്തിനു കാരണമാക്കി. തൻെറ ബില്ലിൽ ഫോക്സ് താഴെ പറയുന്ന നിൎദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. കമ്പനിയുടെ ചാർട്ടർ നാലു കൊല്ലക്കാലത്തേക്കു നിൎത്തലാക്കുക—ആ സമയത്തു് ഇന്ത്യയുടെ ഭരണം പാർലിമെൻറ് തിരഞ്ഞെടുക്കുന്ന ഏഴു കമ്മീഷണർമാർ ഏറെറടുക്കുക—ഒമ്പതു് അസിസ്റ്റൻറ് കമ്മീഷണർമാർ കച്ചവടകാര്യങ്ങളെല്ലാം നോക്കുക—സെമിന്ദാർമാരെ പിൻതുടച്ചാവകാശമുള്ള ഭൂവുടമകളായി അംഗീകരിക്കുക. യുദ്ധം, സമാധാനം, സംബന്ധിച്ച എല്ലാ കാൎയ്യങ്ങളിലും ഇന്ത്യാഗവണ്മേൻറ് ഇംഗ്ലണ്ടിലുള്ള ബോർഡ് ഓഫ് കൺട്രോളിനു വിധേയമായിരിക്കുക. ഈ അവസാനത്തെ (നിൎദ്ദേശം) പിന്നീട്ട് പിററിൻെറ ഇന്ത്യാബില്ലിൽ ഉൾക്കൊള്ളിച്ചിരുന്നു. വല്ലസ്ലിപ്രഭു തൻെറ ഇന്ത്യൻ ഭരണകാലത്തു് അതിനു യാതൊരു വിലയും കല്പിച്ചിരുന്നില്ല. ഫോക്സിൻെറ ബിൽ പൊതുസഭയിൽ പാസായി. പക്ഷേ ജോൎജ്ജ് മൂന്നാമൻ പ്രഭുക്കന്മാരോടു അതു് തള്ളിക്കളയണമെന്നു് കല്പിച്ചു. അതിനെ തുടൎന്നു

1784—ജനുവരി. ജോൎജ്ജ് മൂന്നാമൻ ഫോക്സിനെയും കൂട്ടുകാരെയും പിരിച്ചുവിട്ടു. പുതിയ മന്ത്രിസഭയുടെ മേധാവി പിററ് ആയി. അയാൾ കമ്പനിയുമായി സൗഹൃദത്തിലായിരുന്നു; അവരുടെ കച്ചവടത്തിന്നു വളരെ അധികം സഹായങ്ങൾ ചെയ്തു.

1784—ആഗസ്റ്റ് 13-ാം തീയതി. പിററിൻെറ ഇന്ത്യാബിൽ: പ്രിവികൗൺസിലിലെ ആറു അംഗങ്ങളെ ഭൂനികുതി കാര്യം നിയന്ത്രിക്കവാനുള്ള ഒരു കമ്മീഷൺ ബോർഡായി നിയമിക്കപ്പെട്ടു. മൂന്നു ഡയറക്ടർമാരുടെ ഒരു രഹസ്യ കമ്മററി ഈ ബോർഡിൻെറ ഉത്തരവുകൾ സ്വീകരിച്ചു നടപ്പിലാക്കണം. പ്രൊപ്രൈററർ കോർട്ടിനു ഭരണകാര്യത്തിൽ യാതൊരു അധികാരവുമില്ല. യുദ്ധവും സമാധാനപരവുമായ എല്ലാകാര്യങ്ങളിലും ബോർഡ് ഓഫ് കമ്മീഷണർമാരുടെ നിർദ്ദേശങ്ങളനുസരിച്ചു ചെയ്യേണ്ടതാണു്. കൂടുതൽ ചേക്കൽ നയം വേണ്ട എന്നുവെച്ചുണം. ഇന്ത്യാഗവണ്മെൻറിൻെറ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും, അവർ ഇംഗ്ലണ്ടിൽ തിരിച്ചെത്തുമ്പോൾ, തങ്ങളുടെ സ്വത്തിൻെറ ഒരു പട്ടികയും അതു സമ്പാദിച്ചതെങ്ങിനെയാണു് എന്ന ഒരു വിവരണവും സമർപ്പിക്കണം. 1784-ൽ ബിൽ വലിയ ഭൂരിപക്ഷത്തോടെ പാസാക്കപ്പെട്ടു. അങ്ങിനെ കമ്മീഷണർ ബോർഡിൻെറ പ്രസിഡണ്ടു് ഇന്ത്യയിലെ യഥാർത്ഥ സ്വേച്ഛാധികാരിയായ ഗവർണറായി. തോന്നിയവാസിയായ ഡൂൺഡാസിന്നായിരുന്നു ഈ പദവി ആദ്യം കിട്ടിയതു്.

മെൻഹൽ പോക്കിരിയായ ഡൂൺഡാസിൻെറ മുമ്പാകെ കൊണ്ടുവന്ന ആദ്യത്തെ കേസ് ആർക്കോട്ട് നവാബിൻെറ (അഥവാ കർണ്ണാടകത്തിലെ മുഹമ്മദാലിയുടെ) ഒരു കടത്തെ സംബന്ധിച്ചുള്ളതായിരുന്നു. സ്വാതന്ത്ര്യേച്ഛുവും, വിനോദശാലിയും, ഭോഗലാലസനുമായിരുന്ന ഈ മുഹമ്മദാലി സ്വകാര്യവ്യക്തികളിൽനിന്നു് കണക്കമാനം പണം കടം വാങ്ങിയിരുന്നു. ഒരോ പ്രത്യേക സ്ഥലത്തെ നികുതി പിരിവിനുള്ള അധികാരം വിട്ടുകൊടുത്താണു് അയാൾ കടം വീട്ടിയതു്. ഉത്തമർണ്ണന്മാർക്കു് (കള്ളന്മാരായ ഇംഗ്ലീഷു ഹുണ്ടികക്കാർക്കു) അതു വളരെ സൗകര്യപ്രദമായിരുന്നു. വലിയ ഭൂവുടമകളുടെ സ്ഥാനത്തു് ഉടനടി ഈ പുഴുക്കളെ സ്ഥാപിച്ചു്

കൃഷിക്കാരെ കണ്ടമാനം ഞെരുക്കി വളരെ അധികം പണം സമ്പാദിക്കുവാൻ അതു് അവരെ സഹായിച്ചു. അങ്ങിനെ ഈ ധിക്കാരികളായ യൂറോപ്യന്മാരുടെ (അതായതു് ഇംഗ്ലീഷ്) സെമീന്ദാർ! നാട്ടുകാരോടുള്ള വിവേചനാശൂന്യമായ സ്വേച്ഛാപ്രഭുത്വം. നവാബും അവരുംകൂടെ കർണ്ണാടകം മുഴുവനും നശിപ്പിച്ചു.

1785—വിഡ്ഢിഡ്യൂൺഡാസും (അയാളുടെ നേതൃത്വത്തിലുള്ള കമ്മീഷൺ ബോർഡും) സംഗതികൾ കയ്യിലെടുത്തു്, ചോര കുടിയന്മാരായ ഇംഗ്ലീഷ് കള്ളന്മാൎക്കു് ഏററവും ഗുണകരമായ വിധത്തിൽ അവ ശരിപ്പെടുത്തി. ഹുണ്ടികക്കാരുടെ കയ്യിൽനിന്നു രാജ്യത്തെ (കർണ്ണാടകത്തെ) വിമോചിപ്പിക്കുവാനെന്നഭാട്യത്തിൽ അവർ നവാബിന്റെ കടം വീട്ടേണ്ടതിലേക്കു 480,000 പവൻ ഉണ്ടാക്കാൻ തീരുമാനിച്ചു—അതായതു്, അയാൾക്കു വളരെ അധികം ഗുണങ്ങൾ ചെയ്തിട്ടുള്ള ഈസ്റ്റ്ഇന്ത്യ കമ്പനിക്കാൎക്കു് കൊടുക്കുന്നതിനു മുമ്പുതന്നെ, നവാബിനെ മുടിപ്പിച്ച സ്വകാര്യ ഹുണ്ടികക്കാൎക്കുള്ള കടം വീട്ടുക, പൊതുജനസഭയിൽ വെച്ചു, ഈ സൂത്രം കർണ്ണാട്ടിക്കു് പ്രദേശത്തിനു ന്യായമായി ലഭിക്കേണ്ടവകകളെ അക്രമമായി കൊള്ളചെയ്തു. ഇപ്പോൾതന്നെ തീരെ അന്തസ്സാരശൂന്യമായ ഒരു കമ്പനിയായി വളൎന്നിട്ടുള്ള ബെൻഫീൽഡുമാൎക്കും അതുപോലുള്ളവൎക്കും അമിതമായ സമ്പാദ്യത്തിനു വഴിനൽകാനെ ഉതകൂ എന്നു ആ മന്ദഭാഗ്യനായ ഡൂൺഡാസിനോടു സൂചിപ്പിച്ചിരുന്നു. ഭാഗ്യംകെട്ട പിററ് മന്ത്രിസഭ അതു് സഭയിൽ അപ്പോൾതന്നെ വിജയലഹരിയോടെ പാസ്സാക്കിയെടുത്തു. അതുമൂലം കർണ്ണാട്ടിക്കിലെ ആദായത്തിൽനിന്നു പോൾബെൻഫീൽഡിനുതന്നെ കിട്ടി 6 ലക്ഷം പവൻ (1806–ലെ വൃത്തികെട്ട ഇടപാടിൽവെച്ചു് എല്ലാം അവസാനിപ്പിച്ച ഡ്യൂൺഡാസ് മെൻഹലി

ൻെറ തന്നെ ഒരു വേലത്തരമായിരുന്നു ഇതും *) അഴിമതിക്കാരനായ ഡുണ്ടാസ് കടങ്ങളെ ആകെ മൂന്നായി വിഭജിച്ചു; ഏററവും വലിയതു് 1777-ലെ സംയുക്ത ഋണമായിരുന്നു. ഹേസ്റ്റിങ്ങ്സിൻെറ പ്ലാൻപ്രകാരം $1\frac{1}{2}$ ലക്ഷം രൂപ കൊണ്ടു് അതു് വീട്ടാമായിരുന്നു; പക്ഷെ ഡുണ്ടാസിൻെറ കണക്കപ്രകാരം അതിനു 5 ലക്ഷം രൂപതന്നെ വേണ്ടിവന്നു. ഇരുപതു കൊല്ലത്തിനു ശേഷം (1805-ൽ) പഴയ കടത്തിൻെറ അവസാനത്തെ പൈസയുംകൂടി കൊടുത്തുതീൎത്തപ്പോൾ, പ്രതീക്ഷക്കനുസരിച്ചുതന്നെ ആ സമയം കൊണ്ടു് 30 ലക്ഷത്തിൻെറ ഒരു പുതിയ കടം മുഹമ്മദാലി വരുത്തിവെച്ചിരുന്നു. ഒടുവിൽ നവാബിൻെറ സംഗതികൾ ഒരു വിധത്തിൽ ശരിപ്പെടുന്നതിനുമുമ്പു 50 കൊല്ലം നീണ്ടുനിന്ന ഒരു പുതിയ അന്വേഷണത്തിനു 1 ലക്ഷം രൂപ ചിലവായി. അങ്ങിനെയാണു ബ്രിട്ടീഷ് ഗവൺമെൻറ്.–കാരണം പിററിൻെറ ഇന്ത്യാ ബില്ലിനുശേഷം (ഇന്ത്യയിൽ) അവരായിരുന്നു കമ്പനിയില്ല അധികാരികൾ—സാധുക്കളായ ഇന്ത്യാക്കരോടു് പെരുമാറിവന്നതു്.

## കോൺവാലിസ് പ്രഭുവിൻെറ ഭരണം 1785—1793

1785-1786—വാറൻഹേസ്റ്റിങ്ങ്സ് അടുത്തുൺ പ ററിയതിനുശേഷം, താല്ക്കാലികമായി കൽക്കട്ടാ കൗൺസി

---

* 1866-ൽ ഡുണ്ടാസിനെ (മെൻഫൽ) അയാൾ 1804—1805) വരെ ഫസ്റ്റ്ലാർഡ് ഓഫ് അഡ്മിറാലിററി ആയിരിക്കുമ്പോൾ നെവിയിലേക്കു് അനുവദിച്ചിരുന്ന ഭീമമായ തുക അപഹരിച്ചു എന്ന കുററം ചുമത്തി പ്രഭു സഭയിൽ വിസ്തരിക്കപ്പെട്ടു.

ലിലെ സീനിയർ അംഗമായി സർ ജോൺ മക്ഫേർസൺ ഗവർണ്ണർ ജനറലായി. സാമ്പത്തികപരിഷ്കാരംമൂലം അയാൾ ഗവണ്മെൻറു കടം ഒരു ലക്ഷമാക്കി വെട്ടിച്ചുരുക്കി. മക്കാർട്ടിനിപ്രഭുവായിരുന്നു ഗവർണ്ണർ ജനറലായി നിയമിക്കപ്പെടേണ്ടിയിരുന്നതു്—പാർലിയമെൻറിൽ ഡുണ്ടാസിനോടുള്ള എതിർപ്പുമൂലം അതു് തകൎന്നുപോയി.

1786-ൽ കോൺവാലിസ് കൽക്കട്ടയിൽ എത്തി. തൻെറ സ്ഥലത്തു് പാൎപ്പിച്ചിട്ടുള്ള പട്ടാളത്തിൻെറ സംരക്ഷണത്തിന്നായി തന്നിൽ ചുമത്തപ്പെട്ട ചിലവു് കുറച്ചു തരുവാനായി ഔധിലെ നവാബായ ആസഫ് ഉദ് ദൗള അയാളോടു് അപേക്ഷിച്ചു. ആസഫ് ആ സംഖ്യ നൃത്തക്കാരികൾക്കും നായാട്ടിനുമായി ചിലവുചെയ്യുകയേ ഉള്ളു എന്ന റസിഡണ്ടിൻെറ ഉപദേശത്തെ അവഗണിച്ചു അയാൾ അതു് 75 ലക്ഷത്തിൽനിന്നു് 50 ലക്ഷമാക്കി ചുരുക്കി. നാനാഫർനാവിസ് നൈസാമുമായി സന്ധിചെയ്തു ടിപ്പുവിനോടു് തുറന്നു് എതിരിടുവാൻ സന്നദ്ധനായി. ടിപ്പു 45 ലക്ഷംക. കൊടുത്തു് അവരെ സ്വാധീനിച്ചു.

1788—ബ്രിട്ടീഷ്പട്ടാളം ഗുണ്ടൂർസൎക്കാർ പിടിച്ചു. 1768-ലെ സന്ധി അനുസരിച്ചു്, അന്നത്തെ ഗവർണ്ണറായിരുന്ന ബസലത്ത്ജങ്ങിൻെറ മരണശേഷം (അയാൾ 1782 ൽ മൃതനായി). ഗുണ്ടൂർസൎക്കാർ കമ്പനിക്കാൎക്കു് വിട്ടുകൊടുക്കാമെന്നു നൈസാം ഏററതു് പരമാൎത്ഥമായിരുന്നു. നൈസാം ഇംഗ്ലീഷുകാർ സന്ധിയുടെ മറുഭാഗംകൂടി—അതായതു് ഹൈദരാലിയുടെ കുടുംബത്തിൽനിന്നു കൎണ്ണാട്ടിക് ബാലഗാട്ട് കീഴടക്കുകയും—അതുമൂലം അതിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു് മറാത്തൎക്കുള്ള ചൗത്ത് കൊടുത്തുതീൎക്കുവാൻ സഹായിക്കുക—എന്നതുകൂടി നിറവേററിത്തരണമെന്നാവശ്യപ്പെട്ടു—പക്ഷേ അടുത്തടുത്ത രണ്ടു് ഉടമ്പടികളിൽ കൎണ്ണാട്ടിക് ബാലഗാട്ടിൻെറ അധിപരായി ടിപ്പുവിനേയും ഹൈ

ദരേയും അംഗീകരിച്ചതും ഇംഗ്ലീഷുകാരല്ലാതെ വേറെ ആരും ആയിരുന്നില്ല. കോൺവാലീസ്

1788-ൽ—ഇംഗ്ലീഷുകാരുമായി മമതയിലല്ലാത്ത ഏതൊരു ശക്തിക്കുമെതിരായി ബ്രിട്ടീഷുസൈന്യസഹായം നൈസാമിനു വാഗ്ദത്തം ചെയ്തു; കർണ്ണാട്ടിക് ബാലഗാട്ട് ഇംഗ്ലീഷുകാരുടേതാകുന്ന ക്ഷണത്തിൽ അതു് നൈസാമിനെ ഏല്പിച്ചുകൊടുക്കാമെന്നും ഏററു. കോൺവാലിസിൻെറ ഈ ഇരട്ടത്താപ്പുനയത്തിൽ ടിപ്പു കോപാന്ധനായി.

ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ സഹായിയായിരുന്ന തിരുവിതാംകൂർരാജ, ഡച്ചുകാരുടെ കയ്യിൽനിന്നു കൊച്ചിയിലെ രണ്ടു പട്ടണങ്ങൾ വാങ്ങി, അവിടെ കോട്ടകെട്ടി ഉറപ്പിച്ചു. ടിപ്പുവിൻെറ സാമന്തനായിരുന്ന കൊച്ചിരാജാവു്, ടിപ്പുവിൻെറ കല്പനപ്രകാരം ആ രണ്ടു സ്ഥലങ്ങളും തൻേറതാണ് എന്നു വാദിച്ചു, തിരുവിതാംകൂർരാജാവു് ഇംഗ്ലീഷുകാരോടും കൊച്ചിത്തമ്പുരാൻ ടിപ്പുവിനോടും ആവലാതിപ്പെട്ടു, രണ്ടാമൻ തിരുവിതാംകൂർ അതൃത്തി ആക്രമിച്ചു; പക്ഷേ തിരുവിതാംകൂർരാജാവിനാൽ തോല്പിക്കപ്പെട്ടു. ടിപ്പുവും ഇംഗ്ലീഷുകാരുമായി സമരപ്രഖ്യാപനം.

1790—കോൺവാലിസിൻെറ ത്രികക്ഷിസന്ധി—അതായതു് എതൃപ്പിന്നും, നിരോധനത്തിന്നും ഉതകുന്നവിധത്തിൽ നാനാഫർനാവിസിനോടും നൈസാമിനോടും ഉടമ്പടി.

1790-1792—മൂന്നാം മൈസൂർയുദ്ധം. (1791-ൽ കോൺവാലീസുതന്നെയായിരുന്നു നേതാവു്) ശ്രീരംഗപട്ടണത്തിൻെറ പുറംമതിൽകെട്ടു് വളഞ്ഞപ്പോൾ (1792 ഫെബ്രുവരി) ടിപ്പു കീഴടങ്ങി. സഖ്യകക്ഷികൾക്കു യുദ്ധനഷ്ടപരിഹാരമായി 23 ലക്ഷം പവൻ കൊടുക്കേണ്ടതിലേക്കു്, അയാൾക്കു രാജ്യത്തിൽ പകുതി വിട്ടുകൊടുക്കേണ്ടിവന്നു. തൻെറ പുത്രന്മാരിൽ രണ്ടുപേരെ ജാമ്യമായി ബ്രിട്ടീഷ്സം

രക്ഷണയ്ക്കു കീഴിലാക്കി. മറാത്തക്കും കൊടുത്തു മൂന്നുലക്ഷം ക. കമ്പനി ഡിൻഡിഗൽ, ബാർമഹാൽ എന്നിവയും അതിന്നു ചുററുമുള്ള സ്ഥലങ്ങളും, ബോംബെയുടെ സമീപമുള്ള കുറെ സ്ഥലങ്ങളും സ്വന്തമായി എടുത്തു. ടിപ്പുവിൻെറ ബാക്കി സ്ഥലങ്ങളിൽനിന്നു് മൂന്നിൽ ഒന്നു (കണ്ണൂട്ടിക് ബാലഗാട്ടു്) അടക്കം പേഷ്വക്കും, വേറെ ഒരു മൂന്നിലൊന്നു നൈസാമിനും കിട്ടി,കോൺവാലിസിൻെറ ഈ കൂട്ടിച്ചേക്കൽനയത്തെക്കുറിച്ചു് പൊതുജനസഭയിൽ കുററാരോപണം. പക്ഷേ അതു് ശരിപ്പെട്ടില്ല—പ്രത്യുത അയാൾക്കു് 'മാർക്വിസ്' എന്ന ബഹുമതിപട്ടം കൊടുക്കുകയുംചെയ്തു.

1793 സെപ്തംബർ—ഫ്രഞ്ചുകാരുടെ അവസാനത്തെ സമ്പാദ്യവും, പ്രാധാന്യമേറിയതുമായ പുതുശ്ശേരി കേണൽ ബ്രെത്ത്‌വേയ്‌ററ് കീഴടക്കി. കോൺവാലീസ് ഇംഗ്ലണ്ടിലേക്കു മടങ്ങി. അയാളുടെ നിയമപരമായ പരിഷ്കാരങ്ങൾ. (വഴിയെ)

1784-1794 സിന്ധ്യയുടെ ചരിത്രം 1782-ലെ സലബായ്സന്ധിപ്രകാരം (ഗ്വാളിയോർ) അയാൾ ദക്ഷിണ ഇന്ത്യയിൽ വലിയ ശക്തി സംഭരിച്ചു.

1784—സിന്ധ്യ. ഡൽഹിയിൽ പോയി, അവിടത്തെ പാവമാത്രമായ ചക്രവത്തി ഷാ ആലമിനെ (ഒരു കാലത്തു് ധീരനായിരുന്ന ഷാ സാദ-ആലിംഗിർ രണ്ടാമൻെറ മകൻ) നിർബ്ബന്ധിച്ചു, സാമ്രാജ്യത്തിൻെറ എക്സിക്യൂട്ടർ ജനറൽ പദവിയും, രാജകീയസേനയുടെ സവ്വാധിപത്യവും, ആഗ്ര, ഡൽഹി പ്രവിശ്യകൾ സമ്മാനമായും കൈവശമാക്കി. (അയാൾ) രജപുത്രരുമായി ഏററുമുട്ടി, അതിൽവെച്ചു ഭയങ്കരമായ തോൽവി പററി. രാജകീയസേന അയാളെ ഉപേക്ഷിച്ചു കൂട്ടത്തോടെ ശത്രുപക്ഷത്തേക്കു മാറി.

1787—ഇസ്മായിൽബേഗ് (ആദ്യത്തെ എക്സിക്യൂട്ടർ ജനറലായ മുഹമ്മദ്ബേഗിൻെറ മരുമകൻ) സിന്ധ്യയെ ആ

ക്രമിച്ചു. ഇസ്സെയിൽ ആഗ്ര പിടിച്ചടക്കി. ഗുലാംഖാദറിൻെറ (സബിതാഖാൻെറ മകൻ) കീഴിൽ സുശക്തമായ ഒരു റോഹില്ലാസൈന്യത്തെക്കൂട്ടി തൻെറസേനയുടെകരുത്തുകൂട്ടി. സിന്ധ്യ ഡൽഹിയിൽനിന്നു പുറപ്പെട്ടു് സഖ്യകക്ഷികളുമായി എതിരിട്ടു. പക്ഷേ പരാജിതനായി. റോഹില്ലാക്കാർ വടക്കോട്ടു് മാർച്ച്ചെയ്തു. സിന്ധ്യ ഇസ്മായിൽബേഗിൻെറ ചെറിയ സേനയെ തോല്പിച്ചു, അതേസമയത്തു് തികഞ്ഞ കൊള്ളക്കാരായ റോഹില്ലാക്കാർ ഡൽഹി കീഴടക്കി രണ്ടു മാസത്തോളം അവിടെ കവച്ചനടത്തി. ഒടുവിൽ ഷാ ആലത്തിനെ ബന്ധനസ്ഥനാക്കി അയാളുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു. അപ്പോൾ ബേഗ് സിന്ധ്യയുമായി സമാധാനത്തിലായി.

1778-ൽ രണ്ടു സുഹൃത്തുക്കളുംകൂടെ ഡൽഹി പിടിച്ചു, ഷാ ആലമിനെ തിരികെ സിംഹാസനാരൂഢനാക്കി. ഗുലാം ഖാദറിനെ കഠിനമായി ദേഹോപദ്രവമേല്പിച്ചു വധിച്ചുകളഞ്ഞു. ഇസ്സെയിൽ ബേഗിനു വിലയേറിയ ജാഗിർ കൊടുത്തു സമാധാനിപ്പിച്ചു. ഇപ്പോൾ ഡൽഹിയിലെ യഥാർത്ഥ ഭരണാധികാരിയായിത്തീന്നു സിന്ധ്യ, ഇംഗ്ലീഷ്, ഫ്രഞ്ച്, ഐറിഷ് എന്നീ ഉദ്യോഗസ്ഥന്മാരുടെകീഴിൽ വലിയ ഒരു നല്ല ശിപായിപട്ടാളത്തെ സംഭരിച്ചു്, ആയുധശാലകൾ പണിയിച്ചു് തോക്കുകളും മററും മററും ഉണ്ടാക്കിച്ചു.

1791-ൽ വിജയകരമായി സിന്ധ്യ രജപുത്രരെ എതൃത്തു, മുഗൾസാമ്രാജ്യം മറാത്തരുടേതാക്കണമെന്ന ഉദ്ദേശത്തോടെ

1792-ൽ പാരമ്പര്യാവകാശമുള്ള ഡെപ്യൂട്ടിസ്ഥാനം തനിക്കും തൻെറ അനന്തരഗാമികൾക്കും, 'വാക്കിൽ-ഉൽ-മുട്ലാക്' (സാമ്രാജ്യത്തിൻെറ റീജൻറ്) എന്ന പദവി പേഷ്വക്കും നൽകുവാൻ അയാൾ ഷാ ആലമിനെ നിർബ്ബ

ന്ധിച്ചു. അയാൾതന്നെ പൂനയിൽ പോയി പേഷ്വക്ക ഈ അന്തസ്സിൻെറ ചിഹ്നംനല്കി. അയാൾ അതിന്നു പകരമായി തൻെറ സ്വന്തം സ്റ്റേററിൽ നാനാഫർനാവിസ് മന്ത്രിയോടൊത്ത ഒരു പദവി സിന്ധ്യ നൽകി. അന്നുതൊട്ടു്, അക്കാലത്തെ ഏററവും കരുത്തുററ രാഷ്ട്രീയക്കാരനായ പേഷ്വയും സിന്ധ്യയുമായുള്ള കുത്തിത്തിരിപ്പുകളും ഇടപാടുകളും. പിന്നീടുള്ള മറാത്ത ചരിത്രം തിരിയുന്നതു് സിന്ധ്യയേയും അയാളുടെ അനുഗാമികളേയും ചുഴന്നാണു്.

1793—സമരത്തിൽ മറാത്ത പ്രഭുവംശത്തിലെ രണ്ടാമനായ ഹോൾക്കറെ തോല്പിച്ചു സിന്ധ്യ അങ്ങിനെ ഹിന്ദുസ്ഥാനത്തിലെ യജമാനനായി.

1794—പെട്ടെന്നാണു് മഹാഡാജി സിന്ധ്യ മരിച്ചതു്. അയാളുടെ സർവ്വ പദവിക്കും ഉദ്യോഗത്തിനും അവകാശിയായതു് മരുമകൻെറ മകനായ ദൗളത്തു്റാം സിന്ധ്യയാണു്.

1786–1793—പാർലിയമെൻറിൻെറ നടപടികൾ. 1786 ഗവർണ്ണർ ജനറലിനു കൗൺസിലിൻെറ ഉപദേശം തേടാതെ നേരിട്ടു ഭരിക്കുവാനുള്ള അനുവാദം നൽകുന്ന ബിൽ പാസ്സാക്കപ്പെട്ടു. പിന്നീട്ടു് ഗവർണ്ണർ ജനറലായിത്തന്ന വെല്ലസ്ലിക്ക അതു് സൗകര്യപ്രദമായി. വാറൻഹേസ്റ്റിങ്ങ്സിനെപ്പോലുള്ള (ഗവർണ്ണർ ജനറൽമാരെ) ബാധിച്ചിരുന്ന ബുദ്ധിമുട്ടുകൾ ഇനിയുള്ളവരെ അഭിമുഖീകരിക്കരുതു് എന്ന ഉദ്ദേശത്തോടെ പാസ്സാക്കിയതായിരിക്കണം ഈ ബിൽ.

1788—ഡിക്ലറേററി ആക്റ്റ് കമ്പനിയുടെ ഡയറക്ടർ ബോർഡും, ചക്രവർത്തിയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ ബോർഡുംതമ്മിലുള്ള കൂടിയാലോചനകളാണിതിനു പ്രചോദനം. മന്ത്രിസഭ ഇന്ത്യയിലെ പ്രത്യേകാവശ്യങ്ങൾക്ക ഉതകത്തക്കവിധത്തിൽ 4 പുതിയ സേനാവ്യൂഹത്തെ ഉണ്ടാക്കുവാൻ കല്പിച്ചു, പാർലിയമെൻറ് അവരുടെ യാത്രച്ചിലവും, സംരക്ഷണച്ചിലവും കൊടുക്കുവാൻ വിസമ്മതിച്ചു.

കമ്മീഷണർബോർഡ് അതിന്നാവശ്യമായ ഫണ്ട് ഉണ്ടാക്കുവാൻ കമ്പനിയോടാവശ്യപ്പെട്ടു. ഡയറക്ടർമാർ പ്രഖ്യാപിച്ചതു് ധനസംബന്ധമായ കാര്യങ്ങളിലെ ഭരണഭാരം തങ്ങൾക്കാണു് എന്നാണു്. 1784 ആദ്യം മുതൽക്കേ പിററ് പറയാറുള്ളതുപോലെ ഇന്ത്യയുടെ—ക്യാബിനററിൻെറ ആഗ്രഹംതന്നെ ഭാവിയിൽ ഭരണഭാരം രാഷ്ട്രത്തിൻെറ കയ്യിൽ ആക്കണമെന്നുള്ളതാണു് ഉദ്ദേശം (എന്നയാൾ ഇപ്പോഴും ആവത്തിച്ചു.) സഭകളിൽ ചൂട്ടുപിടിച്ച വാദപ്രതിവാദങ്ങൾ. ഡിക്ലറേററി ആക്ട് സ്റ്റേററു് വിഷയങ്ങളിൽ എല്ലാംതന്നെ കമ്പനിയുടെ പൊതുമാററത്തെ നിയന്ത്രിക്കുവാൻബോർഡിനു അനുമതി നൽകുന്ന 1784-ലെ ആക്ടിനെ ഒന്നുകൂടി ശക്തിപ്പെടുത്തുകമാത്രമേ ചെയ്യുന്നുള്ളു.

1793-ൽ ഒരു പുതിയ ചാർട്ടർപ്രകാരം കമ്പനിയുടെ അവകാശങ്ങൾ 20 കൊല്ലത്തേക്കുകൂടി നീട്ടിക്കൊടുത്തു.

[സെമിന്ദാർമാരുടെ ഗുണത്തിനുവേണ്ടി കൃഷിയിടങ്ങൾ കണ്ടുകെട്ടൽ 1793.] *

ബെംഗാളിലെ ഭൂമിമുഴുവനും സെമിന്ദാർമാരുടെ സ്വകാര്യസ്വത്തായയാണു് ആദ്യത്തെ സവ്വേക്കാലത്തു് ഗണിക്കപ്പെട്ടിരുന്നതു്.

1793—ബംഗാളിലെ ഗവണ്ണർ ജനറലായിരുന്ന കോൺവാലിസ്പ്രഭു (അയാളുടെ ഭരണം 1786-93) ഒരു പൊതുസവ്വേക്കു കല്പനനൽകി. (1765-ൽ ഇംഗ്ലീഷുകാർ-പൊതു 1763 ഇംഗ്ലീഷുകാർ സെമിന്ദാർമാരെ — പൊതുനികുതി വസൂലാക്കുന്നവരെ കണ്ടതു് സെമിന്ദാരിരാജാക്കന്മാരുടെ പദവി ആവശ്യപ്പെടുന്നവരായയാണു്. മുഗിളരുടെ അധഃ

---

* ഈ തലക്കെട്ടിന്നടിയിൽ കൊടുത്തിരിക്കുന്നതു് മാർക്സിൻെറ നോട്ടുബുക്കിൽ ബ്രിട്ടീഷ് ഡോമിനേഷൻ ആൻറ് ഇററ്സ് ഇൻഫ്ളുവൻസ് ഓൺ ഇന്ത്യൻ പബ്ളിക് പ്രോപ്പർട്ടി എന്ന നാമധേയം നൽകിയിട്ടുള്ള ഒരു സെക്ഷനിൽനിന്നാണു്.

പതനകാലത്തു് അവർ ആ പദവി അചിരേണ സമ്പാദിച്ചുവന്നിരുന്നു. (മുഗൾ ചക്രവർത്തിമാർ അവക്കു കൊല്ലന്തോറും കിട്ടേണ്ട തുക കിട്ടിയിരുന്നിടത്തോളം കാലം ഭൂമി കൈവശാവകാശത്തെപ്പററി ശ്രദ്ധിക്കാതിരുന്നതുകൊണ്ടുമാത്രമാണു് അവർ പാരമ്പര്യാവകാശമുള്ള ഭൂവുടമകളായിരുന്നതു്. ഒരു ഡിസ്ത്രിക്ടിൽ ഉണ്ടാകുന്ന ആണ്ടുവരവിൽ അതിൻെറ തനതാവശ്യങ്ങൾ കഴിച്ചുള്ള ഒരു നിർണ്ണയിക്കപ്പെട്ട തുകയായിരുന്നു ഭൂനികുതി. ഇതിൽ കൂട്ടതലായി ഉണ്ടാക്കാവുന്ന സംഖ്യ മുഴുവനും സെമിന്ദാർമാക്കു സ്വന്തമായി എടുക്കാമായിരുന്നു. അതുകൊണ്ടു് അവർ കൃഷിക്കാരുടെ തൊലിപൊളിച്ചു.) അവരുടെ (സെമിന്ദാർമാരുടെ) കൊള്ളചെയ്തും, അപഹരിച്ചുമുണ്ടാക്കിയ ഭൂമിയും സ്വത്തും; ഭരണം ഏറെറടുക്കലും; പട്ടാളസംരക്ഷണവും മൂലമാണു് അവരെ രാജ എന്നു വിളിച്ചുവന്നിരുന്നതു്. ഇംഗ്ലീഷ്ഗവണ്മെൻറ് (1765 മുതൽക്കേ,) അവക്കു രണ്ടാം തരം നികുതിപിരിവുകാരുടെ സ്ഥാനമേ കൊടുത്തിരുന്നുള്ളു. അവർ അവരെ കർശനമായ നിയമത്തിനു വിധേയരാക്കി, നികുതിയടവിൽ എന്തെങ്കിലും വിട്ടുവീഴ്ച വരുത്തിയാൽ ജയിലിൽ അയക്കാനും ഉദ്യോഗത്തിൽനിന്നു പിരിക്കുവാനുമുള്ള അധികാരം ഉപയോഗിച്ചിരുന്നു. കൃഷിക്കാരൻെറ നില ഒട്ടുംതന്നെ ഭേദപ്പെട്ടിരുന്നില്ല; നേരെമറിച്ചു് അവരെ കൂടുതൽ അധഃപതിപ്പിച്ചു ദ്രോഹിക്കുകയാണു് ചെയ്തിരുന്നതു്. ഭൂനികുതി സമ്പ്രദായംതന്നെ യാതൊരു അടുക്കും ചിട്ടയുമില്ലാതെ വാരിവലിച്ചിട്ട നിലയിലായിരുന്നു.

1786—ഡയറക്ടർമാർ ഒരു നയമെന്ന നിലക്കു് സെമിന്ദാർമാരുമായി ഒരു പുതിയ ഇടപാടു് നടത്തി. അതനുസരിച്ചു അവക്കനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അവ എന്തുതന്നെയായാലും, അവകാശാധികാരംമൂലമല്ല, പ്രത്യുത ഗവർണ്ണരുടെയും കൗൺസിലിൻെറയും ഔദാര്യത്തിൻെറയും

സന്മനോഭാവത്തിൻെറയും ഫലമായിമാത്രമാണ് എന്നൊരു വ്യക്തമായ ധാരണയിലായിരുന്നു. സെമിന്ദാർമാരുടെ സ്ഥിതിഗതികളെക്കുറിച്ച് അന്വേഷിക്കുവാൻ റിപ്പോർട്ട് സമർപ്പിക്കുവാനുമായി ഒരു കമ്മീഷൺ ഉണ്ടാക്കി. പക്ഷേ സെമിന്ദാർമാരുടെ പ്രതിക്രിയകളെ ഭയന്നിരുന്ന കൃഷിക്കാരാരുംതന്നെ തെളിവു നൽകുവാൻ കൂട്ടാക്കിയില്ല. അവർ എല്ലാ അന്വേഷണോദ്യമങ്ങളും നിരാകരിച്ചു. അതുകൊണ്ട് കമ്മീഷണർമാരുടെ പ്രവൎത്തിക്കു സ്തംഭനം.

1793—കോൺവാലീസ് പ്രഭു കമ്മീഷണനെ വേണ്ട എന്നുവെച്ചു. പെട്ടെന്നു യാതൊരു മുന്നറിവും കൂടാതെ കൗൺസിലിൽ ഒരു പ്രമേയം പാസ്സാക്കി; അതിന്നു ഉടമ്പടി നിയമപ്രാബല്യം നൽകി. അതനുസരിച്ച്, അവകാശപ്പെട്ട എല്ലാ സ്വത്തുക്കളും സെമിന്ദാർമാർ പരമ്പരാവകാശികളെന്നനിലയിൽ അനുഭവിക്കുവാനും—പൊതുവായി നികുതി പിരിക്കലിൽനിന്നു ഒരു തോതു് എന്ന നിലയിലല്ല ഒരു കപ്പമെന്ന നിലയിൽ ഒരു തുക ആണ്ടിനാൽ ഖജനാവിലേക്ക് അടക്കുവാനും നിശ്ചയിക്കപ്പെട്ടു.

പിന്നീട്ട് സർ ജോൺഷോറായ—മിസ്റ്റർ ഷോർ—തെമ്മാടി കോൺവാലിസിൻെറ അനന്തരഗാമി—ഇന്ത്യൻ ആചാരങ്ങളുടെ ഈ പരിപൂൎണ്ണമായ തകൎച്ചക്ക് എതിരായി കൗൺസിലിൽ തീവ്രമായി വാദിച്ചുനോക്കി. പക്ഷേ കൗൺസിലിലെ ഭൂരിപക്ഷവും സെമിന്ദാർമാരെ ഭൂവുടമകളായി പ്രഖ്യാപനംചെയ്യുവാൻ ഉറച്ചിരിക്കുകയാണെന്നു കണ്ടപ്പോൾ (ഇടക്കിടെയുള്ള നിയമനിൎമ്മാണത്തിൽനിന്നും ഹിന്ദുക്കളുടെ സ്ഥാനങ്ങളെക്കുറിച്ചുള്ള നിരന്തരമായ വഴക്കുകളിൽനിന്നു വിമോചനം തേടലായിരുന്നു ഉദ്ദേശം.) അയാൾ ഒരു ദശവത്സര സെററിൽമെൻെറിനുള്ള പ്രമേയം അവതരിപ്പിച്ചു. പക്ഷേ കൗൺ

സിൽ പ്രഖ്യാപിച്ചതു് ശാശ്വതമായ അവകാശമാണു്. കമ്മീഷൺ ബോർഡു് ആ നടപടി സഹർഷംസ്വീകരിച്ചു.

1793—പിററ് പ്രധാനമന്ത്രിയായിരിക്കുമ്പോൾ "ഇൻഡ്യയിലെ സെമിന്ദാർമാരെ ശാശ്വതവും പരമ്പരാവകാശവുമുള്ള ഭൂവുടമകളായി സ്ഥാപിക്കുവാനുള്ള" ബിൽ പാസ്സാക്കപ്പെട്ടു. അത്ഭുതസ്തബ്ധരായ സെമിന്ദാർമാരെ ആഹ്ലാദമത്തരാക്കുമാറു് അതു് 1793 മാർച്ചിൽ കൽക്കട്ടയിൽ പ്രഖ്യാപിതമായി. ദ്രുതവും അപ്രതീക്ഷിതവുമെന്നപോലെ അനീതി പരവുമായിരുന്നു അതു്, എന്തെന്നാൽ ഹിന്ദുക്കളെ ഒരു ജാതി എന്ന നിലയിൽ വ്യജ്ഞിപ്പിച്ചുകൊണ്ടു് ഇംഗ്ലീഷുകാർ നിയമനിർമ്മാണം നടത്തുകയാണു് എന്നാണു് വിചാരിച്ചിരുന്നതു്. അതെ സമയത്തുതന്നെ കഴിയുന്നിടത്തോളം അവരുടെ സ്വന്തമായ നിയമങ്ങൾ അവക്കു ബാധകമാക്കണം. സെമിന്ദാർമാക്കു് എതിരായി കൃഷിക്കാക്കു് സിവിൽകാര്യങ്ങളിൽ നിവൃത്തികൾ നൽകുവാനും നികുതിവർദ്ധനവിൽനിന്നവരെ പരിരക്ഷിക്കുവാനും ഉതകുന്ന നിരവധി നിയമനിർമ്മാണങ്ങൾ ഉണ്ടാക്കി. പക്ഷേ രാജ്യത്തിലെ അന്നത്തെ പരിത:സ്ഥിതിയിൽ അവയെല്ലാംതന്നെ കേവലം വ്യർത്ഥവും ഉപയോഗശൂന്യവുമായിരുന്നു. കൃഷിക്കാർ തികച്ചും അവരുടെ യജമാനന്മാരുടെ അടിമകളും, സ്വയരക്ഷക്കുവേണ്ടി ചെറുവിരൽപോലും അനക്കുവാൻ ത്രാണിയില്ലാത്തവരുമായിരുന്നു. ആദ്യം പറഞ്ഞിരുന്നതിൽ ഒരു നിബന്ധന ശാശ്വതമായി ഭൂനികുതി ചിട്ടപ്പെട്ടുത്തിക്കൊണ്ടുള്ളതായിരുന്നു. ഭൂവുടമയുടെ സമ്പ്രദായവും കൊല്ലത്താൽ കൊടുക്കേണ്ട നികുതിയായ സംഖ്യയും അടങ്ങുന്ന ലിഖിതം ചെയ്യപ്പെട്ട ഒരു പട്ടു് ഏതൊരു കൃഷിക്കാരനും കൊടുക്കേണ്ടതാണു്. ഇതു് സെമിന്ദാർമാക്കു പുതിയ സ്ഥലങ്ങളിൽ കൃഷിയിറക്കി, എസ്റ്റേററുകളുടെ വില വർദ്ധിപ്പിക്കുവാനും, കൂടുതൽ വിലയുററ ധാന്യം കൃഷിചെയ്തു വിളവു വർദ്ധിപ്പിക്കുവാനും അനുവാദം നൽകിയിരുന്നു.

1793—അങ്ങിനെ കോൺവാലിസും, പിററും കൂടി ബംഗാളിലെ കൃഷകജനതയെ കൃത്രിമമായി ഭൂമി വിട്ടൊഴിക്കുവാൻ ഉള്ള മാൎഗ്ഗമുണ്ടാക്കി.

1784—ഇസ്റ്റ്ഇന്ത്യാ കമ്പനിക്കാരുടെ സംഗതികളിലും, ഇന്ത്യയിലെ ബ്രിട്ടീഷ് സ്ഥലങ്ങളിലും ഇടപെട്ടു നിയന്ത്രിക്കുവാൻതന്നെ 'തീരുമാനിച്ചു ബ്രിട്ടീഷ് നിയമസഭ. അതിന്നായി ജോർജ്ജ് മൂന്നാമന്റെ 24-ാം നമ്പ്ര് ആക്റ്റ് സി 125-അതായിരുന്നു, ബ്രിട്ടീഷ് ഇന്ത്യയുടെ ഭരണഘടനയുടെ അടിസ്ഥാനം പാസ്സായി. ഈ ആക്റ്റ്, ഇന്ത്യൻ കാര്യങ്ങൾക്കുവേണ്ടി ഒരു കമ്മീഷനെ—പൊതുവെ ബോർഡ് ഓഫ് കൺട്രോൾ—എന്നറിയപ്പെട്ടുന്ന ഒന്നു സ്ഥാപിച്ചു. ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ ജോലിയുടെ രാഷ്ട്രീയമായ വശത്തിന്റെ മേലന്വേഷണമായിരുന്നു അവരുടെ കൎത്തവ്യം. ആക്റ്റിന്റെ 29-ാം ചട്ടപ്രകാരം രാജാക്കന്മാർ, സെമിന്ദാർമാർ, ബ്രിട്ടീഷ് ഇന്ത്യയിലെ മററു ഭൂവുടമകൾ മുതലായവരെ ഉപദ്രവിച്ചതിനെപ്പററി നിലവിലുണ്ടായിരുന്ന ആക്ഷേപങ്ങളെക്കുറിച്ചു അന്വേഷണം നടത്താനും, ഇന്ത്യൻ ഭരണഘടനയുടെ ചട്ടങ്ങൾക്കു അനുസൃതമായി മിതവും ന്യായവുമായ വഴികളിലൂടെ റവന്യൂ പിരിവു ശാശ്വതമാക്കുന്ന കാര്യം സുകരമാക്കുവാനും കമ്പനിയോടാവശ്യപ്പെട്ടു.

1786—മാർക്വീസ് കോൺവാലിസ് ഗവർണർ ജനറലായി ഇന്ത്യയിലേക്ക് (വന്ന) (തന്റെകൂടെ ഇംഗ്ലണ്ടിൽനിന്നു വരുമ്പോൾ കൊണ്ടുവന്നിരുന്ന) ഡയറക്റ്റർ ബോർഡിന്റെയും നിയന്ത്രകബോർഡിന്റെയും നിർദ്ദേശങ്ങൾ അനുസരിച്ചുള്ള നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തി.

1787—പൊതുനിയമം, പോലീസ് അധികാരം, സാമ്പത്തിക ഭരണം എന്നിവയെല്ലാം കളക്റ്റർ എന്ന വ്യക്തിയിൽ ലയിച്ചു. അയാളെ പ്രൊവിഷ്യൽ സിവിൽ കോടതിയിലെ (മുഫാസ്സൽഡിവാനി അഡാലററ്) മജിസ്ട്രേട്ടും

ജസ്റ്റിയുമാക്കി. അയാൾ അദ്ധ്യക്ഷതവഹിച്ചിരുന്ന ദിവാനി* കോടതിയിൽനിന്നു വിഭക്തമായിരുന്നു റവന്യൂ സംഗതികളിലെ കളക്ടർ കോടതി. ഒട്ടവിലത്തെ കോടതികളിൽ നിന്നുള്ള അപ്പീലുകൾ വിചാരണ ചെയ്തിരുന്നതു് "സാദർ ഡിവാനി അഡാലററ്" ആയിരുന്നു. കളക്ടറുടെ റവന്യൂ കോടതിയിൽനിന്നുള്ള അപ്പീൽ കൽക്കട്ടയിൽ സമ്മേളിക്കുന്ന റവന്യൂ ബോർഡിലേക്കു മാത്രമായിരുന്നു.

1793—ബംഗാൾ, ബീഹാർ, ഓറീസ്സ എന്നിവയെ സംബന്ധിച്ചുള്ള കോൺവാലിസിൻെറ ശാശ്വതമായ വ്യവസ്ഥയനുസരിച്ചു് — (പഴയ കാലങ്ങളിലെ ആദായത്തിൻെറ ആകത്തുക കണക്കാക്കിയിട്ടാണു് ആ മൂന്നു പ്രദേശങ്ങളിലെയും കൊല്ലത്താലുള്ള നികുതി കണക്കാക്കപ്പെട്ടിരുന്നതു്) നികുതി കൊടുക്കാതിരുന്നാൽ അതിന്നാവശ്യമായ ഭൂമി വിററും അതു് ഈടാക്കിയെടുക്കാമായിരുന്നു. പക്ഷേ സെമിന്ദാർമാൎക്കു് തങ്ങൾക്കു ലഭിക്കേണ്ട പണം ഈടാക്കുവാൻ നിയമപരമായ നടപടികൾതന്നെ എടുക്കേണ്ടിയിരുന്നു. ജന്മികൾ—തങ്ങൾ സാധാരണ കൃഷിക്കാരുടെ ദയക്കു വിധേയരായിരിക്കുകയാണു് എന്നു ആക്ഷേപിച്ചു. ഗവൺമെൻറു്, ഭൂമി നഷ്ടപ്പെടുമെന്ന ഭീഷണിയോടെ അവരോടു് ആണ്ടിനാൽ നികുതി ആവശ്യപ്പെട്ടപ്പോൾ അവൎക്കു തങ്ങളുടെ കുടിയാന്മാരിൽനിന്നു കിട്ടുവാനുള്ള സംഖ്യക്കു മന്ദഗതിയിൽ നീങ്ങുന്ന നിയമത്തെ ആശ്രയിക്കേണ്ടിവന്നു. അതുകൊണ്ടുണ്ടാക്കിയ നിയമങ്ങൾ ചില പ്രത്യേക പരിതഃസ്ഥിതികളിൽ നിഷ്കൃഷ്ടമായ രൂപത്തിൽ സെമിന്ദാർമാൎക്കു്, കുടിയാന്മാരെ അറസ്റ്റു് ചെയ്തു് നികുതി പിരിക്കുവാനുള്ള അവകാശങ്ങൾ നൽകി. അതെപോലുള്ള അധികാരങ്ങൾ കളക്ടർമാൎക്കു സെമിന്ദാരന്മാ

* സിവിൽ.

തടെ മേല്വം നൽകി. അതു ചെയ്തതു് 1821*)ൽ ആയിരുന്നു.

## വ്യവസ്ഥാപനത്തിൻെറ ഫലങ്ങൾ

കൃഷിക്കാരുടെ കൂട്ടായും സ്വകാര്യമായും ഉള്ള വസ്തുക്കളുടെ കൊള്ളയാണു് ആദ്യത്തെ ഫലം. ജന്മിത്വം (അനുവദിച്ചു) കൊടുത്തവക്കെതിരായി പ്രാദേശിക കൃഷിക്കാരുടെ ബഹളം. ചില സ്ഥലങ്ങളിലെല്ലാം സെമിന്ദാർമാരെ പറഞ്ഞയച്ചു് ഈസ്റ്റ്ഇന്ത്യാ കമ്പനി അവരുടെ സ്ഥാനത്തു കയറി. ചില സ്ഥലങ്ങളിൽ സെമിന്ദാർമാർ ദാരിദ്ര്യത്തിൽപ്പെട്ട അവരുടെ നികുതി ബാക്കികളും സ്വകാര്യങ്ങൾക്കമായി ഭൂമി സ്വമേധയോ, നിർബന്ധിതമായോ വില്ക്കേണ്ടതെട്ടങ്ങളിലായി അങ്ങിനെ പ്രവിശ്യയിലെ കൈവശഭൂമിയിൽ അധികം, ധാരാളം മുടക്കുമുതലും, അതു് ഭൂമിയിന്മേൽ † സ്ഥാപിക്കുവാൻ സന്നദ്ധതയുമുള്ള അല്പം ചില പട്ടണ മുതലാളിമാരുടെ തനതായി.

---

* ഹാരിങ്ങിൽ എലിമെൻററി അനാലിസിസ് ഓഫ് ബംഗാൾ ലോസ് ആൻറ് റഗുലേഷൻസ്—കോൾബ്രൂക്ക്. സപ്ലിമെൻററി ടു ദ ഡൈജസ്റ്റ് ഓഫ് ബംഗാൾ ലോസ് ആൻറ് റഗുലേഷൻസ്.

† ഇതു് ഖണ്ഡിക എട്ടത്തിരിക്കുന്ന മാർക്സിൻെറ പുസ്തകത്തിൽനിന്നാണു്. അതു് കോവലിസ്കി മാർക്സി ക്രോണോളജികൽ നോട്ട്സിനെ പിൻതുടന്നതാണു്.

## സർ ജോൺഷോറിൻെറ ഭരണം 1793–1798

(കോൺവാലസ് മടങ്ങിയപ്പോൾ, കൗൺസിലിലെ സീനിയർ അംഗമെന്ന നിലയിൽ അയാൾ ആദ്യം പിൻതുടൎന്നു. പിന്നീട്ട് കമ്മീഷർ ബോർഡ് അയാളെ അഞ്ചുകൊല്ലത്തേക്കു് ഗവൎണ്ണർ ജനറലായി സ്ഥിരപ്പെടുത്തി.

1793—ഗവൎണ്ണർ ജനറലുടെ പ്രേരണപ്രകാരം 1790 ത്രികക്ഷിസന്ധിയിലെ (ടിപ്പുവിന്നെതിരായുള്ള) കക്ഷികൾക്കു ഒരു ഉറച്ച ഉടമ്പടികൂടെ ചെയ്യേണ്ടിവന്നു. അതിൻെറ അനുബന്ധപ്രകാരം മൂന്നുപേരിൽ ആരെങ്കിലും അന്യായമായ ഒരു കാരണത്തിന്മേൽ ടിപ്പുവിനോട്ട് എതിരിട്ടുകയാണെങ്കിൽ, ബാക്കി കക്ഷികൾക്കു ഉടമ്പടി നിശ്ചയങ്ങൾ ബാധകമാകുകയില്ല. നാനാഫർനാവീസ് അതിൽ ഒപ്പുവെയ്ക്കുവാൻകൂട്ടാക്കിയില്ല. പക്ഷേ നൈസാം അതു് അനുവദിച്ചുകൊടുത്തു.

1794—പേഷ്വയും മറാത്തരും സാധാരണയായി നൈസാമിൻെറ രാജ്യങ്ങൾ കൊള്ളയടിക്കാറുണ്ട്. ത്രികക്ഷിസന്ധിയുടെ ബലത്തിന്മേൽ അയാൾ സർ ജോൺഷോറിൻെറ (സഹായ) മാവശ്യപ്പെട്ടു. പക്ഷേ മറാത്തരുടെ അതുല്യമായ ശക്തി കണ്ടറിഞ്ഞ ഷോർ അതു് നിരാകരിച്ചു. നൈസാം അപ്പോൾ ഫ്രഞ്ചുകാരുടെ സൗഹൃദം തേടി, അവർ സഹായാർത്ഥം രണ്ടു സേനാദളങ്ങളെ അയച്ചുകൊടുത്തു. അതിനുംപുറമെ (അയാൾ) 1800 പട്ടാളക്കാരെ ഉണ്ടാക്കി, അവൎക്ക് ഫ്രെഞ്ചുസാഹസികരുടെ കീഴിൽ അഭ്യസനം നൽകി.

1794—നവംബർ. യുവാവായ പേഷ്വ മധുറാവു ദ്വിതീയൻെറ നേതൃത്വത്തിൽ, 13,0000 മറാത്തർ ആളുകളോടും 150 തോക്കുകളോടുംകൂടി മദ്ധ്യേന്ത്യയിലേക്കു മാർച്ച് ചെയ്തു, (ആ സൈന്യത്തിലേക്കു് ദൗലത്ത്റാവു സന്ധ്യ,

ജനറൽ ഡിബോയിയുടെ നേതൃത്വത്തിൽ 25,000 ആളുകൾ അടങ്ങുന്ന ഒരു പട്ടാളവും, ബീഹാർ രാജ. 15,000, ഹോൾക്കർ 10,000 വും, പിണ്ഡാരികൾ 10,000 വും ഗേയ്ക്കവർ ഗോവിന്ദറാവ് 50,000 വും, പേഷ്വ 65,000 വും സൈനികരെ പ്രദാനംചെയ്തു.) സൈന്യങ്ങൾ 'ഹാർദയി'ൽവെച്ചു കൂട്ടിമുട്ടി.

1794—നവംബർ. വമ്പിച്ച പരാജയമടഞ്ഞ നൈസാം ആലി കീഴടങ്ങി. അപ്പോൾതന്നെ 3 ലക്ഷം പവൻ കൊടുക്കുവാനും, കൊല്ലത്താൽ 35,000 ലക്ഷം പവൻ വില മതിക്കുന്ന സ്ഥലങ്ങൾ വിട്ടുകൊടുക്കുവാനും ചുമതലപ്പെട്ടു, അതിനും പുറമെ ഏററവും പ്രാപ്തനായ സ്വന്തം മന്ത്രിയെ ജാമ്യമെന്നനിലയിൽ മറാത്തരെ ഏല്പിക്കേണ്ടതായും വന്നു. ഇംഗ്ലീഷുകാരുടെ അക്രമപരമായ നിഷ്പക്ഷതമൂലം ന്യായമായും കോപം തോന്നിയ നൈസാം തന്റെ സേനയിൽ ഉണ്ടായിരുന്ന ഇംഗ്ലീഷുകാരെ പിരിച്ചുവിട്ടു; (കുറെ) ഫ്രഞ്ച് സൈനികരെ കൂട്ടിച്ചേർത്ത 'റെയ്മെണ്ടിനെ' അവരുടെ നേതാവാക്കി, ഫ്രഞ്ചുപട്ടാളത്തെ ഹൈദരാബാദിൽ നിർത്തുന്നതിന്റെ കൂലിയെന്നനിലയിൽ നല്ല ആദായമുള്ള കുപ്പപ്രവിശ്യ ഫ്രഞ്ചുകാർക്കു വിട്ടുകൊടുത്തു്. കമ്പനിയുടെ സ്ഥലത്തിന്റെ അതിരിൽ ഉള്ള ഒരുകഷ്ണം ഭൂമിക്കുവേണ്ടി ഷോർ ഇടപ്പെട്ടു. അല്പം ചില ഉരസലുകൾക്കു ശേഷം സംഗതികൾ അങ്ങനെതന്നെ അവിടെ വിട്ടു.

1795—ഒക്ടോബർ. മധുറാവു രണ്ടാമന്റെ ആത്മഹത്യ. അയാളുടെ ബന്ധു, അവിവേകിയും സമർത്ഥനുമായ ബാജിറാവു (രഘോബയുടെ മകൻ) പിൻതുടന്നു. ബാജിറാവുവും, സിന്ധ്യയും (ദൗളത്തുറാവു) നാനാഫർനാവിസുമായുള്ള ഇടപെടലുകൾ, അതിന്റെ അവസാനം.

1796—ഡിസംബർ 4, കുറെക്കാലം സഹോദരനായ ചിംനാജിയാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ബാജിറാവുവിനെ,

നാനാഫർനാവീസ് മുതലായവരുടെ സഹായത്തോടെ പൂനയിൽ പുനപ്രതിഷ്ഠ ചെയ്യപ്പെട്ടു. അയാൾ ഇപ്പോൾ നാനാഫർനാവീസിനെ പിരിച്ചുവിട്ടു, അയാളെ തൻെറ കൊട്ടാരത്തിലെ ഒരു ഇടുങ്ങിയ അറയിൽ പിടിച്ചിട്ടു. ഇപ്പോൾ അയാൾക്കു സിന്ധ്യയെ കൈവിടണമായിരുന്നു. അതുകൊണ്ടു് അയാൾക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന ജാഗിർ രഹസ്യമായി നിഷേധിക്കപ്പെട്ടു. സാർജി റാവുഗട്ടാക് (സിന്ധ്യയുടെ ചതിയനായ ഒരു ഉദ്യോഗസ്ഥൻ) മുഖേന പൂനയിലുള്ള സിന്ധ്യയുടെ സൈന്യങ്ങൾക്കിടയിൽ (സിന്ധ്യ അതിനെപ്പററി യാതൊന്നും അറിഞ്ഞിരുന്നില്ല.) ലഹളയുണ്ടാക്കി. അങ്ങനെ പൂനയിലെ ജനങ്ങളെ അയാളുടെ എതിരാക്കി അയാളെ ഉത്തരപ്രദേശങ്ങളിലേക്കു് ഓടിച്ചു.

1796-ൽ കൽക്കട്ട കമ്പനി ഓഫീസർമാരുടെ (ബ്രിട്ടീഷ് രാജകീയ പ്രജകളല്ല) ലഹള. കമ്പനിയുടെ സിവിൽ ജീവനക്കാരെക്കാൾ തഴ്ന്ന ശമ്പളമെ അവക്കു കൊടുത്തിരുന്നുള്ളു. അവർ ശമ്പളക്കൂടുതൽ മുതലായവ ആവശ്യപ്പെട്ടു. സർ റോബർട്ടു് ആബർ ക്രോംബി (കോൺപൂരിലെ കമാണ്ടർ) യുടെ ഇടപെടൽ നിമിത്തം അതു വേണ്ടെന്നുവെച്ചു (1760-ൽ ക്ലൈവായിരിക്കുമ്പോൾ ഉണ്ടായതിനുശേഷം രണ്ടാമതായി ഉണ്ടാവുന്ന ലഹളയാണിതു്.)

1797—മദിരാശിയിലെ മേയറുടെ കോടതി (1776-ൽ ജോർജ്ജ് ഒന്നാമൻ സ്ഥാപിച്ചതു്) ജോർജ്ജ് മൂന്നാമൻെറ 36-ാം ആർട്ടിക്കൽ പ്രകാരം ഇല്ലാസ്ഥചെയ്തതിൻെറ സ്ഥാനത്തു് ലണ്ടനിലെ ക്വാർട്ടർ സെഷ്യൻസിൻെറ മാതൃകയിലുള്ള റെക്കോർഡർ കോടതികൾ സ്ഥാപിക്കപ്പെട്ടു. (മേയർ—നാമമാത്രം—ശരിയായ ജഡ്ജി റെക്കോർഡർ ആയിരുന്നു.)

1779—ഔധിലെ നവാബായിരുന്ന ആസഫ് ഉദ് ദൗള അന്തരിച്ചു. (ഭോഗനിമഗ്നമായ ഒരു അലസജീവിത

ത്തിനുശേഷം) അയാളുടെ പ്രസിദ്ധനായിരുന്ന ഒരു മകനെ പേരു് 'വാസിർആലി' ഇംഗ്ലീഷുകാർ സിംഹാസനത്തിൽ കയററി. കുറെ കഴിഞ്ഞപ്പോൾ ഇംഗ്ലീഷുകാർതന്നെ അയാളെ സ്ഥാനഭ്രഷ്ടനാക്കി, ആസഫിൻെറ സഹോദരനായ സാദത്തിനെ അധികാരിയാക്കി. ഇംഗ്ലീഷുകാർ അയാളുമായി സന്ധിചെയ്തു. ഔധിനു 10,000 ആളുകളുള്ള ഒരു കാവസസേന, അലഹബാദ് കോട്ട ആ സ്ഥാനമാക്കി ഏർപ്പാടുചെയ്തു. അവരുടെ ചിലവിലേക്കു് ആണ്ടിനാൽ 75 ലക്ഷം രൂപ (നവാബ്) കൊടുക്കണം. ഗവർണർ ജനറലുടെ സമ്മതമില്ലാതെ നവാബിനു യാതൊരു ഖരാറിലും ഇടപെടുവാനവകാശമില്ല.

1798—മാച്ച്. സർ ജോൺഷോർ ഇംഗ്ലണ്ടിലേക്കു് മടങ്ങി. അയാളെ ടീൻമൗത്തിലെ പ്രഭുവാക്കി.

## വെല്ലസ്ലിപ്രഭുവിൻെറ ഭരണം 1798–1805

അയാൾ കൽക്കട്ടയിൽ എത്തുമ്പോൾ ടിപ്പുസാഹിബ് പ്രതികാരവാഞ്ഛയോടെ ഇരിക്കുകയായിരുന്നു. നൈസാമിനു ഹൈദരബാദിൽ, റെയ്മെൻറിൻെറ കീഴിൽ 14,000 ഫ്രഞ്ച്യകാരടങ്ങുന്ന ഒരു സേനയും 36 തോക്കുകളും ഉണ്ടായിരുന്നു. ധിബോയിൻെറ കീഴിൽ അഭ്യസനം നടത്തിയ 40,000 പോരാളികളും 460 തോക്കുകളുമായി സ്വന്തമായി സിന്ധ്യ ഡൽഹിയിൽ ഭരണം നടത്തുകയായിരുന്നു. ഒഴിഞ്ഞ ഖജാന.

1799—4-ാമത്തെയും അവസാനത്തെതുമായ മൈസൂർ യുദ്ധം. (ടിപ്പുസുൽത്താൻ ആവശ്യപ്പെട്ട മോറിഷ്യയനിന്നു്

ഒരു ഫ്രഞ്ച് പട്ടാളത്തെ വരുത്തിയിരുന്നു. അതു കണ്ടപ്പോൾ വെല്ലസ്ലി യുദ്ധപ്രഖ്യാപനം ചെയ്തു.) ഹൈദരബാദിലുള്ള ഫ്രഞ്ചുപട്ടാളത്തിൻെറ സ്ഥാനത്തു് ഇംഗ്ലീഷ് പട്ടാളത്തെയാക്കി.; പേഷ്വയും നൈസാമും സന്ധി ചട്ടങ്ങളനുസരിച്ചു. സിന്ധ്യയും നാഗപ്പൂർ രാജനും നിഷേധിച്ചു. കമ്മീഷണർ ബോർഡ് ടിപ്പുവിന്നെതിരായ സമരത്തിനു അനുവാദം നൽകി.

1799—ഫെബ്രുവരി. വെല്ലസ്ലി 20,000 ബ്രിട്ടീഷ് പട്ടാളം 100 തോക്കുകൾ 200,000 ശിപായികൾ, നാട്ടുകാരുടെ അശ്വസേന എന്നിവയോട്ടുകൂടി മൈസൂരിലേക്കു യാത്രതിരിച്ചു. ഹാരിസായിരുന്നു കമാണ്ടർ. (മലവെല്ലി)യിലെ (മൈസൂരിൽ) സമരം. ടിപ്പു തോററു കേണൽ വെല്ലസ്ലി (പിന്നീട് വില്ലിംഗ്ടൺ പ്രഭു) ആദ്യമായി ഇന്ത്യയുടെ മണ്ണിൽ കാലുകുത്തി.

1799—മേയ് 3 * ശ്രീരംഗപട്ടണം പിടിച്ചടക്കി. ടിപ്പുസുൽത്താൻെറ ജഡം (തലയിലൂടെ വെടിയേററ നിലയിൽ) ദുർഗ്ഗത്തിൻെറ പിളപ്പിലായി കിടന്നിരുന്നു. (വെല്ലസ്ലിക്കു മാർകവീസ് ബിരുദം നൽകപ്പെട്ടു.) മൈസൂർ അതിൻെറ പഴയ ഹിന്ദുനാട്ടുവാഴി വംശത്തിൽപ്പെട്ട (അവരെ തുരത്തിയിരുന്നു ടിപ്പു) 5 വയസ്സായ ഒരു കുട്ടിയെ വെല്ലസ്ലി ഏല്പിച്ചുകൊടുത്തു. പൂരാണയ്യയെ മന്ത്രിയാക്കി (ആ കുട്ടി 1868 വരെ ജീവിച്ചു, മരണാനന്തരം അയാളുടെ 4 വയസ്സായ ദത്തുപുത്രൻ കിരീടാവകാശിയായി) പൂരാണയ്യയുമായി ഉണ്ടായ ഉടമ്പടിയുടെ ഫലമായി മൈസൂർ പൂർണ്ണമായും ബ്രിട്ടീഷ് അധീനതയിൽ എത്തി. മൈസൂർകാക്കു, ഇംഗ്ലീ

* മേയ് 4-വിൽക്സിൻെറ "ഹിസ്റ്റോറിക്കൽ സ്കെച്ചസ് ഓഫ് ദ സൗത്ത് ഓഫ് ഇന്ത്യ ഇൻ ആൻ അററംപ്ററു് ടു ട്രേസ് ദ ഹിസ്റ്ററി ഓഫ് മൈസൂർ.

ഷ്യ അച്ചടക്കവും, ഉത്തരവുകളും പാലിക്കപ്പെടുന്ന ഒരു സൈനികശക്തിയെ പരിരക്ഷിക്കേണ്ടിയിരുന്നു. ഇംഗ്ലീഷുരാജ്യം ഗവണ്മെൻറിൻെറ ഒരു സമ്മാനമെന്ന നിലയിലാണ് വീക്ഷിക്കപ്പെട്ടിരുന്നതു് ദുർഭരണമുണ്ടായാലോ, പട്ടാളത്തിൻെറ സംരക്ഷണക്കാവശ്യമായ തുക ആണ്ടിനാൽ കൊടുക്കാതിരിക്കുകയോ ചെയ്താൽ, ആ തുകക്കാവശ്യമായ ഭൂമി കൈവശപ്പെടുത്തുവാൻ കമ്പനിക്കു് അധികാരമുണ്ടായിരുന്നു, (മൈസൂർ) കമ്പനിക്കാകു് വഷംപ്രതി 310,000 പവൻ കൊടുക്കണം. അതിൽനിന്നു കമ്പനി 96,000 ടിപ്പുവിൻെറ അനുഗാമികൾക്കും, (മൈസൂർ) നൈസാമിനു കൊടുക്കേണ്ട 240,000 പവനിൽനിന്നു് 28,000 പവൻ മൈസൂർ സൈന്യത്തിൻെറ പ്രധാന കമാണ്ടർക്കു കൊടുക്കുവാനും (അയാൾ നിരുത്തരവാദപരമായി കീഴടങ്ങിയല്ലോ) 92,000 പവൻ പേഷ്വക്കു കൊടുക്കാനുമായിരുന്നു. പക്ഷേ പേഷ്വ അതു് നിരസിച്ചു. അതുകൊണ്ടു രാജ്യം നൈസാമും കമ്പനിയും കൂടെ വിഭജിച്ചെടുത്തു. അതിൽപിന്നെ മൈസൂരിൽ ഗൗരവാവഹമായ ഒരൊററ ലഹളയെ—ദുണ്ടിയവാഗിൻെറ—ഉണ്ടായുള്ളു. അതു അല്പ മാസങ്ങൾക്കുശേഷം അമത്തി. അയാൾ കൊല്ലപ്പെട്ടു. നൈസാം ഹൈദരബാദിലേക്കു കൂടുതൽ സൈന്യങ്ങളെ അയക്കുവാനാവശ്യപ്പെട്ടു. അതിൻെറ സംരക്ഷണത്തിന്നു ''സിഡഡ് ഡിസ്ത്രിക്ട്'' എന്നു ഇന്നും അറിയപ്പെടുന്ന സ്ഥലം വിട്ടുകൊടുത്തു.

1799—തഞ്ചാവൂർ പിടിച്ചടക്കി (ശിവാജിയുടെ സഹോദരനായ വെങ്കോജിയാൽ 120 കൊല്ലങ്ങൾക്കു മുമ്പ് സ്ഥാപിതമായി)

കർണ്ണാടകത്തിൻെറ സംയോജനം; 1795 ധാരാളിയായ മുഹമ്മദാലി, ''കമ്പനിയുടെ നവാബ്'' മരണമടഞ്ഞു. 1799 അയാളുടെ അനുഗാമിയും മകനുമായ മറെറാരു ധാരാളി ഉംദാത്ത-ഉൽ-ഉമാരയുടെ മരണത്തിനു സാക്ഷ്യംവഹി

ച്ച. വെല്ലസ്ലി അയാളുടെ മരുമകൻ അസിം–ഉൾ–ഉമാ രയെ നവാബാക്കി. തൻെറ സംരക്ഷണക്ക് ആദായത്തിൽ നിന്നു 1/5 ഭാഗം കിട്ടാമെങ്കിൽ അയാൾ കർണ്ണാടകം വിട്ടു കൊടുക്കാമെന്നു സമ്മതിച്ചു.

1799-1801—ലജ്ജയില്ലാതെ ഔധിൻെറ ഒരു ഭാഗം പിടിച്ചടക്കി.

1800—വെല്ലസ്ലി ഔധിലെ നവാബായ സാദത്ത് ആലിയോട്ട് സ്വന്തം പട്ടാളക്കാരെ പിരിച്ചുവിട്ട് ഇംഗ്ലീഷ് സൈന്യത്തെയോ, ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുടെ കീഴി ലുള്ള ശിപായിമാരെയോ താൽസ്ഥാനത്തു് നിയമിക്കുവാൻ കല്പിച്ചു. അതായതു് ആംഗ്ലേയ സേനയുടെ സംരക്ഷണഭാരം കയ്യേൽക്കുക. ഔധിലെ സൈനികബാദ്ധ്യത മുഴുവനും കമ്പനിയുടെ അധീനത്തിലാക്കുക; സ്വന്തം അടിമത്വത്തിനുവേണ്ടി പണം വ്യയം ചെയ്യുക എന്നായിരുന്നു അതിൻെറ അൎത്ഥം. ഇക്കണക്കിനു നാട്ടിൻെറ സ്വാതന്ത്ര്യം ബലിയർപ്പിക്കുന്നതിൽ നല്ലതു്, തൻെറ ഏതെങ്കിലും മകനു വേണ്ടി സ്ഥാനത്യാഗം ചെയ്യുന്നതായിരിക്കും എന്നു സാദത്ത് വെല്ലസ്ലിക്ക് എഴുതി. അതിനു മറുപടി എഴുതിയതിൽ വെല്ലസ്ലി കൃത്രിമം കാണിച്ചു. സാദത്ത്ആലി യഥാൎത്ഥത്തിൽ സ്ഥാനത്യാഗം ചെയ്യുവെന്നും, രാജകീയ സ്വത്തുക്കൾ ഇപ്പോൾ കമ്പനിക്കു വിട്ടുകൊടുക്കണമെന്നും പറഞ്ഞതയാൾ രാജ്യം മുഴുവൻ കമ്പനിസ്വത്തായി പ്രഖ്യാപനം ചെയ്തു. ഇനിയുള്ള ഓരോ നവാബിനും രാജ്യം കിട്ടുന്നതു് ഇംഗ്ലീഷ് ഗവർണ്ണർ ജനറലുടെ സമ്മാനമെന്ന നിലക്കാണു്. സാദത്ത്ആലി, താൻ എഴുത്തിൽ പറഞ്ഞിരുന്ന വെറും ഒരു ഉദ്ദേശം മാത്രമാണെന്നനിലയിൽ അതു് പിൻവലിച്ചു. വെല്ലസ്ലി പട്ടാളത്തെ അയച്ചു. നവാബിനു കീഴടങ്ങേണ്ടിവന്നു. അയാൾ തൻെറ സൈന്യത്തിൻെറ ഭൂരിഭാഗവും പിരിച്ചുവിട്ടു തൽസ്ഥാനത്തു് ഇംഗ്ലീഷുകാരെയാക്കി.

1800—നവംബർ. വെല്ലസ്ലി നാട്ടുപട്ടാളത്തെ മുഴുവൻ ഉപേക്ഷിച്ചു; അതിനുപകരം കൂടെ ഇംഗ്ലീഷുകാരെ നിയമിക്കുവാനും, സംരക്ഷണത്തുക 55 ലക്ഷത്തിൽനിന്നു 76 ലക്ഷമാക്കുവാനും കല്പിച്ചു. ഇത്ര വലിയ തുകകൊടുക്കുവാനുള്ള തൻെറ അപ്രാപ്തിയെക്കുറിച്ചു നവാബ് നിഷ്ഫലമായി വാദിച്ചുനോക്കി. ആണ്ടിനാൽ കൊടുക്കേണ്ട ബാദ്ധ്യതയിൽനിന്നു ഒഴിവാകുവാൻ, അലഹബാദ്, ആസ്സാംഗ്രാഹ്, ഗോരഖ്പുർ, ദക്ഷിണഡോബ് മററുപലതും ആകെ 1352347 പവൻ കൊല്ലത്താൽ ആദായം കിട്ടുന്ന വസ്തുക്കൾ ബ്രിട്ടീഷുകാർക്ക് വിട്ടുകൊടുത്തു. ഗവൎണ്ണർജനറലുടെ സഹോദരനായ ഹെൻറിവെല്ലസ്ലിയുടെ (പിന്നീട് കൗലിപ്രഭു) മേലന്വേഷണത്തിൻെറ കീഴിലുള്ള ഒരു കമ്മീഷണർ രാജ്യമാകെ പുനഃസംഘടിപ്പിച്ചു.

1800—കബൂളിലെ ഭരണാധികാരിയായ സാമാൻ (1757-ൽ ഡൽഹിയും, 1761-ൽ പാനിപററ്യുദ്ധത്തിനു ശേഷം കാബൂളും * വീണ്ടെടുത്തു് അവിടെ ഡുറാണിവംശം സ്ഥാപിച്ച അഹമ്മദ്ഖാൻ അബ്ദാലിയുടെ മകനായ ടിമൂർഷായുടെ പുത്രൻ) ടിപ്പുസുൽത്താനുമായി കത്തെടപാടുകൾ നടത്തിയിരുന്നു. കമ്പനി ആ ഭാഗങ്ങളിൽ ഒരു അക്രമണം ഭയന്നിരുന്നു. അതാണു് ശത്രുവിൻെറ ആഗമനത്തിനു ഒരു തടസ്ഥമാകത്തക്കവിധത്തിൽ ഔധ് വെല്ലസ്ലി പിടിച്ചടക്കിയതിൻെറ പ്രധാന കാരണം നിരവധി പ്രാവശ്യം സാമൻ അതുത്തിവരെ എത്തി; ഇസ്ലാമിൻെറ സംരക്ഷക

* ഇവിടെ മാർക്സ് അടിസ്ഥാനമാക്കിയ പുസ്തകത്തിൽ ഒരു തെററു പററിയിട്ടുണ്ട്. ഉദ്ദേശിക്കുന്നതു് കാൻഡഹാറിനെയാണു്; യാബൂളല്ല. ഒരുപാടു ആംഗ്ലേമ ഗ്രന്ഥകാരന്മാർ—ജെയിംസ് മില്ലർ മുതലായവർ എന്തോ കാരണംകൊണ്ടു് അഹമ്മദ്ഷായുടെ തലസ്ഥാനം കാബൂളാണെന്നു വിശ്വസിക്കുന്നു. പക്ഷേ അയാൾ ഭരിച്ചതും മരിച്ചതും കാൽഡഹാറിൽ വെച്ചാണു്.

നെന്നനിലയിൽ ഇന്ത്യയിലെ മുഹമ്മദീയരോടു സഹായമപേക്ഷിച്ചു, നിരവധി ഹിന്ദുരാജാക്കന്മാരുടെ സഹായവാഗ്ദാനവും നേടി. പൗരസ്ത്യദേശത്തു് നെപ്പോളിയൻ ഒരു ലഹള ആസൂത്രണം ചെയ്യുകയായിരുന്നു. ഈ ഫ്രാൻസും പേർഷ്യയും, അഫ്ഗാനിസ്ഥാനുമയുള്ള യോജിപ്പിൽ കൽക്കട്ടയിലെ ആഫീസ് കുട്ടികൾ ഭയന്നുവിറച്ചു—അതിനെതുടന്നു ക്യാപ്റ്ററൻ മാൽക്കമിൻെറ കീഴിൽ പേഷ്യയിലേക്കു് ഒരു ദൗത്യസംഘം. ഒരുപാടു പണം അതിനു ദ്രവ്വിനിയോഗം ചെയ്യേണ്ടിവന്നു. അവിടെ "ഷാ മുതൽ ഒട്ടകക്കാരനെവരെ അയാൾ വിലകൊടുത്തു വാങ്ങിക്കുകയാണുണ്ടായതു്. ടെഹറാനിൽവെച്ചു് ഒപ്പിട്ട ഒരു ഉടമ്പടി അയാൾ ഉണ്ടാക്കി. പേർഷ്യയിലെ രാജാവു് അവസാനത്തെ ഫ്രഞ്ചുകാരനെവരെ പുറത്താക്കണം. ഇന്ത്യയുടെ നേക്കുള്ള എല്ലാ ആക്രമണങ്ങളെയും നിരുത്സാഹപ്പെടുത്തണം; വേണ്ടിവരികയാണെങ്കിൽ ആയുധമേന്തി തടുക്കണം; വൈദേശിക കച്ചവടത്തിൻെറ പ്രാഥമികാവകാശമെല്ലാം ഇംഗ്ലീഷുകാക്കു നൽകണം.

1802—വെല്ലസ്ലി തൻെറ രാജിക്കമ്മീഷണർ ബോർഡിനു സമർപ്പിച്ചു; പക്ഷേ അവരുടെ ആവശ്യപ്രകാരം 1805 വരെ (ഇന്ത്യയിൽ) താമസിച്ചു. വാസ്തവത്തിൻ അയാൾ കമ്പനിക്കാരുമായി വഴക്കാവുകയാണു് ഉണ്ടായതു്. കാരണം സ്വകാര്യവ്യക്തികളുടെ കച്ചവട സ്വാതന്ത്ര്യം ഇന്ത്യയിലേക്കുകൂടി വ്യാപിക്കുവാൻ അയാൾ ആവശ്യപ്പെട്ടു.

ആ നൂററാണ്ടിൻെറ ആരംഭത്തിൽ: ഇംഗ്ലീഷുകാക്കുപുറമെ ഇന്ത്യയിൽ ഉണ്ടായിരുന്ന ഒരു വലിയ ശക്തി മറാത്തർ മാത്രമായിരുന്നു. അവർ അഞ്ചു പ്രധാന കക്ഷികളായിരുന്നു. അവക്കു തമ്മിൽ തമ്മിൽ സ്പർദ്ധയും 1) മറാത്തരിൽ ഏററവും പ്രമുഖനായ, നാമമാത്ര പേഷ്വയായ ബാജിറാവു പൂന ഭരിക്കുകയായിരുന്നു. ഇവിടെ പ്രസ്താവിക്കപ്പെടാത്ത

ചെറിയ ചെറിയ രാജ്യങ്ങൾ പകുതി സ്വാതന്ത്ര്യങ്ങളോ കുറെ ഫ്യൂഡൽ സാമന്തരും പേഷ്വയെ അവരുടെ പാരമ്പര്യാവകാശമുള്ള സ്മ്രാട്ടായി കണക്കാക്കിവന്നു. 2) ദൗളത്തു റാവു സിന്ധ്യ ഏററാവും ശക്തമായ മറാത്തവംശത്തെ (പ്രതിനിധീകരിക്കുന്ന ) അയാൾ ഗ്വാളിയോറിലായിരുന്നു; ഡൽഹി മുതലായ സ്ഥലങ്ങൾ കൈവശത്തിലും. 3) ജസവന്തറാം ഹോൾക്കർ—ഇന്തോറിൽ—സിന്ധ്യയുടെ ആ ജന്മശത്രു. 4) എന്തെങ്കിലും ലാഭമുണ്ടെങ്കിൽ ആരെയും ആക്രമിക്കുവാൻ സന്നദ്ധനായ രഘോജി ബോൺസ്ലെയായിരുന്നു നാഗപുരരാജാവ്. 5) മറാത്ത രാഷ്ട്രീയത്തിൽ വളരെ കുറച്ചുമാത്രം പങ്കുചേരാറുള്ള ഫത്തേസിങ്ങ്, ഗുജറാത്തിലെ ഗേയ്ക്ക്വാർ.

1800—നാനാഫർനാവീസ് ജയിലിൽക്കിടന്നു മരണമടഞ്ഞു. ഹോൾക്കർ സാഗറും (ഇന്തോറിലായിരുന്ന അതു് സിന്ധ്യയുടെ കൈവശമായിരുന്നു.) രോഹില്ല പ്രധാനിയായ അമീർഖാൻെറ കൂട്ടുപിടിച്ചു, സിന്ധ്യയുടേതായിരുന്ന മാൾവയും കൊള്ളചെയ്തുകൊണ്ടു് ഹോൾക്കാരോടു എതിരിടുവാനായി സിന്ധ്യ പൂനവിട്ടു. സിന്ധ്യയുടെയും ഹോൾക്കാറുടെയും സൈന്യങ്ങൾ ഉജ്ജയിനിൽ (മാൾവ) വെച്ചു കൂട്ടിമുട്ടി സിന്ധ്യ തോററു, സഹായാത്ഥം പൂനയിലേക്കു് ആളെ അയച്ചു.

1801—അവിടെനിന്നു സാർ ജിറാവു ഗോഡ്കെയുടെ കീഴിലുള്ള സൈന്യത്തെ കിട്ടി. സംയുക്തസേന ഓക്ടോബർ 14-ാം തീയതി ഹോൾക്കറെ തോല്പിച്ചു, അയാളുടെ തലസ്ഥാനമായ ഇൻഡോർ പിടിച്ചടക്കി. അതു നശിപ്പിച്ചു. ഹോൾക്കാർ കാൻഡേശിലേക്കു പാലായനം ചെയ്തു; സമീപങ്ങളെല്ലാം നശിപ്പിച്ചു, ചാന്ദോറിലേക്കു് കടന്നു, അവിടെനിന്നു അയാൾ താൻ തൻെറ സവ്വസൈന്യത്തോടുമെന്നിച്ചു വരുകയാണു്, പേഷ്വയുടെ സഹായം സിന്ധ്യ

ക്കെതിരായി തനിക്കു ആവശ്യമാണ് എന്നു് പ്രഖ്യാപിച്ചു എഴുത്തയച്ചു.

1802—ഹോൾക്കറുടെ സഹോദരനും, കൊള്ള പ്രധാനിയും ചെറുപ്പക്കാരനുമായിരുന്ന വിറോജിറാവുവിനെ അക്രമമായി പിടിച്ചു, അടുത്തകാലത്തു് കൊലചെയ്തു ബാജിറാവു ഈ എഴുത്തുകണ്ടതു് തുറന്ന സമരപ്രഖ്യാപനത്തിൻ ഒരു തട്ടി മറമാത്രമായാണു്. പൂനയിലെ ബ്രിട്ടീഷ് റസിഡണ്ടായ കേണൽ ക്ലോസ് ഹോൾക്കാക്കെതിരായി നീട്ടിയ സഹായഹസ്തം, സ്ഥിരനിശ്ചയത്തോടുതന്നെ പേഷ്വ നിരാകരിച്ചു. സിന്ധ്യ ഉടനെ മുന്നേറി പൂനയുടെ അടുത്തു താവളമുറപ്പിച്ചു.

1802—ഓക്ടോബർ 25. പൊരിഞ്ഞ യുദ്ധം; ഹോൾക്കാർ വിജയം വരിച്ചു. പേഷ്വ അഹമ്മദബാദിൽനിന്നു് 50 നാഴിക അകലെയുള്ള സിംഗാറിലേയ്ക്കും അവിടെനിന്നു ബാസ്സിനിലേക്കും (കമ്പനിയുടെ വക) പലായനം ചെയ്തു. പൂനയിലെ രണ്ടു മാസത്തെ പര്യടനത്തിന്നിടയിൽ ഹോൾക്കാർ പേഷ്വയുടെ സഹോദരനായ അമൃതറാവുവിനെ സിംഹാസനസ്ഥനാക്കി. ആ സമയത്തു് സിന്ധ്യ വടക്കോട്ടു് (പോയി.)

1802—ബാജിറാവുവും കേണൽ ക്ലോസ്സും തമ്മിലുള്ള ബാസ്സിനിലെ സന്ധി പേഷ്വക്കും തോക്കുധാരികളായ 6,000 ബ്രിട്ടീഷ് കാലാൾപ്പടയെ അവിടെ സംരക്ഷിക്കേണ്ടിവന്നു. അവരുടെ ചിലവിലേക്കായി ഡക്കാനിലെ ചില ജില്ലകൾ 25 ലക്ഷം * രൂപ കൊല്ലത്താൽ ആദായം വരുന്ന വഹകൾ കീഴ്പെടുത്തേണ്ടതായി വന്നു. ഇംഗ്ലീഷുകാരല്ലാത്തവരെ ജോലിയിൽ നിയമിക്കുകയില്ല എന്ന ഉറപ്പും നൽകണം. നൈസാമിനും ഗേയ്ക്ക്വാറിനുമെതി

---

* 26 ലക്ഷം: സ്മിത്തിൻെറ "ഓക്സ്ഫോർഡ് ഹിസ്റ്ററി ഓഫ് ഇന്ത്യ.

രായുള്ള എല്ലാ അവകാശങ്ങൾക്കും ഒരു മദ്ധ്യസ്ഥനെന്ന നിലയിൽ ഗവൺമ്മെർജനറല്ലുടെ ഉപദേശം തേടണം; അവരുടെ അറിവുകൂടാതെ രാഷ്ട്രീയമായ യാതൊരു മാററങ്ങളും വരുത്തരുതു്; അന്യോന്യം ആക്രമണങ്ങൾ തടുക്കേണ്ടിവരുമ്പോൾ ബാദ്ധ്യതയോടുകൂടി പെരുമാറണം. ഇംഗ്ലീഷുകാരെ യജമാനരായി അംഗീകരിക്കുന്ന, തങ്ങളുടെ സ്വാതന്ത്ര്യത്തെ കളഞ്ഞുകുളിക്കുന്ന, ഈ അധഃപതിപ്പിക്കുന്ന സന്ധിവ്യവസ്ഥകൾ മിക്ക മറാത്തരെയും കുപിതരാക്കി. അങ്ങിനെ സിന്ധ്യയുടെ നടപടികൾമൂലം അയാൾ

1803—ഇംഗ്ലീഷുകാക്കെതിരായി ഒരു മറാത്ത സംഘടനയുണ്ടാക്കി. അതിൽ സിന്ധ്യയും അമൃതറാവു ബോൺസ്ലെയും (നാഗപുരരാജ) ഉണ്ടായിരുന്നു. ഹോൾക്കാർ യോജിക്കാമെന്നു സമ്മതിച്ചിരുന്നു. പക്ഷേ അയാൾ വാക്കുമാറി. ഗേയ്ക്ക്‌വാർ നിഷ്പക്ഷതയവലംബിച്ചു.

## വലിയ മറാത്തസമരം 1803–1805

1803—ഏപ്രിൽ 17. സിന്ധ്യയും ബോൺസ്ലെയും നാഗപുരത്തിൽവെച്ചു കൂട്ടിമുട്ടി; രണ്ടുപേരുംകൂടി അമൃതറാവുമായി യോജിക്കുവാൻ ഉടനടി പൂനയിലേക്കു തിരിച്ചു. വെല്ലസ്ലിപ്രഭു സേന സജ്ജീകരിച്ചു. ആദ്യമായി യഥാർത്ഥത്തിൽ പട്ടാളമേധാവിത്വം കൈകൊണ്ട ജനറൽ വെല്ലസ്ലി (വെല്ലിംഗ്ടൺ) (12,000) ആളുകളോളമുള്ള മൈസൂർ സേനവിഭാഗവുമായി പൂനയിലേക്ക് മാർച്ച്ചെയ്തു. ബാലാജിറാവുവിനെ പേഷ്വയായി അഭിഷേകം ചെയ്യുകയാണു് പറ

ഞ്ഞിരുന്ന ഉദ്ദേശം. ഹോൾക്കർ ചാന്ദോറിലേക്ക് മടങ്ങി; വെല്ലസ്ലി പൂന പിടിച്ചടക്കി; അമൃതറാവ് സിന്ധ്യയുടെ ക്യാമ്പിലേക്ക് ഓടി; മറാത്തരുടെ സഖ്യസേന പൂനയിലേക്കു മാർച്ചുചെയ്തു. സമ്മേളനംകൊണ്ടു് യാതൊരു ഫലവുമുണ്ടായില്ല. അതിനിടക്ക് കുറെ മാസങ്ങൾ കഴിഞ്ഞുപോയിരുന്നു. ആവശ്യമായ ഉപദേശങ്ങൾ എല്ലാം നൽകിയതിനുശേഷം ജനറൽ വെല്ലസ്ലി, കേണൽ കോളിൻസിനെ സഖ്യകക്ഷികളുടെ ക്യാമ്പിൽനിന്നു തിരികെ വിളിച്ചു. സമരം തുടങ്ങി.

വെല്ലസ്ലിയുടെ കല്പനപ്രകാരം, "പേറോണിൻെറ" നേതൃത്വത്തിലുള്ള സിന്ധ്യയുടെ കരുതൽ സൈന്യത്തെ ഗ്വാളിയോറിൽവെച്ചു ജനറൽ ലേക്ക് ആക്രമിക്കുന്ന അതെ സമയത്തു് രണ്ടു സേനാദളം ബ്രോച്ചിലുള്ള സിന്ധ്യയുടേയും; കട്ടാക്കിലുള്ള (ബംഗാൾ പ്രസിഡൻസി) ഹോൾക്കറുടെ സ്ഥലങ്ങൾ പിടിച്ചടക്കണം. സീഡഡ് ഡിസ്ട്രിക്റ്റും ഹൈദരബാദും പരിരക്ഷിക്കേണ്ട ആവശ്യത്തിനു 31000 ഭടന്മാരടങ്ങുന്ന ഒരു സൈന്യത്തെ അവിടെ നിർത്തി. 17,000 പേരടങ്ങുന്ന ശരിയായ സൈന്യം വെല്ലസ്ലിയുടെ കൂടെ.

1803—ആഗസ്റ്റ്. വെല്ലസ്ലി അഹമ്മദ്നഗരവും കേണൻ "വുഡിങ്ങ്ടൺ" ബ്രോച്ചും പിടിച്ചടക്കി. ഡൽഹി പ്രവിശ്യയിലെ ആലിഗാർ കോട്ടയിലാണു് ജനറൽ ലേക്ക് ആക്രമണം തുടങ്ങിയതു്. സെപ്റ്റംബർ രണ്ടാം തീയതി അതു് പിടിച്ചടക്കപ്പെട്ടു. സെപ്റ്റംബർ നാലാംതിയതി അതു് തികച്ചും കീഴടങ്ങി.

1803—സെപ്റ്റംബർ 3 *-ാംനു- അസ്സേയിലെ ഭയങ്കര രണം. ജനറൽ വെല്ലസ്ലി മറാത്തരെ പരാജയപ്പെടുത്തി.

---

* ബഗ്ഗ്സ്സ് സെപ്റ്റംബർ 23.

ഏതാണ്ട് അതെ സമയത്തുതന്നെ "ഹാർക്കോട്ട്"—കട്ടാക്കം (ബംഗാൾ ഉൾക്കടലിൽ) "സ്റ്റീഫെൻസൺ" ബർഹൻപുരവും ആസിഗ്രയും (സാത്പുരമലയിൽ) പിടിച്ചടക്കി. സിന്ധ്യ വെല്ലസ്ലിയുമായി സന്ധിചെയ്തു. വെല്ലസ്ലി ബ്രോച്ചിൽവെച്ച് സ്റ്റീഫെൻസണ്ണിൻെറ സൈന്യവുമായി യോജിച്ചു ബോൺസ്ലെയുടെ ഗാവിൽഗ്രാ ദുർഗ്ഗത്തിലേക്ക് മാർച്ചുചെയ്തു.

1803†—നവംബർ 28. ആർഗോൺ സമരം (എല്ലിച്ചിപുരത്തിനടുത്ത്) വെല്ലസ്ലിയുടെ വിജയം: ബോൺസ്ലെ പലായനം ചെയ്തു. കേണൽ സ്റ്റീഫൻസനെ നാഗപ്പൂരിനെതിരായി (ബീറാറിൻെറ തലസ്ഥാനം) അയച്ചു. ബോൺസ്ലെ സന്ധിക്കപേക്ഷിച്ചു. അങ്ങിനെ

1803‡—ഡിസംബർ 18. ബോൺസ്ലെയും; ഈസ്റ്റ് ഇന്ത്യാ കമ്പനിക്കുവേണ്ടി സ്റ്റൂവെർട്ട് എൽഫിൻസ്റ്റണും തമ്മിൽ ഉടമ്പടി. ഇംഗ്ലീഷുകാർ ബീറാർ ഭൂവിഭാഗം വിട്ടുകൊടുത്തു. രാജ, കമ്പനിക്കു കട്ടാക്കം, നൈസമാവിനു നിരവധി താലൂക്കുകളും നൽകി. ഇംഗ്ലണ്ടുമായി സമരത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ യൂറോപ്യൻമാരെയും ഫ്രഞ്ചുകാരെയും ഒഴിവാക്കി. എല്ലാ തർക്കങ്ങളും ഗവർണ്ണർ ജനറലിനു വിട്ടുകൊടുവാൻ (സ്വയം ബാദ്ധ്യതപ്പെടുത്തി.)

സെപ്തംബർ 14-ാംനു ആലിഗർ കീഴടക്കിയതിനുശേഷം ലേക്ക് നേരെ ഡൽഹിയിലേക്കു മാർച്ചുചെയ്തു. നഗരത്തിൽനിന്നു 6 മൈൽ അകലെവെച്ചു ഫ്രഞ്ചു ഉദ്യോഗസ്ഥന്മാരുടെ കീഴിലുള്ള സിന്ധ്യയുടെ പട്ടാളവുമായി ഏററുമുട്ടി. ഫ്രഞ്ചുകാരെ തോല്പിച്ചു; അന്നു വൈകുന്നേരം തന്നെ അയാൾ ഡൽഹി പിടിച്ചടക്കി. അതു കഴിഞ്ഞു്

† നവംബർ 29 ബർഗ്ഗ്സ്സ്.

‡ ഡിസംബർ 17-ബർഗ്ഗ്സ്സ്.

(83 വയസ്സായ) കുരുടനാക്കപ്പെട്ട ഷാ ആലമിനെ ഇംഗ്ലീഷ് അധികാരത്തിന്നധീനപ്പെട്ട ഡൽഹിയിലെ സിംഹാസനത്തിൽ ഇരുത്തി.

ഒക്ടോബർ 17—ഭാരതപുരം രാജാവിൻെറതായിരുന്ന ആഗ്ര കീഴടക്കി; അതു് കഴിഞ്ഞു് ഡക്കാനിൽനിന്നും ഡൽഹിയിൽനിന്നും വന്നിരുന്ന വലിയ ശത്രുസൈന്യത്തോട്ട് ഏററു. ഭയങ്കരമായ സമരത്തിനുശേഷം 'ലേക്' "ലാസ് വരി"യിൽവെച്ചു (ഡൽഹിയിൽനിന്നു 125 നാഴിക തെക്കു ഭാഗത്തായി.) വിജയം വരിച്ചു. സിന്ധ്യ തികച്ചും തകർന്നു.

1803 ഡിസംബർ 4—അഞ്ചൻ ഗോവനിലെ സന്ധി; ലേക്കും (കമ്പനിക്കുവേണ്ടി) സിന്ധ്യയും തമ്മിൽ. ജയപ്പൂരിനും യോധപുരത്തിനുമപ്പുറത്തുള്ള സ്ഥലങ്ങളും, ബ്രോച്ചും അഹമ്മദ്നഗരവും എല്ലാം സിന്ധ്യ വിട്ടുകൊടുത്തു, നൈസാം, ഗേസ്കുവാർ പേഷ്വ, കമ്പനി മുതലായവരുടെ മെലുണ്ടായിരുന്ന അവകാശങ്ങളെല്ലാം ഉപേക്ഷിച്ചു്, കമ്പനി അംഗീകരിച്ച അവരുടെ സ്വാതന്ത്ര്യത്തെ സ്വീകരിച്ചു. എല്ലാ വിദേശീയരേയും പുറത്താമെന്നു ഏററു; എല്ലാ വഴക്കുകളും കമ്പനിയും മദ്ധ്യസ്ഥതക്കുവെയ്ക്കാമെന്നു സമ്മതിച്ചു. ഗവൎണ്ണർ ജനറൽ വെല്ലസ്ലി ബീറാർ നൈസാമിന്നും, അഹമ്മദ്ബാദ് പേഷ്വക്കും, കൊട്ടത്ത് കട്ടാക്ക് കമ്പനിക്കുവേണ്ടി എടുത്തു. അതെ സമയത്തു് അയാൾ ഭാരതപുരം, ജയപുരം, ഗോഹുതിലെ രാജ (സിന്ധ്യയുടെ ഗ്വാളിയോൾ സ്ഥലത്തു് ഉൾപ്പെട്ട) എന്നവരുമായി സന്ധിചെയ്തു. ഒടുവിൽ പറഞ്ഞ ആൾക്കു ഗ്വാളിയോർ വിട്ടുകൊടുക്കാമെന്നു (പ്രതിജ്ഞചെയ്തു.) സിന്ധ്യയുടെ ജനറൽ ആയ അംബാജി ഇംഗ്ലീഷുമായും ഉടമ്പടിചെയ്തു.

1804* ആദ്യം—ഹോൾക്കാർ (മാറാത്ത സംഘടനയിൽ ചേരാമെന്നു വാക്കുകൊടുത്തിരുന്നുവെങ്കിലും അതു

* ഡിസംബർ 31-ബർഗസ്സ്.

പോലെ ചെയ്യാതെ അയാൾ 60,0000 അശ്വസേനയോടു കൂടിസിന്ധ്യയുടെ സ്ഥലങ്ങൾ കൊള്ളചെയ്യുകയാണ് ഉണ്ടായതു്) ബ്രിട്ടീഷുകാരുടെ സുഹൃത്തായ ജയപുരം രാജാവിൻെറ പ്രദേശങ്ങൾ ആക്രമിക്കവാൻ തുടങ്ങി. അപ്പോഴക്കും വിജയശ്രീലാളിതരായ ലേക്കിൻെറയും വെല്ലസ്സിയുടെയും സൈന്യങ്ങൾ അടുത്തെത്തി. ഹോൾക്കർ ജയപുരത്തിൽനിന്നു ചമ്പാൽ നദിയുടെ അക്കരയിലേക്ക് പലായനം ചെയ്തു അവിടെവെച്ചുതന്നെ, ഒരു ചെറിയ സേനയോടെ അനുഗമിച്ചിരുന്ന കേണൽ മേൺസണ്ണിനെ ഭയങ്കരമായി പരാജയപ്പെടുത്തുകയാൽ, ഇംഗ്ലീഷുകാരനു തോക്കുകളും, സാമഗ്രികളും ക്യാമ്പുചെയ്യുവാനുള്ള സാധനങ്ങളും, അഞ്ചുദളം കാലാൾപ്പടയും നശിച്ചു, അല്പം ചില അനുയായികളോടു കൂടി നരകമനുഭവിച്ചു, ആഗ്രയിലേക്കു മടങ്ങേണ്ടിവന്നു. ഹോൾക്കർ വിഫലമായി ഡൽഹി ആക്രമിച്ചു; അതിൻെറ ചുററും കവച്ചുചെയ്തു. ജനറൽ ലേക് ധൃതിയിൽ അയാളെ പിൻതുന്ന് അവിടെ എത്തി സൈന്യവുമായി ഏററുമുട്ടി.

1804 നവംബർ 13—"ദിക്കിലെ" സമരം (ഭാരതപുരത്തിൽ) പരാജിതനായ ഹോൾക്കർ മുത്രയിലേക്കു് (ആഗ്രയുടെ വടക്കു ഭാഗത്തായി യമുനാനദീതടത്തിൽ)ഓടി. ഭാരതപുരം രാജാവിൻെറതായിരുന്നതും, ആ കാലത്തു് ഇംഗ്ലീഷുകാരുടെ നേക്കു വെടിവെച്ചിരുന്നതുമായ "ദിൽ" കോട്ട യുദ്ധത്തിനു ശേഷം പെട്ടെന്നു ആക്രമിച്ചു കീഴടക്കി.

1805—വിഫലമായി, ലേക്കു് ഭാരതപുരമാക്രമിച്ചു എന്നാലും, അവിടത്തെ രാജ ഇംഗ്ലീഷുകാരുമായി സന്ധി ചെയ്യുവാൻ തീരുമാനിച്ചു. ഇപ്പോൾ ഹോൾക്കറുടെതും, ഭാരതപുരം രാജാവിൻെറയും റോഹില്ല അമിർഖാൻെറയും സൈന്യങ്ങളെ തൻെറതുമായി യോജിപ്പിച്ച്, ഒരു സംയുക്തസേനയുടെ നേതാവായി വിലസുന്ന സിന്ധ്യയുമായിയോജിച്ചു ഹോൾക്കർ. വെല്ലസ്സി ഗവർണ്ണർ ജനറൽ, തൻെറ പൂ

രാതന കുടുംബാസ്ഥാനമായ ഗ്വാളിയോർ* ഗോഹാദ് രാജാവിനു തിരികെ കൊടുത്തപ്പോൾ, സിന്ധ്യ, തന്റെ ജനറലായ അംബാജി ഇംഗ്ലീയ, ഇംഗ്ലീഷുകാരോടു സന്ധി ചെയ്തതും ആ നഗരമവക്ക് കൊടുത്തതും തന്നോട് ആലോചിക്കാതെയോ തന്റെ സമ്മതം കൂടാതെയോ ആണെന്നു പ്രതിഷേധിച്ചതു് ഒരു യാഥാർത്ഥ്യമായിരുന്നു. സിന്ധ്യയുടെ നിലപാടു് ന്യായമാണു് എന്നു് ജനറൽ വെല്ലസ്ലി അഭിപ്രായപ്പെട്ടിരുന്നുവെങ്കിലും, ഗവർണ്ണർ ജനറൽ വെല്ലസ്ലി സിന്ധ്യ ആവശ്യപ്പെട്ട പ്രകാരം ഗ്വാളിയോർ തിരികെ കൊടുക്കാതെ അയാളോടു അധിക്ഷേപാർഹമായ വിധത്തിൽ പെരുമാറുകയാണുണ്ടായതു്. ഇതു് ഒരു പുതിയ സംഘടന വളർത്തിയെടുക്കുവാൻ സിന്ധ്യക്കു് പ്രേരണ നൽകി. വീണ്ടും അയാൾ 40,000 പടയാളികളോടുകൂടി ഇംഗ്ലീഷുകാരെ എതിർത്തു. വെല്ലസ്ലിയുടെ പിൻഗാമിയായ സർ ജോർജ്ജ് ബർലോ, ഗ്വാളിയോർ സിന്ധ്യക്കു വിട്ടുകൊടുത്തു. അയാളുമായി പുതിയ ഒരു സന്ധിയിൽ ഒപ്പുവെച്ചു.

1805—ജൂലായ് 20. ഉദ്യോഗകാലാവധി കഴിഞ്ഞ ജനറൽ വെല്ലസ്ലി ഇംഗ്ലണ്ടിലേക്കു് കപ്പൽ കയറി.

വെല്ലസ്ലിയുടെ ഭരണപരമായ പരിഷ്കാരങ്ങൾ 1793ൽ കോൺവാലിസ് സ്ഥാപിച്ച സാദർഡിവാനി അഡാലററിൽ (സുപ്രീം കോർട്ടിന്റെ ബദൽ)—വളരെ രഹസ്യമായി ഗവർണ്ണർ ജനറലും, കൗൺസിലും അദ്ധ്യക്ഷം വഹിച്ചിരുന്നതിനുപകരം.

---

* ഇവിടെ മാർക്സ് ഉപയോഗിച്ചിരുന്ന പുസ്തകത്തിൽ ഒരു തെററു കടന്നുകൂടിയിട്ടുണ്ടു്. വെല്ലസ്‌ലി ഗോഹാഡ് രാജാവിനൊടു ഗ്വാളിയോർ തരാമെന്നു പറഞ്ഞിരുന്നു. പക്ഷേ അതയാൾ ഉദ്ദേശിച്ചിരുന്നില്ല. അവിടെ അയാൾ ഇംഗ്ലീഷ് സേനയെ നിർത്തുകയാണുണ്ടായതു്.

1801—അയാൾ പൊതുജനങ്ങൾക്ക പരസ്യമായി പ്രവേശനം സാധിക്കുന്നതരത്തിൽ ശരിയായി നിയമിച്ച് ചീഫ് ജസ്റ്റീസുമാർ അദ്ധ്യക്ഷം വഹിക്കുന്ന ഒരു വ്യത്യസ്ഥമായ കോടതി സ്ഥാപിച്ചു. ആദ്യത്തെ ജഡ്ജി കോൾബ്രൂക്കായിരുന്നു. കോൺവാലിസിനുമുമ്പ കൽക്കട്ടയിൽ നിലവിൽ ഉണ്ടായിരുന്ന അടിസ്ഥാനതത്വങ്ങൾക്ക അനുസരിച്ച അതെ കൊല്ലംതന്നെ മദിരാശിയിലെ സാദർ ഡിവാനി അഡലററിനുപകരം അവിടെ ഒരു സുപ്രീം കോടതി (സ്ഥാപിതമായി.)

1862-ൽ ഒരു ഹൈക്കോടതി തൽസ്ഥാനം കയ്യേൽക്കുന്നതുവരെ ഇതു നിലവിൽ ഇരുന്നു. ജോർജ്ജ് മൂന്നാമനാൽ സ്ഥാപിതമായ റെക്കോഡർ കോടതി നിർത്തലാക്കപ്പെട്ടു. തൽസ്ഥാനത്ത് ചീഫ് ജസ്റ്റീസും പ്യൂണിജഡ്ജിമാരുമടങ്ങുന്ന കോടതികൾ അതിൻെറ അധികാരം ഏറെറടുത്തു (ജോർജ്ജ് 3-ാമൻെറ ആക്ട് 39-ം 40-ം) 111 സി. 79 അതെ നിയമംതന്നെ പുതിയ കോടതിക്ക നിർദ്ധന കടക്കാരെ വിചാരണചെയ്യുവാനുള്ള അധികാരം നൽകി അതുപോലുള്ള കൃത്യവിലോപങ്ങൾ അന്നുവരെ ഇന്ത്യയിൽ യാതൊരു ശ്രദ്ധയുമാകർഷിച്ചിരുന്നില്ല.) ഇന്ത്യയിലെ പ്രധാനപ്പെട്ട പ്രസിഡൻസി കോടതികൾക്ക വൈസ് അഡ്മിറാലററി അധികാരവുംനൽകിയതു് ഈ നിയമം തന്നെയാണ്. പുതിയ യൂറോപ്യൻ (ഇംഗ്ലീഷ്) മൂല്യങ്ങൾ അങ്ങിനെ എല്ലായിടത്തും വികസിച്ചുവന്നു,

വെല്ലസ്ലി "ഫോർട്ട്‌വില്യം കോളേജ്" എന്നു വിളിക്കുന്ന വലിയ ഒരു കോളേജ് കൽക്കട്ടയിൽ സ്ഥാപിച്ചു. അതിൻെറ ഉദ്ദേശങ്ങൾ-ഇംഗ്ലണ്ടിൽനിന്നയക്കപ്പെട്ടുന്ന ഒന്നുമറിയാത്ത പൗരന്മാർക്ക് ഒരു വിദ്യാസ്ഥാപനമാകാനും (2) നിയമം, മതം, എന്നിവയെക്കുറിച്ചു നാട്ടുകാർക്ക് ചർച്ചാസദസ്സുകൾ നടത്താനുള്ള ഒരു ഹാൾ ഉണ്ടാക്കുവാനുമായിരു

ന്നു. ഈസ്റ്റ്ഇന്ത്യാകമ്പനി വിദ്യാഭ്യാസ ഡിപ്പാർട്ടമെൻറി ന്നു കോളേജിൻെറ ഏജൻസി ഏല്പിച്ചുകൊടുത്തു. അതെ സമയത്തുതന്നെ കമ്പനി ഇംഗ്ലണ്ടിൽ ഹെയിൽസ്ബറി കോളേജ്—ഇംഗ്ലണ്ടിൽനിന്നു ഉദ്യോഗസ്ഥന്മാരായി ഇന്ത്യയിലേ ക്കയക്കുന്നവൎക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനു ള്ളതു് സ്ഥാപിച്ചു.

## കോൺവാലീസ് പ്രഭുവിൻെറ ഭരണത്തിൻെറ ദ്വിതീയഘട്ടം

1905—(അയാൾ ജൂലായ് 20-ാം തീയതി കൽക്കട്ട യിൽഎത്തി.)

ആഗസ്റ്റ് 1—കോൺവാലീസ് ഓഫീസ് അധികാരം ഏറെറടുത്തു. കൂട്ടിച്ചേൎക്കലിന്നെതിരാണ് തൻെറ നയം എന്നയാൾ പ്രഖ്യാപനം ചെയ്തു. യമുനയുടെ പടിഞ്ഞാറു ഭാഗത്തുള്ള സ്ഥലങ്ങളെല്ലാം വിട്ടുകൊടുക്കണമെന്നു പ്രഖ്യാ പിക്കപ്പെട്ടപ്പോൾ ലേക് (ബാരണും, പിന്നീട് 1807-ൽ വിസ്കൗണ്ടുമായി അയാൾ ഉയൎന്നിരുന്നു) പ്രതിഷേധിച്ചു.

ഓക്ടോബർ 5—വൃദ്ധനായ കോൺവാലീസ് അന്ത രിച്ചു. കൗൺസിലിലെ സീനിയർ അംഗമായിരുന്ന സർ ജോർജ്ജ്ബാർലോ പിൻതുടൎന്നു. കൂട്ടിച്ചേൎക്കൽ നയത്തി ൻെറ വൈരിയായിരുന്നു അയാൾ.

## സർ ജോർജ്ജ് ബാർലോവിൻെറ ഭരണം 1805—1806

1805—അവസാനം. സിന്ധ്യയുമായി സന്ധി. അഞ്ചെൻ ഗോവൻ സന്ധിനിശ്ചയങ്ങളെ അനുസരിക്കാമെന്ന ഖരാ

റിൽ സിന്ധ്യക്ക ഗ്വാളിയോറും ഗോഗ്രസ്സും മടക്കികിട്ടി സിന്ധ്യയുടെ അനുവാദമില്ലാതെ രാജപുത്രസംസ്ഥാനത്തുള്ള സിന്ധ്യയുടെ സാമന്തരാജ്യങ്ങളുമായി യാതൊരു ഉടമ്പടിയും ചെയ്യുകയില്ല എന്നു് ബാർലോ ഉറപ്പുനൽകി. സിന്ധ്യയുടെ കീഴടങ്ങലിനു ശേഷം ഹോൾക്കാർ അയാളുമായുള്ള സേവ ഉപേക്ഷിച്ചു സ്വതസിദ്ധമായ സാഹസികതയോടും ക്രൂരതയോടും കൂടി സററ്ലജ്ജിന്റെ സമീപമുള്ള സ്ഥലങ്ങൾ കൊള്ളചെയ്യുവാൻ തുടങ്ങി. സററ്ലജ് തീരത്തെ ഒരു പ്രധാനിയായ രൺജിത്സിംഹന്റെ സഹായത്തോടെ ലേക് അയാളെ പിൻതുടന്നു ഹോൾക്കർ പരാജിതനായി, പലായനം ചെയ്തു ഒരു സന്ധിക്കപേക്ഷിച്ചു.

1806 ജനുവരി—ലേക്പ്രഭു ഹോൾക്കാറുമായി സന്ധി ചെയ്തു, അതിലെ നിശ്ചയങ്ങൾ പ്രകാരം ഹോൾക്കാക്കു് രാംപ്ര, ടോങ്ക, ബുണ്ടി, എന്നിവയുടെയും ബുണ്ടി മലയുടെ വടക്കഭാഗത്തുള്ള എല്ലാ സ്ഥലങ്ങളുടെയും അവകാശങ്ങൾ ഉപേക്ഷിക്കേണ്ടവന്നു. കമ്പനിക്ക, ബുണ്ടി വിട്ടുകൊട്ടത്തു കൊണ്ടുള്ള സന്ധി കൂട്ടിച്ചേക്കൽ-അംഗീകരിക്കുവാൻ ബാർലോ വിസമ്മതിച്ചു, ബ്രിടീഷ് പട്ടാളത്തിനോട്ടു് ചമ്പാൽ നദിക്കപ്പുറത്തുള്ള സ്ഥലങ്ങളിൽനിന്നു പിൻവാങ്ങുവാനാവശ്യപ്പെട്ടു. അപ്പോൾതന്നെ ഹോൾക്കാർ ബുണ്ടി രാജന്റെ സ്ഥലങ്ങൾ കൊള്ള ചെയ്യുവാൻ തുടങ്ങി. അതെപ്രകാരംതന്നെ ഇംഗ്ലീഷു അനുകൂലിയായിരുന്ന ജയപുരം രാജാവിനെയും ബാർലോ മറാത്തരുടെ ദയക്കു വിട്ടുകൊടുത്തു. അപ്പോൾ ലേക്പ്രഭു തന്റെ സിവിൽ അധികാരങ്ങളെല്ലാം രാജിവെച്ചു ബാർലോവിനെ ഏല്പിച്ചു. അപ്പോഴപ്പോൾ തന്നെ കേന്ദ്രം ഇങ്ങിനെ നിഷേധിക്കുകയാണു് എങ്കിൽ താൻ ഇനിയൊരിക്കലും സന്ധിക്കൊരുങ്ങുകയില്ല എന്നയാൾ പ്രഖ്യാപിച്ചു.

തന്റെ സഹോദരനെയും മരുമകനെയും പെട്ടെന്നു

ഒരു കോപാവേശത്താൽ കൊല ചെയ്ത ഹോൾക്കാറുടെ മാനസിക സമനിലക്കു കോട്ടംതട്ടി. 1811-ൽ ഉന്മാദാവസ്ഥയിൽ അയാൾ ലാഹോറിൽവെച്ചു മൃതിയടഞ്ഞു.

1807—യാതൊന്നിലും ഇടപെടുകയില്ല എന്നു സത്യം ചെയ്തു ഇന്ത്യയിലേക്കു വന്ന മിൻടോപ്രഭുവായിരുന്ന ബാർലോവിൻെറ പിൻഗാമി 1807 ജൂലായ് 31-ാംനു മിൻടോ കൽക്കട്ടയിൽ എത്തി. ബാർലോവിനെ മദിരാശി ഗവൺമെൻറ് സേവനത്തിലേക്ക് മാററി.

## മിൻടോപ്രഭുവിൻെറ ഭരണം 1807–~~1803~~ 1813

1807 ജൂലയ്—ടിപ്പുവിൻെറ മക്കളെ തടവുകാരാക്കി (താമസിപ്പിച്ചിരുന്നു) വെല്ലൂരിൽ (മദിരാശി പ്രസിഡൻസിയിൽ) പട്ടാളലഹള—അവർക്കുവേണ്ടി മൈസൂർക്കാരുടെ ഇടയിൽ ബഹളം. അവർ ടിപ്പുസുൽത്താൻെറ കൊടി ഉയർത്തി. കേണൽഗില്ലസ്പി ആർക്കോട്ടിലെ ഡ്രാഗൂൺ സേനാവ്യൂഹത്തിൻെറ സഹായത്തോടുകൂടി നിരവധി പേരെ ഹനിച്ചു ലഹള ഒതുക്കി. മിൻടോപ്രഭു അവർക്ക് ലഘുവായ ശിക്ഷയെ നൽകിയുള്ളു.

1808—സററലജ്ജിനു പടിഞ്ഞാറു ഭാഗത്തുള്ള രാജ്യങ്ങളുടെ രാജാവും ശിഖവംശജനുമായ രണജിത്സിംഹൻ (വിജയിയായ അഫ്ഗൻ രാജ-സാമാൻഷാ കൊടുത്തിരുന്ന ലാഹോർ രാജാവായാണ് ആരംഭം. സററ്ലജ്ജ് കടന്നു (ബ്രിട്ടീഷ് സംരക്ഷണയിൽ) ഇരുന്നിരുന്ന സർഹിൻഡിൽ പ്രവേശിച്ചു, പാട്ടിയാലരാജാവിൻെറ ഒരു പ്രവിശ്യ ആക്രമിച്ചു. മിൻടോ കേണൽ മെട്കാൽഫി

നെ അയാളുടെ എതിരായി അയച്ചു. അയാൾ രണജിത് സിംഹനുമായി ചെയ്ത ആദ്യത്തെ സന്ധി അനുസരിച്ച് സിംഹൻ സററ്ലജ്ജിൻെറ അപ്പുറത്തേക്കു തന്നെ മടങ്ങി, ആ നദിയുടെ തെക്കുഭാഗത്തായി പിടിച്ചടക്കിയിരുന്ന രാജ്യങ്ങളെല്ലാം വിട്ടുകൊടുക്കാമെന്നു ഏററു. പക്ഷേ സററ്ലജ്ജിൻെറ വടക്കുഭാഗത്തുള്ള സിക് രാജ്യങ്ങൾ ഇംഗ്ലീഷുകാർ തൊടുവാൻ വയ്യ. രണജിത്സിംഹൻ വിശ്വസ്ഥതയോടെ തൻെറ വാക്കുപാലിച്ചു.

1809—പത്താൻ എന്ന കൊള്ളക്കാരുടെ അംഗീകൃത നേതാവായിരുന്ന അമീർഖാൻ ബീറാർ രാജാവായ ബോൺസ്ലെയുടെ സ്ഥലങ്ങൾ കൊള്ളചെയ്തു, അയാൾ ഇംഗ്ലീഷുകാരുടെ ഒരു അനുകൂലി ആയിരുന്നതിനാൽ മിൻേടാവിനോടു സഹായത്തിനപേക്ഷിച്ചു. പക്ഷേ വളരെ വിളംബപ്പെട്ടുത്തി അയച്ച ഇംഗ്ലീഷ് സേന നാഗപുരത്ത് എത്തുമ്പോഴക്കും അയാൾ ശത്രുവിനെ സാത്പുര കുന്നുകൾ കടത്തിവിട്ടിരുന്നു.

പേർഷ്യയിലേക്കുള്ള രണ്ടാമത്തെ ദൗത്യം: (നെപ്പോളിയനെ കുറിച്ചുള്ള മൃഗീയമായ ഭയത്തോടെ) (1808-ൽ)ലണ്ടനിൽനിന്നു സർ ഹാർഫോർഡ് ജോൺസിനെയും, കൽക്കട്ടയിൽനിന്നു് സർ ജോൺമാൽക്കത്തിനെയും ദൂതന്മാരായി ടെഹറാനിലേക്ക് അയക്കപ്പെട്ടു. മുൻഗണനക്കുവേണ്ടിയുള്ള അവരുടെ പോരാട്ടം, റസിഡണ്ടു്, അബാസിഡർ എന്ന നിലയിൽ ഇംഗ്ലണ്ടിൽനിന്നു അയക്കപ്പെട്ട സർ ഗോർ ഔഡിലി രണ്ടുപേക്കും പകരമായി സ്ഥാനമേററു. അതെ സമയത്തുതന്നെ.

ലോർഡ്മിൻേടാ കാബൂളിലേക്ക് തൻെറ മൂന്നാമത്തെ ദൗത്യമയച്ചു. സാമാൻഷായുടെ സഹോദരനും അനന്തരാവകാശിയുമായിരുന്ന ഷാ ഷൂജയായിരുന്ന സിം

ഹാസനത്തിൽ. ദൂതൻ മൗണ്ട്സ്ററൂവർട്ട് എൽഫിൻസ്റ്റനും. വിപ്ലവംമൂലം ഷാഷുജ പുറത്താക്കപ്പെട്ടിരുന്നതിനാൽ ദൗത്യം വിജയപ്രദമായില്ല. അയാളുടെ അനന്തരാവകാശിയായ മുഹമ്മദ് ഫ്രഞ്ച്കാരുടെയും റഷ്യക്കാരുടെയും സംരക്ഷണമാണ് സ്വീകരിച്ചതു്.

മദിരാശി പ്രസിഡൻസി: ഫ്രാൻസ്മൂലം ഇവിടെയും നിരന്തരഭയം. കമാണ്ടർ ഓഫീസർമാക്ക് തങ്ങളുടെ കീഴിലുള്ള സേനകൾക്കു കൂടാരം ഉണ്ടാക്കിക്കൊടുക്കുവാനുള്ള ഒരു അവകാശം അന്നവിടെ നിലവിൽ ഉണ്ടായിരുന്നു. അതു് ആദായത്തിനു പററിയ ഒരു മാർഗ്ഗവും ആയിരുന്നു. സർ ജോർജ്ജ്ബാർലോ ഇപ്പോൾ മദിരാശിയിലെ പ്രസിഡണ്ട് ആയപ്പോൾ അനാശാസ്യമായ ഈദൃശ്യസംഗതികൾക്ക് ഒരു അറുതിവരുത്തി. സർ ബാർലോവിൻെറ ഉത്തരവുപ്രകാരം ഈ കൂടാരസമ്പ്രദായം വഞ്ചനയുടെ ഏതാണ്ട് അടുത്തു് വരുന്ന ഒന്നാണ് എന്നു റിപ്പോർട്ടുചെയ്ത ക്വാർട്ടർ മാസ്റ്റർ ജനറൽ കേണൽ മൺട്രോവിനെ അറസ്റ്റുചെയ്ത സർ മക്ഡോവാൾ എന്ന സർവ്വസൈന്യാധിപനെ ഉദ്യോഗത്തിൽനിന്നു് പിരിച്ചുവിട്ടു. അധികം താമസിയാതെ ഉയന്ന നിലയിലുള്ള നാലു് സൈനികോദ്യോഗസ്ഥന്മാരെ ജോലിയിൽനിന്നു വിലക്കിനിത്തി. സൈന്യം മുഴുവനും ഒരു ലഹളക്കായി ഉജ്വലിച്ചുതുടങ്ങി; തെമ്മാടിത്വപരമായ പ്രതിഷേധങ്ങൾ ഗവണ്മെന്റക്ക് അയച്ചു. ബാർലോ നാട്ടുപട്ടാളക്കാരെ വിളിച്ചു ഉദ്യോഗസ്ഥന്മാരെ കീഴടക്കി.

1810–പേർസ്യൻ കടൽക്കള്ളന്മാരുടെ നോക്കു് ആക്രമണം. 1810 ആരംഭമുതൽക്കുതന്നെ പേർസ്യൻ ഉൾക്കടലിൽ കടൽക്കൊള്ളക്കാർ ഇംഗ്ലീഷ് വാണിജ്യത്തിനു വിഘാതങ്ങൾ വരുത്തിയിരുന്നു. കമ്പനിക്കാരുടെതായിരുന്ന 'മിനവർവ' എന്നൊരു കപ്പൽ അവർ പിടിച്ചടക്കി. ബോംബെയിൽനിന്നു മിൻടോ ഒരു നാവികസേനയെ അയച്ചു.

അവർ കൊള്ളക്കാരുടെ "മാല്ലിയ"യിലുള്ള (ഗുജറാത്ത്) കേന്ദ്രസ്ഥാനം പിടിച്ചു, മൂസ്ക്കോട്ടിലെ ഇമാമിൻെറ സഹായത്തോടുകൂടി പേർസ്യയിൽ ഷിരാസിലുള്ള അവരുടെ ശക്തി കേന്ദ്രം ആക്രമിച്ചു കൊള്ളിവെച്ചു. അതോടെ കള്ളന്മാരുടെ സംഘടന പൊളിഞ്ഞു.

'മക്കാവോയിലേ'ക്കുള്ള പ്രയാണം: വാണിജ്യപരമായ അസൂയമൂത്ത കമ്പനിയുടെ പ്രലോഭനപ്രകാരം മിൻടോ, മാക്കോവയിലേക്കു അവിടത്തെ പോർത്തുഗീസ് ആ സ്ഥാനം തകക്കുവാനായി ഒരു പടയണിയെ അയച്ചു. അതു് ചീനാ ചക്രവത്തിയുടെ സംരക്ഷണയിലായിരുന്നു. അവിടേക്കു പോയ സേന പരാജയംപററി ബംഗാളിലേക്കുതന്നെ മടങ്ങി. ഉടനടി ചൈനാ ചക്രവത്തി മക്കാവോയിലെ ഇംഗ്ലീഷ് വാണിജ്യത്തെ ഇല്ലായ്മചെയ്തു.

മോറോഷിയസും ബോർബോണും പിടിച്ചടക്കൽ: ഫ്രാൻസും ഇംഗ്ലണ്ടുമായുള്ള സമരകാലത്തു്, മേറോഷിയസ് ബോർബോൺ എന്നീ ദ്വീപുകളിലെ ഫ്രഞ്ച് ആക്രമണങ്ങൾ മൂലം കമ്പനിയുടെ കച്ചവടത്തിനു വളരെ അധികം കേടുപററിയിരുന്നു. ഇതിന്നൊരവസാനം വരുത്തുവാനായി കേണൽ കീററിങ്ങ്സിൻെറ നേതൃത്വത്തിൽ മിൻടോ ഒരു സൈന്യത്തെ അയച്ചു. ആദ്യംതന്നെ മോറിഷ്യയസി നിന്നു് 200 മൈൽ അകലെ സ്ഥിതിചെയ്യുന്ന റോഡ്രീഗസ് ദ്വീപ് അയാൾ പിടിച്ചു.

1810 മെയ്—റോഡ്രീഗ്സിനെ പ്രവത്തനസ്ഥാനമാക്കി അയാൾ ആദ്യം ബോർബോൺ ദ്വീപ് ആക്രമിച്ചു. കരക്കിറങ്ങിയ പട്ടാളം നഗരവും സെൻറു് പോൾ തുറമുഖവും ആക്രമിച്ചു, 4 പീരങ്കി സജ്ജീകരണം തകത്ത് 3 മണിക്കൂർനേരം നീണ്ടുനിന്ന സമരത്തിൻെറ ഫലമായി ആ സ്ഥലം പിടിച്ചടക്കി. ഇംഗ്ലീഷ് നാവികസേനയാൽ വലയം ചെയ്യപ്പെട്ട കടൽ സൈന്യം കീഴടങ്ങി.

ജൂലായ്—ബോർബോൺ തുരുത്തിലുള്ള നിരവന്നി ഫ്രഞ്ച് സ്റ്റേഷനുകൾ പിടിച്ചടക്കിയതിൽ പിന്നെയാണ് അതിൻെറ തലസ്ഥാനമായ സെൻറ് ഡെന്നീസ് കീഴടങ്ങിയതു്. അപ്പോൾ ഫ്രഞ്ചുപട്ടാളം മുഴുവനും കീഴടങ്ങി കേണൽ "വില്ലബിയെ" അവിടത്തെ സൈനികത്തലവനായി നിത്തി അവരുടെ ആയുധപ്പുരയെ കലവറയാക്കി മാററി ഇംഗ്ലീഷുകാർ മൊറീഷിയസ്സിനെ അഥവാ ഇലി-ഇ-ഡി ഫ്രാൻസിനെ ആക്രമിക്കുവാനുള്ള സജ്ജീകരണങ്ങൾ തുടങ്ങി. കടലിൽ ഫ്രഞ്ചുസേന 11 ഇംഗ്ലീഷ് കപ്പലുകൾ പിടിച്ചടക്കി.

1810—ഓക്ടോബർ 29. മെറേഷിയസത്തിലേക്കയച്ച സൈന്യം അവിടെ 1000 പേരെ ഇറക്കി, ഓക്ടോബർ 31*-ാംനു ഫ്രഞ്ച് കമാണ്ടർ മൊറേഷിയസ് വിട്ടുകൊടുത്തു. ഇന്നും അതു് ഇംഗ്ലീഷം അധീനതയിലാണ്. പക്ഷേ 1814ൽ ബർബോൺ ദ്വീപ് ഫ്രഞ്ചുകാക്ക തിരികെ ഏല്പിക്കേണ്ടിവന്നു.

1811—മിൻടോ ജാവക്കെതിരായി ഒരു സൈന്യത്തെ അയച്ചു. ആദ്യമായി പിടിച്ചടക്കപ്പെട്ടതു് അംബോണിയയിലെ തുരുത്താണ്. അവിടെയാണ് 1623-ൽ ഡച്ചുകാർ വലുതായ കൂട്ടക്കൊല നടത്തിയതു്. സ്പൈസസ്സ് അതിനുശേഷം അഞ്ചു ചെറിയ മൊലൂക്ക തുരുത്തുകൾകൂടെ പിടിച്ചടക്കപ്പെട്ടു. അതു് കഴിഞ്ഞ അധികം താമസിയാതെ ബൻഡനീർ കീഴടക്കി, അതുതന്നെയാണ് മൊലൂക്കക്കം സംഭവിച്ചതു്. (ഡച്ചു് വാണിജ്യത്തിന്മേൽ ഉണ്ടായിരുന്ന ഇംഗ്ലീഷുകാരുടെ അസൂയനിറഞ്ഞ നോട്ടമാണ് ഈ ആക്രമണത്തിന്നടിസ്ഥാനം.

1811-ആഗസ്റ്റ് 4 രാത്രി ഇംഗ്ലീഷുകാർ ബാറേറാവിയയിൽ (ജാവായുടെ തലസ്ഥാനത്തു് ഇറങ്ങി. ഡച്ചു സൈ

---

* ഡിസംബർ 9—ബർഗസ്സ്.

ന്യം സംരക്ഷണം ഉദ്ദേശിച്ച് കോർണാലിസ് ദുർഗ്ഗത്തിൽ കേന്ദ്രീകരിച്ചു.

ആഗസ്റ്റ് 5—യുദ്ധം. കേണൽ ഗില്ലസ്പി ബാറേരവിയ തകർത്തു. അട്ടത്തുതന്നെ ആക്രമണത്തിൻെറ നായകനായിരുന്ന സർ സാമുവൽ ആച്ച്മുടി ജാവയിലെ എല്ലാ ശക്തമായ സ്ഥലങ്ങളും പിടിച്ചു. ഫ്രഞ്ചുകാരും ഡച്ചുകാരും കീഴടങ്ങി ജാവയിലെ ഗവർണ്ണറായി സർ സ്റ്റാംഫോർഡ് റാഫിൽസിനെ നിയമിച്ചു.

പിണ്ടാരികളുടെ വളർച്ച. കുതിരപ്പട്ടയാളികളായ കൊള്ളക്കാർ—കളവാണ് തൊഴിൽ (പിണ്ടാരികൾ—കാടന്മാരുടെ വംശക്കാർ ഹോൾക്കാർ, സിന്ധ്യ മുതലായവരുടെ കൈവശമുള്ള മാൾവയിലും ബോപ്പാൽ സിന്ധ്യ മുതലായ സ്ഥലങ്ങളിലും കള്ളന്മാർ രക്ഷപ്പെട്ട കുററവാളികൾ, സൈന്യത്തിൽനിന്നു് ഓടി ഒളിച്ചവർ, സാഹസികർ എന്നിവരുടെ കൂട്ടം) 1761-ൽ പാനിപററ് യുദ്ധകാലത്തു് ആദ്യം മറാത്തരുടെ ഭാഗത്താണ് പ്രത്യക്ഷപ്പെട്ടതു്. ബാജിറാവു പേഷ്വയുടെ കാലത്തു്; ആരാണ് കൂടുതൽ കൊടുക്കുന്നതു് എന്നുവെച്ചാൽ അവക്കുവേണ്ടി അവർ പുറത്തേക്ക് വരുമായിരുന്നു.

1808—ഹീരനെന്നും ബാരനെന്നും പേരുള്ള രണ്ടു സഹോദരന്മാർ നേതാക്കന്മാരായി അവരെ ഭരിച്ചിരുന്നു. അവരുടെ മരണാനന്തരം ജാററ്വംശജനായ ഒരു 'ചീററു' അവക്കു നേതൃത്വം നൽകി. അയാൾ സ്വയം 'രാജാവ്' എന്ന നാമധേയം അംഗീകരിച്ചു. അയാളുടെ ആവശ്യത്തിലേക്കു് സിന്ധ്യ കുറച്ചു ഭൂമി നൽകുകയുണ്ടായി. അതുപോലെതന്നെ മററു ചില പിണ്ടാരികളും ചെറിയ ചെറിയ ജാഗീരുകളുടെ ഉടമകളായി. രണ്ടു കൊല്ലത്തിനുശേഷം ചീററു രോഹില്ലയായ അമീർഖാനുമായി യോജിച്ചു 60,000 പേരുള്ള ഒരു സൈന്യവുമായി അവർ മദ്ധ്യേന്ത്യയിൽ

കവച്ച്കൾ നടത്തുവാൻ തുടങ്ങി. കോൺവാലീസിൻെറ ഇടപെടാതിരിക്കൽ നയത്തിൻെറ അടിസ്ഥാനത്തിന്മേൽ നിയന്ത്രകബോർഡ് അവരോട്ട എതിരിട്ടവാൻ മിൻടോ പ്രഭുവിന്നു അനുമതി നൽകിയില്ല.

മദിരാശിയിലെ റയററ്വാരി സമ്പ്രദായം: സ്ഥാപിച്ചതു് മൺട്രോപ്രഭു. മദിരാശിയിലെ ഭൂഭരണത്തിൻെറ ഒരു അടിസ്ഥാന തത്വമായി ആദ്യം അംഗീകാരം നൽകിയിരുന്നു. അതു് 1820 വരെ ശാശ്വതമായ നിയമമായിരുന്നില്ല. അതു് താഴെ കാണുന്ന വിധത്തിലാണു് പ്രവത്തനം നടത്തിയിരുന്നതു്. ധാന്യത്തിൻെറ വിളവും ഗുണവും കണക്കാക്കാവുന്ന കാലത്തു് കൊല്ലത്തിൻെറ ആദ്യംതന്നെ ഗവണ്മെണ്ടിൻെറ റവന്യൂ ഉദ്യോഗസ്ഥന്മാർ ഒരു കൊല്ലത്തേക്കുള്ള വരവു് കണക്കാക്കുന്നു. അക്കാലത്തു് വിളവിൻെറ മൂന്നിൽ ഒന്നായിരുന്നു സക്കാരിലേക്കു് ചെല്ലേണ്ട കരം. കൊല്ലംന്തോറും അയാൾക്കു നൽകിക്കൊണ്ടിരുന്ന പട്ടയിലോ പാട്ടശീട്ടിലോ ക്ലിപ്തപ്പെട്ടത്തിയ കരമടയ്ക്കുവാൻ ഏതൊരു കൃഷിക്കാരനും ബാദ്ധ്യസ്ഥനാണു്. കാലാവസ്ഥയുടെ തകരാറുകൊണ്ടോ മറോറാ യാദൃശ്ചികമായ വിളനാശം സംഭവിച്ചാൽ അങ്ങിനെ സംഭവിച്ച ഭൂമിയെ സംബന്ധിച്ച നികുതി അടയ്ക്കുവാൻ ആ ഗ്രാമം മുഴുവൻ തോതനുസരിച്ചു ചുമതലപെടുന്നതാണു്. അങ്ങിനെ വിളനാശം ഉണ്ടായി എന്നു് (സംശയിക്കപ്പെട്ടുന്നതു്) കഷകൻെറ മനപൂവ്വമായ ഉപേക്ഷകൊണ്ടാണു് എങ്കിൽ–പട്ട സ്വീകരിച്ചശേഷം നിലം കൃഷിചെയ്യാതെ തരിശാക്കിയതുകൊണ്ടാണു് എങ്കിൽ കളക്ടർക്കു പിഴ ചുമത്തിയോ, കായികമായ ദണ്ഡന നൽകിയോ അയാളെ ശിക്ഷിക്കാവുന്നതാണു്. പട്ട നൽകാനും, നിരസിക്കുവാനും പൂണ്ണാധികാരമുള്ള കളക്ടർക്കു് ഓരോ കൊല്ലവും ഓരോതാലൂക്കുകളിൽ തികഞ്ഞ അധികാരമുണ്ടായിരിക്കും.

1813–ഓക്ടോബർ—മിൻടോപ്രഭു ഇംഗ്ലണ്ടിലേക്കു മടങ്ങി തൽസ്ഥാനത്തു് (നിയമിതനായതു്) അന്നു് മോയ്റയിലെ പ്രഭുവായിരുന്ന മാർക്വിസ് ഹേസ്റ്റിങ്ങ്സ് ആണു്.

## പാർലിമെൻ്റിലെ നടപടികൾ

1813–മാച്ച് 1–ാംനു—ഈസ്റ്റ്ഇന്ത്യാ കമ്പനിക്കാരുടെ ചാർട്ടർ കാലാവധി തീൎന്നു.

1813–മാച്ച് 23—പൊതുസഭ ഇക്കാര്യത്തിൽ വിശദവിവരങ്ങൾ അന്വേഷിക്കുവാൻ ഒരു കമ്മററിയെ നിയമിച്ചു. ഇന്ത്യൻ ഹൗസിൽവെച്ചു ഡയറക്ടർ ബോർഡുകാർ വാദിച്ചതു്, പിടിച്ചടക്കപ്പെട്ട രാജ്യങ്ങൾ, ന്യായപ്രകാരം കമ്പനിയുടെതാണു്, ചക്രവൎത്തിയുടെ അല്ല എന്നായിരുന്നു. അവരുടെ കമ്പനിയുടെ കുത്തക (കച്ചവടത്തിനു) അതു് അത്യാവശ്യമായിരുന്നു. പഴയതിൻെറ അടിസ്ഥാനത്തിൽ തന്നെ ഇരുപതുകൊല്ലത്തേക്കുകൂടി കാലാവധി അവർ നീട്ടി ചോദിച്ചു. കമ്മീഷണർ ബോർഡിൻെറ പ്രസിഡണ്ടായ ബക്കിങ്ങ്ഹാം ഷയർപ്രഭു ഈ വാദമുഖങ്ങളെയെല്ലാം എതൃത്തു. അവയെല്ലാം ഈസ്റ്റ്ഇന്ത്യാ കമ്പനിക്കാരുടെതല്ല ഇംഗ്ലണ്ടിൻെറയാണു് എന്നാണു് (അയാൾ പറഞ്ഞതു്.) എല്ലാ ബ്രിട്ടീഷ് പ്രജകൾക്കും ഇന്ത്യയുമായി സ്വാതന്ത്ര്യമായ കച്ചവടത്തിൽ ഏൎപ്പെടാം. കമ്പനിയുടെ കുത്തകാവകാശം അവസാനിക്കണം. ചക്രവൎത്തി ഇന്ത്യാഭരണം നേരിട്ടു കയ്യേൽക്കുകയാണു് എങ്കിൽ അതുതന്നെയാണു് ഏററവും നല്ലതു്.

മാച്ച് 23—മന്ത്രിസഭക്കുവേണ്ടി കാസിൽറെപ്രഭു കമ്പനിയുടെ ചാർട്ടർ 20 കൊല്ലത്തേക്കുകൂടി നീട്ടിക്കൊടുക്കേണ്ടതാണെന്ന് എന്നു വാദിച്ചു. ചീനയുമായുള്ള കച്ചവടത്തിൽ കമ്പനിക്കു കുത്തകാവകാശം. കമ്പനിക്കു ദോഷം വരാത്ത തരത്തിലുള്ള ചില നിയന്ത്രണങ്ങളോടുകൂടി ഇന്ത്യയുമായുള്ള കച്ചവടം ലോകത്തിൽ എല്ലാവക്കുമായി വിട്ടുകൊടുക്കണം. കമ്പനിക്കു സൈന്യത്തിൻെറ മേധാവിത്വവും അവരുടെ സ്വന്തം സിവിലും അല്ലാതെയുമുള്ള ജീവനക്കാരെ നിയമിക്കുവാനുള്ള അധികാരവും ഉണ്ടായിരിക്കണം;

ജൂലായ് അവസാനം. വളരെ കുറച്ചുമാത്രം ഭേദഗതിയോടെ കാസിൽറെയുടെ ബിൽ പാസ്സാക്കപ്പെട്ടു. ഇന്ത്യയുടെ ഭരണം മുഴുവനും ഗവണ്മെൻറ് ഏറെറടുക്കണമെന്നും, സിവിൽ സർവ്വീസുകളിലേക്കുള്ള നിയമനങ്ങൾ പൊതുവെയുള്ള പരീക്ഷകൾ മൂലമായിരിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ ഗ്രേൽവിൽപ്രഭു കൊണ്ടുവന്നു.

അതേ കൊല്ലംതന്നെ കൽക്കട്ടയിൽ ഒരു ബിഷപ്പിനെ നിയമിച്ചു ക്രിസ്ത്യൻ മതം പരസ്യമായി ഇന്ത്യയിൽ ഉൽഘാടനം ചെയ്യപ്പെട്ടു.

## ഹേസ്റ്റിങ്ങ്സ് പ്രഭുവിൻെറ ഭരണം
## 1813_1822

1813—ഓക്ടോബറിൽ ഹേസ്റ്റിങ്ങ്സ് കൽക്കട്ടയിൽ എത്തി. 1811-ൽ ജസ്‌വന്ത്റാവു ഹോൾക്കർ മൃതിയടഞ്ഞു. അയാളുടെ വിധവയായ തുളസിഭായി, പല ഇഷ്ടക്കാർക്കും ശേഷം പത്താൻ കൊള്ളക്കാരുടെ തലവനായ ഗാ

ഫൂർഖാനൊന്നിച്ചു നാലുകൊല്ലം വസിച്ചു. ഇൻഡോറിലെ ഭരണം തികച്ചും അയാളുടെ നിയന്ത്രണത്തിലായിരുന്നു. 1813-ൽ സിന്ധ്യ ചുററുമുള്ള പ്രദേശങ്ങളെല്ലാം കൊള്ള ചെയ്തു. പക്ഷേ ഇംഗ്ലീഷുകാരുടെ നിസ്സാരമായ പ്രതിഷേധത്തിന്മേൽതന്നെ അതയാൾ നിത്തി. രോഹില്ലനായകനായ അമിർഖാൻ, തൻെറ സ്വന്തം സാഹസികരായ അനുയായികളുടേയും, 1811-ൽ പിണ്ടാരികളുടെ സേനാധിപതിയായ ചിററുവുമായി വഴക്കായതിനുശേഷം, താൻ സവ്വസൈന്യാധിപത്യം ഏറെറടുത്ത ഹോൾക്കാറുടെ ഭടജനങ്ങളും അടങ്ങുന്ന ഇന്ത്യയിലെ ഏററവും നല്ല ഒരു സൈന്യനികരത്തിൻെറ തലവനായി. ഇംഗ്ലീഷ് നുകത്തിന്നടിയിൽ കിടന്നു പിടയ്ക്കുകയായിരുന്നു പേഷ്വ. തൻെറ കൊട്ടാരത്തിലെ റസിഡണ്ട് ആയ മോണ്ട്സ്റ്റുവർട്ട് എൽഫിൻസ്റ്റൻെറ ചുറുചുറുക്കുള്ള പ്രവൃത്തികൾമൂലം അയാളുടെ നില കുറെക്കൂടി പരിതാപകരമായിരുന്നു. അഹമ്മദ് പ്രദേശങ്ങളെ ചൊല്ലി ഗെയ്ക്കവാറുമായും ഉണ്ടായിരുന്ന ചില ചില്ലറ വഴക്കുകൾ. സന്ധിയിലെ നിശ്ചയങ്ങൾ അനുസരിച്ചു ഇംഗ്ലീഷുകാരെ മദ്ധ്യസ്ഥരായി വിളിച്ചു. അതുകൊണ്ട് ഗേയ്ക്ക്വാർ-ബോംബെയിലെ റസിഡണ്ട് അംഗീകരിച്ചതനുസരിച്ച് ഗംഗാധരശാസ്ത്രിയെ പൂനയിലേക്കയച്ചു. പേഷ്വയുടെ വൻചതിയനായ പ്രീതിഭാജനം ടിംബാക്ജിഡാംഗ്ലിയ, ഗംഗാധരന്നെതിരായി ഗൂഢാലോചനകൾ നടത്തി, അയാൾ ഗുജറാത്തിലേക്കു മടങ്ങുമ്പോൾ പന്തർപ്പൂർ എന്ന സ്ഥലത്തുവെച്ചു സ്വന്തം അനുയായികൾ മുഖേന കൊല്ലിച്ചുകളഞ്ഞു, പേഷ്വയുടെ തടസ്ഥങ്ങളെ അവഗണിച്ചു എൽഫിൻസ്റ്റൺ ഡാംഗ്ലിയയെ വിട്ടുതരണമെന്നു നിർബന്ധിച്ചു; കൂടുതൽ വിചാരണക്കായി അയാളെ തടവിലിട്ടു. ഇതാണു് ഹേസ്റ്റിങ്ങ്സ് ഭരണമേറെറടുത്തപ്പോഴത്തെ സ്ഥിതിഗതികൾ. ഖജനാ ശൂന്യമായിരുന്നു.

1814—നെപ്പോളിലെ ഗൂക്കകൾ. ആദ്യം രാജപുത്താനയിലായിരുന്ന ഈ രാജപുത്രവംശജർ; നെപ്പാളിൽ ഹിമാലയ സാനുവിലുള്ള മൈതാനപ്രദേശം കീഴടക്കി അവിടെ താമസമാക്കി. നിരവധി വ്യത്യസ്ഥഭരണസമ്പ്രദായങ്ങളിൽക്കൂടി കടന്നു് അവർ, 18–ാം നൂററാണ്ടിൻെറ മദ്ധ്യകാലമായപ്പോഴക്കും നെപ്പോൾ രാജാവു് എന്നറിയപ്പെട്ടുന്ന ഒരു പ്രധാനിയുടെ അധികാരത്തിലായി. തൻെറ അതിർത്തി വിപുലപ്പെട്ടുത്തുന്നതിനിടയിൽ ഇടക്കിടെ രണജിത്സിംഹനുമായും, ഇടക്കിടെ ഇംഗ്ലീഷ് സംരക്ഷണയിലുള്ള രാജാക്കന്മാരുമായും, ഉരസലുകൾ ഉണ്ടാവുകയാൽ സർ ജോർജ്ജ് ബാർലോവും, മിൻടോ പ്രഭുവുമായും വഴക്കുകൾ ഉണ്ടാകാറുണ്ട്. 1813 ഒടുവിൽ കൂട്ടിച്ചേർക്കപ്പെട്ട ഔധപ്രദേശത്തു് ഇംഗ്ലീഷ് സംരക്ഷണമേഖലയിലുള്ള 200 വില്ലേജുകൾ ഗൂക്കകൾ കീഴടക്കിയിരുന്നു. 25 ദിവസത്തിനകം അതെല്ലാം തിരിച്ചു് ഏല്പിക്കണമെന്നു് ഹേസ്റ്റിങ്ങ്സ് ആവശ്യപ്പെട്ടപ്പോൾ ഗൂക്കകൾ ബൂട്ട്വാളിലുള്ള ഒരു ഇംഗ്ലീഷ് മജിസ്ത്രേട്ടിനെ കൊന്നുകളഞ്ഞു.

അപ്പോൾ 1814 (ഓക്ടോബർ) ഗൂക്കകൾക്കെതിരായി സമരപ്രഖ്യപനം. ജനറൽഗില്ലസ്പി സററ്ലജിനടുത്തു് അമർസിംഹൻെറ നേതൃത്വത്തിലുള്ള ഗൂക്കാപ്പട്ടാളത്തെ എതൃക്കണം ജനറൽ വുഡ്ഡിൻെറ നേതൃത്വത്തിലുള്ള ഒരു സേനാദളം ബുട്ട്വാളിലേക്കു് മാർച്ചുചെയ്യണം. ജനറൽ ഓച്ചർലോണിയുടെ നിയന്ത്രണത്തിലുള്ള മൂന്നാമത്തെ വിഭാഗം സിംലയിലേക്കും ജനറൽ മോർലിയുടെ അധീനതയിലുള്ള നാലാം പട നേരെ തലസ്ഥാനമായ ഖാററ്മണ്ടുവിലേക്കും പ്രയാണം ചെയ്യുവാനായിരുന്നു പ്ലാൻ. യുദ്ധച്ചിലവിലേക്കായി ഔധിലെ നവാബിൽനിന്നു ഒന്നരലക്ഷം രൂപ കടമെടുത്തിരുന്നു.

ഓക്ടോബർ 29. 500 ഗൂക്കകളാൽ സംരക്ഷിക്കപ്പെട്ടിരുന്ന 'കലംഗ' കോട്ടയാണു് ഗില്ലസ്പിയുടെ ആക്രമണത്തി

നിരയായതു് ഉടനടി ആക്രമണത്തിനു കല്പനകൊടുത്തു് അയാൾ തന്നെയാണു് സൈന്യത്തെ നയിച്ചതു്. അയാൾക്കു വെടിയേററു. 700-ൽ പരം ഓഫീസർമാരുടെയും പട്ടാളത്തിൻെറയും നാശത്തിനുശേഷം അയാൾ സ്വന്തം കൂടാരത്തിലേക്കു് മടങ്ങി. പിന്നീട്ടു് നായകത്വം ഏറെറടുത്ത ജനറൽ "മാർട്ടിൻഡെയൽ" വിഫലമായി വലയംചെയ്തു് കുറെ മാസങ്ങൾ വെറുതെ കളഞ്ഞു. ഒടുവിൽ കോട്ടയിൽ ഒരു പിളർപ്പുണ്ടാക്കി, അതു പിടിച്ചടക്കിയപ്പോൾ അതു് വിജനമായിരുന്നു. നിരോധകർ ആക്രമണത്തിൻെറ തലെ ദിവസം രാത്രിതന്നെ സകല സാമഗ്രികളും എടുത്തു് സ്ഥലം വിട്ടിരുന്നു. തൻെറതിനെക്കാൾ തുലോം ശക്തി കുറഞ്ഞ ഒരു സൈന്യത്തെ തോല്പിച്ചപ്പോഴേക്കും ഭയചകിതനായി തീർന്നിരുന്ന ജനറൽ വുഡ് ബ്രിട്ടീഷ് അതൃത്തിയിലേക്കു് പിൻവാങ്ങി ആക്രമണകാലം മുഴുവനും അലസനായി കഴിഞ്ഞുകൂടി.

1815—അതൃത്തിയിലേക്കു തിരിച്ച ജനറൽ മാർലി ഖാത്മണ്ടു് ആക്രമിക്കുവാനുദ്ദേശിച്ചിരുന്ന പീരങ്കിവണ്ടിയുടെ വരവും കാത്തു് 1815 ആദ്യം വരെ ഇരുന്നു. സ്വസൈന്യങ്ങളെ ദുർബലമായ രണ്ടു അണികളായി വിഭജിച്ചാണു് മാർച്ചുചെയ്തതു്. രണ്ടും ഗൂർക്കകൾ തകർത്തുകളഞ്ഞു. മർലി അങ്ങോട്ടും ഇങ്ങോട്ടും കുറെ നടന്നു് 1815 ഫെബ്രുവരി 10-ാം തിയതി അതൃത്തി മുറിച്ചു് തനിയെ ഓടിപ്പോയി.

മെയ്യ് 15—നിരവധി മാസങ്ങളിലെ വിജകരമായ ആക്രമണങ്ങൾക്കും കോട്ട വളച്ചിലിനും ശേഷം അമർസിങ്ങ് മലോണിലേക്കു് (സററ്ലജ്ജിൻെറ ഇടത്തെ കരയിസുശക്തമായ മലങ്കോട്ട) മടങ്ങി. ഒരു മാസക്കാലത്തോളം ജനറൽ ഓച്ചർലോണി മലോണ ആക്രമിച്ചു. അതു് മെയ് 15-ാംനു കീഴടങ്ങി. രണത്തിന്നിടയിൽ അമർസിങ്ങ് *

* വില്സൻെറ 8-ാം വാല്യപ്രകാരം അമർസിങ്ങിൻെറ ജനറലായ ഭക്തിസിങ്ങാണു് മരിച്ചതു്.

കൊല്ലപ്പെട്ടു. ആ സമയത്തു് കുമയോണിലുള്ള ആൽമോറ കീഴടങ്ങുകയാൽ, ഓച്ചർലോണിയെ നിരോധിച്ചിരുന്ന ഗൂർക്കാക്കുള്ള സാധനസാമഗ്രികൾ തടയപ്പെട്ടുകയാൽ അവർ സന്ധിക്കു തയ്യാറായി.

1816–നീണ്ടുനിന്ന ആലോചനകൾക്കു ശേഷം വീണ്ടും പുതിയ ആക്രമണം. സർ ഡേവിഡ് ഓച്ചർലോണി മാക് വൻ പുരിയിലേക്കു്, വളരെ ബുദ്ധിമുട്ടി മല തുരന്നു് ഒരു ചുരമുണ്ടാക്കി അവിടെ നിന്നു് ഗൂർക്കകളെ വമ്പിച്ച നഷ്ടത്തോടെ തുരത്തി. പിന്നീട്ട് അയാൾ അവരുമായി സന്ധി ചെയ്തു. വളരെ ആത്മാർത്ഥതയോടെ അവർ അതിൻെറ ചട്ടങ്ങൾ പരിപാലിച്ചു. അവക്കു സ്വന്തം സ്ഥലത്തു് ഒതുങ്ങി കഴിയേണ്ടതായും, കീഴ്പ്പെട്ടുത്തിയ സ്ഥലങ്ങൾ വിട്ടുകൊടുക്കേണ്ടതായും വന്നു. ഈ യുദ്ധം ഇംഗ്ലീഷുകാരും, നെപ്പോളികളുമായുള്ള ഗതാഗതമാർഗ്ഗം തുറന്നു. നിരവധി ഗൂർക്കകൾ ബ്രിട്ടീഷ് പട്ടാളത്തിൽ ചേന്നു അവരെ ഗൂർക്ക റെജിമെൻറുകളാക്കി. 1857–ലെ ശിപായിലഹള കാലത്തു് ഏററവും അതികം ഇംഗ്ലീഷുകാക്കുവേണ്ടി സേവനമനുഷ്ഠിഗൂർക്കാ സേനാദളങ്ങളിൽ അവരായിരുന്നു.

ഗൂർക്കാസമരത്തിൻെറ ആദ്യഘട്ടത്തിൽ കമ്പനിക്കു അനുഭവിക്കേണ്ടിവന്ന പരാജയങ്ങൾ, നാട്ടുരാജാക്കന്മാരുടെ ഇടയിൽ, പ്രത്യേകിച്ചു ഹത്രാസ്, ബാരില്ലി എന്നിവടങ്ങളിലെ രാജാക്കന്മാക്കിടയിൽ (രണ്ടും ഡൽഹി പ്രവിശ്യയിൽ) അസ്വാസ്ഥതയുളവാക്കി.

1816-1818—പിണ്ടാരികൾ 1815–ൽ 50,000, 60,000 പിണ്ടാരികൾ മദ്ധ്യേന്ത്യയിൽ കൊള്ള നടത്തുകയായിരുന്നു. അമിർഖാൻ അതുത്തി ആക്രമിക്കുമെന്നു ഭയപ്പെട്ടുത്തി. ശത്രുമനോഭാവത്തോടെയിരുന്ന മറാത്തരാജകുമാരന്മാർ സൈനീകസജ്ജീകരണങ്ങൾ നടത്തുകയായിരുന്നു. അമീർഖാനെതി

രായി ഒരു വലിയ സംഘടന ഉണ്ടാക്കുവാനുള്ള ഹേസ്റ്റിങ്ങ്സിൻെറശ്രമം പരാജയപ്പെട്ടു.

1815—ഓക്ടോബർ 14. ഒരു വലിയ സംഘം പിണ്ടാരികൾ നൈസാമിൻെറ സ്ഥലങ്ങൾ ആക്രമിച്ചു കൊള്ളചെയ്തു.

1816–ഫെബ്രുവരി–പിണ്ടാരിപ്പടയുടെ പകുതിഭാഗം ഗുണ്ടൂർ സർക്കാർ (കമ്പനിയുടെ സ്ഥലം) ആക്രമിച്ചു; അതു് മരുഭൂമിയാക്കി, മദിരാശിയിലെ സൈന്യത്തിനു ശരിയായ ആക്രമണം നടത്തുവാൻ സാധിക്കുന്നതിനു മുമ്പുതന്നെ അവർ അപ്രത്യക്ഷരായി.

ബീറാർ രാജാവായി രഘോജി ബോൺസ്ലെ അന്തരിച്ചു. അയാളുടെ ഒരു ബന്ധുവായ അപ്പാസഹേബ്, സിംഹാസനസ്ഥനായ ബോൺസ്ലെയുടെ മകനെ കൊല്ലിച്ചു; കമ്പനിയുമായി മററൊരു സന്ധിയിൽ ഒപ്പുവെച്ചു. അതുപ്രകാരം 8000 പേരടങ്ങുന്ന മററൊരു കാവൽസേനയെ കൂടെ നാഗപുരത്തു് നിർത്തേണ്ടിവന്നു.

1816–നവമ്പർ—കമ്പനി സ്ഥലങ്ങളിലേക്കു് പുതിയ പിണ്ടാരിമാർച്ചു്. നാഗപുരസേന രംഗത്തു് പ്രവേശിച്ചപ്പോൾ അവർ ചെറിയ ചെറിയ, സംഘങ്ങളായി സ്വന്തം നാട്ടിലേക്കുതന്നെ മടങ്ങി.

1817—കൊല്ലത്തിൻെറ ആദ്യം 120,000 പേരടങ്ങുന്ന ഒരു സേനയോടുകൂടിഅക്കൊല്ലം ആദ്യം ഹേസ്റ്റിങ്ങ്സുതന്നെ സമരരംഗത്തിറങ്ങി. (ഇംഗ്ലീഷ് കൊടിക്കീഴിൽ, ഇന്ത്യയിൽവെച്ചു അണിനിരന്നിട്ടുള്ളതിൽ ഏററവും വലിയതായിരുന്നു അതു്.) അയാൾ ബുണ്ടി യോധപുരം, ഉദയപുരം, ജയപുരം, കോട്ട എന്നിവിടങ്ങളിലെ റാണമാരുമായി ഉടമ്പടി ചെയ്തു. നിഷ്പക്ഷത പാലിക്കാമെന്നു് വാഗ്ദത്തം ചെയ്യുവാൻ നിർബന്ധിതനായി സിന്ധ്യ.

## മറാത്തശക്തിയുടെ അസ്തമനം:

തടവിൽനിന്നു സൂത്രത്തിൽ പുറത്തുചാടിയ ത്രിംബാക്ജിഡാംഗ്ലിയ വീണ്ടും പൂനയിലെ ബാജിറാവുവിൻെറ പ്രധാന ഉപദേശകനായി. 'പിണ്ടാരികളുടെ എതിരായാണു'' എന്ന നാട്യത്തിൽ അവർ ഇംഗ്ലീഷുകാൎക്കു് എതിരായി സൈനികസജ്ജീകരണങ്ങൾ തുടങ്ങി. എൽഫിൻസ്റ്റൺ ബോംബെയിൽനിന്നു് സൈന്യങ്ങളെ വരുത്തി, ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ സമരമോ സമാധാനമോ എന്താണു് വേണ്ടതെന്നു് തീരുമാനിക്കുവാൻ ആവശ്യപ്പെട്ടു. പ്രധാനപ്പെട്ട കോട്ടകളിൽ മൂന്നെണ്ണവും ത്രിംബാക്ജിഡാംഗ്ലിയയെയും ഏല്പിച്ചുകൊടുക്കണമായിരുന്നു, പേഷ്വ സംശയിച്ചുനിന്നു. ബോംബെ പട്ടാളം എത്തി. ബാജിറാവു കീഴടങ്ങി, എല്ലാ കോട്ടകളും ഏല്പിച്ചുകൊടുത്തു; ഡാംഗ്ലിയയെ പിടിച്ചുകൊടുക്കാമെന്നു വാക്കു നൽകി. പുതിയതായി ഒപ്പിട്ട സന്ധിയുടെ നിശ്ചയപ്രകാരം ഇനിയൊരിക്കലും വേറെ ഒരു ശക്തിയുടെ അംബാസിഡർമാരെ (വക്കീൽ) മറാത്തരുടെതാകട്ടെ വൈദേശികരുടെതാകട്ടെ തൻെറ കൊട്ടാരത്തിൽ സ്വീകരിക്കുകയില്ലെന്നും, തികച്ചും ബ്രിട്ടീഷ് റസിഡണ്ടിൻെറ അധീനത്തിൽ ഇരുന്നുകൊള്ളാമെന്നും പേഷ്വ വാക്കുകൊടുത്തു. അതോടുകൂടി മറാത്ത സാമ്രാജ്യത്വം അസ്തമിച്ചു. പൂനാകൊട്ടാരം, നാഗപുരത്തിൻെറയോ ഇൻഡോറിൻെറയോ കൊട്ടാരങ്ങളുടെ നിലയിലേക്കു് താഴ്ന്നു. സാഗറും ബുണ്ടിൽഖണ്ഡും മററു പ്രദേശങ്ങളും കമ്പനിക്കു വിട്ടുകൊടുക്കേണ്ടിവന്നു, എൽഫിൻസ്റ്റൺ രക്ഷക്കുവേണ്ടി (പൂനയിൽ) നിന്നു രണ്ടുനാഴിക ദൂരെയുള്ള ബ്രിട്ടീഷ് ക്യാമ്പിലേക്കു മാറി, പക്ഷേ സേനയെ അവിടെതന്നെ നിൎത്തി. ഒരു മാസത്തിനുശേഷം ഇംഗ്ലീഷുകാരോടു എതി

രിട്ടവാൻ പേഷ്വ സാദിസൈന്യവും ഭടന്മാരെയും സജ്ജീകരിക്കുന്നതു് കണ്ടുപിടിക്കപ്പെട്ടു.

1817-നവമ്പർ5—സാമാന്യം വലുതായ ഒരു നാട്ടുപട്ടാളത്തോടുകൂടി, ബ്രിട്ടീഷ് സൈന്യത്താവളത്തിന്നരികെ തമ്പടിച്ചു പൂനയിലെ (ബ്രിട്ടീഷ്) റസിഡൻസി ആക്രമിച്ചു, കത്തിച്ചുകളഞ്ഞു. അടുത്ത സമരത്തിൽ പേഷ്വയുടെ പരിചയം പോരാത്ത സൈന്യം തോല്പിക്കപ്പെട്ടു, ബാജിറാവു തന്നെ.

1817-നവമ്പർ 17-ാംനു കീഴടങ്ങി 1817-ൽ ശിവാജിയോടുകൂടി തുടങ്ങിയ മറാത്ത സംസ്ഥാനികശക്തി അതോടെ അസ്തമിച്ചു.

നാഗപുരരാജാവിൻെറ അധഃപതനം: ബാജിറാവുവിനെപ്പോലെതന്നെ അപ്പാറാവുവും സൈന്യങ്ങളെ ഒരുക്കുവാൻ തുടങ്ങി. പക്ഷേ ബ്രിട്ടീഷ് റസിഡണ്ടു് ജെങ്കിൻസ് അയാളെ പിടിച്ചു.

1817-ൽ സെപ്തംബറിൽ അപ്പാസാഹിബ് പരസ്യമായി ഒരു പിണ്ടാരി ദൗത്യസംഘത്തെ കൊട്ടാരത്തിൽ സ്വീകരിച്ചു.

1817—നവമ്പർ: പേഷ്വ അയാളെ (അപ്പാസാഹിബിനെ) മറാത്ത സൈന്യങ്ങളുടെ അധിപനായി നിയമിച്ചിട്ടുണ്ടു് എന്നു ജൻകിൻസിനെ അറിയിച്ചു. ജെൻകിൻസ് മറുപടി പറഞ്ഞു—പേഷ്വ കമ്പനിയുമായി വഴക്കാവുകയാൻ ഈ നിയമനം നാഗപ്പൂരും കമ്പനിയുമായുള്ളു ഒരു യുദ്ധത്തിന്നു ഇടനൽകുമെന്നു. അപ്പോൾ അപ്പാസാഹിബ് ബ്രിട്ടീഷ് റസിഡൻസി ആക്രമിച്ചു. സീതാബാൾഡി മലകളിലെ ആഹാവം ആദ്യമെല്ലാം (അവക്കു്) ആശാസ്യമായിരുന്നില്ല എങ്കിലും അവസാനം ഇംഗ്ലീഷുകാർ ജയിച്ചു, നാഗപുരം കൈയടക്കി, അപ്പാസാഹിബിനെ നിഷ്കാസനം

ചെയ്തു. ഒരു അഭയാത്ഥിയായി അയാൾ നാഗപുരത്തിൽ വെച്ചു മൃതിയടിഞ്ഞു. 1826 വരെ ഇംഗ്ലീഷുകാർ ഈ സംസ്ഥാനം ഭരിച്ചു. പിന്നീട്ട് തിരിഞ്ഞെടുത്ത ഒരു യുവാവിന്നു പ്രായപൂത്തി വന്നപ്പോൾ അയാളെ ബ്രിട്ടീഷ് സംരക്ഷണത്തിൻെറ കീഴിൽ സിംഹാസനത്തിൽ കയററി.

ഹോൾക്കർവംശത്തിൻെറ പതനം: തുളസിബായി, പത്താൻമാരുടെ നേതാവും, ഇംഗ്ലീഷുകാരുടെ വൈരിയുമായ തൻെറ കാമുകൻ ഗഫൂർഖാനെ ശരിയായ ഗവണ്ണർ ആക്കി. സർ ജോൺമാൽക്കവും സർ തോമസ് ഹിസലോപ്പും അയാളെ മാററണമെന്നാവശ്യപ്പെട്ടു. അവർ–റാണി സമരസന്നദ്ധയായി ഒരു രാത്രി അവരുടെ ശത്രുക്കൾ അവരെ ഇന്താറിൽവെച്ചു പിടിച്ചു ശിരസ്സ് ഛേദിച്ച് ജഡം നദിയിൽ വലിച്ചെറിഞ്ഞു.

1817 —ചെറുപ്പക്കാരനായ മൽഹരിറാവുവിനെ ഉടനടി ഹോൾക്കറെ രാജാവായി പ്രഖ്യാപനം ചെയ്തു. ചേരിന്ന അയാളുടെ–പക്ഷേ യഥാത്ഥത്തിൽ ഗഫൂർഖാൻെറ നേതൃത്വത്തിൽ ഒരുസൈന്യം പുറപ്പെട്ടു.

1817–ഡിസംബർ 21–മാറാത്തർ ഭയങ്കരമായി വെടിയുണ്ടകൾ വർഷിച്ചുകൊണ്ടിരിക്കെ ഇംഗ്ലീഷുകാർ സിപ്ര നദീനടന്നു ശത്രുക്കളുടെ പീരങ്കികൾ എല്ലാം പിടിച്ചടക്കി. മഹത്പുരിയിലെ വിധിനിണ്ണായകമായ യുദ്ധം. കുറച്ചു ബുദ്ധിമുട്ടിയെങ്കിലും ഇംഗ്ലീഷുകാർ വിജയിച്ചു മൽഹരിറാവുവിൻെറ സഹോദരിയായ ബൂനാഭായിയെ തടവുകാരിയായി പിടിച്ചു സഹോദരൻെറ സമീപത്തേക്ക് അയച്ചു. അധികം താമസിയാതെ സന്ധി. ജസ്വന്ത്റവ്യാവിൻെറ മകനായ മലഹരിറാവു ഹോൾക്കറെ, അയാളുടെ ശക്തി കുറച്ചു, രാജ്യം ചെറുതാക്കി രാജാവാക്കി വാഴിച്ചു.

1817–ൻെറ അവസാനകാലംവരെ: യഥാത്ഥമായ പ്രവത്തനങ്ങൾ ഒന്നുമില്ലാതെ പിണ്ടാരികൾ അവിടവിടെ

അലഞ്ഞുനടന്നു. അവരെ സഹായിച്ചിരുന്ന മറാത്തരുടെ ശക്തിക്കു ഹാനി സംഭവിച്ചതോടെ അവരുടെ മൂന്നു നേതാക്കന്മാരായ കരിംഖാൻ, ചിററു, വാസിൽ മുഹമ്മദ് മുതലായവർ ഇതിൽ കാര്യമായതെന്തെങ്കിലും പ്രവത്തിക്കണമെന്നുതന്നെ തീരുമാനിച്ചു. അവർ സൈന്യശേഖരണം തുടങ്ങി. അതുതന്നെയാണ് ഹേസ്റ്റിങ്ങ്സും ആഗ്രഹിച്ചിരുന്നതു്. പ്രസിഡൻസിയിലെ വിവിധ പട്ടാളശാഖകളോട്, മാൾവയിലെ കൊള്ളക്കാരുടെ ശക്തികേന്ദ്രത്തെ സമീപിച്ചു, അതിനു ചുററും ഒരു വലയമുണ്ടാക്കുവാനുള്ള കല്പന നൽകപ്പെട്ടു. മൂന്നു നേതാക്കന്മാരും ഓടി, അവരുടെ സൈന്യവിഭാഗങ്ങളും അതുതന്നെ ചെയ്യുവാൻ ശ്രമിക്കുമ്പോൾ, ഓട്ടത്തിനിടക്കുവെച്ചു (ഇംഗ്ലീഷുകാരാൽ) ആക്രമിക്കപ്പെട്ടു. ജനറൽ ഡോങ്കിൻ കരിംഖാൻെറ സൈന്യത്തേയും, ജനറൽ ബ്രൗൺ ചിററുവിൻെറ പട്ടാളത്തേയും നശിപ്പിച്ചു. മൂന്നാമത്തെ വിഭാഗം പിടികൊടുക്കുന്നതിനു മുമ്പുതന്നെ നാലു ഭാഗത്തേക്കും പലായനം ചെയ്തു. നേതാവായ വാസിൽ മുഹമ്മദ് ആത്മഹത്യ ചെയ്തു. യുദ്ധത്തിനുശേഷം ചിററുവിൻെറ ശവശരീരം ഒരു കുററിക്കാട്ടിൽ കിടക്കുന്നതു കണ്ടുപിടിക്കപ്പെട്ടു. സമാധാനമായിരിക്കാമെന്ന വാഗ്ദാനത്തിന്മേൽ കരിംഖാനു് ഒരു ചെറിയ ഭൂമി നൽകി, അവിടെ താമസിക്കുവാനുള്ള അനുവാദം നൽകപ്പെട്ടു. ഇനിയൊരിക്കലും കൂടിയോജിക്കാത്തതരത്തിൽ പിണ്ടാരികളെ പിരിച്ചുവിട്ടു. അമീർഖാൻെറയും ഗഫൂർഖാൻെറയും കീഴിലുള്ള പത്താൻമാരേയും അങ്ങിനെതന്നെ തകർത്തു.

ഒരു ചെറിയ സേനയുടെ നേതൃത്വമുള്ള അല്പമെങ്കിലും ഒരു ഒരു സ്വാതന്ത്ര്യഛായയുള്ള ഏകവ്യക്തി സിന്ധ്യ മാത്രമായിരുന്നു. പക്ഷേ അയാളും തികച്ചും കമ്പനിയുടെ അധീനതയിലായിരുന്നു. ഇന്ത്യ ഇപ്പോൾ ഇംഗ്ലീഷുകാരുടെതായി.

1817—ആഗസ്റ്റിൽ ഭീകരമായ ശക്തിയോടെ ഇന്ത്യ

യിൽ ആദ്യമായി കോളറ പൊട്ടിപ്പുറപ്പെട്ടു. കൽക്കട്ടക്കടുത്തുള്ള ജെസ്സോർ ജില്ലയിലാണ് ഇതു് ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. പിന്നീട്ട് അതു് ഏഷ്യ കടന്നു് യൂറോപ്യൻ വൻകരകളിലേക്കു് വ്യാപിച്ചു, അവിടത്തെ ജനസംഖ്യയെ പത്തിൽ ഒന്നാക്കി. അവിടെനിന്നു് അതു് ഇംഗ്ലണ്ടിലേക്കും വ്യാപിച്ചു. 1817 നവമ്പറിൽ ഹേസ്റ്റിങ്ങ്സിൻെറ സൈന്യത്തിൽ അതു് പടന്നുപിടിച്ചു. കൽക്കട്ടയിൽനിന്നു കൊണ്ടുവന്നിരുന്ന ഒരു പുതിയ സേനാദളം വഴിയാണു് ഇതു് അവിടെ പരന്നതു്. ഹേസ്റ്റിങ്ങ്സിൻെറ സേന ബുണ്ടിൽഖണ്ടത്തിൻെറ താഴ്വരകടക്കുമ്പോഴാണ് ഈ രോഗം ബാധിച്ചതു്. ആഴ്ചകളോളം വഴിമുഴവൻ മരിച്ചവരും മരിക്കാറായവരും ചിതറിക്കിടക്കുകയായിരുന്നു.

1818—ജനുവരി (പൂനയിൽനിന്നു തെക്കോട്ടു പലായനം ചെയ്തിരുന്ന പേഷ്വയുമായി യോജിച്ചു ത്രിംബാക്ജി ഡാംഗ്ലിയ. ഏകദേശം 20.000 ഭടന്മാരടങ്ങുന്ന ഒരു സേനയുടെ നായകന്മാരായി അവർ ക്യാപ്ററൻ സ്റ്റോൺടണ്ണിൻെറ കീഴിലുള്ള ഒരു ഇംഗ്ലീഷ് സൈന്യത്തെ ആക്രമിച്ചു. ഭയങ്കരമായ ആഘാതങ്ങൾക്കുശേഷം ഇംഗ്ലീഷുകാർ വിജയംനേടി. മറാത്തർ തോററു പലായനം ചെയ്തു. ജനറൽ സ്മിത്ത് അപ്പോൾ സേനാധിപത്യം ഏറെറടുത്ത് സതാരയിലേക്കു് മാർച്ചുചെയ്തു. അതു് ഉടനടി കീഴടക്കി. ബാജിറാവ് ഓടിപ്പോയി എങ്കിലുംഅവസാനം സർ ജോൺ മാൽക്കത്തിന്നു കീഴടങ്ങി.അയാൾ ഉടനെതന്നെ റാവുവിനെ സ്ഥാനഭ്രഷ്ടനായി പ്രഖ്യാപിച്ചു. യഥാർത്ഥ മറാത്ത രാജവംശത്തിൽ—ശിവാജിയുടെ വംശപരമ്പരയിൽപ്പെട്ട സീതാറരാജാവിനെ (അവരെ മന്ത്രിമാരായിരുന്ന പേഷ്വകൾ സ്ഥാനഭ്രഷ്ടരാക്കിയിരുന്നു) ഹേസ്റ്റിങ്ങ്സ് യഥാർത്ഥ അവകാശിയാക്കി, പേഷ്വ ഗവണ്മെൻറിൻെറ അടിത്തൂൺ പററി. 1708—സതാറാ രാജാസാഹു ബാലാജി വിശ്വനാഥിനെ തൻെറ

പേഷ്വയാക്കിയതോടെ അന്നുവരെയുള്ള ചരിത്രം ഒന്നു തകിടം മറിഞ്ഞു. (1757 ബഹളകാലത്തു് നാനാസാഹിബനെ ബാജിറാവുവിൻെറ ദത്തുപുത്രനാക്കി. ബാജിറാവുവിൻെറ മരണശേഷം ബ്രിട്ടീഷുകാർ കൊടുത്തുവന്നിരുന്ന അടുത്തുൺ നിർത്തലാക്കി.) അവസാനത്തെ സമരപ്രഹസനത്തിൽ, ടാർനീർ, മാലിഗോവൻ, ആസിഗാർ മുതലായ പ്രാധാന്യമേറിയ കോട്ടകൾ പിടിച്ചടക്കി. ഹേസ്റ്റിങ്ങ്സ് പ്രഭു ഇന്ത്യയിലെ പ്രസ്സുകളുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

1819—ജോഹോറിലെ ഗവൺമെൻറ് അഥവാ 'ട്ടമാൻഗോവിൽ'നിന്നു 'സർ സ്റ്റാഫോർഡ് റാഫിൾസ്' സിംഗപ്പൂർ വാങ്ങി.

1820—നൈസാം വരുത്തിയ കടത്തിൽ ഹൈദരബാദ് സേനാദളത്തിൻെറ സംരക്ഷണം മൂലവും, മന്ത്രിയായ ചന്ദർലാലിൻെറ അക്രമമായ ദുർഭരണം മൂലവും ഉണ്ടായതാണു് ആ കടം. മെസേർസ് പാൽമർ ആൻറ് കമ്പനി എന്നൊരു വ്യവസായശാല എത്ര പണവും കൊടുക്കുവാൻ ഉദ്യോഗപൂർവ്വം തയാറായിരുന്നു. ഒടുവിൽ ആ പണം കൊടുത്തുതീർക്കുവാൻ സാധിക്കാത്തവിധത്തിൽ വിപുലമായി. 'പാൽമർ ഹൗസി'ലെ പങ്കാളികൾ ഹൈദരബാദിൽ അന്യായമായ സ്വാധീനം ചെലുത്തി. അന്നവിടെ റസിഡണ്ടായിരുന്ന മെററ്കാൽഫ്, ഹേസ്റ്റിങ്ങ്സിനോടു ഇടപെടുവാൻ ആവശ്യപ്പെട്ടു. അയാൾ പാൽമർ ആൻറ് കമ്പനിയുടെ അനാശാസ്യമായ കൂടുതൽ ഇടപെടലുകൾ തടഞ്ഞു; വടക്കൻ സർക്കാരിൽനിന്നു പിരിയുവാനുള്ള സംഖ്യ പിരിച്ചെടുക്കുവാനും, അതു് കടത്തിലേക്കു് ഒടുക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകി. അധികം താമസിയാതെ പാൽമർ ആൻറ് കമ്പനി പൊളിഞ്ഞു. ആകമ്പനിയുമായി എന്തോ ബന്ധമുണ്ടു് എന്നു് അപവാദവും ഹേസ്റ്റിങ്ങ്സിനെ കുറിച്ചുണ്ടായി (അതിലെ

ഒരു അംഗവുമായി ഉണ്ടെന്നു പറയപ്പെട്ടുന്ന സൗഹൃദബന്ധമാണ് ഇതിന്നടിസ്ഥാനം) ഇതിനുമുമ്പിലും ചോദ്യം ചെയ്യത്തക്കതരത്തിലുള്ള പലേ ഇടപാട്ടുകളും ഹേസ്റ്റിങ്ങ്സ് അനുവദിച്ചിരുന്നു എന്നും മെററ്കാൽഫ് നടപടികൾ എട്ടുത്തതിനെതുടന്നു്, ഹേസ്റ്റിങ്ങ്സിനു പാമേർസിനെ മൂടിവെയ്ക്കുവാൻവയ്യാത്ത വിധത്തിൽ പരസ്യം കിട്ടുകയാൽ മാത്രമാണു ഇടപെട്ടതു് എന്നുമായിരുന്നു സംസാരം.

1822—അവസാനം. ഹേസ്റ്റിങ്ങ്സ് തൻെറ സ്ഥാനം രാജിവെച്ചു. 1823 ജനുവരി 1–ാംനു- അയാൾ ഇംഗ്ലണ്ടിലേക്കു് മടങ്ങി. കുട്ടിച്ചേക്കൽ നയത്തിന്നെതിരായ വാഗ്ദത്തവും കൊണ്ടാണു് ഹേസ്റ്റിങ്ങ്സ് ഇന്ത്യയിലേക്കുവന്നതു്!

IC.IC.B

# അവസാനഘട്ടം 1823-1858

## ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ അവസാനം
## അമേർസററ് പ്രഭുവിൻെറ ഭരണം
## 1823—1828.

1823-ജനുവരി.-ഹേസ്റ്റിങ്ങ്സ് പോയപ്പോൾ കൗൺസിലിലെ സീനിയർ അംഗമായിരുന്ന മിസ്റ്റർ ആഡം (ഗവൎണ്ണർ ജനറലായി.) കൺട്രോൾ ബോർഡ് അമേർസററ് പ്രഭുവിനെ വൈസ്രോയിയാക്കി.

1813-ആഗസ്റ്റ്—അമേർസററ് കൽക്കട്ടയിൽ ഉടനെ തന്നെ ബൎമ്മക്കാരുമായി സമരത്തിലേർപ്പെട്ടു. ആവയിലെ ബൎമ്മാക്കാർ ആദ്യം മുതലെ പെഗുസാമ്രാജ്യത്തിൻെറ ആശ്രിതന്മാരായിരുന്നു. അതു കഴിഞ്ഞു് അവർ സ്വതന്ത്രരായി. അവരുടെ സേനകളെ എപ്പോഴും വിജയകരമായി നയിച്ചുവന്നിരുന്ന "ആലോംപ്ര എന്നൊരു സാഹസികനായിരുന്നു അവരുടെ നായകൻ. അവർ സയാമിൽനിന്നു് ടിനോസ്റ്റിറിം പിടിച്ചടക്കി നിരവധി പ്രാവശ്യം ചൈനാക്കാരെ തോല്പിച്ചു; ആരക്കാൻ കൊള്ള ചെയ്തു; അവരുടെ പ്രഭുക്കളായിരുന്ന പെഗുക്കാരെ കീഴടക്കി, 'ആവ' [illegible] സ്ഥാനമായ ഒരു ഉപദ്വീപിൻെറ മുഴുവനും അധി[illegible] ളായി. ബൎമ്മയിലെ രാജാവു് "വെള്ളാനകള[illegible] വായും, കടലിൻെറയും കരയുടെയും സാമ്രാട്ടാ[illegible] വിളംബരപ്പെടുത്തി.

1818—സ്വാഷ്ടാംഗം പ്രമാണം ചെയ്ത ഹിന്ദുക്കളെ കീഴ്പ്പെടുത്തിയെങ്കിലും, ഇംഗ്ലീഷുകാർ അജയ്യമായ ബമ്മാശക്തിക്കു മുമ്പിൽ മുട്ടു മടക്കുമെന്നായിരുന്നു ആവ കൊട്ടാരത്തിലെ വിശ്വാസം. അവരുടെ രാജാവ്, ചിററഗോങ്ങ് മുതലായ ചില ഡിസ്ട്രിക്ററുകൾ തങ്ങളുടെതായ ആരക്കാന പ്രദേശത്തിന്റെ ഭാഗമാകയാൽ, അവകൾ ഈസ്റ്റ്ഇന്ത്യാ കമ്പനിക്കാർ വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് കൽക്കട്ടയിലേക്കു് എഴുതി. അതു് ശരിയല്ല, എന്നു ഹേസ്റ്റിങ്ങ്സിന്റെ വിനയാന്വിതമായ മറുപടി കിട്ടിയപ്പോൾ അയാൾ അടങ്ങിയിരുന്നു.

1822—അവരുടെ മഹാബന്ദുള (സർവ്വസൈന്യാധിപന്റെ) കീഴിലുള്ള ബമ്മാപ്പട്ടാളം ആസ്സാം ആക്രമിച്ചു കീഴടക്കി.

1823—ആരാക്കാൻ തീരത്തുള്ള ഇംഗ്ലീഷുദ്വീപായ ഷാപുരി അവർ പിടിച്ചടക്കി, അവിടെ ഉണ്ടായിരുന്ന ഒരു ചെറിയ കാവൽ സേനയെ നശിപ്പിച്ചു. അമേർസ്ററ് ബമ്മക്കാരെ പുറത്താക്കാൻ ഒരു സൈന്യത്തെ അയച്ചു. വെറും കടൽക്കൊള്ളക്കാരെപ്പോലെ അയാൾ വിചാരിച്ചിരുന്ന കുററക്കാരെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു അയാൾ വിനയപൂർവ്വം ആവരാജാവിന്നെഴുതി.

1824—ജാനുവരി—ബ്രിട്ടീഷ് സംരക്ഷണയിൽ (ആയിരുന്നു) കച്ചാറിൽ ദൗർബല്യത്തിന്റെ ലക്ഷണങ്ങൾ കണ്ട ബമ്മക്കാർ ആ പ്രവിശ്യ ആക്രമിച്ചു. ഇംഗ്ലീഷുപട്ടാളം അവരെ തോല്പിച്ചു മണിപുരത്തേക്കുതന്നെ ഓടിച്ചു. ആസ്സാം [illegible]ക്കുവാനും റങ്കൂൺ മുതലായ ബമ്മാക്കാരുടെ സ്ഥല[illegible] പിടിച്ചടക്കുവാനുമായി രണ്ടു പട്ടാളം കൽക്കട്ട[illegible] അയക്കപ്പെട്ടു.

[illegible]സമരം [illegible]തെതന്നെ റംങ്കൂൺ പിടിച്ചടക്ക[illegible] സേന ഉൾഭാഗത്തേക്കു് ഓടിപ്പോയി. പട

യേററത്തിൻെറ നായകനായിരുന്നു സർ ആർച്ച് ബോർഡ് ക്യാംപെൽ അതുപോലെതന്നെ അട്ടത്തുട്ടത്ത ചില ചെറിയ കോട്ടകൾ പിടിച്ചടക്കി, കുറെ കാലത്തേക്കു നീണ്ടുനിന്ന നിരോധനത്തിനുശേഷം "കെമൻഡൈഡസ്" (റംഗൂണിൽനിന്നു് നാലുനാഴിക അകലെ) കരസ്ഥമാക്കി. കാലാവസ്ഥ ചൂടേറിയതാകയാൽ അയാൾ സൈന്യത്തെ താമസിപ്പിച്ചിരുന്നതു് റംഗൂൺ പാളയത്തിലാണു്. സാധനങ്ങളുടെ ദൗർലഭ്യംമൂലം പട്ടാളപാളയത്തിൽ കോളറ പൊട്ടിപ്പുറപ്പെട്ടു.

1824—ഡിസംബറിൽ 60,000ത്തിൻെറ ഒരു സൈന്യത്തോട്ടുകൂടി മഹാബന്ദുള ക്യാംബെല്ലിൻെറ സൈന്യത്തെ ആക്രമിച്ചു. രണ്ടു പ്രാവശ്യം ഇംഗ്ലീഷുകാർ അയാളെ തോല്പിച്ചു. അയാൾ "ഡോണാബ്യൂ"വിലേക്കു മടങ്ങി. ഇംഗ്ലീഷുകാർ അയാളെ പിൻതുടന്നു് ആ സ്ഥലം വളഞ്ഞു.

1825 ഏപ്രിൽ—ഒരു റോക്കററ് ഏററു മഹാബന്ദുള മരണമടഞ്ഞു. ഡോണംബ്യൂവിലെ കാവൽസേന കീഴടങ്ങി. ക്യാംബെൽ മുന്നേറി ഒരൊററ വെടിപോലും പൊട്ടിക്കാതെ, പ്രോം (അഥവാ പ്രാ) എന്ന സ്ഥലം പിടിച്ചടക്കി. അസ്സാംസമരത്തിൻെറ ഫലവും പ്രതീക്ഷിച്ചു് അവിടെ ക്യാമ്പുചെയ്തു. ആസ്സാമിലേക്കു് കേണൽ റിച്ചാർഡ്സിൻെറ അധീനതയിൽ അയച്ചിരുന്ന സൈന്യം രംഗപുരവും സിൽഹററും കീഴടക്കി; ബമ്മാക്കാരെ ആസ്സാമിൽനിന്നു് തുരത്തി ജനറൽ മക്ബീൻെറ കല്പന അനുസരിച്ചു് വീണ്ടും മുന്നേറി.

1825 മാച്ച്—ആരക്കാനിൽ കൂടി, വളരെ ധീരതയോടെ നിരോധനം നടന്നിരുന്ന മലകൾ കടന്നു വിജയികളായ ഇംഗ്ലീഷുകാർ മൈതാനത്തു പ്രവേശിച്ചു; ആരക്കാനിൻെറ തലസ്ഥാനത്തു് പ്രത്യക്ഷപ്പെട്ടു. ആവകൊട്ടാരങ്ങളുമായുള്ള മാദ്ധ്യസ്ഥശ്രമങ്ങൾ വിഫലങ്ങളായി.

1825 നവംബർ—ക്യാംബെൽ ആവയിലേക്കു് മാച്ചു

ചെയ്തു. ശത്രു അയാൾ എത്തുന്നതിനുമുമ്പുതന്നെ പലായനം ചെയ്തിരുന്നു.

1826 ഫെബ്റുവരി—നിർണ്ണായകങ്ങളായ രണ്ടു സമരങ്ങൾ. ബർമ്മക്കാർ അമ്പെ തോററു. ആവയിൽനിന്നു രണ്ടു ദിവസം യാത്രചെയ്തു ഇംഗ്ലീഷുകാർ "യണ്ടാബോ"യിൽ എത്തി. ബർമ്മാരാജാവു് കീഴടങ്ങി.

1826—ബർയുമായി സന്ധി. ബർമ്മാരാജാവു് ആസ്സാം, യെ (ടെസ്സറാമിലെ ഒരു പ്രവിശ്യ) ടെസ്സറാം, ആരക്കാനിൻെറ ഒരു ഭാഗം, ഇതെല്ലാം കമ്പനിക്കു വിട്ടുകൊടുത്തു. കച്ചാർ പ്രവിശ്യയിൽ ഇടപെട്ടുകയില്ല എന്നു് വാഗ്ദാനം ചെയ്തു; യുദ്ധച്ചിലവിലേക്കു് ഒരുലക്ഷം പവൻ നൽകാമെന്നും, ആവയിൽ ഒരു ഇംഗ്ലീഷ്റസിഡണ്ടിനെ അംഗീകരിക്കാമെന്നും ഏററു.

ആദ്യത്തെ ബർമ്മായുദ്ധം (1824–1828) മൂലം ഇംഗ്ലീഷ് ഗവർമ്മെൻറിനു 13 ലക്ഷം പവൻ ചിലവായി. ഇംഗ്ലണ്ടിൽ വലിയ അപ്രീതി.

1824 ഒക്ടോബർ—(യുദ്ധകാലത്തു്) റങ്കൂണിൽ പോകുവാൻ ബാരക്പുരിൽ താവളമടിച്ചിരുന്ന നാട്ടുകാരുടേതായ 47-ാംബംഗാൾകാലാൾപ്പട പരസ്യമായി ലഹളക്കു് ഒരുങ്ങി.

1826-ൽ—യുദ്ധം അവസാനിക്കാറായപ്പോഴും അതേ സ്ഥലത്തുതന്നെ വീണ്ടും പട്ടാളലഹള.

1826 ജനുവരി—അജയ്യമെന്നു വിചാരിച്ചിരുന്ന ഭാരതപ്പുരംകോട്ട കോമ്പർമിയറിൻെറ കീഴിലുള്ള സൈന്യം ആക്രമിച്ചു. ആ സ്ഥലത്തെ ആദിമനിവാസികളായിരുന്ന ജാററുകാർ ഉണ്ടാക്കിയതായിരുന്നു അതു് (മുഗൾസാമ്രാജ്യത്തിൻെറ അധഃപ്തനകാലത്തു്). 1826-ൽ അക്കാലത്തു് അവിടം ഭരിച്ചിരുന്നതു് ദുർജ്ജാസാലനാണു്. അയാൾ അതു് രാജ്യത്തിൻെറ ശരിയായ അവകാശിയായിരുന്ന ബലദേവ

സിംഗിൽനിന്നു് (പൈതലായിരുന്ന) തട്ടിപ്പറിച്ചെടുത്തതായിരുന്നു. സിംഗിൻെറ സഹായികൾ ഇംഗ്ലീഷ്സഹായമാവശ്യപ്പെട്ടതനുസരിച്ചാണു് ക്യാംബർമിയർ അയക്കപ്പെട്ടതു്. ഭാരത്പൂർ കീഴടങ്ങിയപ്പോൾ ദുർജ്ജാസാലിനെ തടവുകാരനായി പിടിച്ചു് ഇംഗ്ലീഷുകാർ അയാളെ ബനാറീസിലേക്കയച്ചു, ബലദേവസിംഹനെ ഇംഗ്ലീഷ്സംരക്ഷണയിൽ സിംഹാസനാരോഹണം ചെയ്യിച്ചു.

1827—ബർമ്മ യുദ്ധത്തിനെ സംബന്ധിച്ചു അമേർസററ്പ്രഭുവിനു പാർലിയമെൻറിൻെറ നന്ദിപ്രകടനം. അയാളെ പ്രഭുവാക്കി—അയാൾ ആ ഫെബ്റുവരിയിൽ ഇംഗ്ലണ്ടിലേക്കു മടങ്ങി.

## വില്യം ബെൻറിക്പ്രഭുവിൻെറ ഭരണം 1825—1835

1828 ജൂലായ് 4—ബെൻറിക് കൽക്കട്ടയിൽ. യോധപുരമെന്നൊരു രാജപുത്രസംസ്ഥാനത്തിൽ അവിടത്തെ വിപ്ലവനേതാക്കന്മാരുടെ അഭീഷ്ടത്തിന്നെതിരായി, മാനസിംഹൻ എന്നൊരാളെ അവിടെ രാജാവായി ഇംഗ്ലീഷുകാർ പുനഃപ്രതിഷ്ഠചെയ്തു.

1826—ഗ്വാളിയോർ. സ്വന്തം പുത്രനോ, ദത്തുമകനോ ഇല്ലാത്ത ദൗലത്ത്റാവ്സിന്ധ്യ അന്തരിച്ചു. ബെൻറിക് അയാളുടെ ഭാര്യയോടു്—റാണി—യോടു് ഒരു പുത്രനെ ദത്തെടുക്കുവാനാവശ്യപ്പെട്ടു. അയാൾ ഏററവും അടുത്ത ബന്ധുവായ ഒരു പുരുഷനെ—ആലി ജാ, ജെങ്കോജി സിന്ധ്യയെ സ്വീകരിച്ചു. 1833-ൽ അയാൾ റാണിയുമായി പോർ

ചെയ്തു. ബെൻറിക് ഭരണം മുഴുവനും അയാൾക്കു വിട്ടുകൊടുക്കുവാൻ റാണിയോട്ട് ആവശ്യപ്പെട്ടു.

ജയപുരത്തിൽ മന്ത്രി, രാജാവിനേയും അയാളുടെ അമ്മയായ മഹാറാണിയേയും വിഷംകൊടുത്ത് കൊന്നു സിംഹാസനം കയ്യേറി. ബ്രിട്ടീഷ്റസിഡൻറ് ഇടപെട്ടു് രാജവംശത്തിലെ ഏകാവകാശിയായ ഒരു പൈതലിനെസിംഹാസനത്തിലാക്കി. അയാൾക്കു പ്രായപൂർത്തി വരുന്നതുവരെ റസിഡൻറ് ഭരണഭാരം കയ്യേററു.

1834—ഔധ് എല്ലാ നികുതിയും വിഴുങ്ങിയിരുന്ന ഔധിലെ രാജാവിൻെറ ദുർഭരണത്തെപ്പററി മിസ്റ്റർമാഡോക്ക് ഒരു അന്വേഷണം നടത്തി. ഗവർണ്ണർ ജനറൽ രാജാവിനെ നിഷ്കൃഷ്ടമായി താക്കീതുചെയ്തു.

1820-ഭോപ്പാൽ—ഭോപ്പാലിലെ രാജാവു് മരിച്ചു. വിധവയായ സിക്കന്തർ ബീഗമാണു് രാജ്യം ഭരിക്കാൻ തുടങ്ങിയതു്. ശരിയായ അവകാശി—മരുമകൻ 1835-ൽ ബെൻടിക്കിൻെറ സഹായമാവശ്യപ്പെട്ടു. ബെൻടിക് ഇടപെട്ടു അയാളെ സിംഹാസനാരോഹണം ചെയ്യിച്ചു. (ഇപ്പോൾ രാജ്യം ഭരിക്കുന്ന ബീഗം ആ രാജാവിൻെറ പുത്രിയാണു്)

1834-കൂർഗ്—ബൻടിക് കൂർഗ് പിടിച്ചടക്കി (ദക്ഷിണമലബാർ തീരത്തു്) 1820-ൽവീരരാജ രാജാവായി. ആദ്യമായി തൻെറ ബന്ധുക്കളെ മുഴുവൻ കൂട്ടക്കൊല ചെയ്തു. 1834-ൽ വീരരാജ കമ്പനിക്കെതിരായി യുദ്ധപ്രഖ്യാപനം നടത്തി. മദിരാശി പട്ടാളം അയാളുടെ തലസ്ഥാനം കയ്യേറിയപ്പോൾ അയാൾ എല്ലാം (സ്റ്റേററ്) വിട്ടു് ഓടിപ്പോയി. രാജവംശജരായ വേറെ സന്തതികൾ ഇല്ലാതിരുന്നതിനാൽ ഇംഗ്ലീഷുകാർ രാജ്യം പിടിച്ചടക്കി.

കച്ചാർ 1830-ൽ അതു് പിടിച്ചടക്കപ്പെട്ടു. ബർമ്മായുദ്ധകാലത്തു് അതു് ബ്രിട്ടീഷ് സംരക്ഷണയിലായിരുന്നു.

1830-ൽ രാജാഗോവിന്ദചന്ദ്രൻ അനപത്യനായി അന്തരിച്ചു.

മൈസൂർ 1811—യുവാവായ രാജാവു് (1799-ൽ പഴയ രാജവംശത്തിൽപ്പെട്ട 5 വയസ്സായ ഒരു കുട്ടിയെ ബാല്യകാലത്തിൽ പൂരാണയ്യയുടെ നിർദ്ദേശത്തിനു വിധേയനായി വെല്ലസ്ലി രാജാവായി അഭിഷേകം ചെയ്തിരുന്നു.) പ്രായപൂർത്തിയായപ്പോൾ പുരാണയ്യയെ പിരിച്ചുവിട്ടു്, ഖജനാധൂർത്തടിച്ചു്, കടത്തിൽ മുഴകി, കൃഷകരെ ആക്രമപരമായി ദ്രോഹിക്കുകയാൽ 1830-ആയപ്പോഴക്കും രാജ്യത്തിൽ പകുതിയും ലഹളക്കു സന്നദ്ധമായി. ബ്രിട്ടീഷുകാർ ബഹളം ഒതുക്കി മൈസൂർ കൈക്കലാക്കി. രാജാവിനു 40,000 പവനും നികുതിയുടെ 5-ൽ ഒരു ഭാഗവും കൊല്ലത്താൽ പെൻഷനായി നൽകപ്പെട്ടു. ഭൂനികുതി വർദ്ധിച്ചപ്പോൾ ഈ അവസാനഭാഗം ഭീമമായ ഒരു തുകയായിത്തീന്നു. (അങ്ങിനെ രാജ്യം പിടിച്ചടക്കി അവിടത്തെ സ്ഥാനഭ്രഷ്ടരാക്കിയ രാജാക്കന്മാൎക്കും മക്കൾക്കും പെൻഷ്യൻ കൊടുക്കുന്നതിൻെറ പേരിൽ ഇംഗ്ലീഷുകാർ സാധു ഹിന്ദുക്കളുടെ മേൽ മർദ്ദനപരമായ നികുതിഭാരം ചുമത്തി.

ലഹളകൾ: കോളിഡു്, ഡങ്കാറ മുതലായ കാട്ടുജാതിക്കാരുടെയും, ബംഗാളിൻെറ തെക്കു-പടിഞ്ഞാറൻ ഭാഗങ്ങളിലും, രാംഗ്ഗർ, പാൽമൌ, ചോട്ടാ നാഗപ്പൂർ എന്നിവിടങ്ങളിലുള്ള സന്താൾവംശജരുടെ ഇടയിലും, ബാങ്കുറയിലെ ചോറമാരുടെയും ഇടയിലും ലഹളകൾ—കൂട്ടക്കൊല ചെയ്തു വന്നു് അമർച്ചവരുത്തി. കൽക്കട്ടക്കരികെയുള്ള ബാറാസാററിൽ ഭയങ്കര അസ്വാസ്ഥ്യം. ടിമീറിൻെറ നേതൃത്വത്തിൽ മതഭ്രാന്തരായ മുസ്ലീമുകളും ഹിന്ദുക്കളും തമ്മിൽ രക്തപങ്കിലമായ കലാപം. ബ്രിട്ടീഷ് സേനകൾ വിപ്ലവകാരികളെ അമർച്ചവരുത്തി.

1827—അമർസാറുപ്രഭുവും, (ലാഹോറിലെ സിംഹ

മെന്ന) രണജിത്സിംഹനുമായുള്ള വിലാസങ്ങൾ. 1831-ൽ വില്യം ബെൻടിക്കും അതുതന്നെ ചെയ്തു. (സററ്ലജിലെ ഡർബാർ.)

1832 സിൻഡിലെ അമിർമാരുമായി കച്ചവടാവശ്യത്തിനുള്ള സന്ധി അതിനെ തുടൎന്നു രണജിത്സിംഹൻെറ സഹകരണത്തോട്ട് സററ്ലജും, ഇൻഡസ്സും നാവികഗതാഗതത്തിനു വിട്ടുകൊടുത്തു.

സിംഗിൾബത്ത പകുതിയായി ചുരുക്കിയതുകൊണ്ടു് ബൻടിക്കും കൽക്കട്ടയിലെ ഉദ്യോഗസ്ഥന്മാരുമായി വഴക്ക്. സതി നിൎത്തലാക്കൽ—നിയമപരമായ പരിഷ്കാരങ്ങൾ—തഗ്ഗി ഏൎപ്പാട്ട് അവസാനിപ്പിച്ചു. നിതിയും നിയമവും—1835-ൽ നാട്ടുകാൎക്കുവേണ്ടി കൽക്കട്ടയിൽ ബെൻടിക് ഒരു മെഡിക്കൽ കോളേജ് സ്ഥാപിച്ചു.

1833—വടക്കു-പടിഞ്ഞാറൻ പ്രവശ്യകൾ ഒരു പ്രത്യേക പ്രസിഡൻസിയാക്കി അവക്കു ഒരു പുതിയ (സുപ്രീം) കോടതിയും, അലഹബാദിൽ ഒരു റവന്യൂ ബോർഡും നൽകപ്പെട്ടു. ഈ സ്ഥലങ്ങളെ ഭൂഭരണം 30 കൊല്ലത്തേക്കു് നിജപ്പെടുത്തി (റോബർട്ട് ബോർഡായിരുന്നു ഈ പണിയുടെ സംഘടകൻ നിയന്ത്രണാധികാരിയും.)

പെനിൻസുലർ ആൻറ് ഓറിയൻറിൽ കമ്പനി. ചെങ്കടൽവഴി ആവിഗതാഗതമാൎഗ്ഗം തുടങ്ങിയതോടെ ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള അകലത്തിൽ ഒരു മാസത്തെ സമയം ലാഭം കിട്ടി. 1842-ൽ സ്ഥാപിതമായ ആ കമ്പനിക്കു് കൽക്കട്ട ഗവൺമെൻറിൻെറയും ഇംഗ്ലണ്ടിൻെറയും സഹായം കിട്ടി.

1833—പാർലിമെൻറ് നടപടികൾ: പിന്നെയും ചാർട്ടറിൻെറ കാലാവധി തീൎന്നു, അതെ കാര്യങ്ങളെക്കുറിച്ചു വീണ്ടും പഴയപോലെയുള്ള ചൎച്ചകൾ. (ഇത്തവണ) സ്വത

ന്ത്രവാണിജ്യ പാർട്ടിക്കാണു് മുൻഗണനനൈചനയുമായു ള്ള വ്യാവസായികബന്ധം എല്ലാവക്കമായി വിട്ടുകൊടുത്തു. അങ്ങിനെ സ്വകാര്യവാണിജ്യത്തിൽ കമ്പനിക്കുണ്ടായിരുന്ന കുത്തകാവകാശം നശിച്ചു. പാർലിമെൻറുനടപടികൾ പ്ര കാരം, വടക്കു-പടിഞ്ഞാറൻ പ്രവിശ്യകളുടെ ഒരു പുതിയ പ്രസിഡൻസി-നാലാമത്തേതു്-ഉടലെടുത്തു. വേറെ ഒരു ആക്ട് ഗവണ്ണർ ജനറലിനും കൗൺസിലിനും, ചെറിയ പ്രവിശ്യകളിലെ സ്വയംഭരണകാര്യത്തിൽ കൂടുതൽ ഇടപെ ടുവാനുള്ള അധികാരം നൽകി. പ്രാദേശിക ഗവണ്ണർമാക്കു് കൗൺസിലുകളോ, നിയമനിമ്മാണാധികാരമോ ഇല്ലാതാ യി. എല്ലാ ജനങ്ങൾക്കും എല്ലാ കോടതികളിലും കക്ഷി കൾ യൂറോപ്യൻമാരാകട്ടെ നാട്ടുകാരാകട്ടെ, അവരെ സംബന്ധിച്ച നിയമനിമ്മാണം ഗവണ്ണരുടെ അധികാരത്തി ലായിരുന്നു. ഇന്ത്യക്കു മുഴവനും ബാധകമായതരത്തിൽ ഏകരൂപമായ ഒരു നിയമസംഹിത തയാറാക്കുവാനുള്ള സാ ദ്ധ്യതകളെ കുറിച്ചാരായുവാനായി ഒരു കമ്മിററിയെ നിയ മിച്ചു.

## സർ ജോർജ്ജ് മെററ്കാൽഫ് താൽക്കാലിക ഗവർണർ ജനറൽ (1836—1842)

താൽക്കാലികമായ നാമനിദ്ദേശം ചെയ്യപ്പെട്ടിരുന്ന അ യാൾ അന്നു് ആഗ്രയിലെ ഗവണ്ണരായിരുന്നു. ഡയറക്ടർ മാരുടെ കോർട്ടു് അയാളെ ശരിയായ ഗവണ്ണർ ജനറൽ ആക്കുവാൻ പാർലിമെൻറിനോടു് ആവശ്യപ്പെട്ടു. പക്ഷേ

മന്ത്രിസഭക്ക് നിയമനാധികാരം സ്വന്തമായിതന്നെ വെയ്ക്കണമെന്നു് നിർബന്ധമായിരുന്നു. അവർ ആ സ്ഥാനം ഹേയ്റ്റ്സ്ബറി പ്രഭുവിന്നു നൽകി. പക്ഷേ അയാൾ പുറപ്പെടുന്നതിനുമുമ്പുതന്നെ വിഗ്ഗുകൾ ടോറികളുടെ സ്ഥാനം കയ്യേററു. നിയന്ത്രകബോർഡിൻെറ പുതിയ പ്രസിഡണ്ടായ സർ ജോൺഹോബ്ഹൗസ്, ഹേയ്റ്റ്സ്ബറി പ്രഭുവിൻെറ നിയമനത്തെ റദ്ദ്ചെയ്തു് ആക്ലാൻഡ് പ്രഭുവിനെ തൽസ്ഥാനത്തു് നിയമിച്ചു.

1835— മെററകാൽഫ് ഇന്ത്യയിലെ പ്രസ്സുകളുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അതു ഇന്ത്യാ ഹൗസിലെ ഡയറക്ടർമാരെ ശുണ്ഠിപിടിപ്പിച്ചു. ഇന്ത്യയിലെ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരിൽവെച്ചു ഏററവും പ്രാപ്തനായിരുന്ന അയാളോടു (കോർട്ടു) തീരെ കക്കശമായി പെരുമാറുകയാൽ, ആക്ലണ്ടു് ഇന്ത്യയിൽ എത്തിയ ഉടനെതന്നെ അയാൾ സിവിൽ സർവ്വീസിലുള്ള തൻെറ ഉദ്യോഗം രാജികൊടുത്തു് ഇംഗ്ലണ്ടിലേക്ക മടങ്ങി.

## ആക്ലണ്ട് പ്രഭുവിൻെറ ഭരണം 1836—1842

1836–മാർച്ച് 20—ആക്ലണ്ട് കൽക്കട്ടയിൽ വന്നു ഭരണം ഏറെറടുത്തു. തുടക്കംതന്നെ (പാൽമേർസ്റ്റൻെറ ഉപദേശപ്രകാരമുള്ള) അഫ്ഗൻ യുദ്ധത്തോടുകൂടിയാണു്.

അഫ്ഗാൻ വംശങ്ങൾ: 1759–ൽ അഹമ്മദ്ഷാ ദുറാണി ഡൽഹി കീഴടക്കി. 1761–ൽ അയാൾ മറാത്തർക്കെതിരായി ഭയങ്കരമായ പാനിപ്പററ് യുദ്ധം നടത്തി. (അ

യാൾ, അബ്ദാലി അഥവാ ഡുറാണി അഫ്ഗൻ വംശത്തി ലെ പ്രധാനിയായിരുന്നു.) 1701-ൽ അഫ്ഗാനിസ്ഥാനിലേക്കു മടങ്ങിയ അഹമ്മദ്ഷാ ദുരാണി കാബൂളിൽ * ഭരണം ന ടത്തി. 1773-ൽ അയാളുടെ മരണശേഷം മകൻ ടിമൂർഷാ (1773-1792†) അയാളുടെ കീഴിൽ ബാറക്സായി കുടുംബം അഭിവൃദ്ധി പ്രാപിച്ചു. അവരുടെ ഒരു തലവനായിരുന്ന "പായിൻധാഖാനാ"യിരുന്ന ദുർബലനായിരുന്ന ടിമൂർഷാ യുടെ മന്ത്രി. ടിമൂർ ഒരിക്കൽ കുപിതനായി ബാറക്സായി കളെ കഠിനമായി ഉപദ്രവിക്കുകയാൽ അവർ ലഹളക്കൊ രുങ്ങി. അപ്പോൾ ടിമൂർ പായിൻധാഖാനെ പിടിച്ചു കൊന്നു കളഞ്ഞു. ബാറക്സായികൾ, സാഡോസായികളോട് (അ ങ്ങിനെയാണു് രാജവംശത്തെ വിളിച്ചുവന്നിരുന്നതു്.) പ്ര തികാരം ചെയ്യുമെന്ന ശപഥം ചെയ്തു ‡. മരണാനന്തരം സിംഹാസനം ടിമൂറിൻെറ മകനിൽ ലയിച്ചു.

1792-1802—സാമൻഷാ: ഇന്ത്യൻ അതൃത്തിയിലെ യുദ്ധ പ്രകടനങ്ങൾ കൊണ്ടു് അയാൾ ഇംഗ്ലീഷുകാരുടെ അ പ്രീതി സമ്പാദിച്ചിരുന്നു. ഹിന്ദുസ്ഥാനിനെ സംബന്ധിച്ച അയാളുടെ അഭിലാഷങ്ങളെ ബാറക്സായികളും സ്വന്തം സഹോദരന്മാരുംകൂടെ തകർത്തു. അവരിൽ നാലുപേൎക്കു്

* മാർക്സ് ഉപോൽഫലകമായി എടുത്ത പുസ്തകത്തിൽ ഒരു തെററു പററിയിട്ടുണ്ടു്. അഹമ്മദ്ഷാ ഭരിച്ചതും മരിച്ചതും കാൻഡഹാ രിൽതന്നെയാണു്.

† 1793 കേംബ്രിഡ്ജിഹിസ്റ്ററി ഓഫ് ഇന്ത്യ.

‡ മാർക്സ് ഉപയോഗിച്ച പുസ്തകത്തിലെ തെററു്. ടിമൂറിൻെറ മര ണശേഷം പായൻധാഖാൻ സാമനെ രാജാവാക്കി. ഇത്ര സ്വാധീ നശക്തിയുള്ള ഒരു മന്ത്രിയെ ഒഴിവാക്കാൻ വേണ്ടി സാമൻ അയാ ളെ കൊന്നു. അതാണു് ബാറക്ക് സായികളും സാസോസായിക ളുമായുള്ള ശത്രുതയെ ഊതിക്കത്തിച്ചതു്. 'ഫെറിയറിൻെറ' ഹിസ്റ്റ റി ഓഫ് ദ അഫ് ഗൻസ്. കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ.

അതിൽ ചില പങ്കുകൾ ഉണ്ടായിരുന്നു.—ഷൂജാ ഉൾമുൾക്ക്–മഹമ്മദ്–ഫിറോസ്–കൈസർ–പായിൻധാഖാൻ പിൻതുടന്ന് ബാറക്സായികളുടെ നേതാവായതു് അയാളുടെ മകൻ ഫാത്തേഖാനാണ്.

1801—സാമൻ (ഷാ) ഇന്ത്യയെ ആക്രമിക്കുവാനുള്ള വഴി പെഷിവാറിൽ ആയിരുന്നപ്പോൾ ഫാത്തെഖാൻ സാമന്റെ സഹോദരനായ മുഹമ്മദിനെ സ്വാധീനിച്ച് ഗൂഢാലോചന നടത്തി സ്വന്തം കൊടി ഉയത്തി, കാൻഡഹാർ പിടിച്ചടക്കി. ധൃതിയിൽ തിരിച്ചെത്തിയ സാമനെ പിടിച്ചു, അയാളുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു തടവിൽ ഇട്ടു. ആ നിലയിൽ ആശ്രിതനായി അയാൾക്കു കുറെ അധികം കാലം കഴിക്കേണ്ടിവന്നു. ശരിയായ അവകാശിയായ ഷൂജാ ഉൾമുൾക്ക് ഉടനെതന്നെ കാബൂളിലേക്ക് മാച്ചുചെയ്തു. പക്ഷേ ഫാത്തെ അയാളെ തോല്പിച്ചു, സിംഹാസനത്തിൽ 1802_1808 *—മുഹമ്മദ്ഷായെ കയററി. ആ സമയത്തു് ഫിറോസ് സാഡോസായികളുടെ സ്ഥലങ്ങളായ ഫിററും–കൈസർ കാൻഡഹാറും പിടിച്ചടക്കി.

1808—കാബൂളിലെ നിരവധി ഡുറണി പ്രഭുക്കന്മാരുടെ പ്രോത്സാഹനം മൂലം ഷാഷൂജ മടങ്ങിവന്നു; കയ്യേററക്കാരെ തോല്പിച്ചു, എല്ലാവക്കും മാപ്പുകൊടുത്തു. സഹോദരന്മാരെ കാൻഡഹാറിലെയും ഫിററിലേയും ഗവണ്ണർമാരാക്കി. ഫാത്തെഖാൻ തടവുചാടി ആദ്യം കൈസറുമായി യോജിച്ചു ഗൂഢാലോചന ചെയ്തു. പുതിയൊരു ലഹളക്കു കളമൊരുക്കി — പക്ഷേ അയാൾ പരാജിതനായി. കൈസക്കു മാപ്പുനൽകപ്പെട്ടു. ഫാത്തെഖാൻ പിന്നീട്ടു് ഷാമുഹമ്മദിന്റെ മൂത്തമകനായ കമ്രാന്റെ പേരിൽ വിപ്ലവമുണ്ടാക്കി ചതിയായി കൈസറിൽ നിന്നു

---

* 1800—ബർഗസ്സ്.

കാൻഡഹാർ പിടിച്ചെടുത്തു. ഷാഷൂജ വിപ്ലവം അമർത്തി വീണ്ടും കലാപകാരികൾക്കു മാപ്പുകൊടുത്തു. ഫാത്തെഖാൻ കൈസറെ വീണ്ടും ലഹളക്കു നേതൃത്വം നൽകുവാനുള്ള പ്രചോദനം നൽകി; അവർ പെഷവാർ പിടിച്ചു. ലഹളക്കാർക്ക് പരാജയവും മാപ്പും. ഫാത്തെഖാൻെറ പുതിയ കലാപം വിജയശ്രീലാളിതമായി. ഷാഷൂജാ പലായനം ചെയ്യുവാൻ നിർബന്ധിതനായി. (1810-ൽ) അയാൾ കാഷ്മീരൽ വെച്ചു പിടിക്കപ്പെട്ടു. അവിടത്തെ ഗവണ്ണർ ഷാഷൂജയുടെ പക്കലുണ്ടായിരുന്ന കോഹിനൂർ രത്നം പിടിച്ചുപറിക്കുവാൻ ശ്രമിച്ചു. ഷൂജ പിന്നീട് അഭയം പ്രാപിച്ചതു് രണജിത്സിംഹൻെറ അടുക്കലാണു്. അയാൾ ആദ്യമെല്ലാം സൗഹൃദത്തോടുകൂടി പെരുമാറിയെങ്കിലും പിന്നീട് അക്രമപരമായാണു് വർത്തിച്ചതു്. അയാൾ കോഹിനൂർ അപഹരിച്ചു. ഷൂജ ലൂധിയാനയിലേക്കു ഒളിച്ചോടി, അവിടെ ഒരു പുതിയ സുഹൃത്തിനെ കിട്ടി. രാജാകിസ്സോവാർ. വിഫലമായി കാഷ്മീർ ആക്രമിച്ചുനോക്കിയതിനുശേഷം അയാൾ ലൂധിയാനയിലേക്കുതന്നെ മടങ്ങി,

1816—മുഹമ്മദ്ഷാ; ദുർബലനും മൂഢനുമായ ഭരണാധികാരി, ശരിയായ എല്ലാ അധികാരങ്ങളും ഫാത്തെഖാൻെറയും ബാറക്സായികളുടെയും കയ്യിൽ. ഫാത്തേഖാൻെറ ഒരു ഇളയ സഹോദരനായ ഡോസ്റ്റ് മുഹമ്മദ് അയാളുമായി, ബാറക്സായികളെ സിംഹാസനത്തിലേക്കുയർത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. പക്ഷേ അവക്ക് ആദ്യം വേണ്ടിയിരുന്നതു് അഫ്ഗാനിസ്ഥാൻ മുഴുവനും ഒരാളുടെ അധീനതയിൽ വരുത്തുകയായിരുന്നു. അതിന്നവർ ഹിററിനെ ആക്രമിച്ചു. (അതു് അന്നു് ഫിറസാണു് ഭരിച്ചിരുന്നതു്.) അവർ ഹീററ് പിടിച്ചപ്പോൾ ഫിറസ് പലായനം ചെയ്തു, അയാളുടെ മരുമകനായ കമ്രാൻ രാജകുമാരൻ ബാറക്സായികളോടു പ്രത്യേകിച്ചു ഫാത്തെഖാനോ

ട്ട പ്രതികാര പ്രതിജ്ഞചെയ്തു. അയാൾ കാബൂളിൽപ്പോയി, തൻെറ പകുതി ഭ്രാന്തനായ പിതാവു് ഷാ മുഹമ്മദിനോട്ട്, ഫത്തെഖാൻെറ സംരംഭം ഒരു രാജദ്രോഹമാണു് എന്നു പറഞ്ഞു് ഫലിപ്പിച്ചു, അയാളെ ആക്രമിച്ചു. അയാളെ കാബൂളിലേക്കു് പിടിച്ചുകൊണ്ടുചെല്ലുവാനുള്ള അനുവാദം സമ്പാദിച്ചു; അയാൾ അതനുസരിച്ചു പ്രവത്തിച്ചു. മുഹമ്മദിൻെറയും അയാളുടെ പുത്രൻ കമ്രാൻെറയും സാന്നിദ്ധ്യത്തിൽ ഫാത്തെഖാനെ ഏററവും മൃഗീയമായ വിധത്തിൽ കശാപ്പു ചെയ്തു. അപ്പോൾ എല്ലാ ബാറക്‌സായികളുടേയും സഹായത്തോടുകൂടി വലിയ ഒരു സേനാസമേതനായിവന്നു ഡോസ്റ്റു് മുഹമ്മദ് കാബൂൾ പിടിച്ചടക്കി, മഹമ്മദിനെയും കമ്രാനെയും നിഷ്കാസനം ചെയ്തു. അവർ ഹീററിലേക്കു് ഫിറോസിൻെറ സമീപത്തേക്കു് ഓടി. ബാറക്‌സായികൾ അഫ്ഗാനിസ്റ്റാൻ സാമ്രാജ്യം പിടിച്ചടക്കി. ഡോസ്റ്റു് മുഹമ്മദിനെ കൂടാതെ ഫാത്തെഖാനു താഴെ കാണിക്കുന്ന സഹോദരന്മാർ കൂടെ ഉണ്ടായിരുന്നു. പെഷവാർ പിടിച്ചടക്കിയ മുഹമ്മദ്, (മൂത്ത സഹോദരൻ) അസിംഖാൻ, അയാൾ കാബൂളിലേക്കു് മാച്ചുചെയ്തു, ഡോസ്റ്റു് കുടുംബത്തിൻെറ തലവനെന്നനിലയിൽ അതു് ആവശ്യപ്പെട്ടു—പർദിൽഖാൽ—കോഹൻ ദിൽഖാൻ. ഷെർആലിഖാൻ എന്നിവർ കാൽഡഹാറും കിൽജികളുടെ സ്ഥലങ്ങളും പിടിച്ചു. ഡോസ്റ്റു് മുഹമ്മദ് കാബൂൾ അസ്സിംഖാനു കൊടുത്തു് ഗസ്നിയിലേക്കു് മടങ്ങി. അസിംഖാൻ പഴയ സാഡോസായി രാജവംശത്തിൽപ്പെട്ട, വെറും പാവമാത്രമായ അയൂബ് രാജകുമാരെ കാബൂളിലെ ഷായാക്കി. ഡോസ്റ്റു് മുഹമ്മദ് (അതെ രാജവംശത്തിൽ പിറന്ന) സുൽത്താൻ ആലി എന്നവനെ ഏതുസ്ഥാനാത്ഥിയാക്കി. അയൂബ് സുൽത്താൻതന്നെ വധിച്ചു. ഡോസ്റ്റു് മുഹമ്മദും അസ്സിംഖാനും സിക്കുകാക്കെതിരായി ഒരു ആക്രമണത്തിന്നു സന്ന

ദ്ധരായപ്പോൾ, അസ്സിംഖാൻ തൻെറ സഹോദരൻ തനി ക്കെതിരായി രണജിത്സിംഹനുമായി സഖ്യം ചെയ്തിരിക്കു കയാണു് എന്നു മനസ്സിലാക്കി. അയാൾ ഭയാക്രാന്തനായി ജലാലബാദിലേക്കു ഓടിപ്പോയി. അവിടെവെച്ചു 1823ൽ മരണമടഞ്ഞു. രണജിത്സിംഹൻ ദോസ്റ്റ് അഫ്ഗാനി സ്ഥാനിൻെറ യഥാൎത്ഥ ഉടമയായി. ഈ പരിഭ്രമങ്ങൾക്കിട യിൽ കാൽഡഹാർ ബാറക്സായികൾ കാബൂൾ കീഴടക്കി. അതിന്മേൽ ഡോസ്റ്റ് മുഹമ്മദിനു അഫ്ഗാനിസ്ഥാൻ നൽകി. 1826-ദോസ്റ്റ് മുഹമ്മദിനു ബാക്കിയുള്ള അവ കാശികളെ പറഞ്ഞയക്കുന്നതുവരെ, പൂൎണ്ണാധികാരം ലഭിക്കു കയുണ്ടായില്ല. മിതമായി, നല്ലപോലെ രാജ്യം ഭരിച്ചു. ദുരാണിവംശത്തെ തകൎക്കുവാൻ ആവുന്നവിധത്തിലെല്ലാം പരിശ്രമിച്ചു.

1834—ഷാഷൂജ-സിൻഡിൽ ഒരു സൈന്യത്തെ ശേ ഖരിച്ചു തൻെറ രാജ്യം വീണ്ടെടുക്കുവാനുള്ള പുതിയ ശ്രമ ങ്ങൾ നടത്തി ഡോസ്റ്റ് മുഹമ്മദിനോട്ട് അസൂയ തോന്നിയ അയാളുടെ മിക്ക സഹോദരന്മാരുടെ സഹായസഹകരണ ങ്ങളും ഇക്കാര്യത്തിൽ അയാൾക്കുണ്ടായിരുന്നു.

1834—ഷൂജക്കു് പ്രതീക്ഷിച്ചവിധം വില്ല്യംബെൻടി ക്കിൽനിന്നു സഹായം ലഭിച്ചില്ല. രണജിത്സിംഹൻെറ സഹായത്തിനു വളരെ അധികം വിലകൊടുക്കേണ്ടിയി രുന്നതുകൊണ്ടു് ഷൂജക്കു് അതു് ഉപേക്ഷിക്കേണ്ടിവന്നു. ഷൂജ അഫ്ഗാനിസ്ഥാനിലേക്കു മാൎച്ചുചെയ്തു് കാൻഡ ഹാർ ആക്രമിച്ചു. പക്ഷേ ധീരതയോടെ നഗരം ആക്ര മണം ചെറുത്തുനിന്നു. ഡോസ്റ്റ് മുഹമ്മദ് സേനയോട്ടകൂടി കാബൂളിൽനിന്നു വന്നു ഷൂജയുടെ പിന്നിൽനിന്നു വളഞ്ഞു. ദുർബലമായ ഒരു സമരത്തിനുശേഷം ഷൂജ ഇന്ത്യയിലേക്കു് പലായനം ചെയ്തു. രണജിത്സിംഹൻ ഈ തക്കംനോക്കി പെഷവാർ കീഴടക്കി. ഡോസ്റ്റ് മുഹമ്മദ് ശിഖന്മാരെക്

തിരായി മതത്തിൻെറ പേരിൽ സമര പ്രഖ്യാപനം നടത്തി, ഒരു വമ്പിച്ച സൈന്യത്തോടുകൂടി പഞ്ചാബിലേക്ക് കടന്നു. പക്ഷേ രണജിത്സിംഹൻെറ സേവനത്തിലുള്ള ജനറൽ ഹാർലൺ എന്നൊരു അമേരിക്കൻ ഈ മുന്നേററത്തെ തടുത്തു; ഒരു ദൂതനെന്നനിലക്ക് അഫ്ഗൻ പാളയത്തിൽ കടന്നു അവിടത്തെ സൈന്യവുമായി നല്ലപോലെ ഇടപെട്ടുകയാൽ; പകുതി പടപിരിഞ്ഞു് നിരവധി വഴികളിലൂടെ പുറത്തുകള പോയി. ഡോസ്റ്റ് കാബൂളിലേക്ക മടങ്ങി.

1837 *—രണജിത്സിംഹൻ കാഷ്മീരും മൂൾട്ടാനും പിടിച്ചു. ഡോസ്റ്റിൻെറ പുത്രനായ മുഹമ്മദ്ഖാൻ അയാൾക്കെതിരായ രണത്തിൽ-അതു് നിഷ്ഫലമായെങ്കിലും സ്വസാമർത്ഥ്യം വെളിപ്പെടുത്തി.

പേർസ്യ. ആലിമുഹമ്മദും അയാളുടെ മരുമകൻ (ഫാത്തിആലിയും) അടുത്തടുത്തു് ഷാമാരായി. പേഷ്യയെ വളരെ അധികം അഭിവൃദ്ധിയിലേക്കയത്തിയും ഫാത്തിആലിക്കു രണ്ടു മക്കളായിരുന്നു-ഷാസാദയായ അബ്ബാസ് മിർസയും, മുഹമ്മദും.

1834 †—അബ്ബാസമിർസ് വൃദ്ധനായ ഫാത്തിആലിയെ ഹീററിനെ ആക്രമിക്കവാൻ പ്രലോഭിപ്പിച്ചു. പക്ഷേ അക്കൊല്ലം ഫാത്തെ ആലി മരിച്ചു. (1834) അബ്ബാസ് മിർസ (വധിക്കപ്പെട്ടു) മുഹമ്മദ് സിംഹാസനാരോഹണം ചെയ്തു. ടെഹറാനിലെ റഷ്യൻ അംബാസിഡറായ സിമോനിച്ചിൻെറ പ്രചോദനപ്രകാരം ഇംഗ്ലീഷുകാരുടെ അഭീഷ്ടത്തിന്നെതിരായി.

---

* കേംബ്രിഡ്ജി ഹിസ്റ്ററി ഒഫ് ഇന്ത്യ 5-ാംവാള്യംപ്രകാരം കാഷ്മീർ 1819-ലും മുൾട്ടാൻ 1818-ലും ആണു് പിടിച്ചടക്കിയതു്.

† സൈക്ക്സിൻെറ എഹിസ്റ്ററി ഓഫ് പേർസ്യ. ലണ്ടൻ 1921 പ്രകാരം 1833.

1837—ൽ ഹീറത്തിൻെറ നിരോധനത്തിൽ ഏൎപ്പെട്ടു. ഇപ്പോൾ ഹീറത്തിലെ ഷാ എന്നറിയപ്പെടുന്ന കമ്രാൻ, മുഹമ്മദ്ഷാ ചോദിച്ച എന്തോ നികുതി കൊടുക്കുവാൻ വിസമ്മതിച്ചതാണത്രെ കാരണം

1838—സെപ്തംബർ—പേർസ്യക്കാർ ഇംഗ്ലീഷുകാരുടെ അപേക്ഷ അനുസരിക്കാനെന്ന നാട്യത്തിൽ പിൻവാങ്ങി. പക്ഷേ ഹീററിലെ കാവൽസേനക്കെതിരായി അവൎക്ക യാതൊന്നുംതന്നെ ചെയ്യുവാൻ സാദ്ധ്യമായിരുന്നില്ല എന്ന തായിരുന്നു പരമാൎത്ഥം. ഹീററിലെ കാവൽസേനയിലെ ഒരു യുവാവായ ലഫ്ററനൻറ് എൽഡ്രെഡ് പോട്ടിംഗൽ തൻെറ യുദ്ധവൈദഗ്ദ്ധ്യം വെളിപ്പെടുത്തി.

1836—ഹീററിലെ പേർസ്യൻ ആക്രമണം ഒരു റഷ്യൻ തന്ത്രമാണ് എന്ന്, പേർസ്യൻ കോർട്ടിലെ ബ്രിട്ടീഷ് മന്ത്രി, ഓക്ക്ലണ്ടിനെ അറിയിച്ചിരുന്നു. അതുകൊണ്ട്,

1837—ആക്ലണ്ട് ക്യാപ്ററൻ അലക്സാണ്ടർ ബേൺസിനെ, അഫ്ഗാനിസ്ഥാനുമായി ഒരു വ്യവസായികസന്ധിയും കൂടുതൽ ദൃഢതരമായ മൈത്രിയും ഉണ്ടാക്കാനായി കാബൂളിലേക്കു പറഞ്ഞയച്ചു. കാൽഡഹാറിലെ പ്രഭുക്കന്മാർ രണജിത്സിംഹന്നെതിരായി റഷ്യൻ സഹായമാവശ്യപ്പെട്ടിട്ടുണ്ട് എന്നും ഡോസ്റ്റ് മുഹമ്മദും അവരുടെ മാതൃകതന്നെ പിൻതുടരുവാൻ പോകയാണെന്നും അവിടെയെത്തിയ (ബേൺസ്) മനസ്സിലാക്കി, ബേൺസ് കാബൂളിൽ താമസിക്കുമ്പോൾതന്നെ റഷ്യക്കാരുടെ കല്പനപ്രകാരം ബാറക്സായികൾ പേർഷ്യക്കാരുമായി സന്ധി ചെയ്തിരുന്നു. ടെഹറാനിലെ ഇംഗ്ലീഷ് അമ്പാസിഡറായ മക്നീലിനോട് അവർ ദേഷ്യത്തോടെയാണ് പെരുമാറിയിരുന്നതു്. ബേൺസിൻെറ ദൗത്യം ഒരു പരാജയമായിരുന്നു. താൻ സഹായിക്കുന്നതു് ഏതു കക്ഷിയെ ആയാലും, അവർ രണജിത്സിംഹനിൽനിന്നു പെഷവാർ വീണ്ടെടുത്തു് തനിക്കു നൽകണ

മെന്നു് ഡോസ്റ്റ് മുഹമ്മദ് ആവശ്യപ്പെട്ടതിനു, റഷ്യൻ അമ്പാസിഡർ സമ്മതിച്ചു ബേൺസിനു അങ്ങിനെ ചെയ്യുവാൻ നിവ്വാഹമുണ്ടായിരുന്നില്ല. അപ്പോൾ ഡോസ്റ്റ് മുഹമ്മദ് റഷ്യൻ അനുകൂലിയായി. ബേൺസ് അഫ്ഗാനിസ്ഥാൻ വിട്ടു,

1838–ജൂൺ 26—ആക്ലൻറ് പ്രഭു, രണജിത്സിംഹൻ, ഷാഷൂജ എന്നിവർ ഉൾപ്പെട്ട ലാഹോറിലെ ത്രികക്ഷി ഉടമ്പടി, ഷൂജ പെഷവാറും ഇൻഡസ്സിലുള്ള പ്രദേശങ്ങളും രണജിത്സിംഹനുവേണ്ടി ഉപേക്ഷിക്കണം. അഫ്ഗൻകാരും സിക്കുകാരും അന്യോന്യം സഹായിക്കണം. ഗവൎണ്ണർ ജനറൽ നിശ്ചയിക്കുന്ന തുക പററി, സിൻഡിന്മേലുള്ള അവകാശങ്ങളെല്ലാം വിട്ടൊഴിയുന്ന ഷൂജായെ അഫ്ഗൻ സിംഹാസനത്തിൽ തിരികെ ആരോഹണം ചെയ്യിക്കണം. ഹീററ് തൊടാതെ മരുമകനായ കമ്രാനെ ഏല്പിച്ചുകൊടുക്കണം. ബ്രിട്ടീഷുകാരുടെയോ സിക്കുകാരുടെയോ പ്രദേശങ്ങളെ ആക്രമിക്കുന്ന വിദേശീയരെയെല്ലാം തടുക്കണം.

1838–ഓക്ടോബർ 1—ഇംഗ്ലീഷുകാരുടെ സഹായിയായ ഷൂജയെ സിംഹാസനസ്ഥനാക്കുന്ന സിംലാ പ്രഖ്യാപനം അഫ്ഗാനിസ്ഥാനോടുള്ള സമര പ്രഖ്യാപനം പോലെയായി, ഇംഗ്ലീഷ് പാർലിയമെൻറിലെ നിഷ്ഫലമായ എതൃപ്പെല്ലാം പാം * തട്ടിത്തെറിപ്പിച്ചു. വ്യക്തമായും റഷ്യാവിരുദ്ധനായിരുന്ന അയാൾതന്നെയായിരുന്നു ഈ നാകടത്തിൻെറയെല്ലാം സൂത്രധാരൻ. (പാം അതെ സമയത്തു് ടെഹറാൻ കോർട്ടിലെ റഷ്യൻ സിമനോവച്ചുമായി, ആത്മാർത്ഥമായ മൈത്രീബന്ധം പുലത്തുമ്പോൾതന്നെ—പേർസ്യക്കാരെ വിരട്ടുവാനായി, പേർസ്യൻ ഉൾക്കടലിലുണ്ടായിരുന്ന

* പാൽമേർസ്റ്റൻ.

കാരാക് ദ്വീപ് പിടിച്ചടക്കി) ആക്'ലാൻഡിൻെറ ആഭിമുഖ്യത്തിൽ സമരസമിതികൂടി. പ്രധാനപ്പെട്ട (ഇംഗ്ലീഷു) സൈന്യം ഫിറസ് പുരത്തിലുള്ള രണജിത്'സിംഹൻെറ സൈന്യവുമായി യോജിക്കുക. ബോംബെ സേനാവ്യൂഹം ഇൻഡസ്സ് നദിമുഖത്തേക്കു തിരിച്ചു. മൂന്നു വിഭാഗങ്ങളും സിൻഡിലുള്ള ഷിക്കാർ പൂരിൽവെച്ചു യോജിച്ചു ഒരുമിച്ചു അഫ്'ഗാനിസ്ഥാനിലേക്കു മാർച്ചുചെയ്യണം. ഈ സംഗതിക്കു സിൻഡിലെ അമീർമാരുടെ സഹകരണം അത്യാവശ്യമായിരുന്നു.

1786–ഈ അമീർമാർ–താൻ പുരവംശത്തിലെ പ്രമുഖരായ ബലൂചികൾ–അഫ്'ഗൻകാരിൽനിന്നു സിൻഡ് പിടിച്ചടക്കി ഭൂമി വിഭജിച്ചു് ഫ്യൂഡൽ സമ്പ്രദായത്തിൽ ഭരിച്ചുവരുകയായിരുന്നു.

1831— (രണജിത്'സിംഹൻെറ കൊട്ടാരത്തിലേക്കു [സമ്മാനമായുദ്ദേശിച്ച] വണ്ടിക്കുതിരകളെയും കൊണ്ടു് പോകുകയായിരുന്ന ക്യാപ്'ററൻ ജോൺസ്) അമീർമാരുമായി കൂടിക്കാഴ്ച നടത്തുകയും, 1832–ൽ വില്യംബെൻടിക് പ്രഭു അവരുമായി അനൗദ്യോഗികമായ ഒരു സന്ധിയിൽ ഒപ്പുവെയ്ക്കുകയും ചെയ്തു. അതോടുകൂടി ഇൻഡസ്സിലെ ഗതാഗതമാർഗ്ഗം ഇംഗ്ലീഷുകച്ചവടക്കാർക്കു തുറന്നുകൊടുത്തു.

1835—രണജിത്'സിംഹൻ അമീർമാരുമായി സമരസന്നദ്ധനായി. പക്ഷേ (ഈസ്റ്റ്'ഇന്ത്യാകമ്പനി) അയാളെ തടഞ്ഞു.

1838–ഷാഷൂജക്കു ഗവർണ്ണർ ജനറൽ നിശ്ചയിക്കുന്ന തുക കപ്പം നൽകാമെന്ന ഖരാറിൽ, അമീർമാർക്കു് (അവരുടെ സ്ഥലങ്ങൾ) സമാധാനബോധത്തോടെ കൈവശം വെയ്ക്കാനനുവദിക്കുന്ന തരത്തിൽ ത്രികക്ഷി ഉടമ്പടി.

1839–ആദ്യം— അഫ്'ഗാനിസ്ഥാനിലെ ഷാ എന്ന നിലയിൽ ഷൂജക്കു്, അമീർമാർ നൽകേണ്ടുന്ന ഫ്യൂഡൽ

കപ്പമെന്ന ഭീമമായ തുക പിരിക്കാനെന്ന തികച്ചും ലജ്ജാകരമായ ഭാവത്തിൽ 'പോട്ടിംഗറെ' (സിൻഡിലേ)ക്കയച്ചു. 1833-ൽ ഷൂജ രാജ്യഭ്രഷ്ടനായിരുന്ന സമയത്തു് മൊത്തം തുകയായി കൊടുക്കകമൂലം അതവെക്ക ഇളവുചെയ്യുകൊടുത്തിട്ടുണ്ടു് എന്നു അമീർമാർ വാദിച്ചു. (പക്ഷേ) പണം കിട്ടിയില്ല എങ്കിൽ, അവരെ (അമീർമാരെ) സ്ഥാനഭ്രഷ്ടരാക്കുമെന്നു നിർബന്ധമായിനിന്നു പോട്ടിംഗർ. ന്യായമായ ക്രോധത്തോടെ അവർ തുക ഒടുക്കി.

1838–നവംബർ—ബംഗാൾ സേന സററ്ലജ്ജിൽ എത്തി. അവിടെവെച്ചു രണജിത്സിംഹൻെറ പട്ടാളം അവരുമായി യോജിച്ചു.

1838–ഡിസംബർ 10—സർ വില്ലുബി കോട്ടൻെറ നേതൃത്വത്തിലുള്ള സംയുക്തസേന, ഫിറസ്പൂരിൽനിന്നു ഷിക്കാരിലുള്ള (സിൻഡിൽ) കൂടിക്കാഴ്ച സ്ഥലോന്മുഖമായി പ്രയാണമാരംഭിച്ചു. (ഈ അഖില നടപടികളിലും ദേഷ്യം തോന്നിയ സർവ്വസൈന്യാധിപൻ സർ ഹെൻറി ഫെയിൻ രാജവെച്ചതിച്ചതിനുശേഷം) അവർ

1839–ജനുവരി14-ാംനു–സിൻഡിപ്രദേശത്തു് എത്തി. തൻെറ ബോംബെ സൈന്യത്തോടുകൂടി സർ ജോൺകീൻ സുരക്ഷിതനായി ടാററയിൽ എത്തിച്ചേൎന്നിട്ടുണ്ടു് എന്ന വാൎത്ത അവിടെവെച്ചു അവർ കേട്ടു.

1839–ജനുവരി 29—ഇംഗ്ലീഷുകാരുടെ സൈന്യങ്ങളുടെ കലവറയാവശ്യത്തിനു ഇൻഡസ്സിലുള്ള ബാക്കർകോട്ട വിട്ടുതരുവാൻ അമീർമാരോടാവശ്യപ്പെട്ടുവാനായി സർ അലക്സ്ഞണ്ടർ ബേൺസിനെ (സിൻഡിലേ)ക്കയച്ചു. അവർ അങ്ങിനെ ചെയ്യുവാൻ നിർബന്ധിതരായി. സൈന്യം ഇൻഡസ്സിൻെറ ഇടത്തെ (കിഴക്കെ) കരയിലൂടെ ഹൈദരാബാദിലേക്കു് മുന്നേറി. അതെ സമയത്തുതന്നെ ബോം

ബെ സൈന്യവ്യൂഹം വലത്തെ കരയിലൂടെ നീങ്ങി ഹൈദരബാദിന്നെതിരായി നിലയുറപ്പിച്ചു. അല്പം ചില കരുതൽ സേനയോടുകൂടിയ ഒരു ബ്രിട്ടീഷ് കപ്പൽ കറാച്ചി പിടിച്ചടക്കി അതിനെ ഒരു ഇംഗ്ലീഷ് തുറമുഖമാക്കി. അമീർമാർ നിരുപാധികം എല്ലാം ഇംഗ്ലീഷുകാൎക്ക് അടിയറവച്ചു. പ്രധാന സൈന്യം ഷിക്കാർപ്പൂരിയിലേക്ക് മാൎച്ചുചെയ്തു, അവർ അവിടെ എത്തി.

1839–ഫെബ്രുവരി—അവസാനം: സർ ജോൺകീനിന്റെ നേതൃത്വത്തിലുള്ള ബോംബെ സേനാവ്യൂഹത്തേയോ, അവരെ അനുഗമിക്കുന്ന ഷാഷൂജയെ കാത്തുനില്ക്കാതെ സർ വില്ലബിംകോട്ടൺ ബോളോൻ ചുരത്തിലൂടെ കടന്നു. 146 നാഴിക നീളമുള്ള ഒരു വരണ്ട മരുഭൂമി അവൎക്കു തരണം ചെയ്യേണ്ടതായുണ്ടായിരുന്നു. അത്യധികമായ പ്രയാസങ്ങൾ ചുമട്ടുമൃഗങ്ങൾ കൂട്ടത്തോടെ ചത്തുവീണു.

1839 മാൎച്ച് 10—ചുരത്തിൻ്റെ മുഖത്തുള്ള ദാദാറിൽ എത്തി സൈന്യം. കോട്ടൺ അവിടെ കുറച്ചു ദിവസം വിശ്രമിച്ചു. അതിനിടയിൽ കീലത്തിലെ മെഹ്രാബ്ഖാൻ ശത്രുവാണെന്നു മനസ്സിലായി. സാധനങ്ങൾ ഒന്നും കിട്ടുവാൻ നിവൃത്തിയില്ലാതായി.

1839 മാൎച്ച്—വലിയ എതുപ്പു ഒന്നുംകൂടാതെ 6 ദിവസംകൊണ്ടു ബൊളോൺചുരം മറികടന്നു. സർ ജോൺ കീനിൻ്റെ വരവു കാത്തു് കോട്ടൺകചാറയിൽ തങ്ങി. മെഹ്രാബ്ഖാനുമായി ഗുണകരമായ സന്ധി.

1839 ഏപ്രിൽ—സർ ജോൺ കീൻ സൈന്യസമേതം കചാറയിൽവെച്ചു മററവരുമായി യോജിച്ചു. ആക്രമണസേന മുഴുവൻ അവിടെ തമ്പടിച്ചിരിക്കുകയാണു്. കൂടാരത്തിൽ ഷാഷൂജ വീണ്ടുമുള്ള മുന്നേററത്തിൽ ദാരിദ്ര്യവും രോഗവും. സഖ്യകക്ഷികൾ അധികം താമസിയാതെ കാൽഡഹാറിൽ എത്തി; സമരമില്ലാതെതന്നെ അതു് കീഴടങ്ങി.

1839 മേയ് ആദ്യം—ഷൂജയെ കാൽഡഹാറിൽവെച്ചു അഫ്ഗാനിസ്ഥാനിലെ ഷായായി അഭിഷേകം ചെയ്തു.

1839 ജൂൺ അവസാനം—സൈന്യം ഗസ്നിക്കെതിരായി നീങ്ങി. സുശക്തമായിരുന്ന ദുർഗ്ഗം. ക്യാപ്റ്ററൻ തോംസൻെറ കീഴിലുള്ള എഞ്ചിനീയർമാർ കോട്ടവാതിൽ വെടിവെച്ചു പറപ്പിച്ചുകളഞ്ഞു; ഒരു ദിവസം രാവിലെ നഗരം പിടിച്ചടക്കപ്പെട്ടു. കാവൽസേന പാലായനം ചെയ്തു. ഇംഗ്ലീഷുകാർ പ്രയാണോന്മുഖമാക്കിയിരുന്ന കാബൂൾ വിട്ടു ദോസ്റ്റ് മുഹമ്മദ് ഹിന്ദുകുഷിലേക്ക് രക്ഷക്കുവേണ്ടി ഓടി സൈന്യംസമരംകൂടാതെ അതു് പിടിച്ചടക്കി.

ആഗസ്റ്റ് 7—കാബൂളിലെ അത്യന്തം: സുശക്തമായ കോട്ടയായ ബാലഹിസ്സാറിൽ—തൻെറ പിതാവിൻെറ കൊട്ടാരത്തിൽവെച്ചു ഷാഷൂജയെ സിംഹാസനസ്ഥനാക്കി. ഷൂജയുടെ മകനായ ടിമൂർരാജകുമാരനും ഒരു പുതിയ ശിഖ സേനാദളവും കൈബർചുരം കടന്നു, കാബൂളിലുള്ള പ്രധാന സൈന്യവുമായി യോജിച്ചു.

(ജൂൺ 27 രണജിതസിംഹൻ മരിച്ചു, തൻെറ സിക്ക് സാമ്രാജ്യം മൂത്ത മകനായ ഖാരക്സിംഹനു നൽകി, കോഹിനൂർ രത്നം ജഗന്നാഥക്ഷേത്രത്തിലേക്കും ദാനം ചെയ്തു.) തൽക്കാലത്തേക്കു ഇംഗ്ലീഷുകാരുടെ വലിയ സൈന്യത്തേയും സിക്ക്പടയേയും കാബൂളിൽതന്നെ വിട്ടുവാനാണ് തീരുമാനിച്ചിരുന്നതു്. അവിടെ അലട്ടൊന്നുമില്ലാതെ അവർ 1839 തൊട്ടു് 1841 വരെ താമസിച്ചു, അവിടം അത്യന്തം സുരക്ഷിതമായി കാണുകയാൽ പൊളിററിക്കൽ ഏജൻെറ് ആയ സർ വില്യം മക്നോട്ടൻ ഹിന്ദുസ്ഥാനിൽനിന്നു തൻെറ പത്നിയേയും പുത്രിയേയും കാബൂളിലേക്കു വരുത്തി. അഫ്ഗാനിസ്ഥാനിലെ നവമായ സുഖകരകാലാവസ്ഥ മൂലം സൈന്യത്തിലെ പ്രധാനപ്പെട്ടവരുമായി ബന്ധപ്പെട്ട സ്ത്രീജനങ്ങളെല്ലാം അവിടെ എത്തിച്ചേർന്നു.

1839 ഒക്ടോബർ 15—സിൻഡിലേക്കുള്ള ദക്ഷിണോന്മുഖമായ യാത്രയിൽ ബോംബെസൈന്യം കീലററ് പിടിച്ചെടുത്തു, മെഹ്റാബ്ഖാനെ കൊന്നുകളഞ്ഞു, അയാളുടെ രാജ്യം കവച്ച്ചെയ്തു.

1840 ആദ്യം—സുശക്തമായ, കാബൂളിലെ ബാലഹിസ്സാർകോട്ട, ഷാഷൂജയുടെ അന്തഃപുരമാക്കൻ വിട്ടുകൊടുത്തു്, അവിടെ നിന്ന പട്ടാളത്തെ പാളയത്തിലേക്കുമാററാൻ പോന്ന കഴുതകളായിരുന്നു മക്നോട്ടനും കോട്ടനും. രാജ്യത്തിലെ ഏററവും ദുർഗ്ഗമമായ ദുർഗ്ഗം അങ്ങിനെ ഒരു സെനാനയായി. കാബൂളിൽതന്നെ ഷാഷൂജക്കു് എതിരായി നിരവധി ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. 1840 മുഴവൻ അതു് നീണ്ടുനിന്നു.

1840 നവംബർ—ഒരു ചെറിയ അശ്വസേനയോടൊപ്പം കീഴടങ്ങുവാൻ ദോസ്റ്റ്മുഹമ്മദ് കാബൂളിലേക്കു വന്നു. (അയാൾ അതിനുമുമ്പു പാലായനം ചെയ്തിരുന്ന ബൊക്കാറയിൽ അയാൾക്കു് ആശാസ്യമല്ലാത്ത പെരുമാററമാണു് അഭിമുഖീകരിക്കേണ്ടിയിരുന്നതു്. അഫ്ഗാനിസ്ഥാനിലേക്കു മടങ്ങിയ അയാളുടെകൂടെ ഒരു വലിയ സൈന്യം ഉസ്ബെക്കുകാരും അഫ്ഗൻകാരും കൂടി. പക്ഷെ ബ്രിഗേഡിയർ ഡെന്നി അവരെയെല്ലാം തോല്പിച്ചു് ഓടിച്ചു.)

1840–ലെ ബാക്കി ദിനങ്ങളിലും 1841 വേനൽക്കാലത്തും കാൽഡഹാറിൽ വമ്പിച്ച ലഹളകൾ. വളരെ കക്ഷ്ടമായി അവ അമർത്തപ്പെട്ടു. ഹിററിലെ ജനത വ്യക്തമായും ആംഗ്ലേയക്കെതിരായി ലഹളക്കു സന്നദ്ധരായി. ബ്രിട്ടീഷ്കയ്യേററക്കാർക്കു് വിരുദ്ധമായി നാടാകെ കോപക്കലി പൂണ്ടു് ഉണർന്നു.

1841 ഒക്ടോബർ—വലിയ കൈബർച്ചുരത്തിലെ കിൽജിവംശക്കാരുടെ ഇടയിൽ അതിഗൗരവാവഹമായ കലാ

പങ്ങൾ. അവർ ആ ചുരംവഴി ഹിന്ദുസ്ഥാനത്തിലേക്കു പോന്നിരുന്ന പട്ടാളക്കാൎക്കു വമ്പിച്ച ആൾനാശം വരുത്തി. വളരെ ബുദ്ധിമുട്ടിയാണു് അതിന്നമച്ചു് വരുത്തിയതു്.

1841 നവംബർ 2.—കാബൂളിൽവെച്ചുണ്ടായ അതിരഹസ്യമായ ഗൂഢാലോചനകളെത്തുടൎന്നു് വിപ്ലവകാരികൾ ബേൺസിൻെറ വീട്ടു് ആക്രമിച്ചു് അയാളെയും നിരവധി ഉദ്യോഗസ്ഥന്മാരെയും മൃഗീയമായി വധിച്ചുകളഞ്ഞു. ലഹളയമൎത്തുവാനായി അയക്കപ്പെട്ട അനവധി സേനാവ്യൂഹങ്ങൾ എന്തോ തെററുപററി കാബൂളിലെ വീതികുറഞ്ഞ നിരത്തുകളിൽ തടഞ്ഞുനിൎത്തപ്പെട്ടു. ഭ്രാന്തുപിടിച്ചപോലുള്ള കലാപക്കാരെ കുറെക്കാലം യാതൊരു എതൃപ്പുമില്ലാതെ വിട്ടു. ഇംഗ്ലീഷുകാരുടെ കമ്മിസ്സാറിയററ് സ്റ്റോറായി ഉപയോഗിച്ചിരുന്ന ഒരു കോട്ടയെ അവർ ആക്രമിച്ചു. (കോട്ടന്നുപകരം അപ്പോൾ അഫ്ഗാനിസ്ഥാനിലെ സൎവ്വസൈന്യാധിപനായിരുന്ന) ജനരൽ എൽഫിൻസ്റ്റനിൽ നിന്നു കാൎയ്യമായ സഹായമൊന്നും ലഭിക്കാതായപ്പോൾ, അതിൻെറ ചാൎജ്ജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ ചെറിയ കാവൽസേനയോടൊരുമിച്ചു അവിടംവിട്ടു് ഓട്ടുവാൻ നിൎബ്ബന്ധിതനായി. ജനറൽ മക്നോട്ടൻ, അപ്പോൾ കൈബർ ചുരത്തിനടുക്കൽ ഉണ്ടായിരുന്ന ജനറൽ സെയിലിനും, കാൽഡഹാറിൽ ഉണ്ടായിരുന്ന ജനറൽ നോട്ടിനും, കാബൂളിലെ കാവൽസേനയെ സഹായിക്കുവാൻ എത്തണമെന്നു കാണിച്ചു അടിയന്തിരസന്ദേശങ്ങളയച്ചു. പക്ഷെ നിലത്തു് കട്ടിയിൽ വീണു കിടക്കുന്ന മഞ്ഞുമൂലം ഗതാഗതം വിഘ്നപ്പെട്ടിരുന്നു. രണ്ടു വിഭാഗങ്ങളിലായിരുന്നു സൈന്യം മുഴുവനും. ഒന്നു പ്രാപ്തനായ ബ്രിഗേഡിയർ ഷെൽട്ടൻെറകീഴിൽ ബാലഹിസ്സാറിലും, മറെറാന്നു ജനറൽ എൽഫിൻസ്റ്റൻെറ നേതൃത്വത്തിൽ പാളയങ്ങളിലും. അവ രണ്ടും തമ്മിലുള്ള വഴക്കുകൾമൂലം യാതൊന്നും നടക്കുകയുണ്ടായില്ല.

1841 നവംബർ—അഫ്ഗൻകാർ ശരിയായ ആക്രമണം തുടങ്ങി, അടുത്തുള്ള ചില മലകൾ പിടിച്ചടക്കി. അവരെ സ്ഥാനഭ്രംശരാക്കുവാനുള്ള വിഫലയത്നങ്ങൾ.

1841 നവംബർ 23—പൊതുയുദ്ധം. ഇംഗ്ലീഷുകാർ അമ്പെ തോററു, പാളയങ്ങളിലേക്ക് മടങ്ങി. സന്ധിസംഭാഷണങ്ങൾ ഫലപ്രദങ്ങളായില്ല. അല്പദിവസത്തിനുശേഷം അക്ബർഖാൻ; ഡോസ്റ്റിൻെറ അതിഭയങ്കരനായ പുത്രൻ (കാബൂളിൽ) എത്തിച്ചേന്നു.

1841 ഡിസംബർ 11—സാമഗ്രികൾ കഴിഞ്ഞു. ചുററുമുള്ള നിവാസികൾ യാതൊന്നും കൊടുക്കുകയില്ല എന്ന ഒരൊററ സ്വരത്തിൽ പ്രതിഷേധിച്ചു. വിപ്ലവകാരികളുമായി മക്നോട്ടനു സന്ധി ചെയ്യുകയല്ലാതെ വേറെ പോംവഴിയൊന്നുമില്ലാതായി. ബ്രിട്ടീഷുകാരും ശിഖമാതമായ പട്ടാളം നാടുവിടണം;—ഡോസ്റ്റ് മുഹമ്മദിനെ ബന്ധനവിമുക്തനാക്കണം; ഷാഷൂജാ കിരീടധാരിയല്ലാതെ ഇന്ത്യയിലോ അഫ്ഗാനിസ്ഥാനിലോ ഇഷ്ടംപോലെ ശല്യമെന്യേ വസിക്കട്ടെ; പണവും സാമഗ്രികളും സംരക്ഷണവും നൽകി ഇംഗ്ലീഷുപട്ടാളക്കാക്ക് പിൻമടങ്ങാനുള്ള ഒരുതാശകൾ ചെയ്തുകൊടുക്കാമെന്നു അഫ്ഗൻകാർ ഏററു. അതിനെത്തുടന്നു 15,000 ഇംഗ്ലീഷുപട്ടാളക്കാർ അഫ്ഗാനിസ്ഥാനിൽനിന്നു അവരുടെ ദുരന്തമായ പിൻവാങ്ങൽ ആരംഭിച്ചു. ഓരോ അവസരത്തിലും അഫ്ഗൻകാർ അവരെ കൊള്ളയിടുവാനും സാമഗ്രികൾ തട്ടിപ്പറിക്കാനും അമാന്തം കാട്ടിയില്ല. പട്ടാളം കാബൂളിൽനിന്നു പുറപ്പെടുന്നതിനു മുമ്പുതന്നെ, അക്ബർഖാൻ മക്നോട്ടനുമായി ഒരു പുതിയ സന്ധിയുദ്ദേശത്തോടെ അയാളെ ഒരു രഹസ്യമായ കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചു.

ഡിസംബർ 23 1841—മക്നോട്ടൻ അതു സ്വീകരിച്ചു, സൈന്യത്തിനു കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുവാൻ

വേണ്ടി. അക്ബർ കൈത്തോക്ക് നേരെ അയാളുടെ ഹൃദയത്തിൽതന്നെ താഴ്ത്തി.

1842 ജനുവരി—മക്നോട്ടിൻെറ സ്ഥാനത്ത് മേജർ പോട്ടിംഗർ. നിരാശാതപ്തരായ ജനൽമാക്ക് എന്തെങ്കിലും നിർദ്ദിഷ്ടമായ മാർഗ്ഗം നിർദ്ദേശിക്കുവാൻ അയാൾക്കു സാദ്ധ്യമായില്ല. സൈന്യത്തിനു സുകരമായി പിൻവാങ്ങാൻ പററിയ ഒരു അവസാനഘരാറുകൂടി ചെയ്തു അയാൾ കാബൂൾ വിട്ടു. പക്ഷെ അക്ബർഖാൻ ഇംഗ്ലീഷുകാരുടെ ഉന്മൂലനാശംതന്നെ ശപഥം ചെയ്തിരുന്നു. സൈന്യം പാളയം വിട്ട ഉടനെതന്നെ അതിഭയങ്കരമായി മഞ്ഞു പൊഴിയുവാൻതുടങ്ങി; അതിഭീകരമായിരുന്നു പട്ടാളക്കാരുടെ ദുരന്തങ്ങൾ. 3 ദിവസത്തെ യാത്രക്കുശേഷം പട്ടാളത്തിൻെറ മുന്നണി മലയിലുള്ള ഒരു ചുരത്തിൽ എത്തി. ഒരു അശ്വസേനയോടൊന്നിച്ചു പ്രത്യക്ഷനായ അക്ബർഖാൻ നിരവധി ഉദ്യോഗസ്ഥന്മാരും സ്ത്രീകളും കുട്ടികളും (ലേഡി മക്നോട്ടനും; ലേഡി സെയിലുമടക്കം) കീഴടങ്ങണമെന്നാവശ്യപ്പെട്ടു—പട്ടാളത്തിൻെറ സുരക്ഷിതമായ യാത്രക്കു ജാമ്യമായി. അവർ അവിടെ ഉപേക്ഷിക്കപ്പെട്ടു. ആ ബഹളത്തിൽ മലമുകളിൽനിന്നു നാട്ടുകാർ ''ഇംഗ്ലീഷ്നായ്ക്കളെ'' വെടിവെയ്ക്കുവാൻ തുടങ്ങി. നൂറുകണക്കിനു ആളുകൾ അവിടെ മരിച്ചുവീണു. ഒടുവിൽ ചുരം താണ്ടിയെത്തിയപ്പോഴേക്കും 500—600, മുറിവേററവർ മാത്രമെ യാത്ര തുടരുവാൻ അവശേഷിച്ചിരുന്നുള്ളു. അതൃത്തിയിലേക്കുള്ള ക്ലേശകരമായ മുന്നേററത്തിൽ അവരെയും ആട്ടിൻപററത്തെപ്പോലെ കശാപ്പു ചെയ്തുകളഞ്ഞു.

1842 ജനുവരി 13—ജലാലബാദ്പ്രാകാരചുമരിൽ (വടക്കുപടിഞ്ഞാറൻപ്രവിശ്യയിൽപെട്ട ഷാജഹാൻപുരത്തിനരികെ) കാവൽക്കാർ അവശമായ ഒരു കുതിരപ്പുറത്തു കീറിപ്പറിഞ്ഞ ഇംഗ്ലീഷുപട്ടാളത്തിൻെറ യൂണിഫോറം ധ

രിച്ച ഒരാളെ കണ്ടുമുട്ടി. കുതിരക്കം പട്ടാളക്കാരനും ഭയങ്കരമായ മുറിവുകൾ ഏറ്റിരുന്നു. മൂന്നാഴ്ചമുമ്പ് കാബൂൾ വിട്ട 15,000 ഇംഗ്ലീഷുപട്ടാളക്കാരിൽ ജീവനോടെ ശേഷിച്ച ഡോക്ടർ ബ്രൈഡനായിരുന്ന അയാൾ. അയാൾ പട്ടിണികൊണ്ടു മരിക്കുകയായിരുന്നു.

അഫ്ഗൻകാരാൽ ദ്രോഹിക്കപ്പെട്ടിരുന്ന ജലാലബാദിലുള്ള ജനറൽ സെയിലിൻെറ നേതൃത്വത്തിലുള്ള സേനാവ്യൂഹത്തിനെ വിമോചിപ്പിക്കുവാനായി ഒരു പുതിയ സേനയോടു മുന്നേറുവാൻ കല്പിച്ചു ആക്ക്ലൻറ് പ്രഭു. അപമാനിതനായി ആക്ക്ലൻറ് ഇംഗ്ലണ്ടിലേക്കു മടങ്ങി. അയാളെ പിൻതുടന്നതു് വിഡ്ഢിയായ ആന എല്ലൻബറോപ്രഭുവായിരുന്നു. സമാധാനനയം പ്രതിജ്ഞ ചെയ്തുകൊണ്ടാണു് അയാളെ ഇംഗ്ലണ്ടിൽനിന്നു വിട്ടതു്. പക്ഷെ അയാളുടെ രണ്ടുകൊല്ലത്തെ ഭരണക്കാലത്തിനിടക്കു് ഒരിക്കലും വാളിനു ഉറയിൽകിടക്കേണ്ട ആവശ്യം വന്നിട്ടില്ല. (പോംനിയന്ത്രകൻ.]

## എല്ലൻബറോപ്രഭുവിൻെറ (ആനയുടെ) ഭരണം 1842—1844

1842 ആദ്യം—ആക്ക്ലൻറ് ജനറൽ വൈൽഡിൻെറ കീഴിൽ ജലാലബാദിനെ വിമോചിപ്പിക്കുവാനയച്ചിരുന്ന സൈന്യത്തെ കൈബർച്ചുരത്തിൽവെച്ചു അമ്പെ തോല്പിച്ചതായ വാർത്തയാണു് "ആന" ഇറങ്ങിയ ഉടനെതന്നെ കേട്ടതു്. ശിഖസൈന്യം ഇനിയും ഇംഗ്ലീഷുപട്ടാളവുമായി

യോജിച്ചു കഴിയുവാൻ വിസമ്മതിച്ചു. അതുപോലെതന്നെ വെൽഡിൻെറകീഴിലുള്ള നാട്ടുപട്ടാളവും കുഴപ്പത്തിലായിരുന്നു.

[രണജിതസിംഹൻ മരിച്ചപ്പോൾ (1839 ജൂൺ 27) അയാളുടെ മൂത്ത മകൻ ഖാരഖ്സിങ്ങ് പഞ്ചാബിലെ ഭരണാധികാരിയായി പിൻതുടന്നു, അയാൾ ഒരു ചൈത്യസിംഹനെ തൻെറ മന്ത്രിയാക്കി—അയാളെ മുൻമന്ത്രി ദയാൻ സിങ്ങ് വധിച്ചു—അയാൾ ഖരാൿസിങ്ങിനെ നിഷ്കാസനം ചെയ്തു, അയാളുടെ പുത്രനായ നായോ നിഹാലിനെ തൽസ്ഥാനത്ത് കയററി.

1840— ഖാരൿസിങ്ങ് ജയിലിൽ കിടന്നു മരിച്ചു. നിയോനിഹാൻ യാദൃശ്ചികമായി മരണമടഞ്ഞു. ഡയാൻസിങ്ങ് ഇംഗ്ലീഷ് അനുകൂലിയെന്നു തോന്നിച്ചിരുന്ന ഷർസിങ്ങിന്നു—രണജിത്സിംഹൻെറ ധീരനായ പുത്രനു ആളെ അയച്ചു.]

1842—വെൽഡിനെ സഹായിക്കുവാനായി ജനറൽ പേളോക്കിൻെറ കീഴിൽ ഒരു പുതിയ സൈന്യത്തെ അയച്ചു. വിമോചിതനായ, വെൽഡിനോടൊപ്പം കൈബർ ചുരം കടന്നു അവക്കു ജലാലബാദിൽ ജനറൽ സെയിലിൻെറസ്ഥാനം ഏറെറടുക്കേണ്ടതായുണ്ടായിരുന്നു.

1842—ഏപ്രിൽ 5—പ്രധാനപ്പെട്ട സൈന്യത്തിൻെറ മുന്നേററം സുകരമാക്കത്തക്കവിധത്തിൽ, പോളക്ക് ആദ്യം തന്നെ കൈബർ ചുരത്തിൻെറ രണ്ടു ഭാഗങ്ങളും കയറി പരിശോധിക്കുവാനായി രണ്ടു സേനാദളങ്ങളെ അയച്ചു. അതവർ നിവ്വഹിച്ചു. സ്വന്തം മണ്ണിൽവെച്ചു പരാജയമണഞ്ഞ (കൈബാറികൾ) പവ്വതപ്രാന്തത്തിൻെറ അഫ്ഗൻ അധികാരസ്ഥലങ്ങളിലേക്കു ഓടി. യാതൊരു എതൃപ്പുമില്ലാതെ സൈന്യം മുന്നേറി, 10 ദിവസംകൊണ്ടു് (ഏ

പ്രിൽ 15-ാംനു-) ജലാലബാദിൽ എത്തി. അവിടെ ചെന്നപ്പോൾ അവക്ക മനസ്സിലായി അക്‌ബർഖാൻെറ നേരിട്ട നേതൃത്വത്തിൽ നടത്തിയ നഗരനിരോധം അമ്പെ പൊളിയുകയാൽ അക്‌ബർഖാൻ പിൻവാങ്ങിയെന്നു്.

[1842—ജനുവരിയിൽ ജനറൽ നോട്ട് തൻെറ ചെറിയ സൈന്യത്തെ കാൽഡഹാറിൽ കേന്ദ്രീകരിച്ചു നിരവധി പ്രാവശ്യം അഫ്‌ഗൻകാരെ തോല്പിച്ചു. പിന്നീട്ട് ശത്രുക്കൾ പട്ടണം വളഞ്ഞപ്പോൾ ധീരതയോടെ അതു് നിരോധിച്ചുനിന്നു. പക്ഷേ ഗസ്നി ശത്രുക്കൾക്കു കീഴടക്കി. നോട്ടിൻെറ സൈന്യവുമായി യോജിക്കാനുള്ള ഉദ്ദേശത്തോടെ കപററയിൽ നിന്നു് ഒരു സൈന്യത്തെ നയിച്ചുകൊണ്ടുവന്നിരുന്ന ജനറൽ ഇംഗ്ലണ്ടിനെ പിൻതിരിപ്പിച്ചു. അയാളെ പുറകേട്ട നീങ്ങുവാൻ നിർബന്ധിതനായി.]

ആന എല്ലൻബറൊ—ഇപ്പോൾ പത്തി അല്പം താഴ്ന്നിരിക്കുന്നു. പോളോക്കിനോട്ട് ഒക്ടോബർ അവസാനം വരെ ജലാലബാദിൽ തങ്ങാനും അതുകഴിഞ്ഞാൽ തികച്ചും അഫ്‌ഗാനിസ്ഥാനിൽനിന്നു പിൻവാങ്ങുവാനും കല്പിച്ചു. നോട്ടിനു കാൻഡഹാർ നശിപ്പിച്ചു ഇൻഡസ്സിലേക്കു പിൻവാങ്ങാനും നിർദ്ദേശം. എല്ലാം ആംഗ്ലോഇന്ത്യക്കാരുടെയും ഇടയിൽ കോപക്കലങ്ങിനെ

1842- ജൂലായ്—അഫ്‌ഗാനിസ്ഥാനിലുള്ള പട്ടാളം കാബൂൾ പിടിച്ചടക്കുവാൻ ആന അനുവദിച്ചു. അക്‌ബർഖാൻ കാബൂളിൽവെച്ചു് സ്വയം അഫ്‌ഗാനിസ്ഥാനിലെ ഷായായി പ്രഖ്യാപനം ചെയ്യപ്പെട്ടിരുന്നു; ഷാഷൂജയെ ഇംഗ്ലീഷുകാർ പിൻവാങ്ങിയതിനുശേഷം മൃഗീയമായ വിധത്തിൽ വധിച്ചുകളഞ്ഞിരുന്നു. അക്‌ബർ ഇംഗ്ലീഷ് വനിതകളെയും, ഉദ്യോഗസ്ഥന്മാരെയും മററു തടവുപുള്ളികളെയും ടെജീൻ കോട്ടയിലേക്കു് അയച്ചു-അവിടെ അവക്കു വള്ള

രനെല്ല പെരുമാററമാണ് ലഭിച്ചതു്. അവിടെവെച്ചു ജനറൽ എൽഫിൻസ്റ്റൺ മരിച്ചു.

1842-ആഗസ്റ്റ്—രണ്ടു വിഭന്നമാൎഗ്ഗങ്ങളിലൂടെ കാൻഡഹാറിലെയും, ജലാലബാദിലേയും സൈന്യങ്ങൾ കാബൂളിൽ പ്രവേശിച്ചു. നിരവധി പ്രാവശ്യം പോളോക്ക് കിൽജികളെ തുരത്തി.

1842-സെപ്റ്റംബർ—രണ്ടു വിഭാഗങ്ങളും ടെജിനിൽ (ജലാലബാദിനടുത്തു് ടിസിൻ) കൂട്ടിയോജിച്ചു അക്ബർ ഖാനെ തോല്പിച്ചു.

1842-സെപ്റ്റംബർ 15-ാംനു—കാബൂൾ വീണ്ടും ഇംഗ്ലീഷുകാരുടെ കയ്യിൽ. പോളോക്ക് മുന്നേറവെ, സാൽ മുഹമ്മദ് എന്നൊരു ഉദ്യോഗസ്ഥൻെറ നായകത്വത്തിൽ ഇംഗ്ലീഷുതടവുകാരെ മുഴുവൻ ഹിന്ദു കുഷിലെബാമിയൻ എന്ന സ്ഥലത്തേക്കു് അയക്കപ്പെട്ടു. അക്ബർ പരാജിതനായി എന്നറിഞ്ഞ സാല, സ്വരക്ഷയും പണവും പ്രതിഫലമായി ലഭിക്കുമെങ്കിൽ എല്ലാ തടവുകാരെയും വിട്ടുകൊടുത്തു അയാളെ കാബൂളിലേക്കു അനുഗമിക്കാമെന്നു് പോട്ടിംഗറോടു പറഞ്ഞു. പോട്ടിംഗർ അതു സമ്മതിച്ചു.

സെപ്റ്റംബർ 20—തടവുകാരെ കാബൂളിൽവെച്ചു സ്വജനങ്ങൾക്കു ഏല്പിച്ചുകൊടുത്തു.

1842-ഒക്ടോബർ—കാബൂളിലെ മിക്ക കോട്ടകളെയും തകൎത്തശേഷം ഇംഗ്ലീഷ് സൈന്യം അപകടമൊന്നും കൂടാതെ കൈബർ ചുരം കടന്നു പെഷ്വാർ പ്രദേശങ്ങളിൽ എത്തി. ഫിറോസ്പൂരിൽ സിക്കുകാരുടെ സൎവ്വസൈന്യാധിപനായിരുന്ന പോട്ടിംഗറുടെ ആഥിതേയൻ.

1842-അവസാനം— സർ ചാർത്സ്നാപ്പിയറിൻെറ കീഴിലുള്ള സൈന്യം സിൻഡിലെ ആമീർമാരെ ആക്രമിച്ചു. (സേനയിൽ പകുതി കാൻഡഹാർ പട്ടാളവും പകുതി

ബംഗാളിൽ നിന്നും അയച്ച പുതിയ ആൾക്കാരുമായിരുന്നു) സുക്കൂർ (സിൻഡിൽ) ആയിരുന്നു സൈനികസ്ഥാനം. ഹൈദരാബാദിലെ പൊളിററിക്കൽ ഏജൻറായ കേണൽ ഔട്ട്റാമിൻെറ വസതിയിൽ ബല്യചി അശ്വസേന വളവിച്ച ആക്രമണം നടത്തി. ആ സമയംകൊണ്ടു് ഔട്ട്റാം ഹാല്ല വരെ എത്തിയിരുന്ന നാപ്പിയറിൻെറ തമ്പിൽ എത്തിച്ചേന്നു.

1843–ഫെബ്രുവരി 17—ഹൈദരാബാദിനട്ടത്തു് മിയാനിലെ സമരം. അമീർ സൈന്യം 20,000. നാപ്പിയറിൻെറ കീഴിൽ 3,000. 3 മണിക്കൂർ നേരത്തെ ഭയങ്കരാഹവത്തിനുശേഷം നാപ്പിയർ വിജയംവരിച്ചു. ശത്രുക്കളുടെ അണിചിതറി അവർ പലായനം ചെയ്തു. ആറു് അമീർമാർ തടവുകാരായി കീഴടങ്ങി. ഉടൻതന്നെ ഹൈദരബാദ് പിടിച്ചടക്കി കൊള്ളചെയ്യപ്പെട്ടു! ഇംഗ്ലീഷുകാർ നഗരത്തിൽ കാവലുറപ്പിച്ചു.

1843 മാച്ച്—ബംഗാളിൽനിന്നു വന്ന നാട്ടുപട്ടാളം കൂടെ ചേത്തു് ഇംഗ്ലീഷ്കാവൽസേനയുടെ ശക്തി കൂട്ടി. ഇപ്പോൾ നാപ്പിയറിൻെറ സൈന്യസംഖ്യ 6.000.

1843 മാച്ച് 24—തലസ്ഥാനത്തു് അട്ടത്തു് ഒരു യുദ്ധക്കളത്തിൽവെച്ചു നാപ്പിയർ മീരാപൂരിലെ അമീർ ആയ ഷെർമുഹമ്മദിനെ തോല്പിച്ചു, മീരാപുരം കീഴടക്കി കൊള്ളചെയ്തു. അട്ടത്തു പിടിച്ചടക്കിയതു് മരുപ്രദേശത്തുള്ള സുശക്തമായ ഉമർകോട്ടയായിരുന്നു. കാവൽസേന (ബല്യചി) ഒരു വാളുപോലുമൂയത്താതെ നഗരം അടിയറവെച്ചു.

1843 ജൂൺ—സിൻഡി സാദിസേനയിലെ കേണൽ ജേക്കബ് ഷെർ മുഹമ്മദിനെ തോല്പിച്ചതോടെ സിൻഡിൻെറ കീഴടങ്ങൽ പരിപൂർണ്ണമായി. അന്നുതൊട്ടു് സിൻഡ് ഒരു ബ്രിട്ടീഷ്പ്രവിശ്യ. അതിൽനിന്നു കിട്ടാവുന്നതിൽ കൂടുതൽ ഗവണ്മെൻറിനു അവിടെ ചെലവാക്കേണ്ടിവന്നു.

ഗ്വാളിയോർ–ഡിസംബർ 1843—ഇംഗ്ലീഷു പട്ടാളക്കാർ അവിടെ യുദ്ധം ചെയ്യുന്നതു് അവരുടെ പഴയ വൈരികളോടാണു്. ഇങ്ങിനെയാണു് അതു സംഭവിച്ചതു്.

1827—ഹേസ്റ്റിങ്ങ്സ്പ്രഭുവായി ഗുണകരമായ ഒരു സന്ധി ചെയ്തതിനുശേഷം ദൗലത്ത്റാവ്സിന്ധ്യ (1814)ൽ മക്കളില്ലാതെ മരിച്ചു. അയാളെ പിൻതുടന്നതു്

1827–1848—(മരിച്ച കൊല്ലത്തിൽ) കിട്ടാൻ സാധിച്ച ഏകാവകാശിയായ മുഗത്ത്റാവ് ആയിരുന്നു—ആലിജാജെങ്കോജി സിന്ധ്യ എന്ന നാമധേയത്തിൽ. അയാൾക്കു മക്കളുണ്ടായിരുന്നില്ല—മരിക്കുമ്പോൾ 13 വയസ്സായ വിധവ താരാബായി മാത്രം. അവർ അനന്തരാവകാശിയായി ഭഗരഥ്റാവു എന്ന 8 വയസ്സായ ഒരു ബാലനെ ദത്തെടുത്തു. അയാൾക്കു് ആലിജാ ജയാജി സിന്ധ്യ എന്ന പദവി നല്കി. റീജൻസിക്കുള്ള രണ്ടു അപേക്ഷകരിൽ ഒരാൾ മാമാസാഹിബു് എന്നു വിളിക്കുന്ന ജങ്കോജി സിന്ധ്യയും (മാമ—അമ്മാമൻസാഹിബ്—യജമാനൻ) അപരൻ കുടുബത്തിലെ കൈകാര്യകത്താവായ (മരിച്ചുപോയ മഹാരാജാവിൻെറ ഒരകന്ന ബന്ധുവായ) ദാദാകാശിജി എന്നു വിളിക്കുന്ന വാലയും (ദാദ—പിതൃവംശത്തിലെ പിതാമഹൻ–കാശിജി കുടുംബവിചാരിപ്പുകാരൻ). എല്ലൻബറൊ റസിഡണ്ടിനെ കൊണ്ടു് മാമാസാഹിബിനെ റീജൻറ് ആക്കിച്ചു. താരാബായ് ദാദക്ക് അനുകൂലിയായിരുന്നു അങ്ങിനെ കൊട്ടാരത്തിൽ രണ്ടു കക്ഷികൾ ഉണ്ടായി. കുറെ പരിഭ്രാന്തിക്കും അല്പം നിണമൊഴുക്കലിനും ശേഷം മാമയെ പിരിച്ചയച്ചു 'താരാഭായ്' മഹാറാണി ദാദയെ റീജൻറ് ആക്കി. പക്ഷേ ആന, തൻെറ മാമയെത്തന്നെ ബലമായി പിൻതാങ്ങി റസിഡണ്ടിനോടു ഗ്വാളിയോർ വിടുവാൻ കല്പിച്ചു. ദാദ ആനക്കെതിരായി സേനാസന്നാഹം നടത്തി. എല്ലൻബറോ (ആന) ഗ്വാളിയോൾ ആക്രമണത്തിൽെറ നായകത്വം

ഏറെറടുക്കുവാൻ സർ ഹ്യൂഗോഫിനോട്ട് ആവശ്യപ്പെട്ടു. ആക്രമണസേന.

1843—ചമ്പാൽ നദി തരണം ചെയ്തു സിന്ധ്യയുടെ സ്ഥലങ്ങളിൽ പ്രവേശിച്ചു. റാണിയും ദാദയും അപ്പോൾ കീഴടങ്ങാമെന്നു സമ്മതിച്ചു. പക്ഷേ അവിടെ 200 തോക്കുകളുള്ള 60,000 പേരുള്ള സേന പുറത്തേക്കുവന്ന ഇംഗ്ലീഷുകാരെ ചമ്പാൽ നദി (അതവർ കടന്നു) ക്കപ്പുറത്തേക്കു തുരത്തി.

1843-ഡിസംബർ 29 — മഹാരാജപുരത്തിന്നരികെ (ഗ്വാളിയോറിൽ) വെച്ചു (മറാത്തക്കാരുടെ) തിരിഞ്ഞെടുത്ത 14,000 ഭടർ നിരവധി ആയുധങ്ങളോടും പരിപൂർണ്ണ സജ്ജീകരണം ലഭിച്ച പീരങ്കികളോടുകൂടി സർ ഹ്യൂഗോഫിനെ ആക്രമിച്ചു. അസാധാരണ ധീരതയോടെയാണ് മറാത്തർ പൊരുതിനിന്നതു്. വലിയ നഷ്ടത്തോടെയാണെങ്കിലും ഇംഗ്ലീഷുകാർ ഒടുവിൽ ജയിച്ചു.

1843-ഡിസംബർ 31—മഹാറാണിയും യുവാവായ സിന്ധ്യയും കൂടി ഇംഗ്ലീഷ് പാളയത്തിൽ ചെന്നു് വിനയാന്വിതരായി കീഴടങ്ങി. ഗ്വാളിയോർ സ്റ്റേററ് സിന്ധ്യക്കുവേണ്ടി കാത്തുസൂക്ഷിക്കപ്പെട്ടു. റാണിക്കു പെൻഷ്യൻ നൽകി. മറാത്ത സൈന്യത്തെ 6000 ആയി കുറച്ചു. (ഗ്വാളിയോർ) സേനയുടെ സഹായത്തോടെ ഇംഗ്ലീഷ് സൈന്യം 10,000 ആയി വലുതാക്കി. മേജറായി സിന്ധ്യ ഭരിക്കുന്നതുവരെ, രാജ്യഭരണത്തിനു ഒരു കൗൺസിലിനെ നിയമിച്ചു.

അധികം താമസിയാതെ 1844 ആദ്യം—ആനയുടെ കാലാവധി തീരുന്നതിനുമുമ്പുതന്നെ—കമ്പനി ഡയറക്ടർമാർ അയാളുടെ സമരക്കൊതിമൂലം, നിയമനം റദ്ദ്ചെയ്തു. ആനയുടെ സ്ഥാനത്തേക്കു് ഹാർഡിഞ്ച് പ്രഭുവിനെ നിയമിച്ചയച്ചു.

## ഹാർഡിഞ്ച് പ്രഭുവിൻെറ ഭരണം 1844–1848

1844–ജൂൺ — ഹാർഡിഞ്ച് കൽക്കട്ടയിൽ എത്തി. അയാൾ വന്നതു് പ്രഭുവായല്ല വെറും സർ ഹെൻറി ഹാർഡിഞ്ചു് ആയിട്ടു്.)

1842—രണജിത്സിംഹൻെറ പുത്രരിൽ ഒരാളായ ഷേർസിംഗ് പഞ്ചാബിലെ സാമ്രാട്ടു്. അയാളുടെ മന്ത്രിയായ ഡയൻസിങ്ങ് അജിത്സിങ്ങ് എന്നൊരാളെ ഷെർസിങ്ങിനെ വധിക്കുവാൻ ഏർപ്പാടുചെയ്തു. അജിത് പക്ഷേ ഷെർസിങ്ങിൻെറ മൂത്ത മകനായ പ്രതാപസിംഹനെയും ഡയാൻസിങ്ങിനെതന്നെയും, കൊന്നുകളഞ്ഞു. ഡയാൻെറ സഹോദരനായ സുചിത്തും മകനായ ഹീരസിംഗും, സൈന്യങ്ങളോടുകൂടി ലാഹോർ വളഞ്ഞു. വിപ്ലവകാരികളെ (അജിത്സിംഹൻെറ നേതൃത്വത്തിലുള്ള) പിടിച്ചു എല്ലാവരേയും വധിച്ചുകളഞ്ഞു. പിന്നീടു് സ്വയം മന്ത്രിയായ ഹീരാസിങ്ങ്, ഷെർസിങ്ങിൻെറ അവശേഷിച്ച പുത്രനായ ദുലീപസിംഹനെ രാജാവായി പ്രഖ്യാപിച്ചു. (10 വയസ്സായ സമർത്ഥനായ ആ കുട്ടിയായിരുന്നു ലാഹോറിലെ അവസാനത്തെ രാജാവു്) ഹീരാസിങ്ങിനു നോക്കേണ്ടിവന്ന ഏററവും ദുഷ്കരമായ പ്രശ്നം, സിക് സൈന്യത്തിൻെറ അഥവാ കൽസയുടെ* എണ്ണവും ശക്തിയും കുറയ്ക്കുക എന്നതായിരുന്നു. അവരായിരുന്നു സ്റ്റേററിലെ അധികാരികൾ അതിലെ ഓഫീസർമാരുടെ ഗൂഢാലോചനകളുടെ ഫലമായി ഹീറവീണ (അവസാനിച്ചു) റാണിയുടെ

---

* വർഗ്ഗം ആദ്യം സിക്കുകാരുടെ സഹോദര സഖ്യത്തിൻെറയും, പിന്നീടു് സിക്സ്റ്റേററിൻെറയും പട്ടാളസംഘടനയുടെയും പേർ. സിക് ഗവണ്മേൻറിൽ അതു് പ്രജായത്തപരമായ സ്വാധീനം ചെലുത്തിയിരുന്നതുകൊണ്ടു് സിക്ഫ്യൂഡൽ പ്രഭുക്കന്മാർതന്നെ ഖൽസയുടെ ശക്തി കുറയ്ക്കണമെന്ന നിർബന്ധമായിരുന്നു.

പ്രീതിഭാജനമായിരുന്ന "ലാൽസിംഗ്" എന്നൊരു ബ്രാഹ്മണൻ മന്ത്രിയായി. അനവധി ചെറിയ ചെറിയ ആക്രമണം കഴിഞ്ഞപ്പോൾ അയാൾക്കു മനസ്സിലായി ഖൽസയെ സമാധാനിപ്പിക്കുവാനുള്ള ഏകമാൎഗ്ഗം ഇംഗ്ലണ്ടിനോടു യുദ്ധം ചെയ്യുകമാത്രമാണു് എന്നു്.

1845-ലെ ശരത്കാലം—ലാഹോറിലെ സമര സന്നദ്ധത അത്ര പ്രകടമാകയാൽ സർ ഹെൻട്രി ഹാർഡിഞ്ചു് സററ്ലജ്ജിന്റെ കിഴക്കെക്കരയിൽ 50,000 ആളുകളെ സജ്ജീകരിച്ചുനിൎത്തി.

ആദ്യത്തെ ശീഖസമരം: 1845—1846 നവംബർ അവസാനത്തിൽ 60,000 ശീഖന്മാർ സററ്ലജ്ജ് കടന്നു ഫീറസ്പൂരിന്നടുത്തുള്ള ഇംഗ്ലീഷ്സ്ഥലത്തു് തമ്പടിച്ചു. ഗവൎണ്ണർ ജനറൽ ഹാർഡിഞ്ചും, അയാളുടെ സേനാധിപതി സർഹ്യൂഗോഫും ഉടനടി അവരെ എതിരിടുവാനായി മാൎച്ചുചെയ്തു. ഇംഗ്ലീഷുകാൎക്കു വന്ന അപകടങ്ങൾക്കു കാരണം സിക്കുകാരുടെ ധീരതക്കു പുറമേ ഗോഫിന്റെ കഴുതമണ്ടത്തരം കൂടിയായിരുന്നു. ദക്ഷിണസംസ്ഥാനത്തിലെ എളുപ്പത്തിൽ ഭയചകിതരാകുന്ന ഹിന്ദുക്കളെ ബയനററുകൊണ്ടു ചാൎജ്ജ്ചെയ്യുന്നതുപോലെ സിക്കുകാരോടും എന്തുതന്നെയും ചെയ്യാമെന്നായിരുന്ന അയാളുടെ ധാരണ.

1845-ഡിസംബർ 17—മൂഡ്കി (ഫീറസ്പൂരിൽനിന്നു 20 മൈൽ അകലെയുള്ള ഒരു വില്ലേജ്) സമരം. നിരവധി നാട്ടുപട്ടാളം ചേരിമാറി (എങ്കിലും) ഇംഗ്ലീഷുകാർ വിജയിച്ചു. ലൽസിങ്ങ് രാത്രി സൈന്യസമേതം പിൻവാങ്ങി.

1845-ഡിസംബർ 21—സിക്കുകാർ തമ്പടിച്ചിരുന്ന ഫീറോസ്ഷായിലെ സമരം. എല്ലാ ഭാഗത്തും വമ്പിച്ച നാശനഷ്ടങ്ങളോടെ ഇംഗ്ലീഷുകാൎക്കു് ഓടിപ്പോകേണ്ടിവന്നു.

1845-ഡിസംബർ 22—യുദ്ധം വീണ്ടും തുടന്നു: വമ്പിച്ച നാശനഷ്ടങ്ങളൊടെയാണെങ്കിലും ഇംഗ്ലീഷുകാർ ജയി

ച്ചു; തങ്ങളുടെ തോൽവിക്കുശേഷം പൗരസ്ത്യദേശത്തു് അതിന്നർത്ഥം പരിഭ്രാന്തിയും പലായനവുമെന്നാണു്—പിറെറ ദിവസംതന്നെ ഇംഗ്ലീഷുകാർ ആക്രമണം നടത്തുമെന്നു സിക്കുകാർ തീരെ കരുതിയിരുന്നില്ല. സിക്കുകാർ പിൻവാങ്ങി. പിൻതുടരാൻ വയ്യാത്തവിധത്തിൽ അവശരായിരുന്നു ഇംഗ്ലീഷുകാർ. ലാഹോറിനെ ആക്രമിക്കുവാനായി, ഡിസംബർ മദ്ധ്യത്തോടുകൂടി എത്തിച്ചേരുമെന്ന പ്രതീക്ഷിക്കപ്പെട്ടിരുന്ന പീരങ്കിപ്പടക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു അവർ. വരുന്ന ആക്രമണത്തെ എതിരിടുവാൻ സന്നദ്ധരായി സിക്കുകാർ ആലിവാലിയിൻ (ലൂധിയാനക്കു് സമീപമുള്ള ഒരു ചെറിയ ഗ്രാമം) തമ്പടിച്ചു.

1846_ജനുവരി 28—ആലവാലിയിലെ സമരം: ഉറച്ച സമരത്തിനുശേഷം സിക്കുകാരെ നദിക്കപ്പുറത്തേക്കു് ഓടിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം ഡൽഹിയിൽനിന്നു തിരിച്ച സേനാവ്യൂഹം ഇംഗ്ലീഷ് ക്യാമ്പിൽ എത്തി. ആ സമയംകൊണ്ടു സിക്കുകാർ സബറോണിൻ ലാഹോറിൻെറ സംരക്ഷണക്കുവേണ്ടി — 40,000 ആൾക്കാരുള്ള സുശക്തമായ ഒരു കോട്ട കെട്ടിയുണ്ടാക്കി.

1846–ഫെബ്രുവരി 10—സബറോണിലെ സമരം; അതിരററ ധീരതയോടെ, ഉജ്ജ്വലമായി ചെറുത്തുനിന്ന സിക്ഭടന്മാർ തകർന്നു. ഇംഗ്ലീഷുകാൎക്ക സംഭവിച്ച നാശനഷ്ടങ്ങൾ (സാമാന്യം ദ്വന്ദയുദ്ധംതന്നെ അയിരുന്നു. ഇന്ത്യയിൽവെച്ചു ഇതേവരെ ഇംഗ്ലീഷുകാൎക്ക ചെയ്യേണ്ടിവന്നിട്ടില്ലാത്ത വിധത്തിൽ പൊരിഞ്ഞ സമരമായിരുന്നു.)

യാതൊരു എതിൎപ്പും ഇല്ലാതെ ഇംഗ്ലീഷുകാർ സററ്ലജ്ജ് കടന്നു്, കാസൂർ എന്ന സുശക്തമായ കോട്ട കയ്യേറി. അപ്പോൾ ദുലീപ്സിങ്ങ് (ചെറുപ്പക്കാരനായ രാജ) ഗുലാബ്സിങ്ങ് (മനസാസിക്കുകാരുടെ വലിയ വൈരിയാണു് എന്നു് ഇംഗ്ലീഷുകാൎക്കു് അറിയാമായിരുന്ന ഒരു രാജപുത്രനാ

യിരുന്നു അയാൾ) എന്നൊരാളുടെ നിയന്ത്രണത്തിൽ സ്വാധീനശക്തിയുള്ള വംശപ്രമുഖന്മാരെ കൂട്ടിക്കൊണ്ടു് അങ്ങോട്ടു കീഴടങ്ങുവാനായി ചെന്നു. സന്ധി അതനുസരിച്ച് ബിയാസ്സിനും സററ്‌ലജ്ജിനുമിടക്കുള്ള ഭൂമി മുഴുവനും കമ്പിനിക്കാർക്കു വിട്ടുകൊടുക്കണം, 1500,000 പവൻ നഷ്ടപരിഹാരം നൽകണം. ലാഹോറിൽ തൽക്കാലത്തേക്കു് ഇംഗ്ലീഷ് കാവൽ സേനയെ പാർപ്പിക്കണം.

1846–ഫെബ്രുവരി 20—ഇംഗ്ലീഷ് സൈന്യം വിജയികളായി ലാഹോറിൽ പ്രവേശിച്ചു. കൊടുക്കാനുള്ള 1500,000 പവൻ ഖജനയിൽ ഇല്ലാതിരുന്നതിനാൽ, കാഷ്മീർ കമ്പനി പിടിച്ചടക്കിയതായി ഹാർഡിഞ്ച് പ്രഖ്യാപിച്ചു. പക്ഷേ ഗുലാബസിങ്ങ് പണം കൊടുക്കാമെന്നു് ഏററപ്പോൾ കാഷ്മീർ അയാൾക്കു നൽകപ്പെട്ടു. ഹാർഡിഞ്ച് അങ്ങിനെയാണു് യുദ്ധത്തിനു ചിലവായ സംഖ്യ ഉണ്ടാക്കിയതു്. ഖൽസാ സൈന്യത്തെ പണം കൊടുത്തു് പിരിച്ചുവിട്ടു. ദുലീപ്സിംഗിനെ സ്വതന്ത്രനായി അംഗീകരിക്കപ്പെട്ടു. ലാഹോറിലെ ഇംഗ്ലീഷ് കാവൽസേനയുടെ പ്രധാനിയായ മേജർ ഹെൻറിലോറൻസ്. പ്രധാന സേന പിടിച്ചെടുത്ത തോക്കുകളുമായി ലുധിയാനയിലേക്കു് മടങ്ങി. ഹാർഡിഞ്ചിനു പാർലിമെൻറിൻെറ നന്ദി ലഭിച്ചു. അയാളെ പ്രഭുപദത്തിലേക്കുയർത്തി. 1848 മാർച്ചിൽ ഹാർഡിഞ്ച് ഇംഗ്ലണ്ടിലേക്കു് മടങ്ങി, ദൽഹൗസിപ്രഭു ഗവർണർ ജനറലായി പിൻതുടന്നു.

## ദൽഹൗസി പ്രഭുവിൻെറ ഭരണം 1848–1856

1848–ഏപ്രിൽ—തൻെറ പിതാവായ (സാവനെ) പിൻതുടന്നു. 1844-ൽ മൂൾട്ടാനിലെ ഗവർണ്ണറായ മൂൽരാ

ജിനെ ദൂലീപ്സിംഹൻ സ്ഥാനഭ്രഷ്ടനാക്കി. വാൻസ് അഗ്നു എന്നൊരു (പൗര)നാലും ലഫ്റ്റനൻറു ആൻഡേർസനാലും അനുഗതനായ സർദാർഖാനെ, തൽസ്ഥാനമേറെറടുക്കുവാനയച്ചു.

1846–ഏപ്രിൽ 20—മൂൽരാജ് നഗരത്തിൻെറ താക്കോൽ വിട്ടുകൊടുത്തു. മൂന്നുദിവസത്തിനു ശേഷം കാവൽസേന വാതിൽ തുറന്ന തക്കത്തിനു സിക്കുകാർ അകത്തുകടന്നു ആൻഡേർസിനേയും വാൻസ് അഗനുവിനെയും കൊന്നുകളഞ്ഞു. ഒരു ചെറിയ ശിഖസേനാ വ്യൂഹത്തോടുകൂടി—അവർ അയാളെ ഉപേക്ഷിച്ചുതുടങ്ങിയിരുന്നു—ലാഹോറിരിന്നകെ തമ്പടിച്ചിരുന്ന ചെറുപ്പക്കാരനായ ലഫ്റ്റനൻറ് എഡ്വേർഡ്സ്, ഭവൽപൂരിലെ രാജാവിനോടു സഹായത്തിനപേക്ഷിച്ചു, അതു് അയാൾക്കു ലഭിച്ചു.

1848–മെയ് 20—അയാൾ ഇൻഡസ്സിൽ ഉള്ള ഡേറഗാസിഖാനിൽവെച്ച് കേണൻ കോർട്ടു് ലാൻഡുമായിയോജിച്ചു; കോർട്ടിലാൻഡിൻെറ കീഴിൽ 4000 ഭടന്മാർ ഉണ്ടായിരുന്നു. അവരോടുകൂടി രണ്ടു ദളം ബലൂചികൾകൂടി ചേർന്നു. അങ്ങിനെ 7000 ആളുകൾ ആയപ്പോൾ അവർ മൂൾട്ടാൻ ആക്രമിക്കുവാൻ തീച്ചയാക്കി. നിരവധി ഭാഗ്യകരമായ ഇടപെടലുകൾക്കുശേഷം അവർ (ഇംഗ്ലീഷുകാർ) 1848 സെപ്റ്റംബർവരെ മൂൾട്ടാൻെറ മുന്നിൽ തമ്പടിച്ചു. അപ്പോൾ ജനറൽ വിഷിൻെറ കീഴിലുള്ള വലിയ ഒരു ഇംഗ്ലീഷ് സേന അവരുമായി യോജിച്ചു. അവർ മൂൾട്ടാനോടു് കീഴടങ്ങുവാനാവശ്യപ്പെട്ടു. പക്ഷേ അതു് നിരാകരിക്കപ്പെട്ടു. അതെ സമയത്തു് ഷെർസിങ്ങ് (ലാഹോറിൽ രണ്ടു മാസം മുമ്പ് ഒരു സുഹൃത്തു് എന്ന നിലയിൽ എത്തിയതായിരുന്നു അയാൾ) സൈന്യത്തെ ഉപേക്ഷിച്ചു. പഞ്ചാബു മുഴുവനും ബഹളം. പെഷവാർ കൊടുക്കാമെന്ന വാഗ്ദാനത്തിന്മേൽ ലാഹോർ കാബിനററ് ദോസ്റ്റ് മുഹമ്മദി

ൻെറ സഹായം തേടി. സർ ഹെൻട്രിയുടെ സഹോദരനായ സർ ജോർജ്ജ് ലോറൻസായിരുന്ന പെഷവാറിലെ റസിഡണ്ട്. 1848 ഒക്ടോബർ 24-ാംനു സിക്കുകാർ റസിഡൻസി പിടിച്ചടക്കി ഇംഗ്ലീഷുകാരെ തടവുകാരാക്കി പിടിച്ചു.

രണ്ടാം ശിഖയുദ്ധം 1848—ഡൽഹൗസി ഫിറാസ്പൂരിൽ ഉണ്ടായ സൈന്യവുമായി യോജിച്ചു. ഒക്ടോബർ അവസാനത്തിൽ ഗോഫ്, സറ്റലജ് കടന്നു, ജനറൽ വീലർ ജലന്തറിൽവെച്ചു അയാളുമായി യോജിച്ചു. സിക്കുകാർ റാവി, ചീനാബ് വദികൾക്കിടയിലെ ഡോബിൻ സമ്മേളിച്ചു.

1848-നവംബർ 22—റാംനഗറിലെ യുദ്ധം (സിക്കുകാർ ഷെർസിൻെറ നേതൃത്വത്തിൽ) സിക്കുകാർ ചീനാബിൻെറ അപ്പുറത്തേക്കു മടങ്ങി. സിക്ക് പീരങ്കിയുടെ മുഖത്തുകൂടിയല്ലാതെ ഒരു മാർഗ്ഗം കണ്ടുപിടിക്കുവാൻ വേണ്ടി ഗോഫ് വടക്കോട്ടു മാർച്ചുചെയ്തു.

1848-ഡിസംബർ 2-സാദുല്ലപുരം വില്ലേജിലെ യുദ്ധം (ഷെർസിങ്ങിനെ നേതൃത്വത്തിലുള്ള സിക്കുകാർ ജലംനദിക്കു ഉന്മുഖമായി മടങ്ങി, അവിടെ സുശക്തമായ കൈനില ഉറപ്പിച്ചു. ആറാഴ്ചക്കാലത്തു് ഇംഗ്ലീഷുകാർ ഉദാസീനരായിരുന്നു.)

1849-ജനുവരി* 14 കാലം—ജലംനദിക്കടുത്തുള്ള ഒരു വില്ലേജായ ചിലിയൻവാലയിലെ സമരം: ഇംഗ്ലീഷുകാർക്കു ഏററവും ദുരന്തമായതു്. അവർക്കു 2300 ഭടന്മാർ നഷ്ടപ്പെട്ടു. മൂന്നു സേനാ ഭാഗത്തിൻെറ കൊടിപോയി. അവർ ചിലിയൻ വാലയിൽ വിശ്രമിച്ചു, സിക്കുകാർ പിൻവാങ്ങി പുതിയ സൈനികനികേതം ഉറപ്പിച്ചു.

---

* സ്മിത്തിൻെറ "ഓക്സ്ഫോർഡ് ഹിസ്റ്ററി ഒഫ് ഇന്ത്യ പ്രകാരം ജനുവരി 13.

1849—ജനുവരി 22—ജനറാൽ വിഷ്ംലഫ്ററനൻറ് എഡ്വേർസ്സുകൂടെ മൂൾട്ടാൻ പിടിച്ചു (മൂൽരാജിനെ പുറത്തേക്കു പോകുവാൻ അനുവദിച്ചു) ഇംഗ്ലീഷ്സൈന്യം ഗോഫിൻെറ സമീപത്തേക്കു മാച്ചുചെയ്തു. ലഫ്ററനൻറ് എഡ്വേർസ്സ് ഒരു ചെറിയ കാവൽ സേനയോടുകൂടി മൂൾട്ടാനിൽ താമസമാക്കി.

1849 ജനുവരി 26—ഗോഫിൻെറ സൈന്യം, മൂൾട്ടാൻ പിടിച്ചടക്കിയ വാത്ത കേട്ടു. അല്പദിവസങ്ങൾക്കശേഷം ഷെർസിങ്ങ് കീഴടങ്ങാമെന്നു സമ്മതിച്ചു. (പക്ഷെ ഇംഗ്ലീഷുകാർ) അതു് സ്വീകരിച്ചില്ല.

1849 ഫെബ്റുവരി 12—ബ്രിട്ടീഷ്സൈന്യം മുഴവനും ഉത്തരപ്രദേശത്തായിരിക്കുമ്പോൾ പെട്ടെന്നു് ലാഹോറിൽ പറന്നു വീഴത്തക്കവണ്ണം സമത്ഥമായ ഒരു പടയേററമൊരുക്കി ഷെർസിങ്ങ്. പക്ഷെ ചീനാബ്നദിയുടെ സമീപമുള്ള ഗുജറാത്തിൽവെച്ചു ഗോഫ് അവരെ വെട്ടിച്ചു കടന്നു.

1899 ഫെബ്റുവരി 20 — ഗുജറാത്തിലെ രണ്ടാം (24000 ഭടന്മാരുണ്ടു് ഇംഗ്ലീഷ്സൈന്യത്തിൽ) താരതമ്യേന രക്തച്ചൊരിച്ചിൽ കുറഞ്ഞു ഇംഗ്ലീഷ്വിജയം.

1849 മാച്ച് 12—ഷെർസിങ്ങും അയാളുടെ ജനറൽമാരും കീഴടങ്ങി. ലാഹോർ കീഴടക്കിയതിനുശേഷം ഡൽഹൗസി പഞ്ചാബ് കൂട്ടി യോജിപ്പിച്ചു് ദുലിപ്സിംഹന് സ്വയം ബ്രിട്ടീഷ്സംരക്ഷണക്കു വിധേയനാക്കേണ്ടിവന്നു. ഖൽസസൈന്യത്തെ പിരിച്ചുവിടേണ്ടിവന്നു. കോഹിനൂർരത്നം സുന്ദരിയായ വിക്ടോറിയക്കു നൽകണം. സിക്ക്നേതാക്കന്മാരുടെ സ്വകാര്യവസ്തുവഹകൾ കണ്ടുകെട്ടി. താമസസ്ഥലത്തിൻെറ നാലു നാഴിക ചുററകത്തു് അവർക്കു തടവുകാരെപ്പോലെ സ്വയം പരിഗണിക്കേണ്ടിവന്നു.

മൂൽരാജനെ ജീവപൎയ്യന്തം തടവിനു വിധിച്ചു. സർ ഹെൻറി ലോറൻസ് സഹോദരനായ സർ ജോൺ ലോറൻസിൻെറ (പിന്നീട്ട് ഗവൎണ്ണർ ജനറലായ ദേഹം) സഹായത്തോടെ, ഒരു കമ്മീഷൺ വെച്ചു പഞ്ചാബ് വ്യവസ്ഥിതിയിലാക്കണം. ശിപായികളുടെ നിലയിൽ, ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരിൽ നിയന്ത്രിക്കപ്പെട്ടുന്ന ഒരു ചെറിയ ശിഖസേനയെ നിൎത്തി റോഡ്ഡുകൾ വെട്ടിച്ചു.

1848 മേയ്—സർ ചാർസ് നാപ്പിയർ ഗോഫിൻെറ സ്ഥാനത്തു് അയാളും ദൽഹൌസിയുമായുണ്ടായ വഴക്കുകൾ അവസാനിച്ചതു് അയാളുടെ രാജിയിലാണു്.

1848—സതാറയുടെ സംയോജനം. 1818-ൽ ഹേസ്റ്റിങ്ങ്സ് സിംഹാസനത്തിൽ കയററിയ ശിവാജിയുടെ കുടുംബത്തിൽപെട്ട രാജാവു് അന്തരിച്ചു. അയാൾക്കു മക്കളുണ്ടായിരുന്നില്ല. മരണസമയത്തു് ഒരു മകനെ ദത്തെടുത്തു് അയാളെ അനന്തരാവകാശിയാക്കി. ഡൽഹൌസി അതു് അംഗീകരിക്കുവാൻ കൂട്ടാക്കാതെ (സതാറ) പിടിച്ചടക്കി.

1849–1851—നിരവധി മലവൎഗ്ഗക്കാരുടെ വിപ്ലവങ്ങൾ. സർ കോളിൻ ക്യാംബെൽ, കേണൽ ക്യാംബെൽ, മിസ്റ്റർ സ്ട്രേൻജ് എന്നിവർ ചേൎന്നു അതിന്നു അമൎച്ച വരുത്തി. തീവെട്ടിക്കൊള്ള, തഗ്ഗി, ശിശുഹത്യ, നരബലി, സതി തുടങ്ങിയവയ്ക്കെതിരായി ഒരുതുറന്ന സമരപ്രഖ്യാപനം.

രണ്ടാം ബൎമ്മായുദ്ധം. 1852–1853 (1852 ഏപ്രിൽ 12-ാംനു തുടങ്ങി, 1853 മാൎച്ച് 17—18 തീയതികളിൽ ഡോണാബ്യുവിൽവെച്ചുണ്ടായ സമരങ്ങളുടെ ഫലമായി അവസാനിച്ചു.) 1853 ഡിസംബർ 20-ാംതീയതിയിലെ വിളംബരപ്രകാരം പെഗു പിടിച്ചടക്കി.

1853—ബീറാർ കുട്ടിച്ചേൎക്കൽ (1840) ആക്‌ലണ്ട് പ്രഭു സിംഹാസനസ്ഥനാക്കിയ നാഗപുരരാജാവു് ശരിയാ

യതോ, ദത്തെടുത്തതോ ആയി സന്തതികൾ ഇല്ലാതെ മരണമടഞ്ഞു.

കർണ്ണാട്ടിക്കിൻെറ അവസാന സംയോജനം. 1801-ൽ "കമ്പനിയുടെ നവാബ്" സ്വകാര്യജീവിതത്തിലേക്ക് ഒതുങ്ങി. 1819-ൽ അയാൾ മരിച്ചപ്പോൾ സിംഹാസനാരോഹണം ചെയ്ത പുത്രൻ 1825-ൽ മരിച്ചു. അയാളുടെ പിഞ്ചിളംപൈതലിനെ നവാബായി പ്രഖ്യാപിച്ചു. ആ കുട്ടി 1853*-ൽ മരിച്ചു. പിന്നീട് അവകാശം പറഞ്ഞ മാതുലനായ ആസിംജായെ അട്ടത്തുൺ കൊടുത്ത് പിരിച്ചുവിട്ടു. മദിരാശിയിലെ എല്ലാ പ്രഭുക്കന്മാരിലുംവെച്ചു മുൻഗണന നൽകി വിക്ടോറിയ അയാൾക്കു ആർക്കോട്ട്‌രാജകുമാരൻ എന്ന ബഹുമതി നൽകിയിരുന്നു. ഇന്നയാൾ മദിരാശിയിലുള്ള കൊട്ടാരത്തിൽ സുഖമായി അലസജീവിതം നയിച്ചുവരികയാണ്.

1854—ജാൻസിയുടെ കൂട്ടിച്ചേർക്കൽ (ബണ്ഡിൽഖണ്ഡിൽ.) പേഷ്വയുടെ ഒരു സാമന്തനായിരുന്ന, 1832-ൽ സ്വതന്ത്രനായി പ്രഖ്യാപിക്കപ്പെട്ട ജാൻസിയിലെ രാജസന്തതിയില്ലാതെ അന്തരിച്ചു. ദത്തുപുത്രൻ ജീവിക്കുന്നുണ്ടായിരുന്നു. മൊൺസ്യൂർ ദൽഹൗസി പതിവുപോലെ തന്നെ അയാളെ അംഗീകരിക്കുവാൻ കൂട്ടാക്കിയില്ല. അതുകൊണ്ട് സ്ഥാനഭ്രഷ്ടയായ റാണിയുടെ കോപം. അവർ പിന്നീടുണ്ടായ ശിപായിലഹളയിലെ പ്രമുഖനേത്രിയായി.

1853-ൽ—മരിച്ചുപോയ, അതിനുമുമ്പ് പെൻഷ്യൻ കൊടുത്ത് പിരിച്ചയച്ച ബാജിറാവ് പേഷ്വയുടെ ദത്തുപുത്രനായിരുന്നു നാനാസാഹിബ് എന്നു വിളിക്കുന്ന ദണ്ഡുപന്ത്. നാനാസാഹിബ്, തൻെറ ദത്തുപിതാവിന്നവകാശപ്പെട്ടിരുന്ന 10,000 പവൻ അട്ടത്തുൺ ആവശ്യപ്പെട്ടതു്

* 1855 ബർഗസ്സീൻെറ അഭിപ്രായത്തിൽ

നിരാകരിക്കപ്പെട്ടു. നാനാ കീഴടങ്ങി. പക്ഷെ ഒടുവിൽ അയാൾ ഇംഗ്ലീഷ്നാട്ടുകാരോട്ട് പ്രതികാരം ചെയ്തു.

1855-1856—സന്താൾ വിപ്ലവം. ബംഗാളിലെ രാജമഹൽകുന്നുകളിൽ നിവസിച്ചിരുന്ന അദ്ധകിരാതന്മാരായിരുന്ന അവർ 1856 ഫെബ്റുവരിയിൽ 6 മാസം നീണ്ടുനിന്ന ഒളിപ്പോരിനുശേഷം അതു് അമർച്ച ചെയ്യപ്പെട്ടു.

1856 ആദ്യം—സ്ഥാനഭ്രഷ്ടനാക്കപ്പെട്ട മൈസൂർരാജാവിൻെറ തനിക്കു നഷ്ടപ്പെട്ട രാജ്യം തിരികെ നൽകണമെന്നുള്ള വിനീതമായ അഭ്യർത്ഥന ദൽഹൗസി നിരാകരിച്ചു.

1856—നവാബിൻെറ ദുർഭരണത്തിൻെറ പേരിൽ ഔധ് പിടിച്ചടക്കപ്പെട്ടു. പഞ്ചാബിലെ മഹാരാജദുലിപ് സിംഗ് ക്രിസ്തുമതം സ്വീകരിച്ചു. അഹന്തപൂർവ്വമായ അല്പം ചില യാത്രാസമ്മാനങ്ങളോടെ ദൽഹൗസി തിരികെ പോയി. മററു സാധനങ്ങളുടെ കൂട്ടത്തിൽ, കനാലുകൾ, റെയിൽവെകൾ, ഇലക്ട്രിക്ക്, ടെലിഗ്രാഫ് മുതലായവയുണ്ടാക്കി. ഭൂനികുതിയിനത്തിൽ വദ്ധന 4 ലക്ഷം പവൻ—ഔധിൻെറ സംയോജനം കൂട്ടാതെതന്നെ, കൽക്കത്തയ്ക്കു് കച്ചവടാവശ്യത്തിനു വന്നിരുന്ന കപ്പലുകളുടെ ടണ്ണേജ് ഇരട്ടിച്ചു. പൊതുകണക്കിൽ പരമാത്ഥത്തിൽ വരവു് കുറവായിരുന്നു; അതിനു കാരണം—പൊതുപരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള അമിതമായ ചിലവുകൾ. ഈ ഡീക്കിൻെറ എല്ലാം പരിണതഫലം ശിപായിലഹള (1857-1859)

## കാനിങ്ങ്പ്രഭുവിൻെറ ഭരണം 1856—1858

1856 ഫെബ്റുവരി 29—കാനിങ്ങ് അധികാരം ഏററെടുത്തു. (ഹിന്ദുക്കൾക്കും മുഹമ്മദീയക്കും യൂറോപ്യന്മാക്കും

ഒരുപോലെ ബാധകമായിരുന്ന അയാളുടെ 'കുററശിക്ഷാ നിയമം' 1861 വരെ മുഴവനാക്കപ്പെട്ടിരുന്നില്ല.

1856—ആഗസ്റ്റ്. വിഷൂചിക മദ്ധ്യേന്ത്യയെ ആക്രമിച്ചു. ആഗ്രയിൽതന്നെ 15,000 കണക്കിനു മരണം.

പേർസ്യൻയുദ്ധം 1856–1857—(പാം) പുഛരത്തോടു കൂടിയുള്ള പെരുമാററം സഹിക്കേണ്ടിവന്നപ്പോൾ 1855–ൽ ബ്രിട്ടീഷ്റസിഡണ്ടു് ടെഹറാൻ വിട്ടു.

1856—പേർസ്യൻ ഗവമ്മെൻറ് അഫ്ഗൻ ഇസാഖാനിൽനിന്നു ടെഹറാൻപിടിച്ചടക്കി.

1856 നവംബർ 13—കാനിങ്ങ് സമരം പ്രഖ്യാപിച്ചു. നിരവധി കപ്പലുകൾ 'മസ്കാററ്' ആക്രമണാത്ഥം ബോംബെയിൽനിന്നു പുറപ്പെട്ടു.

1856 ഡിസംബർ—ആദ്യം ബുഷയർ (ആബുഷാഹർ; പേർസ്യൻ ഗൾഫിൽ) പിടിച്ചടക്കപ്പെട്ടു.

[അതേ സമയത്തു് സർ ജോൺ ലോറൻസും (തൻെറ സഹോദരനായ സർ ഹെൻട്രിയുടെ സ്ഥാനത്തു് ഇപ്പോൾ പഞ്ചാബിലെ പുതിയ ചീഫ് കമ്മീഷണർ) കാബൂളിലെ അമീറായ ദോസ്റ്റ്മുഹമ്മദും തമ്മിൽ കൂടിയാലോചനകൾ. 1857 ആദ്യം അനുരഞ്ജനസഖ്യത കാത്തു സൂക്ഷിക്കപ്പെട്ടു.]

1857 ജനുവരി—സർ ജെയിംസ് ഔട്ട്റാം, ആക്രമണത്തിൻെറ സർവ്വ സൈന്യാധിപനായി, ബുഷയറിലെ സൈന്യവുമായി യോജിച്ചു.

1857 ഫെബ്രുവരി 7—കൗസാബിലെ സമരം: ഔട്ട്റാമിൻെറകീഴിലുള്ള സേനാവിഭാഗം 8,000 പേർസ്യക്കാരെ അമ്പെ തകർത്തു.

1857–ഫെബ്രുവരി 6—സേനയോടുകൂടി ഔട്ട്റാം ബുഷയറിലുള്ള കേന്ദ്രത്തിലേക്കു മടങ്ങി.

1857—മോഹമ്മേറ പിടിച്ചടക്കി. അതിനെത്തുടന്നു് സമാധാന ഉടമ്പടി. പേർസ്യക്കാർ എന്നെന്നേക്കുമായി ഹീററലിൽനിന്നും അഫ്ഗാനിസ്ഥാനിൽനിന്നും പിൻവാങ്ങണം. ടെഹറാനിലെ ബ്രിട്ടീഷ്കമ്മീഷനോട്ട സവ്വാദരവോട്ടക്കൂടി പെരുമാറണം.

1857—ശിപായിലഹള. കുറെ ഏറെക്കാലത്തേക്കു ശിപായിസൈന്യത്തിന്നു ഒരു സംഘടിതരൂപം ഉണ്ടായിരുന്നില്ല. ഔധിൽനിന്നുള്ള 40,000 സൈന്യത്തിനെ ബന്ധിച്ചിരുന്നതു് ദേശീയതവും ജാതിയുമായിരുന്നു. സേനയിലാകെ ഒരുപോലെയായിരുന്നു വികാരങ്ങൾ. മേലധികാരികൾ ഒരു സൈന്യവിഭാഗത്തെ അപമാനിച്ചപ്പോൾ അതു് പൊതുവെയുള്ള അപമാനമായാണു് സേനമുഴവനും കരുതിയതു്. ഉദ്യോഗസ്ഥന്മാക്കു കാൎയ്യമായ അധികാരങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അച്ചടക്കം ആകെ ശിഥിലമായിരുന്നു. വെളിവായ ബഹളങ്ങൾ സവ്വസാധാരണമായിരുന്നു. വളരെ ബുദ്ധിമുട്ടിയാണു് അവ അമർച്ച ചെയ്യാറു്. റങ്കൂണിനെ ആക്രമിക്കുവാനായി കടൽ കടക്കുവാനുള്ള ആജ്ഞ ബംഗാൾസൈന്യം സൈഥൎയ്യമായി നിഷേധിച്ചു. അതുകൊണ്ടു് പകരം സിക്കുകാരെ വെക്കേണ്ടിവന്നു. (1852) (ഇതെല്ലാം 1849-ൽ പഞ്ചാബ് കൂട്ടിച്ചേത്തതിൽ പിന്നെയാണു്. 1856 ഔധിൻെറ സംയോജനത്തോടെ കാൎയ്യങ്ങൾ കുറെക്കൂടെ വഷളായി.) കാനിങ്ങ്പ്രഭു ഭരണം തുടങ്ങിയതുതന്നെ സ്വേച്ഛാധികാരത്തോടെയാണു്. അന്നുവരെ മദിരാശിയിലേയും ബോംബെയിലേയും സൈന്യങ്ങളെ ചേത്തിരുന്നതു് ലോകത്തിൽ എവിടെയെങ്കിലും സേവനമനുഷ്ഠിക്കേണ്ടിവരുമെന്ന ഖരാറിലാണു്. പക്ഷെ ബംഗാൾ സൈന്യത്തെ ഇന്ത്യയിലേക്കുമാത്രം. കാനിങ്ങ് ഈ പൊതുസിദ്ധാന്തം ബംഗാളിലേക്കുംകൂടി വ്യാപിപ്പിച്ചു. ഇതിനെ

ജാതി നശിപ്പിക്കുവാനുള്ള ഒരു ശ്രമമായാണ് ഫക്കീർമാർ വ്യാഖ്യാനിച്ചതു്.

1857—ആദ്യം (പാം) പന്നിയുടെയും പശുവിൻെറയും കൊഴുപ്പുപുരട്ടിയ പുതിയ വെടിയുണ്ടകളാണ് അടുത്ത കാലത്തു് വിതരണം ചെയ്യപ്പെട്ടിരുന്നതു്. അതു് ഓരോ ശിപായിയുടേയും ജാതി കളയുവാനുദ്ദേശിച്ചാണ് എന്നു ഫക്കീർമാർ വ്യാഖ്യാനിച്ചു.

അതുകൊണ്ടു് ബാരക്പൂരിലേയും (കൽക്കട്ടക്കടുത്തു്) റാണി ഗഞ്ചിലേയും (ബാങ്കുറക്കടുത്തു്) പട്ടാളങ്ങൾക്കിടയിൽ ലഹള.

ഫെബ്റുവരി 26—ബരഹാംപൂരിലെ ശിപായിലഹള (മൂർഷിദബാദിനു തെക്കുവശത്തു് ഹൂഗ്ലിനദീതടത്തിൽ) മാർച്ചിൽ ബാരക്പുരിയിൽ പട്ടാളവിപ്ലവം പിന്നീടു് അതു ബംഗാൾ മുഴുവനും വ്യാപിച്ചു. ശക്തിയെടുത്തു് (അതു് അമർച്ച ചെയ്യപ്പെട്ടു.

മാർച്ചും ഏപ്രിലും—അംബാലയിലേയും മീററ്ററിലേയും പട്ടാളക്കാർ രഹസ്യമായി നിരന്തരം അവരുടെ ക്യാമ്പുകൾക്കു് തീകൊടുത്തുവന്നു. ഔധിലും വടക്കുപടിഞ്ഞാറൻ സ്ഥലങ്ങളിലും ഫക്കീർമാർ ജനങ്ങളെ ഇംഗ്ലീഷുകാർക്കെതിരായി ചൂടുപിടിപ്പിച്ചു വിട്ടു. ബിത്തൂരിലെ (ഗംഗാതീരത്തു്) രാജാവായ, നാനാസാഹിബ്, റഷ്യ. പേർഷ്യ, ദൽഹിയിലെ രാജകുമാരന്മാർ ഔധിലെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട നാടുവാഴി മുതലായവരുമായി ഗൂഢാലോചനചെയ്തു കൊഴുപ്പുപുരട്ടിയ തോട്ടയെ ചൊല്ലിയുള്ള ശിപായിമാരുടെ അസമാധാനങ്ങളിൽനിന്നു മുതലെടുക്കുവാൻ ശ്രമിച്ചു.

ഏപ്രിൽ 24—ലക്നോവിലെ 48-ാം ബംഗാളിസേനാവ്യൂഹം, നാട്ടുകാരുടെ മൂന്നാം അശ്വസേന, 7-ാം ഔധ് ഇർറഗുലേർസ് എന്നിവർ സമരത്തിന്നൊരുങ്ങി. ഇംഗ്ലീഷ

പട്ടാളക്കാരെ വരുത്തി സർ ഹെൻറി ലോറൻസ് അതിന്ന മച്ച് വരുത്തി. മീററ്റിൽ (ഡൽഹിയുടെ വടക്കുകിഴക്കു ഭാഗം) 11-ം 20—നാട്ടുകാരുടെ കാലാൾപ്പട ഇംഗ്ലീഷുകാരെ ആക്രമിച്ചു. അവരുടെ ഉദ്യോഗസ്ഥന്മാരെ വെടിവെച്ചു, നഗരത്തിനു തീകൊളുത്തി ഇംഗ്ലീഷുകാരുടെ സ്ത്രീകളേയും കുട്ടികളേയും കൊന്നു് നേരെ ഡൽഹിയിലേക്കു പോയി.

ദൽഹിയിൽ രാത്രി ചില ലഹളക്കാർ ഡൽഹിയിലേക്കു കുതിച്ചു. അവിടെയുള്ള ശിപായികൾ (54-74-38 നാട്ടുകാരുടെ കാലാൾസേന) ലഹളക്കു് സന്നദ്ധരായി. ഇംഗ്ലീഷ്കമ്മീഷണർ, പള്ളിവികാരി, ഉദ്യോഗസ്ഥന്മാർ എന്നിവരെ ഹനിച്ചു. 9 ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ ആയുധസംഭരണശാല സംരക്ഷിച്ചിരുന്നു. അതു് കത്തിച്ചുകളഞ്ഞു. രണ്ടുപേർ* അതിൽപെട്ടു നശിച്ചു. ബാക്കിയുള്ള ഇംഗ്ലീഷുകാർ കാട്ടുകളിലേക്കു് ഓടി. ഭയങ്കരമായ കാലാവസ്ഥയും നാട്ടുകാരുംകൂടി അവരിൽ പലരെയും ശരിപ്പെടുത്തി. അല്പം ചിലർ ഇപ്പോൾ സൈന്യങ്ങൾ ഉപേക്ഷിച്ചുപോയ മീററ്റിൽ എത്തിച്ചേർന്നു. പക്ഷെ ഡൽഹി ലഹളക്കാരുടെ കയ്യിൽ.

ഫിറാസ്പൂരിൽ 45-ം 57-ം സേനാവിഭാഗങ്ങൾ (നാട്ടുകാർ) കോട്ട പിടിച്ചടക്കുവാൻ ശ്രമിച്ചു. ഇംഗ്ലീഷ്കാരുടെ 61-ാംപട അവരെ ഓടിച്ചുകളഞ്ഞു. പക്ഷെ അവർ നഗരം കൊള്ളചെയ്തു് അതിനു തീവെച്ചു. പക്ഷെ പിറേറ ദിവസംതന്നെ കോട്ടയിൽനിന്നു വന്ന കുതിരപ്പട്ടാളം അവരെ ഓടിച്ചു.

ലാഹോറിൽ, മീറത്തിലേയും ഡൽഹിയിലേയും വാർത്തകൾ അറിഞ്ഞപ്പോൾ, ഒരു പൊതുപരേഡിന് വെച്ചു (പീരങ്കിയോടുകൂടിയ ഇംഗ്ലീഷ്പട്ടാളംവലയം ചെയ്തിരി

---

* കേയ് ആൻറി മാലിസൺ പ്രകാരം 5.

ക്കെ) നജറൽ കോബർട്ടിൻെറ ഉത്തരവുപ്രകാരം ശിപാ യികളുടെ ആയുധം താഴെ വെപ്പിച്ചു.

മേയ് 20—നാട്ടകാരുടെ 64-ം, 55-ം, 39-ം കാലാൾ പടയെക്കൊണ്ടു (ലാഹോറിൽവെച്ചു ചെയ്തപോലെ) പെ ഷവാറിൽവെച്ചു ആയുധം വെപ്പിച്ചു. അതുകഴിഞ്ഞു് ഇം ഗ്ലീഷുകാരും വിശ്വസ്തരായ സിക്കകാരുംകൂടി നൗഷാര, മാർധാൻ എന്നിവിടങ്ങളിലെ തകൻ കോട്ടകൾ വെടി പ്പാക്കി. അടുത്തടുത്ത സ്റ്റേഷനുകളിൽ ക്യാമ്പുചെയ്തി രുന്ന ഇംഗ്ലീഷ് പട്ടാളത്തെക്കൊണ്ടു അംബാലയിലെ വലിയ കോട്ട മേയ് അവസാനത്തിൽ സുരക്ഷിതമാക്കി. അതാണു് ജനറൽ ആൻസൻെറ പട്ടാളത്തിൻെറ കഴമ്പു്. ഉഷ്ണകാലമാകയാൽ ഇംഗ്ലീഷുകാർ കൂട്ടമായി താമസിച്ചി രുന്ന സിംലയെ ആരുംതന്നെ ആക്രമിച്ചില്ല.

മേയ് 25—ആൻസൺ തൻെറ ചെറിയ സൈന്യവു മായി ഡൽഹിയിലേക്കു് തിരിച്ചു. മേയ് 27-ാംനു- അയാൾ മരിച്ചു. സർ ഹെൻറി ബർനാഡ് അയാളുടെ സ്ഥാനം കയ്യേററു. ജൂൺ 7-ാംനു- ജനറൽ വിൽസൻെറകീഴിലുള്ള ഇംഗ്ലീഷ്സൈന്യം അയാളുമായി യോജിച്ചു. (മീററിൽ നിന്നു വരികയായിരുന്ന വിൽസനു വഴിയിൽവെച്ചു ചില ശിപായിമാരുമായി ഏററുമുട്ടേണ്ടിവന്നു.) ഹിന്ദുസ്ഥാ നത്തു് എല്ലായിടവും ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ഒരേ സമയത്തു് പത്തിരുപതു് സ്ഥലങ്ങളിൽ ശിപായിമാ രുടെ വിപ്ലവവും, ഇംഗ്ലീഷുകാരുടെ വധവും, പ്രധാനരംഗ ങ്ങൾ-ആഗ്ര, ബാറില്ലി, മൊറാദബാദ്, സിന്ധ്യ ഇംഗ്ലീഷ് നാട്ടുകളോടു് വിശ്വസ്ഥത പരിപാലിച്ചുവെങ്കിലും അയാ ളുടെ പട്ടാളക്കാർക്കു് അതു് സാധിച്ചില്ല. പാട്ടിയാല രാജാവു്—അതീവലജ്ജാകരം. നിരവധി സൈന്യങ്ങളെ ഇംഗ്ലീഷുകാരുടെ സഹായത്തിന്നായി അയച്ചുകൊടുത്തു. മണിപൂരിൽ (വടക്കപടിഞ്ഞാറൻ പ്രവിശ്യ) മുഗളുല്യനായ

ഒരു ചെറുപ്പക്കാരൻ ലഫ്റററനൻറ് ഒരു ''ഡികാൻറ്സോവ്'' ഖജാനയും ദുർഗ്ഗവും രക്ഷപ്പെട്ടത്തി.

കോൺപൂരിൽ: 1856 ജൂൺ 6–ാംനു നാനാസാഹിബ് (മൂന്നു വ്യൂഹം ശിപ്പായിമാരുടേയും, കോൺപൂരിൽ ലഹളക്കു സന്നദ്ധരായ മൂന്നു വ്യൂഹം അശ്വസേനയുടേയും നേതൃത്വം ഏറെറടുത്തപ്പോൾ, കോൺപൂർ പടനിരയുടെ കമ്മാണ്ടരായ സർ ഹ്യൂവിലറുടെ കീഴിൽ ഒരൊററ ദളം ശീമപ്പട്ടാളക്കാർമാത്രമേ ഉണ്ടായിരുന്നുള്ളു. പുറത്തുനിന്നു് അല്പമാത്രമായ ഒരു സഹായസേനയെ കിട്ടിയുള്ളു. അയാൾ ഇംഗ്ലീഷുകാർ സ്ത്രീകളും കുട്ടികളും ഓടി രക്ഷ പ്രാപിച്ചിരുന്നു. കോട്ടകളും സൈനികനിവേശകേന്ദ്രങ്ങളുമാണു് കാത്തിരുന്നതു്.) സർ ഹ്യൂവീലറെ വളഞ്ഞു.

1857 ജൂൺ 26—കോൺപൂർ വിട്ടുകൊടുക്കുകയാണെങ്കിൽ ഇംഗ്ലീഷുകാരെ സുരക്ഷിതരായി മടക്കി അയക്കാമെന്നു് നാനാസാഹിബ് ഏററു. ജൂൺ 27–ാംനു (വീലർ അതിനു സമ്മതിക്കുകയാൽ) രക്ഷപ്പെട്ട നാനൂറുപേരെ ബോട്ടിൽകയററി ഗംഗയിലൂടെ താഴോട്ടു പോകുവാൻ അനുവദിക്കപ്പെട്ടു. പക്ഷേ നദിയുടെ രണ്ടു കരയിലും നിന്നു വെടിവെയ്ക്കുകയാണു് നാനാസാഹിബ് ചെയ്തതു്. രക്ഷപെട്ട ഒരു ബോട്ടു് നദിതാഴ്വരയിൽവെച്ചു ആക്രമണവിധേയമായി. ആ കാവൽസേനയിൽനിന്നു് ആകെ രക്ഷപെട്ടതു് നാലുപേരാണു്. മണ്ണിൽ ഉറച്ചുപോയ ഒരു ബോട്ടിൽ ഉണ്ടായിരുന്ന സ്ത്രീകളേയും കുട്ടികളേയും പിടിച്ചു കോൺപൂരിലേക്കു കൊണ്ടുപോയി അവരെ അവിടെ ബന്ധനസ്ഥരാക്കി പാർപ്പിച്ചു. 14 ദിവസത്തിനുശേഷം (ജൂലായിൽ) ഫാത്തിഗ്രായിൽനിന്നു് (ഫറൂക്കബാദിൽനിന്നു മൂന്നു മൈൽ അകലെയുള്ള പട്ടാളക്യാമ്പു്) കുറെക്കൂടെ ഇംഗ്ലീഷ്തടവുകാരെ ലഹളക്കാർ അവിടേക്കു് വലിച്ചുകൊണ്ടുചെന്നു.

കാനിങ്ങിൻെറ കല്പനപ്രകാരം മദിരാശി, ബോംബെ

സിലോൺ എന്നിവിടങ്ങളിൽനിന്നു് പട്ടാളക്കാർ പുറപ്പെട്ടു. മേയ് 23-ാംനു- നീലിൻെറ കീഴിലുള്ള മദിരാശിസഹായസേന കരയ്ക്കിറങ്ങി, ബോംബെസേന ഇൻഡസ്സിലെത്തി ലാഹോറിലേക്കു് പ്രയാണമാരംഭിച്ചു.

ജൂൺ 17—സർ പാട്രിക് (ആൻസനെ തുടൎന്നു ബംഗാളിലെ സൎവ്വസൈന്യാധിപനായ ആൾ) അഡ്ജററൻറ് ജനറലായ ഹാവ്ലോക്കും കൽക്കട്ടയിൽ ഇറങ്ങി ഉടനെ തന്നെ അവിടെനിന്നും പുറപ്പെട്ടു.

ജൂൺ 6—അലഹബാദിലെ ശിപായികൾ ലഹളതുടങ്ങി. (ഇംഗ്ലീഷ്) ഉദ്യോഗസ്ഥന്മാരെ കുടുംബസമേതം കശാപ്പുചെയ്തു, കേണൽ സിംപ്സൻെറ കീഴിലുള്ള കോട്ട പിടിക്കുവാൻ ശ്രമിച്ചു. അയാൾക്കു ജൂൺ 11-ാംനു- കൽക്കട്ടയിൽനിന്നു മദിരാശി പട്ടാളങ്ങളോട്ടുകൂടി വരികയായിരുന്ന നീലിൻെറകീഴിലുള്ള പട്ടാളത്തിൻെറ സഹായം ലഭിച്ചു. അയാൾ സിക്കുകാരെയെല്ലാം പറിച്ചയച്ചു് കോട്ട കൈകേറി, അതിൽ നിറച്ചും ഇംഗ്ലീഷ് പട്ടാളക്കാരെ മാത്രമാക്കി (വരുന്ന വഴിക്കു് അയാൾ ബനാറീസിൽ കടന്നു, 37-ാം നാട്ടു കാലാൾപ്പടയെ വിപ്ലവത്തിൻെറ ആദ്യഘട്ടത്തിൽതന്നെ അമൎച്ച ചെയ്തിരുന്നു. ശിപായികൾ ഓടിപ്പോയി.) (ഇംഗ്ലീഷ്) സൈന്യങ്ങൾ എല്ലാ വഴികളിലൂടെയും അലഹബാദിലേക്കു് ഒഴുകി.

ജൂൺ 30—അലഹബാദിൽ എത്തിയ ജനറൽ ഹാവ്ലോക്, നേതൃത്വം ഏറെറടുത്തു് 1,000 ഇംഗ്ലീഷ്പട്ടാളത്തോടൊപ്പം കോൺപൂരിലേക്കു് മാൎച്ചുചെയ്തു. ജൂലായ് 12 ഫത്തേപ്പൂരിൽവെച്ചു ശിപായിമാരെ ഓടിച്ചു. വീണ്ടും ചില നിസ്സാര ഏററുമുട്ടലുകൾ.

ജൂലായ് 16—ഹാവ്ലോക്കിൻെറ സേന കോൺപൂർ അതൃത്തിയിൽവെച്ചു ഇന്ത്യക്കാരെ തോല്പിച്ചു, പക്ഷെ നഗരത്തിലേക്കു കടക്കുവാനുള്ള സമയം അതിക്രമിച്ചിരുന്നു.

രാത്രി, നാന ഉദ്യോഗസ്ഥന്മാരും സ്ത്രീകളും കുട്ടികളും അടക്കമുള്ള എല്ലാ ഇംഗ്ലീഷ തടവുകാരെയും കൊന്നുകളഞ്ഞു; ആയുധപ്പുരക്കു തീവെച്ചു, നഗരം ഉപേക്ഷിച്ചു.

ജൂലായ് 17-ാംനു ഇംഗ്ലീഷ് സൈന്യം അകത്തുകയറി. ഹാവ്ലോക്ക് നാനായുടെ കൂടായ ബിത്തൂരിൽ പ്രവേശിച്ചു, യാതൊരു എതൃപ്പുമില്ലാതെ അതു് കൈകേറി, കൊട്ടാരം നശിപ്പിച്ചു, ദുർഗ്ഗം ചുട്ടു ചാമ്പലാക്കി തിരികെ കോൺപൂരിലേക്കു് മാർച്ചുചെയ്തു. അയാൾ നീലിനെ അവിടെ കാവലിട്ടു സ്ഥലം പരിരക്ഷിക്കുവാൻ ഏർപ്പാട്ടചെയ്തു. ഹാവ്ലോക് ലക്നോ വിമോചിപ്പിക്കുവാൻ യാത്രയായി. അവിടെ സർ ഹെൻട്രി ലോറൻസിൻെറ സർവ്വ ശ്രമങ്ങളും ഉണ്ടായിരുന്നിട്ടും നഗരം മുഴവൻ, റസിഡൻസി ഒഴികെ, വിപ്ലവകാരികളുടെ കയ്യിൽപെട്ടു.

ജൂൺ 30.—അയൽപക്കത്തുള്ള വിപ്ലവകാരികളെ എതിരിടുവാനായി കാവൽസേന മുഴവൻ പുറത്തേക്കു് കടന്നു. അവരെ ചെറുത്തു, അവർ റസിഡൻസിയിൽതന്നെ അഭയം പ്രാപിച്ചു. അതു് വളയപ്പെട്ടു.

ജൂലായ് 4—സർ ഹെൻട്രി ലോറൻസ് മൃതിയടഞ്ഞു. (ജൂലായ് 2-ാംനു അയാൾക്കു ഒരു ഷെല്ലു പൊട്ടിത്തെറിച്ചതുമൂലം ഏററ മുറിവിൻെറ ഫലമായി) കേണൽ ഇംഗ്ലീഷ് നേതൃത്വം ഏറെറടുത്തു. ഇടക്കിടെ നിരോധനസേനയുമായുള്ള അല്പം ചില ഉരസലുകൾ മാത്രമായി 3 മാസത്തോളം അവർ കോട്ട കാത്തു. ഹാവ്ലോക്കിൻെറ പ്രവർത്തനങ്ങൾ. അയാൾ കോൺപൂരിൽ മടങ്ങിയെത്തിയപ്പോൾ സർ ജെയിംസ് ഔട്ട്റാം വമ്പിച്ച ഒരു സേനയോടുകൂടി അയാളുമായി യോജിച്ചു; അയാൾ അതേ സമയത്തു് ലഹളക്കധീനമായ പ്രദേശങ്ങളിൽനിന്നും, ചിന്നിച്ചിതറിയ വ്യൂഹങ്ങളിൽനിന്നും സൈനികശേഖരണം നടത്തി.

സെപ്തംബർ 19—ഹാവ്ലോക്, ഔട്ട്റാം, നിൽ എന്നിവരുടെ സേന മുഴവനും ഗംഗ കടന്നു. 23-ാംനു അവർ ലക്നോവിൽനിന്നു 8 നാഴിക അകലെ സ്ഥിതിചെയ്യുന്ന ഔധിലെ രാജാക്കന്മാരുടെ വേനൽക്കാലവസതിയായ ആലംബൊഗ് ആക്രമിച്ചു.

സെപ്തംബർ 25—ലക്നോവിൻെറനേക്കുള്ള അവസാനത്തെ മുന്നേററം, സഖ്യകക്ഷികൾക്കു താമസിക്കേണ്ടിയിരുന്ന റസിഡൻസിയിൽ എത്തി രണ്ടു മാസക്കാലത്തോളം അതു് ഭദ്രമായി നിരോധിച്ചു. (നഗരത്തിലുണ്ടായ യുദ്ധമദ്ധ്യേ ജനറൽ നീൽ വീണു. ഔട്ട്റാമിനു കയ്യിൽ ഭയങ്കരമായ മുറിവേററു.)

സെപ്തംബർ 20—ജനറൽ വിൽസൻെറ നേതൃത്വത്തിൽ 6 ദിവസത്തെ ശരിയായ യുദ്ധത്തിന്നുശേഷം ഡൽഹി പിടിച്ചടക്കി. തൻെറ അശ്വസേനയോടുകൂടി ഹോഡ്സൺ കൊട്ടാരത്തിൽ കടന്നു വയസ്സായ രാജാവിനേയും റാണിയേയും (സീനത്ത്മഹാൾ) പിടിച്ചു അവരെ തടവിലിട്ടു. ഹോഡ്സൺ സ്വന്തം കൈകൊണ്ടുതന്നെ രാജകുമാരന്മാരെ (വെടിവെച്ചു) കൊന്നു. ഡൽഹിയിൽ കാവൽസേനയെ നിയമിച്ചു അവിടം ശാന്തമാക്കി. അതുകഴിഞ്ഞു് അധികം താമസിയാതെ കേണൽ ഗ്രീതഡ് ഡൽഹിയിൽനിന്നു് ആഗ്രയിലേക്കു് പോയി. അവിടെവെച്ചു ഹോൾക്കറുടെ തലസ്ഥാനമായ ഇൻഡോറിൽനിന്നു വന്നിരുന്ന വിപ്ലവകാരികളുടെ സുശക്തമായ ഒരു സൈന്യത്തെ തോല്പിച്ചു.

ഒക്ടോബർ 10—അയാൾ ആഗ്ര പിടിച്ചു. കോൺപൂരിലേക്കു മാർച്ചുചെയ്തു് ഒക്ടോബർ 27-ാംനു അവിടെ എത്തി. അതേ സ്മയത്തു് ആസംഗ്ര, ചട്ട്ണ (ഹസാരിബാഗിന്നു സമീപം) കാജ്പ ഡൽഹി പരിസരപ്രദേശങ്ങൾ എന്നിവിടങ്ങളിൽവെച്ചു ക്യാപ്ററൻ ബോയ്യ, മേജർ

ഇംഗ്ലീഷ്, പീൽ (അയാൾ നാവികസേനയുടെ സഹായ ത്തോടുകൂടി—അപ്പോൾ രംഗത്തു് പ്രവേശിക്കുവാൻ തയാറാ യി നിന്നിരുന്നു—ഇംഗ്ലണ്ടിൽനിന്നു വന്ന പ്രോബിൻെറയും ഫെയിനിൻെറയും സാദി സൈന്യവും സന്നദ്ധസേനയും) വിവേർസ് എന്നിവർ വിപ്ലവകാരികളെ തോല്പിച്ചു. ആ ഗസ്റ്റിൽ കൽക്കട്ടയിലെ ആധിപത്യം ഏറെറടുത്ത സർ കോളിൻ ക്യാംബെൽ, യുദ്ധം വലിയ തോതിൽതന്നെ കൊ ണ്ടുനടക്കുവാനുള്ള സജ്ജീകരണങ്ങൾ തുടങ്ങി.

1957–നവംബർ 19–സർ കോളിൻ ക്യാംബെൽ ലക് നൊറസിഡൻസിയിൽ വലയം ചെയ്യപ്പെട്ടിരുന്ന കാവൽ സേനയെ വിട്ടതൽ ചെയ്തു. (നവംബർ 24–ാംനു സർ ഹെൻട്രിഹാവലക് മരിച്ചു) ലക്നോവിൽനിന്നു്.

1857–നവംബർ 25—കോളിൻക്യാംബെൽ കോൺപൂ രിലേക്കുപോയി, അതു വീണ്ടും ലഹളക്കാരുടെ കൈവശ ത്തിൽ പെട്ടിരുന്നു.

1857–ഡിസംബർ 6—സ്കാളിൻക്യാംബല്ലിൻെറ കോ ൺപൂരിലെ വിജയകരമായ യുദ്ധം. നഗരം പരിത്യക്ത മാക്കിവിട്ട വിപ്ലവകാരികൾ ഓടിപ്പോയി. അവരെ പിൻ തുടന്ന സർ ഹോപ്പ്ഗ്രാൻറ് വെട്ടിനുറുക്കി. പാട്ടിയാലയി ലേയും മണിപുരത്തിലേയും വിപ്ലവങ്ങളെ കേണൽ സിററ നും, മേജർ ഹോഡ്സണുംകൂടി തകൎത്തു. അതുപോലെ തന്നെ മററു പലയിടത്തും.

1855–ജനുവരി 27—ഡൽഹി രാജാവിനെ ഡോവി ൻെറയും മററും സമക്ഷത്തിൽ, സൈനികവിചാരണയ്ക്കു (കൊണ്ടുവന്നു) കള്ളനെന്ന നിലയിൽ മരണശിക്ഷക്കു വി ധിച്ചു. (1526 തൊട്ടു നില വില്ലുണ്ടായിരുന്ന മുഗൾ രാജ വംശ പ്രതിനിധി). വധശിക്ഷ റങ്കൂണിലേക്കു നാടുകടത്ത ലാക്കി കുറച്ചു. അതു് അക്കൊല്ലമവസാനത്തിൽ നടപ്പി ലാക്കി.

1858—സർ ജോൺ ക്യാംബെല്ലിൻെറ ആക്രമണം. ജനുവരി രണ്ടാം തീയതി ഫറൂക്ക്ബാദ്ദം ഫാസിഗ്രായും പിടിച്ചടക്കി അയാൾ കോൺപൂരിൽ സ്ഥാനമുറപ്പിച്ചു. അവിടെനിന്നു അയാൾ കിട്ടാവുന്നിടത്തോളം സൈന്യങ്ങളേയും, ആയുധങ്ങളും തോക്കുകളും വിളിച്ചുവരുത്തി. വിപ്ലവകാരികൾ ലക്നൌവിൽ സ്വാശ്രയിച്ചിരിക്കുകയായിരുന്നു. സർ ജെയിംസ് ഔട്ടറാണ് അവരെ അകററിമാററി നിർത്തിയിരുന്നതു്. നിരവധി സംഭവങ്ങൾക്കുശേഷം ലക്നോ തിരികെ മാർച്ച് 15–ാംനു* പിടിച്ചെടുത്തു (കോളിൻക്യാംബെൽ, സർ ജെയിംസ് ഔട്ട്റാം എന്നിവരുടെ നേതൃത്വത്തിൽ) പൗരസ്ത്യകലയുടെ അനവദ്യനിധികൾ സംഭരിച്ചുവെച്ചിരുന്ന ആ നഗരം കൊള്ളയടിക്കപ്പെട്ടു. മാർച്ച് 21 സമരം സമാപിച്ചു. 23–ാംതീയതിയാണ് അവസാനത്തെ വെടി പൊട്ടിയതു്. ഡൽഹി ഷായുടെ (പുത്രനായ) ഫീറസ് രാജകുമാരൻ, ബിത്തൂരിലെ നാനാസാഹിബ് ഹൈദരാബാദിലെ മൗലവി, ഔധിലെ ബീഗമായ ഹസറത്ത് മഹാൾ എന്നിവരുടെ നേതൃത്വത്തിലുള്ള വിപ്ലവകാരികൾ ബാരില്ലിയിലേക്ക് ഓടിപ്പോയി.

1858–ഏപ്രിൽ 25 †—ക്യാംബെൽ ഷഹജാൻപൂർ പിടിച്ചടക്കി. ബാരില്ലിക്കരികെവെച്ചുണ്ടായ വിപ്ലവകാരികളുടെ ആക്രമണത്തെ മോഗ്സ് ചെറുത്തു ഓടിച്ചു. മെയ് 6–ാംനു ബാറില്ലിയിൽ തോക്കു് കൊണ്ടുള്ള യുദ്ധം തുടങ്ങി. മോറാദ്ബാദ് പിടിച്ചടക്കിയതിനുശേഷം ആവശ്യപ്പെട്ടതനുസരിച്ചു അപ്പോഴക്കും ജനറൽ ജോൺസ് അവിടെ എത്തി. നാനയും കൂട്ടുകാരും ഓടി. എതൃപ്പൊന്നുമില്ലാതെ ബാരില്ലി കീഴടക്കി. വിപ്ലവകാരികളാൽ ബന്ധവസ്സുചെ

* മാർച്ചു് 14—കെയ് ആൻറ് മാല്ലിസൻെറ അഭിപ്രായത്തിൽ

† കേയ് ആൻറ് മാലിസൻെറ അഭിപ്രായത്തിൻ ഏപ്രിൽ 30.

യ്യപ്പെട്ടിരുന്ന ഷാഹജാനുപുരം ജനറൽ ജോൺസ് വിമോചിപ്പിച്ചു. ലക്നോവിൽനിന്നു വന്നിരുന്ന ബ്രിഗാർഡിൻെറ സേനാവിഭാഗത്തിനു കുൺവാറിൻെറ കീഴിലുള്ള വിപ്ലവകാരികളുമായുള്ള ആക്രമണം മൂലം ഗൗരവാവഹമായ നഷ്ടം സംഭവിച്ചു. ഫൈദരബാദ് മൗലവി അധികം താമസിയാതെ കൊല്ലപ്പെട്ടു, സർ ഹോപ്പ് ഗ്രാൻറ് ബീഗത്തിനെ തോല്പിച്ചു. അവർ പുതിയ സേനയെ സജ്ജീകരിക്കുവാനായി ഗോഗ്രാനദിയിലേക്കു് പലായനം ചെയ്തു.

1858—ജൂൺ മദ്ധ്യത്തിൽ മിക്ക ഭാഗങ്ങളിലും വിപ്ലവകാരികൾക്കു പരാജയം. സംഘടിതമായ പ്രവൎത്തി അസാദ്ധ്യമായി. ചെറിയ ചെറിയ കൊള്ളസംഘമായി പിരിഞ്ഞു് അവർ ഇംഗ്ലീഷുകാരുടെ ചെറിയ ചെറിയ സേനാവിഭാഗങ്ങളെ എതിൎത്തു. പ്രവൎത്തനകേന്ദ്രങ്ങൾ, ബീഗം, ഡൽഹിരാജകുമാരൻ, നാനാസാഹിബ് എന്നിവരുടെ കൊടിക്കീഴിൽ.

മദ്ധ്യേന്ത്യയിൽ സർഹ്യൂറോസ് നടത്തിയ രണ്ടു മാസത്തെ ആക്രമണം (മേയിലും ജൂണിലും) വിപ്ലവത്തിനു അവസാനമായ ആഘാതമണച്ചു.

1858—ജനുവരി—ഫെബ്രുവരിയിൽ റോസ്, സാംഗ്ഗുറും ഗാരകോട്ടയും പിടിച്ചു, റാണി സ്ഥാനം പിടിച്ചിരുന്ന ജാൻസിയിലേക്കു് മാൎച്ചുചെയ്തു.

1858—എപ്രിൽ 1—ജാൻസിയെ രക്ഷിക്കാനായി കൽപിയിൽനിന്നു മുന്നേറിയ താണ്ടിയ തോപ്പിയുമായി (നാനാസാഹിബിൻെറ ബന്ധു) പൊരിഞ്ഞ രണം. താണ്ടിയ തോല്പിക്കപ്പെട്ടു.

ഏപ്രിൽ 4*—ജാൻസി പിടിച്ചടക്കപ്പെട്ടു. റാണിയും താണ്ടിയതോപ്പിയും രക്ഷപെട്ടു, ഇംഗ്ലീഷുകാരെ കാത്തു് ക

* കെയ് & മാല്ലിസൺ ഏപ്രിൽ 5

ൽപിയിൽ നിലയുറപ്പിച്ചു. അങ്ങോട്ടു മാർച്ചു ചെയ്യുന്ന വഴിയെ

1858 മേയ് 7-ാംനു—കാന്യ എന്ന നഗരത്തിൽവെച്ചു സുശക്തമായ ഒരു വലിയ ശത്രുസൈന്യം റോസിനെ ആക്രമിച്ചു. അയാൾ അവരെ തികച്ചും കീഴടക്കി.

1858 മേയ് 16—കൽവിയുടെ അല്പം നാഴിക ദൂരെ വെച്ചു് റോസ് ലഹളക്കാരെ ഗാഢമായി എതൃത്തു.

1858 മേയ് 22—എന്തും വരട്ടെ എന്നുവെച്ചു കൽപിയിലെ ലഹളക്കാരുടെ എതൃപ്പു്. അവർ അമ്പെ തോററു പലായനം ചെയ്തു.

1858 മേയ് 23—റോസ് കൽപി പിടിച്ചു. (യുദ്ധം കൊണ്ടും) ചൂടേറിയ കാലാവസ്ഥകൊണ്ടും താന്തരായ സ്വ ഭടജനങ്ങൾക്കു അല്പം സ്വസ്ഥത നൽകാൻ ഉദ്ദേശിച്ചുകൊണ്ടു് കുറച്ചു ദിവസം റോസ് അവിടെ താമസമാക്കി.

ജൂൺ-2-യുവാവായ സിന്ധ്യയെ (ഇംഗ്ലീഷ്കാരുടെ കാവൽനായ) അയാളുടെ സ്വന്തം പട്ടാളക്കാർ ഭയങ്കരമായ ഒരു രണത്തിനുശേഷം ഗ്വാളിയോറിൽനിന്നും ഓടിച്ചു. അയാൾ ജീവനുവേണ്ടി ആഗ്രയിലേക്കു് പാലായനം ചെയ്തു. റോസ്ഗ്വാളിയോറിലേക്കു മാർച്ചുചെയ്തു. ജാൻസിറാണിയും* താണ്ടിയതോപ്പിയും വിപ്ലവകാരികളുടെ തലവന്മാരായി.

ജൂൺ 19—ലോക്ഷർമലയിലെ യുദ്ധം (ഗ്വാളിയോറിന്നുമുന്നിൽ). റാണി വധിക്കപ്പെട്ടു. വലിയ കൂട്ടക്കൊലയ്ക്കുശേഷം റാണിയുടെ സൈന്യം അണിമുറിഞ്ഞു ചിന്നിച്ചിതറി. ഗ്വാളിയോർ ഇംഗ്ലീഷുഹസ്തങ്ങളിൽ.

1858-ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ സർ കോളിൽക്യാംപെൻ, സർ ഹോപ്പ്ഗ്രാൻഡ്. ജനാൽ വാൾപോർ എന്നിവർ പ്രധാനപ്പെട്ട വിപ്ലവനായകന്മാരെ

---

* ലക്ഷ്മിഭായി എന്നായിരുന്നു അവരുടെ നാമധേയം.

നായാട്ടവാനും അവകാശതക്കങ്ങളുള്ള കോട്ടകൾ പിടിച്ചട ക്കാനുമാരംഭിച്ചു. ബീഗം അവസാനമായി ചില ശ്രമങ്ങൾ കൂടി നടത്തിനോക്കി. ഒടുവിൽ നാനാസാഹിബിനോട്ട കൂടി റാപ്തിനദി കടന്നു, ഒരു ഇംഗ്ലീഷ് കാവൽ നായയായ നെപ്പോളിലെ ജാങ്ങ്ബഹദൂറിൻെറ സ്ഥലത്ത് എത്തി ചേന്നു. അയാൾ അഭയാത്ഥികളായ വിപ്ലവകാരികളെ തൻെറ സ്ഥലത്ത് തിരിഞ്ഞുപിടിക്കുവാനായി ഇംഗ്ലീഷു കാരെ അനുവദിച്ചു. അങ്ങിനെ വിപ്ലവകാരികളുടെ അവ സാന സംഘവും നശിപ്പിക്കപ്പെട്ട. നാനയും ബീഗവും മലയിലേക്ക് ഓടി. അവരുടെ അനുയായികൾ ആയുധം വെച്ചു കീഴടങ്ങി.

1859–ആദ്യം–താണ്ടിയ തോപ്പിയുടെ ഒളിവുസ്ഥലം കണ്ടുപിടിച്ചു, അയാളെ വിസ്ഥരിച്ചു തൂക്കിക്കൊന്നു. നാനാ സാഹിബ് നെപ്പോളിൽവെച്ചു മരണമടഞ്ഞതായി വിശ്വ സിക്കപ്പെട്ടുന്നു. ബാരില്ലിയിലെ ഖാനെ പിടിച്ചു വെടി വെച്ചുകൊന്നു. ലക്നോവിലെ മമ്മുഖാനെ ജീവപര്യന്തം തടവിനു വിധിച്ചു. ബാക്കിയുള്ളവരെ നാടുകടത്തുകയോ, വിവിധകാലാവുധികൾവെച്ചു തുറുങ്കിൽ അടക്കപ്പെട്ടുകയോ ചെയ്തു. വിപ്ലവകാരികളിൽ ഭൂരിഭാഭഗവും–അവരുടെ അ ണി ചിന്നഭിന്നമായിരുന്നു–വാൾ താഴെവെച്ചു കൃഷിക്കാ രായി. ഔധിലെ ബീഗം നെപ്പോളിലെ ഖാത്മണ്ഡു വിൽ താമസമാക്കി. ഔധിലെ മണ്ണു കണ്ടുകെട്ടി. അതു് ആംഗ്ലോ ഇന്ത്യൻ ഗവണ്മെൻറിൻെറ സ്വത്താണ് എന്നു് കാനിങ്ങ് പ്രഖ്യാപിച്ചു. സർ ജെയിംസ് ഔട്ട്റാമിൻെറ സ്ഥാനത്തു് സർ റോബർട്ട് മോണ്ട്ഗോമറിയെ ഔധിലെ ചീഫ് കമ്മീഷണറാക്കി.

ഈസ്റ്റ്ഇന്ത്യാകമ്പനി വേണ്ട എന്നുവെച്ചു യുദ്ധം അ വസാനിക്കുന്നതിനു മുമ്പുതന്നെ അതു് പിരിച്ചുവിടപ്പെട്ടി രുന്നു.

1857-ഡിസംബർ—പാൽമേ[illegible]ൻെറ ഇ[illegible]ൽ 1858 ഫെബ്രുവരിയിൽ ഡയറക്ടർ ബോർഡിൻെറ ഗൗരവാവഹമായ എതിർപ്പുണ്ടായിട്ട് അതു് ആദ്യവായന കഴിഞ്ഞു പാസ്സായി. പക്ഷേ ടോറി ലിബറൽ മന്ത്രിസഭയുടെ സ്ഥാനം കയ്യേററു.

1858-ഫെബ്രുവരി 19—ഡിസ്റേയ്ലിയുടെ ഇന്ത്യാബിൽ, അതു് പാസ്സായില്ല.

1858-ആഗസ്റ്റ് 2-സ്റ്റാൻലിപ്രഭുവിൻെറ ഇന്ത്യാബിൽ പാസ്സായി. അതോടുകൂടി ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ അസ്തമനം ഇന്ത്യ മഹതിയായ വിക്ടോറിയയുടെ സാമ്രാജ്യത്തിൻെറ ഒരു പ്രവിശ്യയായി.

---

K.K. Babu

Rajesh Kumar S
(17-2-90)

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 900 Acc. No. 11688

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 16 FEB 2006 | | |
| | | |
| 23 NOV 2007 | | |
| 22 JAN 2008 | | |
| 19 MAY 2011 | | |
| 24 AUG 2011 | | |
| 27 OCT 2015 | | |
| 13 JUL 2020 | | |
| 21 SEP 2020 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

൧൦൦ 11688

കാറൽമാർക്സ്

ഇന്ത്യാചരിത്രക്കുറിപ്പുകൾ

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. 900 Acc. No. 11688

Author കാറൽ മാർക്സ്

Title ഇന്ത്യാചരിത്രക്കുറിപ്പുകൾ

gpura.org